# വി. യൗസേപ്പിതാവിന്റെ നിഴലിൽ



# വിശുദ്ധ യൗസേപ്പിതാവിന്റെ നിഴലിൽ

സി. ലിന്റാ എസ്.ജെ.സി
ജനറൽ എഡിറ്റർ

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ
കോട്ടയം

VISUTHA YOUSEPITHAVINTE NIZHALIL

(Malayalam)

By Sr. Linta SJC


| | | |
|---|---|---|
| Published by | : | Superior General<br>St. Joseph's Generalate<br>S.H. Mount P.O.<br>Pin. 686006<br>Phone- 0481-2560332, 2565750 |
| Published on | : | March 2023 |
| Cover Design | : | Sudha Raju |


| | | |
|---|---|---|
| Copyright | : | St. Joseph's Congregation<br>Kottayam |


| | | |
|---|---|---|
| Price | : | Rs.125 |
| Printed at | : | RCH Press<br>Kaipuzha- 686602<br>Phone - 2711991 |

# ഉള്ളടക്കം

**അവതാരിക**

**ആശംസ**

**ഹൃദയവിചാരങ്ങൾ**

**ആമുഖം**

| | | | |
|---|---|---|---|
| 1. | വി. യൗസേപ്പ് എസ്.ജെ.സിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ | - സി. ജോസി SJC | 15 |
| 2. | വി. യൗസേപ്പ് എന്റെ ജീവിതത്തിൽ | - സി. സിറിൾ SJC | 23 |
| 3. | വി. യൗസേപ്പ് ധ്യാനവിഷയമാകുമ്പോൾ | - സി. റൊസാരിയോ SJC | 32 |
| 4. | വി. യൗസേപ്പ് പക്വമായ വ്യക്തിത്വം | - സി. സൗമി SJC | 53 |
| 5. | വി. യൗസേപ്പ് എന്ന സ്നേഹതാതൻ | - സി.തെരേസ് SJC | 57 |
| 6. | വി. യൗസേപ്പ് തിരുക്കുടുംബ ജേതാവ് | - സി. മാത്യൂസ് SJC | 65 |
| 7. | വി. യൗസേപ്പ് എന്ന ചന്ദ്രനിലാവ് | - സി. ട്രീസാ മരിയ SJC | 71 |
| 8. | വി. യൗസേപ്പ് അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പിതാവ് | - സി. സമീനSJC | 76 |
| 9. | വി. യൗസേപ്പ് എന്റെ സുകൃതവഴി | - സി. ലിയോ SJC | 83 |
| 10. | വി. യൗസേപ്പ് നീതിയുടെ വാതിൽ | - സി. മേബിൾ SJC | 86 |
| 11. | വി. യൗസേപ്പ് മൗനം വാചാലമാക്കി | - സി. ലിറ്റി ജോസ് SJC | 88 |
| 12. | വി. യൗസേപ്പ് സുവിശേഷങ്ങളിൽ | - സി. റോജിൻ SJC | 92 |
| 13. | വി. യൗസേപ്പ് എന്റെ കൂടെ നടന്നപ്പോൾ | - സി. മേരിലറ്റ് SJC | 97 |
| 14. | വി. യൗസേപ്പ് ചെറുതാകലിന്റെ സൗന്ദര്യം | - സി. ലീന തെരേസ് SJC | 101 |
| 15. | വി. യൗസേപ്പ് എന്റെ സങ്കേതം | - സി. ജോളി SJC | 106 |
| 16. | വി. യൗസേപ്പ് എന്ന തണൽമരം | - സി. സിബി SJC | 109 |
| 17. | വി. യൗസേപ്പ് സ്വർഗ്ഗം നോക്കി നടന്ന താതൻ | - സി. ലിന്റോ SJC | 114 |
| 18. | വി. യൗസേപ്പ് എന്ന വലിയ വിശുദ്ധൻ | - സി. സബിത SJC | 121 |
| 19. | വി. യൗസേപ്പ് എന്റെ നാവിൻ ചലനം | - സി. ട്രീസാ ജോസ് SJC | 127 |
| 20. | വി.യൗസേപ്പ് എന്റെ പാലകൻ | - സി. നവീന SJC | 130 |
| 21. | വി. യൗസേപ്പ് എന്റെ സംരക്ഷകൻ | - സി. ട്രീസാ SJC | 132 |
| 22. | വി. യൗസേപ്പ് അനുകരണീയ മാതൃക | - സി. റ്റോമി SJC | 136 |
| 23. | വി. യൗസേപ്പ് ചിന്തേരിട്ടപ്പോൾ | - സി. താര SJC | 141 |
| 24. | വി. യൗസേപ്പ് എന്റെ ശക്തിയായിരുന്നു | - സി. ഫ്രാൻസി SJC | 144 |
| 25. | വി.യൗസേപ്പിന്റെ സർഗ്ഗാത്മകധൈര്യം | - സി. ലിസ്ബി SJC | 150 |
| 26. | നിദ്രാധീനനായ വി. യൗസേപ്പിന്റെ തിരുസ്വരൂപം | - സി. ജോസ്ലറ്റ് SJC | 154 |



# അവതാരിക

സ്വർഗ്ഗീയ പിതാവിന്റെ സ്വപ്നം ഈ ഭൂമിയിൽ വിരിയിച്ച വി. യൗസേപ്പിൽ വിളങ്ങിയിരുന്ന വലിയസുകൃതം അഥവാ പുണ്യ മായിരുന്നു ദൈവപിതാവിന്റെ നിശബ്ദമായ ആർദ്രസ്നേഹം. ഈ ആർദ്രസ്നേഹം ഈശോ വി. യൗസേപ്പിതാവിൽനിന്നും അനുഭ വിച്ചിരുന്നു. ദൈവപിതാവ് കരുണയോടെ നമ്മെ നോക്കുന്നു, കരു തുന്നു, പരിപാലിക്കുന്നു എന്ന ബോധ്യം നമ്മിൽ ഉണ്ടെങ്കിൽ നമുക്കും ദൈവപിതാവിന്റെ ആർദ്രസ്നേഹം അനുഭവിക്കാൻ സാധിക്കും. ദൈവപിതാവിന്റെ ആർദ്രസ്നേഹം പകർന്നു നല്കാൻ ഏറ്റവും നല്ല മാതൃക വി.യൗസേപ്പിതാവ് തന്നെയാണെന്ന് ഫ്രാൻസീസ് പാപ്പ പറയുന്നു. ജീവിതത്തിൽ സ്വീകരിക്കാൻ, അംഗീ കരിക്കാൻ പ്രയാസമുള്ള യാഥാർത്ഥ്യങ്ങളെ ദൈവഹിതമായിക്കണ്ട് 'ഫിയാത്ത്' (നിന്റെ ഇഷ്ടം നിറവേറട്ടെ) എന്ന് മറിയത്തെപ്പോലെ വി. യൗസേപ്പും പറഞ്ഞവനാണ്. ബഹുമുഖമായ ജീവിത പ്രശ്ന ങ്ങളിൽ നിന്നും ഒളിച്ചോടാതെ സധൈര്യം അവയെ തരണം ചെയ്ത വ്യക്തിയാണ് വി. യൗസേപ്പ്. പാവപ്പെട്ടവന്റെയും അഗതിയുടെയും അഭയാർത്ഥിയുടെയും സാധാരണക്കാരന്റെയും ആശാകേന്ദ്രമാണ് വി. യൗസേപ്പിതാവ്. വിവിധങ്ങളായ ശത്രുക്കൾ സഭയെ വലയം ചെയ്യുമ്പോൾ സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം യാചിക്കാൻ സഭയെ സ്നേഹിക്കാൻ വി. യൗസേപ്പ് നമ്മെ പഠിപ്പി ക്കുന്നുണ്ട്.

വി. യൗസേപ്പിതാവിന്റെ ഗുണഗണങ്ങളെക്കുറിച്ച് നമ്മൾ ധ്യാനിക്കുകയും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥതയിലൂടെ നമുക്കു ലഭിച്ച അനുഗ്രഹങ്ങളെ നന്ദിയോടെ സ്മരിക്കാനും പ്രചരിപ്പിക്കാനും എസ്.ജെ.സി മക്കളായ നമുക്ക് പ്രത്യേകമായ കടമയും കടപ്പാടുമുണ്ട്. വിളിച്ചപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത താതനാണ് വി. യൗസേപ്പിതാവ്. **'വി. യൗസേപ്പിന്റെ നിഴലിൽ'** എന്ന ഈ ഗ്രന്ഥത്തിൽ നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനിലുള്ള ആശ്രയം ആത്മാർത്ഥമായി രേഖപ്പെടുത്തിയിരിക്കുന്നു. അവ്യക്തതയുടെയും പ്രതിസന്ധിയുടെയും നാളുകളിൽ പുത്രിസഹജമായ സ്നേഹത്തോടെ വിളിച്ചപേക്ഷിച്ചപ്പോൾ പിതൃവാത്സല്യത്തോടെ ചേർത്തുനിർത്തി അനുഗ്രഹിച്ച സന്ദർഭങ്ങളെ സ്വതസിദ്ധമായ ശൈലിയിൽ ഭംഗിയായി ആവിഷ്ക്കരിച്ചിരിക്കുന്നു. തങ്ങൾക്കു ലഭിച്ച നന്മകളെ അതിശയോക്തി കലർത്താതെ ലളിതമായ ഭാഷയിൽ ചിട്ടപ്പെടുത്തി രൂപകല്പന ചെയ്തിരിക്കുന്നു. വി. യൗസേപ്പിതാവിനോടുള്ള ഭക്തിയും സ്നേഹവുമാണ് ഈ ഉദ്യമത്തിന് നിങ്ങളെ ഓരോരുത്തരേയും പ്രേരിപ്പിച്ച ചേതോവികാരം എന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ ഗ്രന്ഥരചനയിൽ സഹകരിച്ച എല്ലാവരേയും പ്രത്യേകമായി ഈ ലേഖനങ്ങളെ ചേർത്തൊരുക്കി ഏവർക്കും രുചികരമായ രീതിയിൽ പാകപ്പെടുത്തിയ സി. ലിന്റായുടെ അദ്ധ്വാനത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. വി. യൗസേപ്പിതാവ് കൂടുതലായി നമ്മെ എല്ലാവരേയും സംരക്ഷിക്കട്ടെ അനുഗ്രഹിക്കട്ടെ എന്ന് എളിമയോടെ പ്രാർത്ഥിക്കുന്നു.

**സി.അനിത എസ്.ജെ.സി**
**സുപ്പീരിയർ ജനറൽ**

എസ്.എച്ച്. മൗണ്ട്
19-03-2023



# ആശംസ

സന്യാസ ജീവിതം അനുകമ്പയിലൂടെ ആനന്ദം അനുഭവിക്കുന്നു. ആത്മനിയന്ത്രണത്തിലൂടെ ആനന്ദം നിലനിർത്തുന്നു. സമ്പാദിച്ചു സ്വാർത്ഥരാകുന്നതിലല്ല, സമ്മാനിച്ചു സംതൃപ്തരാകുന്നതാണ് ക്രൈസ്തവ സന്യാസത്തിന്റെ ഊർജ്ജതന്ത്രം. ധന്യരാകുന്നതും ധനികരാകുന്നതും നൽകുന്നതിലൂടെയാണ് എന്ന് തിരിച്ചറിയുന്നു. അങ്ങനെ മലയിൽപണിത പട്ടണംപോലെ പീഠത്തിൽ പ്രതിഷ്ഠിച്ച ദീപംപോലെ ക്രൈസ്തവ സന്ന്യാസം സഭയേയും സമൂഹത്തെയും പ്രകാശിപ്പിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിയുകയില്ല. ദൈവഹിതത്തിൽ പങ്കുചേരുകയും അത് മറ്റുള്ളവർക്കായ് പങ്കുവെച്ചുകൊടുക്കുകയും ചെയ്യുന്ന ദൈവഹിതത്തിന്റെ വഴികാട്ടികളായ് മാറുകയാണ് ഓരോ സന്യാസ സമൂഹത്തിന്റെയും ദൗത്യം.

ഈശോയുടെ കരുണാർദ്ര സ്നേഹത്തിന്റെ തിളക്കമാർന്ന സാക്ഷ്യമായി സെന്റ് ജോസഫ്സ് സമൂഹം തിരുസഭയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. സമൂഹമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ അനുകമ്പയിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും കൃപയുടെ വഴികളിലൂടെ സമൂഹം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. സത്യത്തിന്റെ ഉയിർപ്പെഴുന്നേൽപ്പിലൂടെ മാത്രമേ അസത്യത്തിന് ചരമഗീതം പാടാൻ കഴിയുകയുള്ളൂ എന്ന് വി. യൗസേപ്പിതാവിന്റെ ജീവിതവീഥികൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

വി. യൗസേപ്പിതാവിനെക്കുറിച്ച് കൂടുതലായി പഠിക്കുമ്പോൾ കർട്ടന് പിന്നിൽനിന്ന് പ്രവർത്തിക്കുന്ന ഒരു വ്യക്തിയാ

യിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. പേരും പ്രശസ്തിയും ആഗ്ര ഹിക്കാതെ പരി. അമ്മയ്ക്കും തിരുക്കുമാരുനുംവേണ്ടി അത്യദ്ധ്വാനം ചെയ്ത് സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ഒരു സുകൃത ജീവിതത്തിന്റെ ഉടമ. എല്ലാത്തരത്തിലും ഉത്തരവാദിത്വ ബോധമുള്ള ഒരു കുടുംബനാഥൻ. വി. യൗസേപ്പിനെക്കുറിച്ച് ചിന്തി ക്കുമ്പോൾ സുവിശേഷത്തിലെ ഈ വചനം എന്റെ മനസ്സിൽ ഓടി വരാറുണ്ട്. "ഇതുപോലെതന്നെ നിങ്ങളും കൽപ്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്; കടമനിർവഹിച്ചതേയുള്ളൂ എന്നു പറയുവിൻ (ലൂക്ക 17:10). ഈ മനോഭാവം വി. യൗസേപിതാവിൽ നിറഞ്ഞുനിന്നിരുന്നതായി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. വിശുദ്ധന്റെ ഈ മനോഭാവം സ്വന്തമാക്കുവാൻ ഞാൻ ആഗ്രഹിച്ച് പ്രാർത്ഥിച്ചിട്ടുണ്ട്.

ചോദ്യം ചെയ്യപ്പെടാത്ത അനുസരണം വി. യൗസേപ്പിതാ വിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതയായിരുന്നു. ദൈവസ്വരത്തെ പൂർണ്ണമായും വിശ്വസിക്കുന്നു; അതിന് കീഴ്‌വഴങ്ങുന്നു. പരി. മറി യത്തെയും തിരുസുതനെയും പരിപാലിച്ചുകൊണ്ട് ലളിതജീവിത ത്തിലൂടെ ദാരിദ്ര്യപാലനത്തിന്റെ മാഹാത്മ്യം വി. യൗസേപ്പിതാവ് മക്കളായ നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിലെ പ്രതിസന്ധിയുടെ നിമിഷങ്ങളിൽ മുഖത്തിന്റെ ശാന്തത നഷ്ടപ്പെടുത്താതെ; മനസ്സ് ഇടറാതെ; ശരീരം തളരാതെ എന്നെ കാത്തുസൂക്ഷിച്ചത് എന്റെ വി. യൗസേപ്പിതാവാണ് എന്ന് എനിക്ക് നിസ്സംശയം പറയുവാൻ കഴിയും. കഷ്ടതയുടെ നിമിഷങ്ങളിൽ വി. യൗസേപ്പിതാവിൽ ആശ്രയം വെയ്ക്കാൻ സെന്റ് ജോസഫ്സ് പുത്രിമാരായ നമുക്ക് സാധിക്കണം.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് തൊഴിലുകളെ മഹത്വവത്ക്കരിച്ച വിശുദ്ധനാണ്. ഏതു ജോലിയാ ണെങ്കിലും അതിനെ അതിന്റെ ഏറ്റവും പരിപൂർണ്ണതയിൽ

ആത്മാർത്ഥമായി പൂർത്തീകരിക്കുക എന്നതാണ് ദൈവമഹത്വത്തി നുള്ള ഏറ്റവും എളുപ്പമുള്ള മാർഗ്ഗം. വി. യൗസേപ്പിതാവ് തന്റെ തൊഴിലിനെ സ്നേഹിച്ച് അതിൽ മികവു തെളിയിച്ച വ്യക്തിത്വ ത്തിന്റെ ഉടമയാണ് എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. സെന്റ് ജോസഫ്സ് മക്കളായ നമുക്കും തങ്ങളുടെ ജീവിത സാഹചര്യ ങ്ങളിലൂടെ ദൈവസ്നേഹത്തിലേക്ക് വളരാൻ ശ്രമിക്കാം.

സെന്റ് ജോസഫ്സ് കന്യകാ സമൂഹത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് തങ്ങളുടെ ജീവിതത്തിൽ താങ്ങും തണലും കരുതലുമായി നിലകൊണ്ട സന്ദർഭങ്ങളെ തിരി ച്ചറിഞ്ഞ് അവയെ ഭംഗിയായി രേഖപ്പെടുത്തി **"വി. യൗസേപ്പിതാ വിന്റെ നിഴലിൽ"** എന്ന ഈ ഗ്രന്ഥം രൂപപ്പെടുത്താൻ നിങ്ങൾ കാണിച്ച പ്രയത്നത്തെ ആത്മാർത്ഥമായി ഞാൻ വിലമതിക്കുന്നു. ഈ ഗ്രന്ഥം വായിക്കുന്ന എല്ലാവർക്കും വി. യൗസേപ്പിതാവിനെ കൂടുതൽ സ്നേഹിക്കാൻ ഭക്തിയിൽ വളരാൻ പ്രചോദനമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സി. ആനിജോൺ എസ്.ജെ.സി.**

മുൻ സുപ്പീരിയർ ജനറൽ

# ഹൃദയവിചാരങ്ങൾ

"ജോസഫ് നീതിമാനായിരുന്നു" (മത്താ.1:19) എന്നല്ലാതെ അധികമൊന്നും വിശുദ്ധ യൗസേപ്പിനെപ്പറ്റി സുവിശേഷത്തിൽ എഴിതിയിട്ടില്ല. വി. യൗസേപ്പിന്റെ പുത്രിയാണ് എന്ന് പറയുന്നതിൽ ഞാൻ ഏറെ അഭിമാനിച്ചിരുന്നു. വി. യൗസേപ്പിന്റെ ആത്മീയ ചൈതന്യത്തോട് പ്രത്യേകമായ ഒരാകർഷണം എനിക്ക് ഉണ്ടായിരുന്നു. വിശുദ്ധനോടുള്ള സ്നേഹവും ഭക്തിയും എന്റെ വാക്കുകളിലും പ്രവൃത്തികളിലും ഗീതങ്ങളിലും രചനകളിലും എല്ലാം പ്രകടിപ്പിക്കുവാൻ ഞാൻ പ്രത്യേകമാംവിധം ശ്രദ്ധിച്ചിരുന്നു. യുവ തലമുറയെ വി. യൗസേപ്പിതാവിന്റെ ഗുണങ്ങളിൽ ആകൃഷ്ടരാക്കി താതനോടുള്ള ഭക്തിയിൽ തീക്ഷ്ണമതികളാക്കി വളർത്തിക്കൊണ്ടു വരുന്ന കാര്യത്തിൽ ഞാൻ തല്പരയായിരുന്നു. ജീവിതത്തിന്റെ സുഖദുഃഖ സമ്മിശ്രമായ നിമിഷങ്ങളിൽ വി. യൗസേപ്പിതാവിന്റെ പക്കൽ ഓടിയണയുവാൻ എല്ലാ സെന്റ് ജോസഫ്സ് സിസ്റ്റേഴ്സിനും സാധിക്കണം. അത്രമാത്രം പുത്രീസഹജമായ സ്നേഹം ആ സ്വർഗ്ഗീയ പിതാവിനോട് നമുക്ക് ഉണ്ടായിരിക്കണം. വി. യൗസേപ്പിതാവിനോടുള്ള നിങ്ങളുടെ വ്യക്തിപരമായ ബന്ധത്തേയും ആശ്രയബോധത്തേയും ആത്മാവബോധത്തോടെ വിശകലനം ചെയ്യാൻ നിങ്ങൾ കാണിച്ച നല്ല മനസ്സിനെ ഞാൻ അഭിനന്ദിക്കുന്നു. എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും വി. യൗസേപ്പിതാവിലൂടെ നിങ്ങൾക്ക് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വി.യൗസേപ്പിതാവിന്റെ കന്യകാസമൂഹത്തിൽ അംഗമായിത്തീരുവാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. ദൈവത്തിന് നന്ദി പറയാം.

**സി. ആൻ ഗൊരേറ്റി എസ്.ജെ.സി**

മുൻ സുപ്പീരിയർ ജനറൽ

സ്വർഗ്ഗസ്ഥനായ പിതാവ് എന്റെ വല്യപ്പച്ചനാണ്, വി.യൗസേപ്പിതാവ് എന്റെ കൊച്ചപ്പച്ചനാണ്. എന്റെ കൊച്ചപ്പച്ചാ; നിന്റെ ഈ കൊച്ചുമക്കളെ തിന്മയിൽ വീഴാതെ പ്രലോഭനത്തിൽ ഉൾപ്പെടുത്താതെ കാത്തു സൂക്ഷിക്കേണമെ. എന്റെ സന്ന്യാസസമൂഹത്തെ പരിശുദ്ധിയുടെ ലില്ലിപുഷ്പത്തിന്റെ പരിമളത്താൽ സുഗന്ധപൂരിതമാക്കേണമെ. നന്മരണമദ്ധ്യസ്ഥാ, എന്റെ മരണനേരത്ത് വരണമെ. നല്ലമരണം നല്കി എന്നെയും ഞങ്ങളെ എല്ലാവരേയും അനുഗ്രഹിക്കേണമെ. ആമ്മേൻ.

**സി. ബെർക്കുമാൻസ് എസ്.ജെ.സി**

മുൻ സുപ്പീരിയർ ജനറൽ

വി. യൗസേപ്പിതാവെ എന്റെ മരണസമയത്ത് പരി.അമ്മയേയും ഉണ്ണിയേയും കൂട്ടികൊണ്ട് എന്റെ അടുക്കൽ ഓടിവരണമെ. നിങ്ങളുടെ കരങ്ങളിൽ ഞാൻ ഉറങ്ങുന്നു. ഇടർച്ചവരാതെ ജീവിത വിശുദ്ധിയിൽ നിന്റെ പുത്രിമാരെ കാത്തുകൊള്ളേണമെ. ആമ്മേൻ.

**സി. വിമല എസ്.ജെ.സി**

# ആമുഖം

വി. യൗസേപ്പിന്റെ ജീവിതം നമുക്ക് ധാരാളം ജീവിതപാഠങ്ങൾ നൽകുന്നുണ്ട്. "സ്നേഹനിധിയായ പിതാവ്, കരുണയുള്ള പിതാവ്, അനുസരണയുള്ള പിതാവ്, എല്ലാം സ്വീകരിക്കുന്ന പിതാവ്, ധൈര്യശാലിയായ പിതാവ്, അദ്ധ്വാനിക്കുന്ന പിതാവ്, നിഴലിൽ ജീവിച്ച പിതാവ്" ഇതെല്ലാമാണ് വി. യൗസേപ്പിതാവെന്ന് ഫ്രാൻസിസ് പാപ്പ തന്റെ ധ്യാനസന്ദേശത്തിൽ സാർവ്വത്രിക സഭയോട് പറയുകയുണ്ടായി. അടിയുറച്ച ആത്മീയതയുള്ള ഒരു മനുഷ്യനായിരുന്നു വി. യൗസേപ്പ്. നിശബ്ദതയിൽ ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകളിൽ അടങ്ങിയിട്ടുള്ള സത്യത്തെ സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം സദാ സന്നദ്ധമായിരുന്നു. തന്മൂലം വിശദീകരണങ്ങൾ ചോദിക്കാതെ കാര്യകാരണങ്ങൾ അന്വേഷിക്കാതെ ദൈവത്തിന്റെ മനസ്സ് നിറവേറ്റുക എന്നതായിരുന്നു വി. യൗസേപ്പിന്റെ സ്വഭാവ സവിശേഷത.

പരിശുദ്ധ മറിയത്തിന്റെ സംരക്ഷകനും ദൈവപുത്രന്റെ വളർത്തുപിതാവും മനുഷ്യകുലത്തിന്റെ രക്ഷാകര ദൈവരഹസ്യത്തിൽ വിശ്വസ്തനായി ഭൂമിയിൽ സഹകരിച്ചവനുമായ മാർ യൗസേപ്പിനെ എല്ലാ മനുഷ്യരിൽനിന്നും പ്രത്യേകമായി തിരഞ്ഞെടുത്തവനാണ് എന്നാണ് ക്ലയർവോയിലെ വിശുദ്ധ ബർണാർദ് പഠിപ്പിക്കുന്നത്. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത ആ വലിയ വിശുദ്ധന്റെ നന്മയും വിശുദ്ധിയും ത്യാഗജീവിതവും തുടങ്ങി ഒരു മനുഷ്യന് അനുകരണീയമായ എല്ലാ നന്മകളും നിറഞ്ഞ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അനുകരിക്കുവാനും ആ താതനോട് പ്രത്യേകമായി പ്രാർത്ഥിക്കുവാനും കൂടുതലായി നമുക്ക് പരിശ്രമിക്കാം. ദൈവശാസ്ത്രജ്ഞനും സഭാപിതാവുമായ വിശുദ്ധ ഗ്രിഗറി നസ്സിയാൻസൻ പറയുന്നു"യൗസേപ്പിതാവിനെ ദൈവം സൂര്യതേജസോടും ശോഭയോടും കൂടി പ്രഭാ

പൂർണ്ണനാക്കി. ആ പ്രകാശതേജസിൽ മറ്റെല്ലാ വിശുദ്ധരേക്കാളും ഏറെ മുൻപന്തിയിലാണ് വിശുദ്ധ യൗസേപ്പ്."

സഭയുടെ ആരംഭം മുതൽ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി സാർവ്വത്രികമായി ഉണ്ടായിരുന്നു എന്നുവേണം മനസ്സിലാക്കുവാൻ. വിശുദ്ധ ഗ്രന്ഥത്തിൽ യൗസേപ്പിതാവിനെക്കുറിച്ച് ഏതാനും ചില സൂചനകൾ മാത്രമേ ഉള്ളുവെങ്കിലും പരിശുദ്ധ മറിയത്തോടുള്ള മാതൃഭക്തിപോലെ യൗസേപ്പിതാവിനോടുള്ള പിതൃഭക്തിയും സഭയിൽ സജീവമായിരുന്നു. വിശുദ്ധ അൽഫോൻസ് ലിഗോരി പഠിപ്പിക്കുന്നതനുസരിച്ച് വിശുദ്ധ യൗസേപ്പിതാവിനോട് കൂടുതൽ ഭക്തിയും വിശ്വാസവും പുലർത്തുന്നത് ഏറ്റവും ആവശ്യവും നല്ല ഒരു കത്തോലിക്കനായിരിക്കാൻ അത്യന്താപേക്ഷിതവുമാണ്. പഴയനിയമത്തിൽ പൂർവ്വപിതാവായ യൗസേപ്പിന്റെ അടുത്തുപോയി അവൻ പറയുന്നതുപോലെ ചെയ്താൽ ദാരിദ്ര്യദുഃഖമകലും (ഉല്പ.41:55) എന്നു പറയുന്നതുപോലെയാണ് യൗസേപ്പിതാവിന്റെ അടുത്തുപോയി ആ വലിയ താതൻ പറയുന്നതുപോലെ പ്രവർത്തിച്ചാൽ നമ്മുടെ ജീവിതത്തിലെ ദുഃഖങ്ങൾ മാറും എന്നത് നിശ്ചയമാണ്.

ഈശോയും പരിശുദ്ധ മാതാവും ഭൂമിയിൽ അനുസരണയോടെ ആ വത്സലതാതന്റെ മുമ്പിൽ അണഞ്ഞതുപോലെ നമുക്കും വിശുദ്ധ യൗസേപ്പിതാവിനെ അനുസരിക്കാം. ഭാരത സഭാപിതാവും വേദപാരംഗതനുമായ വിശുദ്ധ ഏലിയാസ് കുരിയാക്കോസ് ചാവറ പിതാവ് 'ഒരു നല്ല അപ്പന്റെ ചാവുരുളിൽ' പറയുന്നതുപോലെ മാതാപിതാക്കളുടെ നേരെ അനുസരണവും ആദരവും ഉള്ള കുടുംബം സ്വർഗ്ഗരാജ്യത്തിന് സദൃശ്യമാണ്. തിരുക്കുടുംബം ഭൂമിയിലെ സ്വർഗ്ഗമാണല്ലോ. ഈശോയും മാതാവും വിശുദ്ധ യൗസേപ്പിതാവിനെ അനുസരിച്ചതുപോലെ, വിശുദ്ധ യൗസേപ്പ് ദൈവപിതാവിനെ പൂർണമായും അനുസരിച്ചവനായിരുന്നു (മത്താ.1:24, 2:20-21). അനുസരണമെന്ന പുണ്യത്തിനായും എല്ലാമക്കളും അനുസരണയുള്ള

വരാകാനും വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നമുക്കു അപേക്ഷിക്കാം.

മറിയവും ഉണ്ണീശോയും യൗസേപ്പിതാവിനെ ആദരിച്ചിരുന്നതുപോലെ നമുക്കും ആ പിതാവിനെ ആദരിക്കാം. ഇന്ന് കുടുംബബന്ധങ്ങളുടെ ഗതിവിഗതികളിൽ തകർച്ചയുടെയും ദുഃഖത്തിന്റെയും കനലുകൾ എരിയുന്നുണ്ടെങ്കിൽ അതിനുകാരണം പരസ്പരമുള്ള ആദരവിന്റെ അഭാവമാണോ എന്ന് ചിന്തിക്കാം. സ്വന്തം കുടുംബത്തോടുള്ള അദ്ദേഹത്തിന്റെ സമർപ്പണം ഇന്ന് എല്ലാ കുടുംബനാഥന്മാർക്കും മാതൃകയാണ്. സ്വന്തം കുടുംബബന്ധത്തേക്കാൾ പ്രാധാന്യം സ്വത്തിനും സ്ഥാനത്തിനും മറ്റുപലതിനും നൽകുന്നവർക്കുള്ള വലിയൊരു വെല്ലുവിളിയാണ് ഈ സ്നേഹപിതാവ്. സ്വാർത്ഥത ഇല്ലാത്ത വ്യക്തിയായി മാതൃക നല്കി ജീവിച്ച് ഉത്തമ തൊഴിലാളിയായി നല്ല കുടുംബനാഥനും ജീവിത പങ്കാളിയും നേതാവും അനുസരണയുള്ളവനുമാകാനുള്ള ദൈവവിളി ലഭിച്ച ഭാഗ്യവാനായിരുന്നു വിശുദ്ധ യൗസേപ്പിതാവ്. ദൈവം സ്വന്തമാക്കി ഉയർത്തിയ വി. യൗസേപ്പിതാവ് നമുക്ക് വഴികാട്ടിയാകട്ടെ.

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ പുണ്യങ്ങളെ സ്നേഹിച്ചുകൊണ്ട് സുകൃതജീവിതത്തിൽ അഭിവൃദ്ധിപ്പെടുവാൻ ആഗ്രഹിച്ച് പരിശ്രമിക്കുന്നവരാണ് സെന്റ് ജോസഫ്സ് സിസ്റ്റേഴ്സ് എല്ലാവരും. വി. യൗസേപ്പിതാവിന്റെ വ്യക്തിജീവിതത്തിലെ വേറിട്ട സംഭവങ്ങളെയും മനോഭാവങ്ങളെയും പ്രത്യേകം പ്രത്യേകം മനനം ചെയ്തും വായനയിലൂടെ ലഭിച്ച അറിവുകളെ കൂട്ടിച്ചേർത്തും എസ്.ജെ.സി സിസ്റ്റേഴ്സ് എഴുതി തയ്യാറാക്കിയ 26 ലേഖനങ്ങളാണ് **'വി.യൗസേപ്പിതാവിന്റെ നിഴലിൽ'** എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ലേഖനകർത്താക്കളുടെ നന്മനിറഞ്ഞ മനസ്സുകൾക്ക് ഹൃദയപൂർവ്വം നന്ദി. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയ ഞങ്ങളുടെ സുപ്പീരിയർ ജനറൽ ബഹു. സി. അനിതയ്ക്ക് ഹൃദയംഗമമായ നന്ദി.

ആശംസ നല്കിയ മുൻ സുപ്പീരിയർ ജനറൽ ബഹു. സി. ആനി ജോണിന് സ്നേഹപൂർവ്വം നന്ദി. ഹൃദയവിചാരങ്ങൾ പങ്കുവെച്ച ഞങ്ങളുടെ ജനറാളമ്മമാരായിരുന്ന ബഹു. ഗൊരേറ്റിയമ്മയ്ക്കും ബഹു. ബർക്കുമാൻസമ്മയ്ക്കും ഒത്തിരി നന്ദി. തെള്ളകം മഠത്തിലെ ഞങ്ങളുടെ പ്രിയപ്പെട്ട വിമലമ്മയ്ക്കും നന്ദി. ആശയങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും സഹകരിച്ച എല്ലാവർക്കും ആദരവോടെ നന്ദി. പുസ്തകത്തിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച ആർ.സി.എച്ച് പ്രസ്സ് ഡിറക്ട്രസ് സി. സ്നേഹയ്ക്കും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി. ഈ ലേഖനങ്ങൾ യഥോചിതം ക്രമീകരിക്കുവാൻ സമൂഹാധികാരികൾ എനിക്കു നല്കിയ അവസരത്തിനും ഒത്തിരി നന്ദി. ഈ ഗ്രന്ഥം വായിക്കുന്നവരിൽ വി. യൗസേപ്പിതാവിനോടുള്ള ഭക്തി കൂടുതലായി ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

**സി. ലിന്റാ എസ്.ജെ.സി**



1

# എസ്.ജെ.സിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ

**ആ**ഗോളകത്തോലിക്കാ സഭയുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിതാവിനെ പ്രഖ്യാപിക്കപ്പെട്ടതിന്റെ 150-ാം വാർഷിക വേളയിലാണ് ഫ്രാൻസിസ്പാപ്പ വി. യൗസേപ്പിതാവിനെ സഭയിലെ മദ്ധ്യസ്ഥനായി ഊന്നിപ്പറഞ്ഞുകൊണ്ട് ഒരു വർഷം മുഴുവൻ വി. യൗസേപ്പിതാവിന് സമർപ്പിക്കുന്നതായി പ്രഖ്യാപിച്ചത്. കൊറോണ മാരിക്കിടയിലും ഈ പുണ്യപിതാവ് തന്റെ സംരക്ഷണം ലോകത്തിനു നൽകി എന്നതനുഭവിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ പുണ്യപിതാവിനെപ്പറ്റി ചില കാര്യങ്ങൾ ധ്യാനപൂർവ്വം വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.

ജന്മം കൊടുത്തിട്ടും പിതാവാകാൻ കഴിയാതെ പോകുന്നവരുടെയും ഗഹനമായ അറിവ് പകർന്ന് കൊടുത്തിട്ടും ഗുരുവാകാൻ സാധിക്കാത്തവരുടെയും ലോകത്തിലാണ് നസ്രത്തിലെ ഈ തച്ചൻ വ്യത്യസ്തനായി മാറുന്നത്. യൗസേപ്പിന്റെ പക്കൽ പോവുക. സവിശേഷമായ വിശ്വാസത്തോടെ അവിടുത്തെ മാദ്ധ്യസ്ഥ്യം തേടുക, അവിടുത്തെ സംരക്ഷണം വളരെ ശക്തമാണ്. കാരണം ഈ പുണ്യപിതാവാണ് സഭ മുഴുവന്റെയും സംരക്ഷകൻ എന്ന് 9-ാം പീയൂസ് പാപ്പായുടെ പഠനത്തിന്റെ വെളിച്ചത്തിലായിരിക്കണം ജോസഫിൻ വർഷം പ്രഖ്യാപിക്കാൻ പരിശുദ്ധ പിതാവിനെ പരിശുദ്ധാരൂപി തോന്നിപ്പിച്ചത്. ഇതോടൊപ്പം വേദപാരംഗതയായിരിക്കുന്ന ആവിലായിലെ വി. അമ്മത്രേസ്യായും പരിശുദ്ധ പിതാവിനെ പ്രചോദിപ്പിച്ചിരിക്കണം. വിശുദ്ധയുടെ ഭാഷ പകർത്തിയാൽ നമുക്ക് വായിക്കാൻ സാധിക്കും. ഭൂമിയിലായിരുന്നപ്പോൾ യൗസേപ്പിതാ

വിനെ തന്റെ വളർത്തുപിതാവും സംരക്ഷകനുമായി തിരിച്ചറിഞ്ഞ ഈശോ അദ്ദേഹത്തിനു വിധേയനായി ജീവിച്ചുവെങ്കിൽ ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കുമ്പോൾ ഈ പിതാവിന്റെ എല്ലാ അപേക്ഷ കളും സാധിച്ചുകൊടുക്കുവാൻ അവിടുന്ന് സദാ സന്നിഹിതനാണ് എന്ന് തീർച്ചയായും വിശുദ്ധയുടെ ഈ വാക്കുകളിലെ യാഥാർത്ഥ്യം നമ്മുടെ കേവല സ്തുതിക്കുപോലും ഗ്രഹ്യമാണ്.

കാരണം തന്റെ ഏകജാതന്റെ സംരക്ഷകനാകാൻ പിതാവായ ദൈവം യുഗങ്ങൾക്ക് മുമ്പേ തിരഞ്ഞെടുത്ത ഈ വിശുദ്ധൻ കളങ്ക ഹീനനായ തന്റെ പിതാവിന്റെ സംരക്ഷകനായി ലോകാരംഭത്തിനു മുമ്പുതന്നെ പരിശുദ്ധ റൂഹാ തിരഞ്ഞെടുത്ത് ഉയർത്തിയ ഈ പരി ശുദ്ധൻ മാനവ രക്ഷയ്ക്കായി അവതീർണ്ണനാകുമ്പോൾ തന്നെയും തന്റെ മാതാവിനെയും പരിരക്ഷിക്കാൻ പിതാവിനോടും പരിശുദ്ധാ ത്മാവിനോടും ചേർന്ന് തച്ചന്റെ മകനെന്ന ഓമനപ്പേരിൽ വിളിക്ക പ്പെടുവാൻ അർഹനായ ഈ പിതാവിന്റെ ശ്രേഷ്ഠത വർണ്ണിക്കു വാൻ, പറഞ്ഞു മനസ്സിലാക്കുവാൻ ഭാരതീയ ഇതിഹാസത്തിലെ ആന്ദത്തിനുപോലും സാധ്യമല്ല എന്ന സത്യം മക്കളായ നാം അംഗീ കരിക്കേണ്ടിയിരിക്കുന്നു. എന്താണ് ഇതരവിശുദ്ധരിൽനിന്നും വി.യൗസേപ്പിതാവിനുള്ള പ്രത്യേകത എന്നിപ്പോൾ നമുക്ക് നോക്കാം.

വി. ഗ്രിഗറി നാസിയൻ തന്റെ ചിന്തയിൽ നാം ചിന്തിച്ചാൽ മറ്റു സകല വിശുദ്ധരുടെയും പ്രകാശവും മഹിമയുമെല്ലാം ചേർത്തു വച്ച് അത്യന്തം ശോഭയേറിയ സൂര്യനിൽ എന്നപോലെ വലിയ പ്രകാശം സർവ്വശക്തൻ വി. യൗസേപ്പിൽ നിക്ഷേപിച്ചിരിക്കുന്നു എന്ന് പറയാം. എന്താണ് ഈ നിക്ഷേപങ്ങൾ എന്ന് നമുക്ക് നോക്കാം. വി. യൗസേപ്പിലെ പിതൃഹൃദയത്തിലെ സപ്തവർണ്ണ ങ്ങളായ വാൽസല്യം, അലിവ്, അനുസരണം, സ്വീകരണം, സർഗ്ഗാ ത്മകധൈര്യം, തൊഴിൽ, നിഴൽ എന്നിവയാണ് ആ സപ്ത വർണ്ണങ്ങൾ. വി. യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷം അവസാ നിപ്പിക്കുന്നതുപോലെതന്നെ നമ്മുടെ പുണ്യപിതാവിന്റെ സപ്ത

വർണ്ണങ്ങളെപ്പറ്റി എഴുതിയാൽ ചിലപ്പോൾ നമ്മുടെ ആയുഷ്ക്കാലം കൊണ്ടവസാനിക്കില്ല എന്ന സത്യം നാം അംഗീകരിച്ചേ പറ്റൂ. ഈ സപ്തവർണ്ണങ്ങളാൽ മേരിയെയും ദൈവപുത്രനെയും വി. യൗസേപ്പിതാവ് പൊതിഞ്ഞ് സൂക്ഷിച്ചതുപോലെ നമ്മെയും പൊതിഞ്ഞ് സൂക്ഷിക്കാനായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

എസ്. ജെ. സി മക്കൾ എന്ന നിലയിൽ നാം അനുദിനം ചൊല്ലുന്ന വി. യൗസേപ്പിന്റെ ഏഴു സന്താപ സന്തോഷങ്ങളെപ്പറ്റി മാത്രം നമുക്ക് ഒന്ന് അവലോകനം ചെയ്യാം. ദൈവസ്വരത്തിന് ആമ്മേൻ പറയുന്ന ആ പിതൃഹൃദയത്തിലെ അനുസരണയെ നമുക്ക് കണ്ടുപഠിക്കാം. തുടർന്ന് ലൂക്കാ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ 7,10,11 എന്നീ തിരുവചനത്തിലൂടെ കാണിച്ചുതന്ന രണ്ടാമത്തെ സന്തോഷ സന്താപത്തെപ്പറ്റി നമുക്കൊന്ന് ധ്യാനിക്കാം. തലമുറകൾ പ്രാർത്ഥിച്ചും ബലിചെയ്തും കാത്തിരുന്ന ദൈവസുതൻ പിറന്നപ്പോൾ ഒരു തൊട്ടിൽപോലും ഒരുക്കാൻ സാധിക്കാതെ വന്ന തച്ചനായ പിതൃഹൃദയത്തിന്റെ വേദന നമുക്കൊന്ന് ഭാവന ചെയ്യാം. എങ്കിലും സകല ജനത്തിന്റെയും രക്ഷകനാണല്ലോ പുൽക്കൂട്ടിൽ പിറന്നിരിക്കുന്നവൻ എന്ന ചിന്തയിൽ നമ്മുടെ പിതാവിനോടു നമുക്കൊത്തു ചേരാം.

അടുത്തതായി ലൂക്കാ സുവിശേഷകൻ 2:21 ൽ പറയുന്നു: കുഞ്ഞിന്റെ പരിഛേദനാവസ്ഥയിലെ ഉണ്ണിയുടെ രക്തം ചിന്തലും വി. മത്തായിയുടെ സുവിശേഷത്തിൽ 1:25 ൽ പറഞ്ഞിരിക്കുന്നതു പോലെ യേശു എന്ന പേര് നൽകിയപ്പോൾ ഉണ്ടായ സന്തോഷവും നമുക്ക് ധ്യാനവിഷയമാക്കാം. ലൂക്കാ സുവിശേഷകൻ തന്നെ തന്റെ സുവിശേഷത്തിലെ രണ്ടാം അദ്ധ്യായം 34ലും 38 ലും വെളിപ്പെടുത്തുന്ന ശിമയോന്റെ പ്രവചനത്തെപ്പറ്റിയും മാനവരാശിയുടെ വീണ്ടെടുപ്പിൽ ഉണ്ടായ സന്തോഷത്തെപ്പറ്റിയും നമുക്ക് ധ്യാനിക്കാം.

സന്താപമല്ലോ സന്തോഷത്തിന്റെ മാതാവ് എന്ന ചൊല്ല് പോലെ പരി. അമ്മയുടെ ഹൃദയത്തിൽ തുളച്ചുകയറുന്ന വാളിനെപ്പറ്റി

വേദനിച്ച വി. യൗസേപ്പ് മാനവരാശിയുടെ വീണ്ടെടുപ്പിൽ സന്തോഷിച്ചതുപോലെ അനുദിന ജീവിത പ്രശ്നങ്ങൾ ദൈവഹിതാനുസരണം സന്തോഷത്തോടെ സ്വീകരിക്കാൻ നമ്മെതന്നെ നമുക്ക് ഒരുക്കാം. ഇനിയും കൈക്കുഞ്ഞുമായി പാതിരാത്രിയിൽ ഈജിപ്തിലേയ്ക്ക് പാലായനം ചെയ്യുന്ന തിരുക്കുടുംബത്തെപ്പറ്റിയും ഈജിപ്തിലെ വിഗ്രഹങ്ങൾ ഉടഞ്ഞുവീഴുന്നതിൽ സന്തോഷിക്കുന്ന തിരുക്കുടുംബത്തെയും നമുക്ക് ധ്യാനവിഷയമാക്കാം.

തിരുവചനത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഹോസി. 11:1 പൂർത്തിയാകാൻ ഇതു സംഭവിച്ചേ മതിയാകൂ എന്നു നമുക്ക് അറിയാം. എന്നാൽ ഒരഭയാർത്ഥിയെപ്പോലെ പറക്കമുറ്റാത്ത കുഞ്ഞിനെയും അമ്മയെയുംകൊണ്ട് ഈജിപ്തിലേയ്ക്ക് പാലായനം ചെയ്യുന്ന സ്വർഗ്ഗീയപിതാവിന്റെ സർഗ്ഗാത്മക ധൈര്യത്തെയും ദൈവകല്പനകളോടുമുള്ള അനുസരണയെയും പറ്റി ധ്യാനിക്കുകയും നമ്മുടെ അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യാം.

നമ്മുടെ പുണ്യപിതാവിന്റെ ആറാമത്തെ സന്താപത്തെപ്പറ്റി വി. മത്തായിയുടെ സുവിശേഷം 22:10 തിരുവചനത്തിലും ഈശോയോടും മറിയത്തോടും ഒത്തുള്ള നസ്രത്തിലെ ജീവിതത്തിലെ സന്തോഷത്തെപ്പറ്റി ലൂക്കാ സുവിശേഷകൻ 2:39 ൽ തരുന്നതും നമുക്ക് വായിച്ച് ധ്യാനിക്കാം. യാതൊരുവിധത്തിലുള്ള ചോദ്യവും ചെയ്യാത്ത നമ്മുടെ പിതാവിന്റെ വിശ്വാസത്തിന്റെ മുമ്പിൽ നമുക്ക് മുട്ടുകൾ മടക്കാനും നാലാം പ്രാവിശ്യം സ്വപ്നത്തിൽ കിട്ടുന്ന നിർദ്ദേശമനുസരിച്ച് സുപരിചിതമായ ബേത്ലഹേം ഉപേക്ഷിച്ച് നസ്രത്തിൽ പാർപ്പുറപ്പിച്ചത് ദൈവപുത്രന് നസ്രായൻ എന്ന പേര് കിട്ടുവാൻ തന്റെ പരിചിതസ്ഥലത്തെ ഉപേക്ഷിച്ച് വീണ്ടും പുതിയ സ്ഥലം തിരഞ്ഞെടുക്കുവാനും മനസ്സായ ഈ പിതാവ് ഒരു സ്ഥലമാറ്റം കിട്ടുമ്പോൾ ആവലാതിപ്പെടുന്ന നമ്മെ നോക്കി ചിരിക്കുന്നില്ലേ എന്നുതന്നെ നാം ചിന്തിക്കേണ്ടതല്ലേ.

നമ്മുടെ ചിന്താവിഷയമായ ഏഴ് സന്തോഷസന്താപങ്ങളിൽ ഏഴാമത്തെ സന്തോഷസന്താപം വ്യക്തമാക്കുന്നതും ലൂക്കാ സുവിശേഷകൻ തന്നെയാണ്. 2-ാം അദ്ധ്യായം 45ലും 46ലും ആയി ഇത് വ്യക്തമാക്കിയിരിക്കുന്നു. ദേവാലയത്തിലേയ്ക്ക് നിയമാനുഷ്ഠാനത്തിനു ഇറങ്ങി പുറപ്പെട്ട പുത്രനെപ്പറ്റി മടക്കയാത്രയിൽ ഒരു ദിവസം പിന്നിട്ടപ്പോൾ അറിയുന്നത് ഇതിനുമുമ്പ് ചിന്തിച്ച സന്തോഷസന്താപങ്ങളേക്കാൾ എത്രയോ ഹൃദയഭേദകമായിരുന്നു ഈ വേദനയെന്ന് നമുക്ക് ഊഹിക്കുവാൻ പോലും സാധ്യമല്ല എന്നതാണ് ഒരു സത്യം. മറ്റവസരങ്ങളിൽ ഈശോ കൂടെ ഉണ്ടായിരുന്നു. എങ്കിലും പരസ്പരം കുറ്റപ്പെടുത്താതെ ദേവാലയത്തിലേയ്ക്ക് തന്നെ അവർ മടങ്ങുന്ന കാഴ്ച എത്രയോ സുന്ദരം.

പ്രശ്നവേളകളിൽ പരസ്പരം പഴിചാരുന്ന നമ്മുടെ ചിന്തകളെ പരി. കന്യകയുടെയും വി. യൗസേപ്പിന്റെയും മാതൃക വിശുദ്ധീകരിക്കട്ടെ എന്നാഗ്രഹിച്ചുകൊണ്ട് പ്രാർത്ഥിക്കാം. വി. യൗസേപ്പിന്റെ ഇന്നലെകളെപ്പറ്റി എത്ര പറഞ്ഞാലും തീരില്ല എന്ന സത്യം നമുക്ക് അംഗീകരിക്കാം. പഴയനിയമത്തിൽ നാം വായിക്കുന്ന എല്ലാ പൂർവ്വപിതാക്കളെയും ഒന്നായി ചേർത്ത് ത്രിത്വ ദൈവം വി. യൗസേപ്പിനെ നിർമ്മിച്ചു എന്നു നാം ചിന്തിച്ചാൽ അതിൽ അതിശയത്തിന് ഇടമില്ല. പൂർവ്വപിതാവായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരും ഇസ്രായേൽ ജനത്തെ നയിച്ച മോശയും അഹറോനും പിതാക്കൻമാരിൽ മഹത്വത്തിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന ഫിനഹെസിനെയുംകാൾ വി. ജോസഫ് മുന്നണിയിൽ എന്ന് നമുക്കറിയാം. ന്യായാധിപൻമാരിൽ വിശ്വസ്തനായ സാവൂളുപോലും ദൈവത്തിന്റെ മനസ്സിനോട് യോജിച്ചിരുന്ന ദാവീദ് രാജാവ് പോലും, കണ്ടതിൽവെച്ച് ഏറ്റവും വിജ്ഞാനിയായ സോളമനും നമ്മുടെ പിതാവിന്റെ കേവലം നിഴലുകൾ മാത്രം എന്നു പറയാം.

വിശുദ്ധ ഗ്രന്ഥത്തിൽ പ്രധാന പുരോഹിതനായ ശിമയോനെപ്പറ്റി പ്രഭാഷക പുസ്തകം 5-ാം അദ്ധ്യായത്തിൽ നാം വായിക്കുന്ന വിവിധങ്ങളായ ഗുണങ്ങളുടെ വിളനിലമായിരിക്കുന്ന പുണ്യ

പിതാവ് എന്നു പറയാം. ചുരുക്കത്തിൽ ഈ ലേഖനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ പുണ്യപിതാവിന്റെ മഹിമകൾ വർണ്ണിപ്പാൻ സാധ്യമല്ല അത് അനുഭവിച്ചറിയേണ്ടതാണ്. ഈ പുണ്യപിതാവിനെ എസ്.ജെ.സി മക്കളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി നമുക്ക് കാട്ടിത്തന്ന നമ്മുടെ സ്ഥാപകപിതാവിനെ നമുക്ക് നന്ദിയോടെ സ്മരിക്കാം. സ്ഥാപകപിതാവിന്റെ കാലടികൾ പിന്തുടർന്ന് എസ്.ജെ.സി.യെ ബാലാരിഷ്ടതകളിൽ കാത്തു പാലിച്ച ആദ്യ അംഗമായ ജോസഫീനാമ്മയെയും നമുക്കിപ്പോൾ അനുസ്മരിക്കാം. എന്തെങ്കിലും പ്രശ്നങ്ങൾ സഭയിൽ ഉണ്ടാകുമ്പോൾ മണി കിലുക്കി തന്റെ മക്കളെയെല്ലാം ചാപ്പലിൽ ഒന്നിച്ചു കൂട്ടി വി.യൗസേപ്പിതാവിന്റെ ഏഴു സന്തോഷ സന്താപങ്ങൾ ചൊല്ലി പ്രശ്നപരിഹാരം കണ്ടിരുന്നു. വലം കൈയ്യിൽ കൊന്തയും ഇടം കൈയ്യ് നെഞ്ചത്തും വച്ച് കൈപ്പുഴ മഠത്തിലെ പ്രാർത്ഥനാലയത്തിൽ മണിക്കൂറുകൾ വിനയോഗിച്ചിരുന്ന ജോസഫീനാമ്മയെയും നമുക്ക് നന്ദിയോടെ സ്മരിക്കാം. കൂട്ടത്തിൽ വി. മറിയം ത്രേസ്യാ എന്ന വിശുദ്ധയുടെ പ്രവചനം പൂർത്തിയാക്കികൊണ്ട് പുത്തൻചിറ മഠത്തിൽ നിന്നും തൊമ്മിയച്ചന്റെ ആഗ്രഹത്തോടെ കൈപ്പുഴയിലേയ്ക്ക് പോന്ന ഏലീശ്വ എന്ന ടീച്ചറിൽ നിന്നും ജന്മമെടുത്ത ജോസഫീനാമ്മയുടെയും സ്ഥാപകപിതാവിനോടൊപ്പം കുറുച്ചുകാലമെങ്കിലും ജീവിക്കാൻ ഭാഗ്യം ലഭിച്ച ആദ്യകാല അമ്മമാരെയും ഓർത്ത് സർവ്വശക്തനായ ദൈവത്തിനു നന്ദി പറയുന്നതോടൊപ്പം എസ്.ജെ.സി മക്കളായ നാം ഓരോരുത്തരും പുണ്യമാതാക്കളുടെയും സ്ഥാപകപിതാവിന്റെയും പഠനങ്ങളെ ഹൃദയത്തിൽപേറി വി. യൗസേപ്പിന്റെ പുത്രിമാർ എന്ന നിലയിൽ രൂപതയിൽ രൂപതാദ്ധ്യക്ഷനോട് സഹകരിച്ച് ജീവിക്കുന്നവരായി മാറാം. വി. യൗസേപ്പിതാവിനെപ്പറ്റിയുള്ള ഈ ലേഖനം അവസാനിക്കുന്നതിനുമുമ്പായി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യ ശക്തിയുടെ മാഹാത്മ്യം വെളിപ്പെടുത്തുവാൻ വേദപാഠക്ലാസ്സിൽ കേട്ട ഒരു കഥ പറയുവാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിൽ പരിശുദ്ധ ത്രിത്വവും പരി. അമ്മയും കഴിഞ്ഞാൽ ഏറ്റവും ശകതിയേറിയ മദ്ധ്യസ്ഥൻ വി. യൗസേപ്പിതാവ് തന്നെ എന്ന യാഥാർത്ഥ്യത്തെ വ്യക്തമാക്കുന്നതാണ് പ്രസ്തുത കഥ.

നമ്മുടെ രക്ഷകനായ ഈശോ വി. പത്രോസ്ശ്ലീഹായെ എല്ലാ ശിഷ്യഗണത്തിന്റെയും നേതാവായി പ്രഖ്യാപിക്കുന്ന തിരുവചനങ്ങളാണല്ലോ വി.യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം 15 മുതൽ തുടങ്ങുന്ന തിരുവചനങ്ങൾ. ഈ തിരുവചനങ്ങളുടെ പശ്ചാത്തലത്തിലായിരിക്കാം മരിച്ചവരെപ്പറ്റിയുള്ള ഭാവി കണ്ടെത്തലുകളും വി. പത്രോസ്ശ്ലീഹാതന്നെ കൈകാര്യം ചെയ്യുന്നു എന്ന ഒരു ചിന്ത വിശ്വാസികളായ നമ്മിലും ഉടലെടുത്തത് എന്നു തന്നെ പറയാം. അതായത് മരണാനന്തരം നമ്മെ ഓരോരുത്തരെയും തന്റെ കണക്കുബുക്കിൽ നോക്കി പത്രോസ്ശ്ലീഹാ പോകേണ്ട സ്ഥലങ്ങളിലേയ്ക്ക് വിടുന്നു എന്ന ചിന്ത. അതുകൊണ്ടുകൂടിയാണല്ലോ ഒരു താക്കോൽ കൂട്ടത്തിന്റെ ഉടമയായി വി. പത്രോസ്ശ്ലീഹായെ കാണിച്ചിരിക്കുന്നതും.

ഇതേപ്പറ്റി പറയപ്പെടുന്ന ഒരു കഥ ഇങ്ങനെയാണ്. യൗസേപ്പിതാവിന്റെ ഭക്തനായ ഒരാൾ മരണപ്പെട്ട് സ്വർഗ്ഗകവാടത്തിൽ ചെന്ന് ചേരുന്നു. പുതിയ അതിഥിയെ എങ്ങോട്ട് വിടണം എന്നറിയുവാൻ പത്രോസ്ശ്ലീഹാ തന്റെ ബുക്ക് തുറക്കുന്നു. ഒരു നീണ്ട കാലഘട്ടം പ്രസ്തുത വ്യക്തി ശുദ്ധീകരണ സ്ഥലത്ത് കിടക്കണം എന്ന വസ്തുത പത്രോസ്ശ്ലീഹാ വിളംബരം ചെയ്തു കഴിഞ്ഞു. ഇതു കേട്ടുകൊണ്ട് യൗസേപ്പിതാവ് വ്യക്തിയെ ഒന്നു നോക്കുന്നു. അപ്പോഴാണ് തന്റെ ഭക്തരിൽ ഒരാളാണ് ഇദ്ദേഹം എന്ന് മനസ്സിലാക്കുന്നു. അപ്പോൾ തന്റെ സ്വതസിദ്ധമായ സ്നേഹവായ്പ്പിൽ പത്രോസ്ശ്ലീഹായെ നോക്കിക്കൊണ്ട് ശുദ്ധീകരണസ്ഥലത്തിലെ ദിവസങ്ങൾ അല്പം കുറച്ചുകൊടുക്കുവാൻ ആവശ്യപ്പെടുന്നു. പത്രോസ്ശ്ലീഹായാകട്ടെ അധികാരസീമയിൽ നിന്നുകൊണ്ട് ഒരിക്കലും താൻ അനീതി ചെയ്യില്ല എന്ന് നീതിമാനായ യൗസേപ്പിനോട് പറയുന്നു. ഒരു ചെറിയ പുഞ്ചിരിയോടെ യൗസേപ്പിതാവ് വീണ്ടും ചോദിക്കുന്നു ഒരു ചെറിയ വിട്ടുവീഴ്ചയെങ്കിലും ചെയ്തുകൂടെ എന്ന്. അപ്പോൾ തന്റെ താക്കോൽ കൂട്ടം ഒന്നോടെ കിലുക്കികൊണ്ട് വിട്ടുവീഴ്ചയോ? കൊള്ളാം ജീവിതകാലത്ത് ഇതെല്ലാം ഓർക്കണമായിരുന്നു എന്നുതന്നെ പറയുന്നു.

പത്രോസ്ശ്ലീഹായുടെ താക്കോൽ കൂട്ടം കണ്ടപ്പോൾ തന്റെ പുഞ്ചിരി ഒന്നോടെ നൽകിക്കൊണ്ട് 'എടീ മേരിയെ' എന്നൊരു വിളി പാസ്സാക്കുന്നു. ത്രിത്വസമക്ഷം മുടി ചൂടിയിരിക്കുന്ന ത്രിലോക രാജ്ഞി തന്റെ ഭർത്താവിന്റെ വിളി കേട്ട് ഭർത്താവിനെ നോക്കുന്നു. മൂന്നാമതായി ഒന്നോടെ പുഞ്ചിരിച്ചുകൊണ്ട് യൗസേപ്പിതാവ് മറിയത്തോടായി പറഞ്ഞു. നിങ്ങളുടെ കുഞ്ഞിനെയും എടുത്ത് എന്നോടൊപ്പം വരിക. തന്റെ അപാകത മനസ്സിലാക്കിയ പത്രോസ്ശ്ലീഹാ താക്കോൽ കൂട്ടം യൗസേപ്പിതാവിനെ ഏൽപ്പിച്ചുകൊണ്ട് ഇദ്ദേഹത്തിന്റെ കാര്യത്തിൽ അങ്ങ് ആഗ്രഹിക്കുന്നത് നടക്കട്ടെ എന്നു പറയുന്നു. ഇത് ഭാവനയുള്ള ഒരു മനുഷ്യന്റെ സാങ്കൽപ്പിക കഥയാകാം. എന്നാൽ ഈ സാങ്കൽപ്പിക കഥയിൽ നിന്നും ത്രിത്വസമക്ഷം സ്വർഗ്ഗത്തിൽ വി. യൗസേപ്പിനുള്ള സ്ഥാനം എന്തെന്ന് ഗ്രഹിക്കുവാൻ നമുക്ക് സാധിക്കും. വലിയ പ്രത്യാശയോടെ എസ്. ജെ.സി മക്കൾ എന്ന നിലയിലും സ്ഥാപകപിതാവ് നമുക്ക് കാണിച്ചു തന്ന സ്വർഗ്ഗീയ മദ്ധ്യസ്ഥൻ എന്ന നിലയിലും ആദ്യകാല അമ്മമാർ എല്ലാവരും പ്രത്യേകിച്ചും ജോസഫീനാമ്മ തന്റെ അനുഭവങ്ങളിലൂടെ സാക്ഷ്യം നൽകിയിരിക്കുന്ന യൗസേപ്പിതാവിന്റെ ഓമന പുത്രിമാരായി എസ്. ജെ.സി തീരട്ടെ എന്നാശംസിച്ച് പ്രാർത്ഥിക്കാം. ഈ പുണ്യപിതാവിന്റെ കരം പിടിച്ചുകൊണ്ട് നമുക്ക് യുഗാന്ത്യത്തിന് ഒരുങ്ങാം.

**സി. ജോസി എസ്. ജെ.സി**

മുൻ സുപ്പീരിയർ ജനറൽ


2

# വി. യൗസേപ്പിതാവ് എന്റെ ജീവിതത്തിൽ

**പോകുവിൻ പോകുവിൻ ജോസഫിന്റെ**
**പാദത്തിൽ പോകുവിൻ സ്നേഹത്തോടെ**

**ഒ**രു ചെടിയിൽ തക്ക സമയത്തു പൂക്കളും ഫലങ്ങളും ലഭിക്കണമെങ്കിൽ അതിനു യഥാസമയം വളവും വെള്ളവും നൽകിക്കൊണ്ടിരിക്കണം. തായ്‌വേരിന് എന്തെങ്കിലും പ്രശ്നമുണ്ടായാൽ വളവും വെള്ളവും വലിച്ചെടുക്കാനോ, വളത്തെ രൂപപ്പെടുത്തി, ശാഖകളിലേക്കും ഇലകളിലേക്കും എത്തിച്ചുകൊടുത്തഫലം പുറപ്പെടുവിയ്ക്കാനോ സാധിക്കുകയില്ല. തായ്‌വേരിന്റെ പ്രവർത്തനമാണ് ചെടിയെ ഫലഭൂയിഷ്ഠമാക്കുന്നത്. അതുപോലെ, എല്ലാ കുടുംബങ്ങൾക്കും മാതൃകയായ തിരുക്കുടുംബത്തിന്റെ തായ്‌വേരായ വി. യൗസേപ്പിതാവ്, നമ്മുടെ സന്ന്യാസസമൂഹത്തിന്റെ മദ്ധ്യസ്ഥനാണല്ലോ. നമ്മുടെ സന്ന്യാസസമൂഹത്തെ ആരംഭം മുതൽ ഇന്നുവരെ താങ്ങിനിറുത്തി, വിവിധ ശാഖകളിലൂടെ വിവിധങ്ങളായ ഫലങ്ങൾ പുറപ്പെടുവിയ്ക്കാൻ സാധിക്കുന്നത് തായ്‌വേരിന്റെ ശക്തമായ പ്രവർത്തനമാണ്. സമൂഹാംഗങ്ങളായ ഓരോരുത്തർക്കും വി. യൗസേപ്പിതാവിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളും വിവിധങ്ങളാണ്.

'ജോസഫ്' എന്ന വാക്ക് ഹെബ്രായ ഭാഷയിൽ നിന്നാണ് മലയാളത്തിലേക്കു വന്നത്. വളർത്തുക, വലുതാക്കുക, വർദ്ധിപ്പിക്കുക എന്നൊക്കെ വിവിധങ്ങളായ അർത്ഥങ്ങൾ പ്രദാനം ചെയ്യുന്നതാണ് ജോസഫ് എന്ന പദം. സമൂഹാംഗങ്ങളായ നമ്മിലുള്ള വിവിധങ്ങളായ കഴിവുകളെ വർദ്ധിപ്പിക്കുവാനും, വിപുലീകരിക്കുവാനും, ആത്മീയതയിലേക്കു വളരുവാനും വി.യൗസേപ്പിതാവിന്റെ

മാദ്ധ്യസ്ഥ്യശക്തി നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു. ചെറുപ്പം മുതലെ പരിശുദ്ധ കന്യകാമറിയത്തെയും വി. യൗസേപ്പിതാവിനെയും സാധാരണ വിശുദ്ധരുടെ ഗണത്തിലല്ല ഞാൻ കണ്ടിരുന്നത്. ഈശോയോടു കൂടി ഈശോയുടെ ജനനം മുതൽ എല്ലാകാര്യങ്ങളിലും ഇടപെട്ടിരുന്നവർ സാധാരണ വിശുദ്ധരല്ലല്ലോ. തിരുക്കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യശക്തിയിൽ ആശ്രയിക്കാത്ത ഒരു ക്രിസ്തീയ കുടുംബവും എന്റെ ചെറുപ്പകാലത്തില്ലായിരുന്നു. എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും, മാതാവിന്റെയും വി. യൗസേപ്പിതാവിന്റെയും, തിരുഹൃദയത്തിന്റെയും വണക്കമാസവും, പാട്ടുകളും രൂപത്തിന്റ മുൻപിൽ പുഷ്പം ചാർത്തുന്നതുമൊക്കെ വളരെ ചെറുപ്പത്തിലെ ശീലിച്ചുപോന്നിരുന്നു.

കന്യാസ്ത്രീയാകണം എന്ന് ചെറുപ്പം മുതലെ ആഗ്രഹിച്ചിരുന്നെങ്കിലും, വിവിധങ്ങളായ സന്ന്യാസ സമൂഹങ്ങളെപ്പറ്റിയോ, പ്രവർത്തനവ്യത്യാസങ്ങളെപ്പറ്റിയോ, കാരിസത്തെപ്പറ്റിയോ ഒരറിവുമില്ലാതെ വിശുദ്ധയാകണം എന്ന ലക്ഷ്യത്തിൽ മാത്രം, അവിചാരിതമായി സെന്റ് ജോസഫ് സമൂഹത്തിൽ വന്നുചേർന്ന ഒരു വ്യക്തിയാണ് ഞാൻ. വി. യൗസേപ്പിതാവിനോടുള്ള പ്രത്യേക ഭക്തിയുടെ ഫലമായിട്ടാകാം ഈ സമൂഹത്തിൽ വന്നു ചേരാൻ ദൈവം അനുവദിച്ചത്. നോവിസ് മിസ്ട്രസ് ആയിരുന്ന ബഹു. ജോസഫിനാമ്മയിലും, ആദ്യകാല അമ്മമാരിലും വിളങ്ങിശോഭിച്ചിരുന്ന ആത്മീയ ഗുണഗണങ്ങൾ, മടുപ്പില്ലാത്ത ശാരീരികാദ്ധ്വാനം, വി. യൗസേപ്പിതാവിലുള്ള ഉറച്ച വിശ്വാസം ഇവ എന്റെ സന്ന്യാസത്തിന്റെ ആരംഭം മുതലെ കണ്ടും കേട്ടും അനുഭവിച്ചും പോന്നിരുന്ന വ്യക്തിയാണ് ഞാൻ.

എന്റെ നോവിഷ്യയേറ്റ് കാലത്ത് മഠത്തിലെ സാധാരണ എല്ലാ ജോലികളും നോവിസസ് ചെയ്യണമായിരുന്നു. പഠനവും ജോലിയും മൗനവും പ്രാർത്ഥനയും ഏകോപിപ്പിച്ചുള്ള ജീവിതശൈലിയാണ് ഞങ്ങൾ അഭ്യസിച്ചിരുന്നത്. നെല്ലു പുഴുങ്ങികോരി വെയിലത്തിട്ടശേഷം ക്ലാസിനുപോയ ഞങ്ങൾക്ക് ബഹു. ജോസഫിനാമ്മ ക്ലാസ്സ് എടുക്കുകയാണ്. ക്ലാസ്സ് തീരാറായപ്പോൾ ഒരു

വലിയ മഴ പെയ്യാനുള്ള എല്ലാ സാദ്ധ്യതയും കണ്ട് നെല്ലുവാരുവാൻ നോവിസസിനെ വിളിച്ചു. അമ്മ ഇറങ്ങി വന്ന് നോവിസസും മറ്റെല്ലാവരും കപ്പേളയിൽ കയറി കൈവിരിച്ചുപിടിച്ചു വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ചൊല്ലുവാൻ ആവശ്യപ്പെട്ടു. നെല്ലു വാരിയിട്ടുപോരെ എന്ന ചോദ്യത്തിന് ശക്തമായ നോട്ടമായിരുന്നു മറുപടി. ഏതായാലും കപ്പേളയിൽ കയറി മുട്ടുകുത്തി കൈവിരിച്ചു പിടിച്ച് വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ചൊല്ലി കഴിഞ്ഞപ്പോൾ പെയ്യാൻ തുടങ്ങിയ മഴ മാറി വെയിലു തെളിഞ്ഞതാണ് എനിക്കു കാണാൻ സാധിച്ചത്. ഈ സംഭവം, വി.യൗസേപ്പിതാവിനോട് വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ഏതു കാര്യവും സാധിച്ചു കിട്ടും എന്ന ഗാഢമായ വിശ്വാസം എന്നിലുണ്ടായി.

നോവിഷ്യേറ്റ്, ജൂണിയറേറ്റ് കാലഘട്ടങ്ങളും പഠനവും അദ്ധ്യാപനവൃത്തിയും ലോക്കൽ സുപ്പീരിയർ സ്ഥാനവുമൊക്കെ കാലഘട്ടചക്രത്തിലൂടെ തിരിഞ്ഞും മറിഞ്ഞും നീങ്ങിക്കൊണ്ടിരുന്നു. സന്ന്യാസമൂഹജീവിതവും അതിലെ നിയമങ്ങളും അദ്ധ്യാപനവൃത്തിയും സമൂഹത്തിലെ ഉത്തരവാദിത്വമുള്ള ജോലികളും സമർപ്പിത ജീവിതത്തിന്റെ ഭാഗമായി തന്നെ കണ്ട് സന്ന്യാസജീവിതം സന്തോഷപ്രദമായി ആസ്വദിച്ചുകൊണ്ടിരുന്നു. ഇതിനോടൊത്തു പുതിയ മഠങ്ങളും അവയുടെ ആരംഭകാലത്തിലെ ബുദ്ധിമുട്ടുകളും സഹനങ്ങളും സമർപ്പിത ജീവിതത്തിന്റെ ഭാഗമായി കണ്ട് സന്തോഷത്തോടെ ജീവിതം ആസ്വദിക്കുകയായിരുന്നു. ബേസ്തലായിലെ ആരംഭജീവിതവും ഐ.റ്റി.സി യുടെ ആരംഭകാലത്തിലെ ചില ബുദ്ധിമുട്ടുകളും സസന്തോഷം സ്വീകരിച്ച് സഹകരിച്ച് പ്രവർത്തിച്ച ഒരുകാലം. ബുദ്ധിമുട്ടുകളും സഹനങ്ങളും ഭാരമായി കാണാതെ ഇവിടെയാണ് സന്ന്യാസ സന്തോഷവും ആദ്ധ്യാത്മികതയും എന്ന് മനസ്സിലാക്കി പ്രവർത്തിച്ചുകൊണ്ടിരുന്നു. കൂടാതെ ബഹു. ബർക്കുമാൻസമ്മയോടുചേർന്ന് കേന്ദ്രതല ജീവിത ബുദ്ധിമുട്ടുകളിൽ സന്തോഷം മാത്രം അനുഭവിച്ചു നീങ്ങിയകാലം.

ബേസ്തലായിലെ ഡിറക്ട്രസ്സും ബർക്കുമാൻസമ്മയുടെ ജനറൽ കൗൺസിലറും ഒരു അദ്ധ്യാപികയുമായി ജീവിത നൗക മുന്നോട്ടു കുതിക്കുമ്പോൾ ഒരു സുപ്രധാന കാര്യത്തിൽ അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ നിർദ്ദേശപ്രകാരം, ബഹു. ജനറാളമ്മ (ബർക്കുമാൻസമ്മ) പറയുന്നു ഇറ്റലിക്കുപോയി ഒരു മഠത്തിൽ താമസിച്ച് അവരുടെ സ്പിരിച്ച്വുവാലിറ്റി പഠിക്കണം നാട്ടിൽ വന്നു അവരുടേതായ മഠം തുടങ്ങി, അവരെ സഹായിക്കണമെന്ന്. വിദേശരാജ്യമായ ഇറ്റലിക്കുപോകുവാൻ എന്നെ നിർബന്ധിച്ച് വിടുന്നത് എനിക്കു മാനസികമായി ഉൾക്കൊള്ളാൻ ബുദ്ധിമുട്ടായിരുന്നു. ഞാൻ 3 ദിവസം ധ്യാനിച്ചിട്ടുത്തരം പറയാമെന്നു പറഞ്ഞു. ഞാൻ ഒരു ദിവസം ലീവ് എടുത്തു ഏറ്റുമാനൂർ പള്ളിയിലിരുന്നു പ്രാർത്ഥിച്ചു. (അന്നത്തെ ജനറലേറ്റ് ഏറ്റുമാനൂരായിരുന്നു) വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യ ശക്തിയ്ക്കായിട്ടാണ് അവിടെ ഇരുന്ന് പ്രാർത്ഥിച്ചത്. യൗസേപ്പിതാവിന്റെ ജീവിത സഹനങ്ങൾ, പൂർവ്വയൗസേപ്പിന്റെ സഹനം, അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമെന്ന് കുന്നശ്ശേരിപിതാവിന്റെ ശക്തമായ ഉപദേശം സി. സിറിളിന് ഇതൊക്കെ ചെയ്യാൻ പറ്റുമെന്ന ബർക്കുമാൻസമ്മയുടെ ഉപദേശം എല്ലാം മനസ്സിൽ പ്രാർത്ഥനാവേളയിൽ തിങ്ങി നിറഞ്ഞു വന്നു. വി.യൗസേപ്പിതാവിന്റെ വടി കയ്യിൽ പിടിച്ച് രൂപത്തിനു മുൻപിൽ ഒരു മണിക്കൂർ മുട്ടുകുത്തി നിന്നപ്പോഴും എന്റെ മാനസിക ബുദ്ധിമുട്ടുകൾ മാത്രമായിരുന്നു പ്രാർത്ഥനാവിഷയം. ഒരു തിരുവചനം ഓർമ്മയിൽ വന്നു (മത്താ. 1:24) ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു" യൗസേപ്പിതാവ് പറയുന്നത് അനുസരിക്കാനാണെന്നു മനസ്സിലായി. പള്ളിയിൽ നിന്ന് എഴുന്നേറ്റ് മഠത്തിൽ ചെന്നു ബർക്കുമാൻസമ്മയ്ക്കു സമ്മതം നൽകിയശേഷം ബേസ്തലായിലേക്കുപോയി.

1 മുതൽ 3 വരെ ക്ലാസ്സിലെ 32 കുട്ടികൾ അന്നവിടെ ഉണ്ടായിരുന്നു. ഇറ്റലിയ്ക്കു പോകാനുള്ള തയ്യാറെടുപ്പും ബേസ്തലാ

ജീവിതവും. പിന്നീട് 3 മാസം നിന്നു. കൂട്ടത്തിൽ പോരുന്ന സി.ഡെന്നീസ് വെള്ളിയാനച്ചന്റെ അടുത്തുപോയി ഇറ്റാലിയൻ ഭാഷ പഠിക്കുന്നു. ഞാനുംകൂടി പോകാൻ ബർക്കുമാൻസമ്മ പറഞ്ഞു. ബേസ്തലായിലേക്കു ആളെ വയ്ക്കാത്തതിനാലും സ്കൂളിൽ നിന്നും ലീവ് എടുക്കാത്തതിനാലും ഇറ്റാലിയൻ പഠനം നടന്നില്ല. ഏതായാലും 1980 ഒക്ടോബർ 7 ന് ഒരക്ഷരം ഇറ്റാലിയൻ പഠിയ്ക്കാതെ ഇറ്റലിയിലെത്തി. ഇറ്റാലിയൻ ഭാഷ ഒന്നുമില്ല, ഇറ്റാലിയൻ ഭക്ഷണം കഴിയ്ക്കാനുള്ള ബുദ്ധിമുട്ട്, ഇറ്റാലിയൻ മദറിന്റെ കർശനമായ പെരുമാറ്റശൈലി വ്യക്തിപരമായ സ്വന്തം ആവശ്യം പോലും പറയാനറിയാത്ത അവസ്ഥ, കാലാവസ്തമാറ്റത്തിൽ കൈകാലുകളിലുണ്ടായ നീര്... എല്ലാം കൂടി അസ്വസ്ഥമായ ഹൃദയത്തോടെ ഇറ്റാലിയൻ പ്രാർത്ഥന ബുക്കിൽ നോക്കി അർത്ഥമറിയാതെ പ്രാർത്ഥിക്കും. രാത്രിയിൽ കരയും. വി. യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യശക്തിയ്ക്കായി കരഞ്ഞു പ്രാർത്ഥിക്കും. അഭിവന്ദ്യ പിതാവിനോടു പറഞ്ഞിട്ട് തിരിച്ചുപോരാൻ രണ്ടുപേരുംകൂടി ഒരു തീരുമാനമെടുത്തു.... മിഷൻ പ്രവർത്തനത്തിനായി വിദേശത്തുപോയവർ തിരിച്ചുപോന്നാൽ ഇളംതലമുറ എന്തുവിചാരിക്കും എന്ന വീണ്ടുവിചാരം ഹൃദയത്തിൽ ശക്തമായി അനുഭവപ്പെട്ടു. ഏതായാലും രണ്ടുമാസം കൊണ്ട് ഇറ്റാലിയൻ ഭാഷ അത്യാവശ്യം പറയാൻ പഠിച്ചു. കാര്യങ്ങൾ കുറെയെല്ലാം മനസമാധാനത്തോടെ ചെയ്യാറായി. അങ്ങനെ അവരുടെ സമൂഹത്തിനുവേണ്ടി അഞ്ച് വർഷക്കാലം എസ്.ജെ.സി യിൽനിന്നു കൊണ്ട് ജോലി ചെയ്യാനും ആദ്യ നാല് ബാച്ചുകാരെ സന്ന്യാസപരിശീലനത്തിലൂടെ വളർത്താനും സാധിച്ചത് വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥശക്തിയാലാണ്.

കാലങ്ങൾ - വർഷങ്ങൾ മുൻപോട്ടു നീങ്ങി. 1987- മെയ് 6-ന് മദർ ജനറൽ സ്ഥാനത്തേയ്ക്ക് നിയമിതയായി. മുൻ മദർ ജനറൽമാരുടെ പ്രവർത്തന വൈഭവമോ പ്രാർത്ഥനാരൂപിയോ വിദ്യാഭ്യാസമോ ഒന്നുമില്ലാത്ത നയവും മയവും ഒട്ടുമില്ലാത്ത ഞാൻ

എങ്ങനെ ഈ സ്ഥാനത്ത് പ്രവർത്തിക്കും എന്ന ചിന്ത മനസ്സിനെ അലട്ടി. രണ്ടു രാത്രി ഉറങ്ങിയില്ല. കപ്പേളയിലിരുന്ന് പ്രാർത്ഥിക്കും, കരയും. മാതാവിനോടും വി. യൗസേപ്പിതാവിനോടും മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കും സക്രാരിയിലേയ്ക്ക് വെറുതേ നോക്കിയിരിക്കും. കുറെയൊക്കെ ചെയ്യാൻ കഴിവ് തരും എന്ന ഒരു തോന്നൽ പ്രാർത്ഥ നാസമയത്ത് ലഭിച്ചു.

ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ കാണുന്നതും അവരുടെ അടുത്ത് ചെന്ന് നിൽക്കുന്നതും ഇരിക്കുന്നതുമെല്ലാം അസ്വസ്തത യായി എനിക്ക് അനുഭവപ്പെട്ടിരുന്നു. യൗസേപ്പിതാവിനോടു പ്രത്യേകം പ്രാർത്ഥിച്ചു. എന്റെ ഈ സ്വഭാവം ഒന്നു മാറ്റിത്തരണമേ എന്ന്. മന്ദബുദ്ധിട്രയിനിങ്ങ് കഴിഞ്ഞ് വന്ന സിസ്റ്റർ പറഞ്ഞു ഒരു സ്കൂളാണാവശ്യം എന്ന്. ഈ കുട്ടികളോട് സ്നേഹത്തോടെ കാരു ണ്യത്തോടെ ഇടപെടാൻ സാധിച്ചാൽ ബുദ്ധിമാന്ദ്യമുള്ള കുട്ടി കൾക്കായി ഒരു സ്കൂൾ പണിയാമെന്നും അതിനാവശ്യമായ പണം ലഭിക്കാൻ ഇടയാക്കണമെയെന്നും പ്രാത്ഥിക്കുമായിരുന്നു. ദിവം ഗതനായ ബ്രദർ ആന്റണി എസ്. ജി. പുല്ലുവഴിയുടെ ശുപാർശ വഴി ഒരു സ്വിറ്റ്സർലണ്ട്കാരി മിസ്. ആൻ മരിയ എന്ന സ്ത്രീക്ക് അയച്ച അപേക്ഷ അവൾ സ്വീകരിച്ച് 11 ലക്ഷം രൂപ സഭയ്ക്ക് അയച്ചു തന്നു. അങ്ങനെ സാൻജോസ് വിദ്യാലയത്തിന്റെ പണി തുടങ്ങുവാൻ ദൈവം അനുവദിച്ചു. എന്റെ മാനസിക വിഷമഘട്ട ങ്ങളിലെല്ലാം മുത്തിയമ്മയുടെയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യ ശക്തിയിലുള്ള എന്റെ വിശ്വാസം സജീവമായിരുന്നു. അതനുസരിച്ച് ഒത്തിരി കാര്യങ്ങൾ ചെയ്യുവാൻ വി. യൗസേപ്പി താവ് എന്റെ സമൂഹത്തിലൂടെ എന്നെ അനുഗ്രഹിച്ചിട്ടുണ്ട്.

കോട്ടയം മെഡിക്കൽകോളേജിനോടടുത്തുള്ള മെഡി ക്കൽകോളേജിനായി ഗവൺമെന്റ് നേരത്തെ ഏറ്റെടുത്തിട്ടിരുന്ന 3.5 ഏക്കർ സ്ഥലം ഉടമസ്ഥനു വിൽക്കാൻ താൽപര്യമുണ്ടെന്നും എന്തെങ്കിലും കാരുണ്യപ്രവർത്തനങ്ങൾക്കായി ഈ സ്ഥലം ഉപ യോഗിക്കണമെന്നുമാണ് ഉടമസ്ഥന്റെ ആഗ്രഹമെന്നും ഞാൻ

അറിഞ്ഞു. അപേക്ഷ തിരുവനന്തപുരത്തയച്ചാൽ മാത്രമേ ഗവൺമെന്റ് നിശ്ചയിച്ചുവെച്ചിരിക്കുന്ന വില ലഭിക്കുകയുള്ളൂ എന്നും ബഹു. ജയരാജച്ചൻ എന്നോടു പറഞ്ഞു. അച്ചൻ എന്നെ സ്ഥലവും കുടമാളൂർക്കാരനായ ഉടമയെയും പരിചയപ്പെടുത്തി. ഈ കാര്യം കൗൺസിലിൽ പറഞ്ഞപ്പോൾ ഇതിന്റെ പിന്നിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ചിന്തിച്ചു. എന്തായാലും വസ്തു വാങ്ങാൻ തീരുമാനിച്ചു. കുഷ്ഠരോഗികൾക്കായി ഒരു സ്ഥാപനം ഉണ്ടാക്കാനുള്ള ചെറിയ പ്ലാനുണ്ടാക്കിയയച്ചു. അതു തള്ളിപ്പോയി. അംഗഭംഗമുള്ളവർക്കായി എന്നു പറഞ്ഞു വീണ്ടും അപേക്ഷിച്ചു. അതും തിരസ്ക്കരിക്കപ്പെട്ടു. കോട്ടയത്തു Town Planning Office ൽ നിന്നു തന്നെ അനുവാദം ലഭിക്കണമെന്നും കോട്ടയം മെഡിക്കൽകോളേജിൽ നിന്നും തിരസ്ക്കരിക്കപ്പെടുന്ന മരണാസന്നരായ രോഗികൾക്കായി ഒരു സ്ഥാപനം നടത്തുവാനാണെന്ന് പറഞ്ഞ് അപേക്ഷ അയയ്ക്കുവാൻ കോട്ടയം ഓഫീസിൽ നിന്നും പറഞ്ഞതനുസരിച്ച് ഒരു rough plan തയ്യാറാക്കി. മരണാസന്നരായ രോഗികളെ താമസിപ്പിച്ച് അവരെ നല്ല മരണത്തിനൊരുക്കാനെന്ന പേരിൽ ഒരു അപേക്ഷ സമർപ്പിച്ചു. തിരുവനന്തപുരത്തെ Cheif Town Planning Office ൽ പല പ്രാവശ്യം പോകേണ്ടി വന്നെങ്കിലും വസ്തു വാങ്ങിക്കാനും സ്ഥാപനം തുടങ്ങാനും അനുവാദം വാക്കാൽ ലഭിച്ചു.

ഞാനും സി. റാണിറ്റായും കൂടിയാണ് തിരുവനന്തപുരത്തിനു മിക്കവാറും പോയിക്കൊണ്ടിരുന്നത്. ഈശോയോടു പ്രാർത്ഥിക്കുന്നതോടൊപ്പം വി. യൗസേപ്പിതാവിന്റെ നൊവേനകളും പ്രാർത്ഥനകളും മുടങ്ങാതെ ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യ ശക്തിയിൽ ദൃഢമായി വിശ്വസിച്ചിരുന്നു. പ്ലാൻ അംഗീകരിച്ചു വാങ്ങിക്കാൻ ചെന്നപ്പോൾ ഓഫീസിൽ നിന്ന് പറയുകയാണ് സ്ഥാപനത്തിന്റെ പേര് ഉടൻ എഴുതി കൊടുക്കണമെന്ന്. സി. റാണിറ്റ പറഞ്ഞു "കാരുണ്യഭവൻ" എന്നാകാം. വി. യൗസേപ്പിതാവിന്റെ പേരിലിടാനാണ് എന്റെ ആഗ്രഹം; കോൺവെന്റ് എന്നിടാൻ പാടില്ല

താനും. വി. യൗസേപ്പിതാവിനോടുതന്നെ പ്രാർത്ഥിച്ചശേഷം ഓഫീസിൽ കിടന്ന ഒരു പഴയ കടലാസെടുത്ത് 'സെന്റ് ജോസഫ്സ് ഹോം', 'കാരുണ്യഭവൻ' എന്ന് രണ്ട് കുറിപ്പെഴുതി. ആദ്യം കിട്ടുന്ന കുറിപ്രകാരം ഓഫീസിൽ പേര് കൊടുക്കാമെന്ന് പറഞ്ഞാണ് കുറി ഇട്ടത്. സി. റാണിറ്റായെക്കൊണ്ട് തന്നെ കുറി എടുപ്പിച്ചു. 'സെന്റ് ജോസഫ്സ് ഹോം' എന്ന കുറിയാണ് ആദ്യം എടുത്തത്. വി. യൗസേപ്പിതാവിന്റെ നാമധേയത്തിൽ സ്ഥാപനം പണിയാനുള്ള തീരുമാനത്തോടെ സ്ഥാപനത്തിന്റെ പണി വളരെയധികം പുരോഗമിച്ചു. സെന്റ് ജോസഫ്സ് ഹോം എന്ന പേര് ഒരു തരത്തിലും മാറിപ്പോകാതിരിക്കാൻ പോരുന്ന വഴി ട്രയിനിലിരുന്ന് പ്രാർത്ഥിച്ചു. തിരുവനന്തപുരത്തിന് കൂടെ കൂടെ പോകേണ്ടിവന്നപ്പോഴൊക്കെ ഹൃദയം നൊന്തു പ്രാർത്ഥിക്കുമായിരുന്നു. അവിടെ 10 സെന്റ് സ്ഥലം വാങ്ങി ഒരു മഠം പണിയാനുള്ള കൃപ നൽകണമേ എന്ന്. സെന്റ് ജോസഫ്സ് ഹോം എന്ന് ഗയിറ്റിൽ പേര് എഴുതിച്ചു. ഗയിറ്റുണ്ടാക്കി നേരത്തേതന്നെ ഫിറ്റ് ചെയ്തതിന്റെ കാരണവും സെന്റ് ജോസഫ്സ് ഹോം എന്ന പേര് മാറിപ്പോകാതിരിക്കാനാണ്.

പലപ്പോഴും തിരുവനന്തപുരത്തിന് പല ഓഫീസ് ആവശ്യങ്ങൾക്കായി പോകേണ്ടി വരുന്നു. ഒരു ചെറിയ മഠം പണിയുവാൻ അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്നും ഞാൻ ആ നിയോഗം വച്ച് പ്രാർത്ഥിക്കും. സമൂഹത്തിലും പറയാറുണ്ട്. തിരുവനന്തപുരം പള്ളിയിലെ വികാരിയായിരുന്ന ബഹു.എബ്രാഹം പാറടിയിൽ അച്ചനോടും ബഹു. തിയോഫിനാമ്മയുടെ അനുജനോടും എന്റെ സഹോദരി ഭർത്താവിനോടും 10 സെന്റ് സ്ഥലമെങ്കിലും പള്ളിക്കടുത്തായി അന്വേഷിക്കുവാൻ പറഞ്ഞിരുന്നു. ഞാൻ മദർ ജനറൽ സ്ഥാനത്ത് നിന്ന് മാറുന്നതിന് 20 ദിവസം മാത്രം ബാക്കിയുള്ളപ്പോൾ 45 സെന്റ് ഭൂമിയും ഒരു വീടുംകൂടി വിൽക്കാനുണ്ടെന്നറിയിച്ചു. ബഹു. പാറടിയിൽ അച്ചന് വളരെ താത്പര്യം ആയിരുന്നു. ഞാനും റോസാരിയമ്മയും പോയി സ്ഥലം കണ്ടു. ഞങ്ങൾക്കും ഇഷ്ടപ്പെട്ടു. പിതാവിനെ വിവരം അറിയിച്ചു.

മദർ ജനറൽ സ്ഥാനത്ത് നിന്ന് മാറുന്നതിന്റെ രണ്ടു ദിവസം മുൻപ് ആധാരം നടത്തുവാനും സർവ്വശക്തനായ ദൈവം വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥതയിൽ അനുവദിച്ചു. മദർ ജനറൽ സ്ഥാനത്ത് നിന്ന് മാറി ഡൽഹി മഠത്തിലേയ്ക്ക് പോയ എന്നെ തിരിച്ചു വിളിച്ചു. തിരുവനന്തപുരത്ത് ഒരു ലേഡീസ് ഹോസ്റ്റൽ  തുടങ്ങുന്നതിനാവശ്യമായ പണികൾ നിർവ്വഹിക്കുവാൻ ബഹു. പുതിയ മദർ ജനറൽ റോസാരിയമ്മ എന്നെ നിയമിച്ചു. ദൈവത്തിന്റെ കരുണയാൽ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയാൽ നല്ല രീതിയിൽ  ആ ഹോസ്റ്റൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹോസ്റ്റൽ പണിതുകൊണ്ടിരുന്നപ്പോൾ വി. യൗസേപ്പിതാവിന്റെ അത്ഭുതകരമായ ഇടപെടൽ അവിടെ ഉണ്ടായിട്ടുണ്ട്. ഞാൻ അത് അനുഭവിച്ചിട്ടുണ്ട്. ഞങ്ങളുടെ സമൂഹമദ്ധ്യസ്ഥൻ എന്നും ഞങ്ങൾ ഓരോരുത്തരുടെയും കാര്യത്തിൽ ശ്രദ്ധാലുവാണ്. ഞങ്ങൾക്കായി എല്ലാം ചെയ്തു തരുന്നു.

ചെറുപ്പം മുതൽ പരി. കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ ശക്തിവഴി നിരവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. എനിക്ക് ധാരാളം നന്മകളും കൃപകളും ഉദ്ദിഷ്ടകാര്യ സാധ്യതകളും ലഭിച്ചിട്ടുണ്ട്. എപ്പോഴും നന്ദി നിറഞ്ഞ ഹൃദയത്തോടെ കർത്താവിന്റെ മുൻപിൽ വ്യാപരിക്കാനും ശ്രമിക്കുന്നു. എന്നും പ്രത്യാശയോടെ മടിപ്പുകൂടാതെ പ്രാർത്ഥിച്ചുകൊണ്ട് പുണ്യത്തിൽ വളരാൻ വി.യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

**സി. സിറിൽ എസ്. ജെ. സി**

മുൻ സുപ്പീരിയർ ജനറൽ



3

# വി. യൗസേപ്പ് ധ്യാനവിഷയമാകുമ്പോൾ

**വി.**യൗസേപ്പിനോടുള്ള ഭക്തി എന്നിൽ അങ്കുരിപ്പിക്കാൻ ഇടയാക്കിയത് എന്റെ അച്ചായൻ തന്നെയാണ്. തിരിച്ചറിവായപ്പോൾ മുതൽ വീട്ടിൽ സന്ധ്യാ പ്രാർത്ഥനയും ജപമാലയും കഴിയുമ്പോൾ, ഭാഗ്യപ്പെട്ട മാർ യൗസേപ്പേ എന്നു തുടങ്ങുന്ന പ്രാർത്ഥന ഞാൻ തന്നെ ചൊല്ലണമെന്ന് അച്ചായന് നിർബന്ധമായിരുന്നു. പിന്നീട് മഠത്തിൽ വന്നപ്പോൾ ഈ പ്രാർത്ഥന ചൊല്ലുന്നതു കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. ഇന്നും പല ദിവസങ്ങളിലും ഇടവേളകളിൽ ഇതിലെ ചില ഭാഗങ്ങൾ മനസ്സുകൊണ്ട് ചൊല്ലാറുണ്ട്.

എസ്.ജെ.സി. മക്കൾ മുടങ്ങാതെ ചൊല്ലി പ്രാർത്ഥിക്കുന്ന ഒന്നാണല്ലോ പരി. ത്രിത്വത്തോടുള്ളതും പിതാവിന്റെ സന്തോഷ സന്താപങ്ങളുടെ പ്രാർത്ഥനയും. വി. യൗസേപ്പിതാവിനെക്കുറിച്ച് എഴുതാൻ ആവശ്യപ്പെട്ടപ്പോൾ ഇത് ധ്യാനവിഷയം ആക്കുന്ന തിനെക്കുറിച്ച് ചിന്തിച്ചു. അവതീർണ്ണവചനമായ യേശുവിനെയും അമ്മയായ പരി. മറിയത്തെയും സംരക്ഷിക്കാൻ നിത്യവിരക്തനും മാമുനിവീരനുമായ ഈ പിതാവ് നടന്നുനീങ്ങിയ പാതയാണല്ലോ ഇത് എന്ന് ഓർത്തു. ഇത് കേവലം ചില കാര്യസാധ്യ പ്രാർത്ഥന മാത്രമല്ല. എസ്.ജെ.സി. പുത്രിമാർക്ക് സുവിശേഷ ഭാഗ്യങ്ങളുടെ ഉദ്യാനത്തിലേയ്ക്കുള്ള വാതിലുകൂടിയാണ്. സ്വർഗ്ഗരാജ്യം ബലവശ്യമാണ്. ബലവാന്മാർ ഇതിലൂടെ പ്രവേശിക്കും. ഇതിന് കണക്കുപറയാതെയുള്ള സമർപ്പണം ആവശ്യമാണ്. അങ്ങനെ ലുത്തിനിയായിൽ നാം വിളിക്കുന്ന പേരുകളെല്ലാം വി. യൗസേപ്പിൽ അന്വർത്ഥമായി. വി. യൗസേപ്പിന് പരിചിതമായ ഈ വചന

പാതതന്നെയാണ് നമ്മുടെയും വ്രതത്രയങ്ങളുടെയും പ്രേഷിത സമൂഹ ജീവിതത്തിന്റെയും പാത.

## Special Journey with St. Joseph our Havenly Patron / Holy Family

"ദൈവത്തിന്റെ വഴികൾ അവിടുന്നുതന്നെ നടന്നതും ഇന്ന് നാം അവിടുത്തോടൊപ്പം നടക്കേണ്ടതുമാണ്"

"ലോകത്തിന്റെ പീഢനങ്ങൾക്കും ദൈവത്തിന്റെ സമാശ്വാസ ങ്ങൾക്കുമിടയിൽ ചഞ്ചലിക്കാതെ സഭ തന്റെ തീർത്ഥാടനത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു" (സെന്റ് അഗസ്റ്റിൻ)

വി. യൗസേപ്പ് ദൈവപുത്രനോടും ദൈവമാതാവിനോടും ഒപ്പം ദൈവത്തിന്റെ വഴികളിലൂടെ നടന്നവനും ഇന്നു നാം നടക്കേണ്ട വഴികളിൽ പരിചയ സമ്പന്നനുമായ മാർഗ്ഗദർശിയാണ്.

പ്രാർത്ഥന, സഹനം, ശുശ്രൂഷ ഇവയിൽ അടിസ്ഥാനമായ എസ്.ജെ.സി.യേയും നമ്മെ ഓരോരുത്തരെയും ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ ഭരമേൽപ്പിച്ചിരിക്കുന്നത് ആ കരുത്തേ റിയ കൈകളിലാണ്.

ചരിത്രപരവും എന്നാൽ സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യം വച്ചുമുള്ള ആത്മീയ യാത്രയിൽ നമ്മെ സഹായിക്കാൻവേണ്ടി വി. യൗസേപ്പിന്റെ ഏഴ് സന്താപസന്തോഷങ്ങളെ നാം ധ്യാനി ക്കുകയും ആ പിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യോഹ. 8:14 ഈശോയുടെ ലക്ഷ്യബോധം. "ഞാൻ എവിടെനിന്നു വരുന്നുവെന്നും എവിടേക്ക് പോകുന്നുവെന്നും എനിക്കറിയാം

റോമ 8:14 ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്

ദൈവാത്മാവാണ് നമ്മുടെ ഈ യാത്ര നയിക്കുന്നത്.

V.C നമ്പം. 2 വിളിക്കപ്പെട്ടവരുടെ ദുർബലമായ മനുഷ്യത്വത്തിൽ ദൈവം നടത്തിയ വിസ്മയ കൃത്യങ്ങളെ ലോകത്തിന്

വെളിപ്പെടുത്തുക എന്നതാണ് സമർപ്പിതരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. അത് വാക്കുകൾക്കൊണ്ട് എന്നതിനേക്കാൾ തങ്ങളുടെ രൂപാന്തരീകൃത ജീവിതം കൊണ്ടാണ്.

ഈ സൃഷ്ട പ്രപഞ്ചത്തിൽ നമ്മിലെ ദൈവപുത്രിയെ വെളിപ്പെടുത്തിക്കൊണ്ട് ഈ പ്രപഞ്ചത്തോടൊപ്പമാണ് നാം സഞ്ചരിക്കുന്നത്.

റോമ 8:19 ഈ സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

സൃഷ്ടവസ്തുക്കളുടെ ഭാഷയുടെ ആന്തരീകത മനസ്സിലാക്കാനുള്ള അറിവ് ഉണ്ടെങ്കിൽ മാത്രമേ യാത്രയിൽ അവയോടൊപ്പം സഞ്ചരിക്കാൻ സാധിക്കൂ.

നമ്മുടെ യാത്ര ബൈബിൾപരമാണ്.

മത്താ. 18:1-4 സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരാണ്. യേശുവിനോടുകൂടി യേശുവിൽ യാത്രചെയ്ത് പൂർത്തിയാക്കിയ പരി. കന്യകാമറിയവും വി. യൗസേപ്പുമാണ് നമ്മുടെ യാത്രയിലെ വഴികാട്ടികളും മാതൃകയും.

**വചനത്തിന്റെ പ്രഥമ ശിഷ്യന്മാർ**

സ്വർഗ്ഗരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ചെറുതാക്കിയ വലിയവർ, ഏറ്റവും ദരിദ്രരായ സമ്പന്നർ, പീഢ സഹിച്ച ഭാഗ്യവാന്മാർ, ഷണ്ഡന്മാർ, ഉണ്ണിയേശുവിന്റെ കളിപ്പന്തായവൾ, സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിപ്പെട്ടു കിട്ടിയ പ്രഥമ ശിഷ്യർ, വി. യൗസേപ്പിനോടുള്ള പ്രാർത്ഥനയിലെ 7 വ്യാകുലങ്ങൾ മറഞ്ഞിരുന്നതും പടിപടിയായി ദൈവം തന്നെ വെളിപ്പെടുത്തിക്കൊടുത്തതുമായ ദൈവരഹസ്യങ്ങളായിരുന്നു. മറഞ്ഞിരുന്ന യേശുവാകുന്ന നിധിയെ കണ്ടെത്താനും സംരക്ഷിക്കാനുമായിരുന്നു അദ്ദേഹത്തിന്റെ വിളി, ഏഴ് പൂട്ടുകൾ കടക്കണം. ഈ പൂട്ടുകൾക്ക് ദൈവവചനമാകുന്ന നമ്പർലോക്ക് കൊടുക്കാം. "ഓർത്തുകൊണ്ടാലീശോ മേരിതന്നെയല്ലയോ, സ്വർലോകത്തിൽ താഴുതാക്കോൽ മാമുനിവീരാ", ദൈവം പ്രത്യേകം തിരഞ്ഞെടുത്തു

വെങ്കിലും ഒരു സാധാരണ മനുഷ്യനെന്ന നിലയിൽ ഭയം, ഉൽക്കണ്ഠ, സങ്കടം ഇവയെല്ലാം ജോസഫിനുണ്ടായിരുന്നു, പക്ഷേ, അതെല്ലാം ഈ താഴും താക്കോലും നഷ്ടപ്പെടാതിരിക്കാനും സംരക്ഷിക്കാനും വേണ്ടിയായിരുന്നു, ദാരിദ്ര്യത്തിലും ബ്രഹ്മചര്യത്തിലും അനുസരണത്തിലും ക്ലേശത്തിലും ഒളിച്ചുവച്ചിരിക്കുന്ന ഈ നിധി വെളിപ്പെടുത്തിക്കിട്ടുവാനുള്ള അധ്വാനവും കാത്തിരിപ്പുമായിരുന്നു. എഫേ. 2:10 " നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യേണ്ട സൽപ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ മുൻകൂട്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരാണ്, കർത്താവിന്റെ ദരിദ്രഗണങ്ങൾക്ക് യേശുവാകുന്ന നിധിയെ കാണിച്ചുകൊടുക്കുവാനുള്ള വിളിയിൽ ദാരിദ്ര്യത്തിന്റെയും താഴ്മയുടെയും അലച്ചിലിന്റെയും ഒക്കെ അന്ധകാരത്തിലൂടെ നാമും കടന്നുപോകേണ്ടിയിരിക്കുന്നു. വിശുദ്ധ ലിഖിതം മനസ്സിലാക്കുന്നതിന് പരിശുദ്ധാരൂപി പ്രകാശം നൽകുകയും പഠിപ്പിക്കുകയും ചെയ്ത പ്രാവിന്റെ കണ്ണുകൾ വേണം"

വി. കൊച്ചുത്രേസ്യാ പറയുന്നു: "ഞാൻ സുവിശേഷത്തിലൂടെ കണ്ണോടിക്കാൻ ആരംഭിക്കുമ്പോഴേ, ക്രിസ്തുവിന്റെ പരിമളം ശ്വസിക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കും."

**<u>വേദവാക്യങ്ങൾ ഗ്രഹിക്കാനുള്ള എളുപ്പവഴി</u>**

"വേദത്താളുകളിലെ ചില വാക്യങ്ങൾ കുത്തിത്തുളയ്ക്കപ്പെടുകയും അവയുടെ കടന്നൽക്കുത്ത് അനുഭവിക്കുകയും ആ വേദവാക്യമനുസരിച്ച് ജീവിക്കുകയും ചെയ്ത മനുഷ്യരുടെ ജീവിതം തന്നെയാണ് ആ തിരുവചനത്തിന്റെ അർത്ഥം ഗ്രഹിക്കാനുള്ള എളുപ്പമാർഗ്ഗം. കാരണം ഭാവിയിലേയ്ക്കുള്ള ഊക്കും വീര്യവും അടങ്ങിയിരിക്കുന്നതാണ് വേദഗ്രന്ഥം. ആരെങ്കിലും അതിലൂടെ ജീവിക്കുമ്പോഴാണ്, അല്ലെങ്കിൽ ആരെങ്കിലും തിരുവചനത്തിലൂടെ കടന്നുപോകുവാൻ പാടുപെടുമ്പോഴാണ്, അതിന്റെ ഊക്കും ഊർജ്ജവും തുറക്കപ്പെടുന്നത്. അതിൽ അടങ്ങിയിരിക്കുന്ന ശക്തി വിശ്വരൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്" (ജോസഫ് റാറ്റ്സിംഗർ).

## Lock No.I      വി. യൗസേപ്പിന്റെ മുൻപിലെ ആദ്യവ്യാകുലം

മറിയത്തിന്റെ ശാരീരിക വ്യതിയാനങ്ങളും കഠിനമായ മിണ്ടടക്കവും. ജോസഫാകട്ടെ പഠിച്ചു പരിശീലിച്ച നീതിയും ധർമ്മവും എല്ലാം മറിച്ചും തിരിച്ചും ആലോചിച്ച് മനസാക്ഷിക്കനുസരിച്ച് രഹസ്യത്തിൽ ഉപേക്ഷിച്ചേക്കാമെന്ന തീരുമാനം എടുത്ത്, ആ തീരുമാനം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച്, തനിക്ക് വശമായിരുന്ന key മുറുകെപ്പിടിച്ച് നിർമ്മലമായ മനസ്സോടെ നിദ്രയിലാണ്ടു ഉല്പ. 15:1. "അബ്രാം, ഭയപ്പെടേണ്ട. ഞാൻ നിനക്ക് പരിചയാണ് നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും"

മറിയം തെറ്റുചെയ്യാതെ തെറ്റിദ്ധാരണയ്ക്ക് വിധേയമാകുന്നതിന്റെ വേദന പേറുന്നു. പ്രത്യേകിച്ചും തന്നെ സ്നേഹിക്കുന്നവനിൽനിന്നും. തനിക്ക് ദൂതനിൽനിന്നും വെളിപ്പെട്ടുകിട്ടിയ ദൈവരഹസ്യം. ഞാൻ തന്നെ സാക്ഷ്യപ്പെടുത്താൻ മുതിരുന്നത് അവിവേകമണ്. ഈ ദൈവരഹസ്യം ദൈവമെ നീ തന്നെ വെളിപ്പെടുത്തിക്കൊടുക്കണമെ എന്നവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ സ്വർഗ്ഗത്തിന്റെ ആജ്ഞപ്രകാരം ഗബ്രിയേൽതന്നെ ജോസഫിനെ വിളിച്ചുണർത്തുന്നു. "മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ മടിക്കേണ്ട…'' ജോസഫ് അതിൻപ്രകാരം മറിയത്തെ ഭാര്യയായി സ്വീകരിച്ചു.... പിന്നീട് ഒന്നിച്ചു താമസിച്ചപ്പോൾ ഇരുവരും കടന്നുപോയ വ്യാകുലവും, ആനന്ദവും പങ്കുവെയ്ക്കുന്നു. അതെല്ലാം നമുക്കുവേണ്ടി സുവിശേഷമായി എഴുതപ്പെട്ടു. നമ്മുടെ ജീവിതത്തിലെ സഹനങ്ങളുടെയും തെറ്റിദ്ധാരണകളുടെയും ഒക്കെ അർത്ഥം ദൈവപദ്ധതി വെളിപ്പെടുത്തിക്കിട്ടാൻ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കണം. വിശ്വാസത്തോടെ നീ ദൈവത്തെ നോക്കിയാൽ അവൻ ഉത്തരം നൽകുമെന്നറിഞ്ഞിടേണം.

**Key No. 1** ഉല്പ. 15:17-18 "സൂര്യൻ അസ്തമിച്ച് അന്ധകാരം വ്യാപിച്ചപ്പോൾ പുകയുന്ന തീച്ചൂള കാണാറായി. ജ്വലിക്കുന്ന ഒരു

തീനാളം പിളർന്നിട്ടിരിക്കുന്ന കഷണങ്ങളുടെ നടുവിലൂടെ കടന്നു പോയി. അന്ന് കർത്താവിനോട് ഒരു ഉടമ്പടി ചെയ്തു." ഇന്ദ്രിയ ങ്ങളും ബുദ്ധിയും മനസ്സും ബോധപൂർവ്വം വചനത്തിനു കീഴട ങ്ങാൻ തയ്യാറാകുമ്പോൾ ദൈവം സംസാരിക്കും.

**നിയോഗം:** ഡൈവേഴ്സിന് ഒരുങ്ങുന്നവർ സംശയത്തിലും ഭിന്നിപ്പിലും കഴിയുന്നവർ. നവവധൂവരന്മാർ, വിവാഹനിശ്ചയം കഴിഞ്ഞവർ, സമർപ്പിത ജീവിതത്തിലും പൗരോഹിത്യ ജീവിതത്തിലും സന്തോഷം കണ്ടെത്താൻ കഴിയാതെ ഉപേക്ഷിക്കാൻ ആലോചിക്കുന്നവർ.....

## <u>Lock No. 2</u> <u>ദൈവകുമാരൻ മഹാ ദാരിദ്ര്യത്തിൽ പിറക്കുന്നു.</u>

മനുഷ്യബുദ്ധിക്ക് മനസ്സിലാകാത്ത ഒരു മഹാ രഹസ്യം.

മേരിയും ജോസഫും ഇതാ ബേത്‌ലഹേമിൽ. പ്രസവസമയമായി. എല്ലാ വാതിലുകളും കൊട്ടിയടച്ചു. കയ്യിൽ അൽപ്പം പണം കരുതിയിട്ടുണ്ടെങ്കിലും നിഷ്ഫലം. കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തിന്നും കുടിച്ചും വിവശനായ ജോസഫിന് മനസ്സിൽ പ്ലാൻ ചെയ്ത ഒരു സ്ഥലം കാണാൻ, തരപ്പെടുത്താൻ സാധിച്ചില്ല. പക്ഷേ മേരി അവനെ ഒരു പൊട്ടനായോ കഴിവില്ലാത്ത വനായോ കണക്കാക്കിയില്ല. ഇടം ലഭിച്ചിടത്ത് ഗുഹയാണെങ്കിൽ ഗുഹ, തൊഴുത്താണെങ്കിൽ അതാവട്ടെ. ഒരു സ്വകാര്യതയുള്ള സ്ഥലം അതാണ് ദൈവം കാണിച്ചുകൊടുത്തത്. ഇരുകാലി മൃഗങ്ങളേക്കാൾ ഭേദം നാല്ക്കാലികൾതന്നെ എന്ന് സമാശ്വസിച്ചു.

**<u>Key No. 2</u>** ഏശയ്യാ 45:2-3 ഇരുവരുംകൂടി തിരുവചനം ഹൃദയത്തിൽ ചേർത്തു പ്രാർത്ഥിച്ചു. ജോസഫിന്റെ കയ്യും മെയ്യും ഒന്നിച്ചു പ്രവർത്തിച്ചു. ചാണകം തൂത്തുകളഞ്ഞ് പുല്ലും വൈക്കോലുംകൊണ്ട് വല്ലഭനായ ആ തച്ചൻ ഒരു മെത്ത തീർത്തു. "വല്ലഭന് പുല്ലും ആയുധം" മറിയം സൂക്ഷിച്ചുവെച്ച കീറത്തുണി (പിള്ളക്കച്ച) യിലേയ്ക്ക് രക്ഷകനായ പുത്രൻതമ്പുരാൻ പിതാവായി തെരഞ്ഞെടുത്ത ജോസഫിന്റെ കയ്യാൽ നിർമ്മിക്കപ്പെട്ട

പുൽമെത്തയിലേയ്ക്കും പിറന്നുവീണു. സ്വർഗ്ഗം ഭൂമിയിലേയ്ക്ക് താഴ്ന്നിറങ്ങി. ഇരുട്ടറ പ്രകാശഗോളമായി. അന്ധകാരത്തിലെ നിധി– പുത്രന്റെ ജീവിതബലി ആരംഭിച്ചു. അതോടൊപ്പം വിരുന്നും.

"സ്വർഗ്ഗത്തിൻ നാഥൻ ഭൂമിക്കധിപൻ
രാജമഹേശൻ മന്നിൽ
രക്ഷാകരമാം ദിവ്യവിരുന്നിൻ വാതിൽ തുറന്നു"

ജോസഫ് പ്രണിധാന ധ്യാനത്തിലായി. ഈ ഇടവേളകളിൽ ഒരുഗണം ദൈവദൂതന്മാർ മംഗളഗാനവും ക്ഷണക്കത്തുമായി ദരിദ്രരായ ആട്ടിടയരുടെ അടുത്തേക്ക്. അവർക്കു കൊടുത്ത അടയാളം പിള്ളക്കച്ചയും പുൽത്തൊട്ടിയും. ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ സ്വർഗ്ഗം ഇതാ നിങ്ങൾക്കായി താഴ്ന്നിറങ്ങി യിരിക്കുന്നു. ആരുടെയും ചീട്ടില്ലാതെ പൂർണ്ണ സ്വാതന്ത്ര്യത്തോടെ ധൈര്യമായി വന്ന്, കണ്ട്, തൊട്ട്, കേട്ട് അവനെ ആരാധിക്കുവിൻ. അവർക്ക് ആലോചിക്കേണ്ടി വന്നില്ല, കുളിച്ചൊരുങ്ങേണ്ട, മേൽത്തരം വസ്ത്രം വേണ്ട, വെറും കയ്യോടെ വേഗത്തിൽ അവർ ഓടി. മധ്യാഹ്നത്തെക്കാൾ മഹനീയമായ ആ പ്രകാശത്തിലേക്ക് അവർ ആനയിക്കപ്പെട്ടു. അവർ തങ്ങളെ കാത്തിരിക്കുന്ന രക്ഷകനെ കുമ്പിട്ടാരാധിച്ചു.

മേരിക്കും ജോസഫിനും വചനത്തിന്റെ ചുരുളും പൊരുളും അഴിഞ്ഞു കിട്ടിയത്, പൂട്ടു തുറന്നുകിട്ടിയത് ഇവർക്കുവേണ്ടി യായിരുന്നു; ഈ ദുർഘടം പിടിച്ച സ്ഥലത്ത് എത്തിച്ചതും, ഒന്നിച്ചുചേർത്തതും. അഗസ്റ്റസ് സീസറിനെയും, സത്രക്കാര നെയും പഴിപറയേണ്ട. ഓരോ ജീവിത സാഹചര്യങ്ങളിലേക്കും നാം അയയ്ക്കപ്പെടുമ്പോൾ നമുക്കിഷ്ടമില്ലെങ്കിലും, നമ്മെ അവിടേക്ക് കൂട്ടിക്കൊണ്ടുവരാൻ അദ്ദേഹത്തിന് തന്റേതായ ചില കാരണങ്ങൾ ഉണ്ടായിരുന്നു എന്ന് കുറെ വൈകിയാണെങ്കിലും മനസ്സിലാക്കാൻ ഇടയാക്കും.

**നിയോഗം:** ഗർഭസ്ഥ ശിശുക്കൾ, ഇന്നേദിവസം ജനിക്കുന്നവർ, സ്വന്തമായ ഭവനം ഇല്ലാത്തവർ, അടിസ്ഥാന ആവശ്യങ്ങൾ

സാധിക്കാത്ത ദരിദ്രർ, ഭക്ഷണം, വസ്ത്രം, തൊഴിൽ, അനാഥ ക്കുഞ്ഞുങ്ങൾ, നമ്മുടെ മാതാപിതാക്കൾ, നമ്മുടെ ജന്മദിനം....

## Lock No. 3 ദൈവകുമാരന്റെ പരിച്ഛേദനം, നാമകരണം

നമുക്ക് ഒരിക്കൽക്കൂടി കാലിത്തൊഴുത്തിലേക്ക് പോയ് വരാം. ആട്ടിടയന്മാർ ആലകളിലേക്ക് മടങ്ങി. ജോസഫ് തന്റെ പ്രണിധാന ധ്യാനത്തിൽനിന്ന് മെല്ലെ ഉണർന്നു. നവജാത ശിശു ധനുമാസ കുളിരിൽ മറിയത്തിന്റെ മാറിലെ ചൂടേറ്റ് ഉറങ്ങുന്നു. മാലാഖമാർ തിരിച്ചുപോയി. ഒരു റാന്തൽവിളക്കിന്റെ പ്രകാശം ഒഴിച്ച് ചുറ്റും വലിയ അന്ധകാരം. എങ്കിലും അവരും അവരോടൊപ്പം ഇന്ന് യാത്രയിലാണ്.

ആത്മീയ യാത്രയിൽ ആശ്വാസം അധികം നീണ്ടു നിൽക്കുകയില്ല. കാർമേഘവും വെൺമേഘവും വന്നും പോയും ഇരിക്കുന്നു. "തീർത്ഥയാത്ര ചെയ്യുന്നവർ കാലുകൾക്കൊണ്ട് പ്രാർത്ഥിക്കുന്നു. ഒരു കാൽ മാത്രം മണ്ണിൽ, സ്വർഗ്ഗം ലക്ഷ്യമാക്കി യുള്ള യാത്ര." യാത്രയിൽ അൽപ്പം അജാഗ്രത വന്നാൽ യാത്രികൻ എത്തുകയില്ല വീടൊരുനാളും. ജാഗ്രത ജോസഫിന്റെ സ്വഭാവ മണല്ലോ. അവൻ ആലോചനയിലായി.. വന്നകാര്യം നടക്കണമല്ലോ. എന്താണത്? പേര് എഴുതി ചേർക്കാതാണല്ലോ നസ്രത്തിൽനിന്നും പോന്നത്. രണ്ടുപേരോടുംകൂടി യാത്ര തുടങ്ങി. മൂന്നാമത് ഒരാൾക്കൂടിയായി. യാത്ര ഒന്നുകൂടി ദുഷ്ക്കരമാവുകയാണ്. ഇവിടെ എത്ര ദിവസം താമസിക്കാൻ പറ്റും. ഇവിടുന്ന് എത്രയുംവേഗം മാറണം. പാർശ്വവത്ക്കരിക്കപ്പെട്ട ദരിദ്രരായ ആട്ടിടയർക്ക് രക്ഷകനെ ദർശിക്കാൻ അവസരം കൊടുക്കുക എന്നതായിരുന്നു ഇവിടുത്തെ ദൗത്യം.

കാഷ്വാലിറ്റിയിൽനിന്നും മുറിയിലേയ്ക്കോ വാർഡി ലേയ്ക്കോ മാറാനുള്ള മാതിരി ഒരന്വേഷണം. ആദ്യമാദ്യം വന്നവർ പേരെഴുതിച്ച് തിരിച്ചുപോകുന്നുണ്ട്. പക്ഷേ മറിയത്തിനും കുഞ്ഞിനും, മടിശീലയിലെ നാണയത്തുട്ടിനും ഒതുങ്ങുന്നതാ യിരിക്കണമല്ലോ താമസം. ഏറ്റവും ചെറുതും ദൂരെയല്ലാത്തതുമായ

പാർപ്പിടം വാടകയ്ക്ക് തരപ്പെടുത്തി. കഴുത, കൈക്കുഞ്ഞ്, മറിയം, ഭാണ്ഡക്കെട്ട് ഒക്കെയായി അവിടേയ്ക്ക് മാറി.

**അടുത്ത ലോക്കിനെപ്പറ്റിയാണ് ജോസഫിന്റെ മനസ്സിൽ:-**

പേരെഴുതി ചേർക്കണമെങ്കിൽ കുഞ്ഞിന് പേരിടണം. പേരിടണമെങ്കിൽ പരിഛേദന കർമ്മം നടക്കണം. ജോസഫിന് എല്ലാം പുതുമ. കൂടെ പരിഭ്രമവും ഉണ്ട്. ബന്ധുമിത്രാദികളോ പരിചയക്കാരോ ഇല്ലാത്ത സ്ഥലം. 7-ാം ദിവസമായി ജോസഫിന്റെ ഉത്ക്കണ്ഠയും അലച്ചിലും കണ്ടുകൊണ്ടിരുന്ന മറിയം സാന്ത്വനപ്പെടുത്തുന്നു. നമ്മെ വഴി നടത്തുന്ന ദൈവത്തിന് ഒന്നും അസാധ്യമല്ലല്ലോ. മേരി തന്റെ ഓർമ്മയുടെയും അനുഭവ ങ്ങളുടെയും ചെപ്പുതുറന്നു. ഇളയമ്മയുടെ വീട്ടിൽപോയതും മൂന്ന് മാസത്തെ ശുശ്രൂഷകൾക്കിടയിൽ ലഭിച്ച പരിചയസമ്പത്ത്. സ്നാപകന്റെ ജനനം, പരിഛേദനം, നാമകരണം, മൗനിയായി സമരിയായിൽ സംഭവിച്ച അത്ഭുതം ഇതിനെല്ലാം താൻ സാക്ഷിയായയത്. എല്ലാം എനിക്കുവേണ്ടി, നമുക്കുവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയതായിരുന്നു. പ്രഭാ. 16:26 "ആദിയിൽ കർത്താവ് സൃഷ്ടിച്ചപ്പോൾ സൃഷ്ടികളുടെ കർമ്മരംഗവും നിർണ്ണയിച്ചു. ശാശ്വതമായ ക്രമത്തിലാണ് അവയെ സംവിധാനം ചെയ്തത്. അത് ഭാവിതലമുറകൾക്കും ബാധകമാണ്. എഫേ. 2:10 "നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്. നിയമപ്രകാരമുള്ള ഒരു യഹൂദന് പരിഛേദനം ചെയ്യാം. കുഞ്ഞിന്റെ അപ്പന്റെ സാന്നിധ്യം ഉണ്ടായിരി ക്കണം. പരിമിതികൾ നിറഞ്ഞ ഈ സ്ഥലത്ത് ഇവ രണ്ടും ഒത്തിണങ്ങിയ ഒരു യഹൂദൻ ജോസഫ് അല്ലാതെ വേറെ ആരുമില്ല.

ജോസഫ് ചിന്തയിലാണ്ടു. പൂർവ്വപിതാവ് അബ്രാഹം തനിക്കും ഇസഹാക്കിനും തന്റെ കുടുംബത്തിലുള്ള എല്ലാവർക്കും പരിഛേദനം നടത്തി. എന്നാൽ ഇസഹാക്ക് അബ്രാഹത്തിന്റെ രക്തത്തിൽ പിറന്നവനായിരുന്നു. പക്ഷേ ഈ ശിശുവോ? തന്റെ അഭിലാഷത്തിൽനിന്നോ ഇച്ഛയിൽനിന്നോ പിറന്നവനല്ല.

മേരിയെ സ്വീകരിച്ചതു മുതലുള്ള കാര്യങ്ങൾ ജോസഫിന്റെ മനസ്സിലൂടെ കടന്നുപോയി. ദൈവമേ ഈ പരീക്ഷണം! ഈ ലോക്ക് നാളെ 8–ാം ദിവസം ഞാൻതന്നെ നിർവഹിക്കണമല്ലോ. യഹോവെ, കയ്യ് വിറച്ച് തളർന്നുവീഴാതെ എന്നെ താങ്ങണമെ.... ഒന്നും രണ്ടും പൂട്ടുകൾ തുറന്ന ജോസഫിന് ഇക്കാലമത്രെയും പ്രൊബേഷണറി പീരിഡ് ആണ്. സർവ്വീസ് ബുക്ക് ഓപ്പൺ ചെയ്യണമെങ്കിൽ ഈ മൂന്നാമത്തെ പൂട്ടും തുറക്കണം...

ദൈവപുത്രന് പരിഛേദനത്തിന്റെ ആവശ്യമുണ്ടോ? "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം". അങ്ങനെ സകല നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാകുന്നു എന്ന മേരിയുടെ മൃദുലമായ ഉപദേശം കേട്ടുകൊണ്ട് ജോസഫ് 7–ാം നാളിന് വിരാമമിട്ടുകൊണ്ട് നിദ്രയെപുൽകി. 9 മാസങ്ങൾക്കുമുമ്പ് ദൈവദൂതൻ ഇരുവർക്കു നൽകിയ കീ ജോസഫിന്റെ മനതാരിൽ വെട്ടിത്തിളങ്ങി. 8–ാം ദിവസം നേരം പുലർന്നു. ഇരുവരും ഒന്നിച്ചു പ്രാർത്ഥിച്ചു. സങ്കീ. 91:14 "അവൻ സ്നേഹത്തിൽ എന്നോട് ഒട്ടി നിൽക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും"

" അവൻ എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും" പരിചയ സമ്പന്നയായ മേരി ലഭിച്ച സാഹചര്യത്തിൽ കാര്യങ്ങൾ ക്രമപ്പെടുത്തി പിന്നെ ഒട്ടും താമസിച്ചില്ല. വിവേകിയായ ജോസഫ് പരിശുദ്ധാത്മാവിന്റെ ആത്മധൈര്യത്താൽ നിറഞ്ഞു. മറിയം തന്റെ പരിചയ സമ്പത്ത് കൈമുതലാക്കി കൈകൾ ഉടലോടു ചേർത്തു പൊതിഞ്ഞ് തലഭാഗത്തുനിന്നും ചേർത്തു പിടിച്ച് അസിസ്റ്റ് ചെയ്തു. ഒരു പിതാവിന്റെ ആധികാരികതയോടെ ജോസഫ് ആ കൃത്യം നിർവഹിച്ചു എന്നു കരുതാം. നവജാത ശിശുവിന്റെ കരച്ചിലിനൊപ്പം പരിശുദ്ധാത്മാവ് ജോസഫിന്റെ നാവ് ചലിപ്പിച്ചു. അവൻ 'യേശു' എന്ന് ഉച്ചരിച്ചു.

**Key No.3 യേശു ആരാധ്യമായ നാമം.**

കേവലം ഒരു ശിശുവായി പിറന്ന ദൈവപുത്രന്റെ നിർമ്മലമായ രക്തംകൊണ്ട്, ജോസഫിന്റെ കൈകൾ മാത്രമല്ല, ഹൃദയവും

മനസ്സും അഭിഷിക്തമായി. ജോസഫ് തന്റെ പിതൃത്വത്തെ ഏറ്റുവാങ്ങിയപ്പോൾ പുത്രൻ രക്തംകൊണ്ട് ജോസഫിൽ അംഗീകാരമുദ്ര പതിച്ചു. മുറിക്കപ്പെട്ട ഈ ശരീരരക്തങ്ങൾ ആദ്യമായി പരികർമ്മം ചെയ്യാൻ ജോസഫിനെക്കാൾ യോഗ്യനായ യഹൂദനാണ് അന്നുള്ളത്. മനുഷ്യപുത്രനെ ഈ ഭൂമിയിൽ പോറ്റാൻ ഒരു പിതാവുണ്ടെന്ന് തന്റെ ശരീരത്തിലെ രക്തമൊഴുകുന്ന മുറിവിനാൽ സാക്ഷ്യപ്പെടുത്തിയതിന് ഭൂമി സാക്ഷിയായി. ദൈവപുത്രനെ മകനെന്നും, ഉച്ചത്തിൽ നിലവിളിയോടെ അപ്പനെന്നും വിളിക്കുന്ന സ്വർഗ്ഗീയ നിമിഷത്തിൽ താൻ ഒരു നിസാരനാണോ എന്ന സംശയത്തിൽനിന്ന് പൂവണിയുന്ന പിതൃത്വാനുഭവത്തിലേക്ക് 'യേശു' എന്ന മധുരനാമം മലർക്കെ തുറന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് പുറപ്പെടുവിച്ച സ്വർഗ്ഗീയ വിജ്ഞാപനം "നീ അവന് യേശു എന്നു പേരിടണം" പ്രാബല്യ ത്തിലായ അമൂല്യ നിമിഷം. പരി. ത്രിത്വത്തിന്റെ അംഗീകാരമുദ്ര കുത്തിയ സമയം. ഉല്പ. 41/42 - പൂർവ്വ യൗസേപ്പ് ഫറവോയുടെ മുദ്ര മോതിരം അണിഞ്ഞു. എഗ്ഗായി 2/ 23- " നിന്നെ ഞാൻ എന്റെ മുദ്രമോതിരം പോലെ ആക്കും." അതെ ജോസഫ് പരി. ത്രിത്വ ത്തിന്റെ മുദ്രമോതിരം അണിഞ്ഞു നിൽക്കുന്നു. "ദൈവം അയാളെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു. തന്റെ സകല സമ്പത്തുക്കളുടെയും നായകനുമാക്കി. "യേശു" എന്ന നാമം സ്വർഗ്ഗത്തിന്റെ ആധികാരികത ഏറ്റുവാങ്ങിക്കൊണ്ട് ഈ ഭൂമിയിൽ ആദ്യമായി വിളിച്ച മനുഷ്യനാണ് വി. യൗസേപ്പ്. എല്ലാ കുടുംബ ങ്ങളുടെയും നാഥനും പിതാവും സംരക്ഷകനുമായി. സ്വർഗ്ഗ രാജ്യത്തിനുവേണ്ടി സ്വയം ഷണ്ഡനാകാൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവൻ. സമർപ്പിത ജീവിതം ആത്മീയ മാതൃത്വ പിതൃത്വത്തിലേക്കുള്ള വിളിയാണ്. യേശു എന്ന മഹനീയ നാമം കേൾക്കുന്ന മാത്രയിൽ എല്ലാ മുഴങ്കാലുകളും മടങ്ങപ്പെടുന്നു. നിങ്ങൾ എന്റെ നാമത്തിൽ..... രണ്ടു സഹസ്രാബ്ദങ്ങളായി തീർത്ഥയാത്ര ചെയ്യുന്ന സഭാമക്കൾക്ക് താങ്ങും തണലും

പ്രതിസന്ധികളിൽ പ്രകാശവുമായി ഉണ്ണിയേശുവിനെ നെഞ്ചോടു ചേർത്തുകൊണ്ട് വചനത്തിന്റെ മണവാട്ടിയോടൊപ്പം ഇന്ന് നമ്മോടൊപ്പവും ജാഗ്രതയോടെ നടന്നുനീങ്ങുന്നു.

നമുക്കു പാടാം

“ബാല്യകാലത്തേശുവിനെ പോറ്റി നീ നിത്യം
പേർ വിളിച്ചു നിൻ സുതനെ നീ തമ്പുരാനെന്ന്”

**നിയോഗം** - ആത്മശരീരശുദ്ധത, ദുരുപയോഗിക്കപ്പെടുന്ന ശിശുക്കൾ, ബാലികാ ബാലന്മാർ, യുവതീയുവാക്കൾ,

ഇന്നേദിവസം മാമ്മോദീസാ സ്വീകരിച്ചവർ. നമ്മുടെ ജ്ഞാനസ്നാനം, തലതൊട്ടപ്പന്മാർ, അമ്മമാർ, ജ്ഞാനസ്നാനം തന്ന വൈദികർ “യേശുവിന്റെ നാമത്തിലാണ് നാം മാമ്മോദീസാ സ്വീകരിച്ചത്” ഫിലി 3:3 നമ്മളാണ് യഥാർത്ഥ പരിഛേദിതർ, ദൈവത്തെ ആത്മാവിൽ ആരാധിക്കുകയും യേശുക്രിസ്തുവിൽ അഭിമാനിക്കയും, ജഡത്തിൽ ശരണംവെയ്ക്കാതിരിക്കയും ചെയ്യുന്ന നമ്മൾ.

## Lock No. IV യേശുവിനെ ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നു

ശിമയോന്റെ പ്രവചനം അന്നയുടെ സ്തുതിപ്പ്

ലൂക്ക 2/22 മോശയുടെ നിയമം അനുസരിച്ച് ശുദ്ധീകരണത്തിനുള്ള ദിവസം. 40 ദിവസത്തെ ശുദ്ധീകരണം. മറിയത്തെ സംബന്ധിച്ച് ഈ 40 ദിനരാത്രങ്ങൾ അവൾ എങ്ങനെ ചെലവഴിച്ചിരിക്കണം. പ്രസവംവരെ അവൾ പ്രവാചകന്മാരിലൂടെയും, ദൈവദൂതന്മാരിലൂടെയും ദൈവസ്വരം ശ്രവിച്ച് ധ്യാനിക്കുകയായിരുന്നെങ്കിൽ പ്രസവത്തോടെ ദൈവമുഖം ദർശിച്ച് ധ്യാനിക്കുന്ന കന്യകയും അതേ സമയം അമ്മയുമായ അവൾ ഇമ്മാനുവേൽ തന്നിൽ അന്വർത്ഥമായത് അനുഭവിക്കയായിരുന്നു. നവജാത ശിശുവിനെ മുലയൂട്ടുമ്പോഴും ഉറങ്ങുമ്പോഴും അവൾ ധ്യാനത്തിലായിരുന്നു. ദൈവമനുഷ്യസംഗമം. പരസ്പരം സ്നേഹം നുകരുന്ന സമയങ്ങളിൽ വചനത്തിന്റെ സ്വർഗ്ഗീയ രഹസ്യങ്ങൾ

പാനം ചെയ്യുകയായിരുന്നു. കന്യാത്വത്തിന്റെ അതിവിശിഷ്ട ഫലമാണ് സ്വർഗ്ഗീയജ്ഞാനം വചന ധ്യാനത്തിലൂടെ ഒരു സമർപ്പിത യേശുവിന്റെ ഹൃദയത്തുടിപ്പുകൾ സ്വന്തമാക്കുകയാണ്. ജോസഫ് മൂന്നാം ലോക്ക് തുറന്നതോടെ ജോസഫിന്റെ സർവ്വീസ് ബുക്ക് ഓപ്പൺ ചെയ്യുകയും തന്റെ ശുശ്രൂഷയിൽ പൂർവ്വാധികം ശക്തിയും സ്ഥിരതയും കൈവരിക്കുകയും ചെയ്തു. അദ്ദേഹം സ്ഥലകാല സാഹചര്യങ്ങളുമായി അതിവേഗം പൊരുത്തപ്പെടുകയും ദൈവസ്നേഹത്താൽ നിറഞ്ഞ് നന്ദിയോടെ ഭൂതകാലത്തെ ഓർത്ത് സ്തുതിക്കുകയും അത്യുത്സാഹത്തോടെ വർത്തമാനകാലത്ത് വ്യാപരിക്കുകയും പ്രത്യാശയോടെ ഭാവിയെ ആശ്ലേഷിക്കുകയും ചെയ്തുകൊണ്ട് വെല്ലുവിളികളോട് പ്രതികരിച്ചു.

40-ാം ദിവസം ദിവ്യശിശുവിനെ യഹോവയ്ക്ക് സമർപ്പിക്കാൻ പോയപ്പോൾ ഈ ദരിദ്ര ദമ്പതികൾക്ക് നൽകാൻ ഉണ്ടായിരുന്നത് രണ്ട് പ്രാവിൻ കുഞ്ഞുങ്ങൾ മാത്രം. സമർപ്പിതരെ സ്വതന്ത്ര രാക്കുന്ന, ശിശുക്കളാക്കുന്ന, ദാരിദ്ര്യം എന്ന സുകൃതത്തിന്റെ ലാവണ്യം.

പൊന്നിൻ ചഷകമല്ല മുന്തിരിച്ചാറുമല്ല
എനിക്കുവേണ്ടത് നീ മാത്രം
ആരാധകരെ ബലിയർപ്പകരെ
നിൻപാപകടങ്ങൾ ബലിയേകൂ...

ലൂക്ക. 13:1-2. ദൈവത്തിന്റെയും ദേവാലയങ്ങളുടെയും പേരിൽ നാം നടത്തുന്ന ധൂർത്തുകളും ആർഭാടങ്ങളും അതിന്റെ ന്യായീ കരണങ്ങളും വിലയിരുത്തേണ്ടതുണ്ട്. ലൂക്ക 21:5-6 പ്രാർത്ഥനയ്ക്കായി ദൈവാലയത്തിലേയ്ക്ക് പോകുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട 3 കാര്യങ്ങൾ - സ്വയാവബോധം, സഭാ അവബോധം, ദൈവാവബോധം ('I' awareness, 'Church' awareness, 'God' awareness) "സന്ന്യസ്തരേ, കൂടുതൽ സമയം ധ്യാനിക്കാൻ വിളിക്കപ്പെട്ടവരേ" എന്ന് വി. ജോൺപോൾ രണ്ടാമൻ പാപ്പാ സന്ന്യസ്തരേ അഭിസംബോധന ചെയ്യുന്നുണ്ട്.

''അനേകരുടെ നിലവിളിക്കുത്തരമാണ് ഓരോ സമർപ്പിത വിളിയും" വൃദ്ധനായ ശിമയോന്റെ വരവ് ലൂക്ക 2:25-35 വരെയുള്ള പത്ത് വാക്യങ്ങളിൽ കാണാൻ കഴിയും. വൃദ്ധയായ അന്ന ദീർഘ നാളത്തെ കാത്തിരിപ്പിനുശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിത യായി ദേവാലയത്തിലേയ്ക്ക് കടന്നുവരുന്നു.

തങ്ങളുടെ ജീവിതത്തിന്റെ സായംകാലത്ത് തങ്ങളെ തേടിവരുന്ന വിശ്വസ്തനായ ദൈവത്തെ, ദരിദ്ര ദമ്പതികളുടെ കയ്യിലിരിക്കുന്ന ഈ ശിശുവിൽ ദർശിച്ച് സ്തുതിക്കുന്നു. ശിമയോന് ലഭിച്ച ഈ ഭാഗ്യം നമ്മെ തേടി എല്ലാ ദിവസവും വരുന്നുണ്ട്. ഓർത്തു സ്തുതിക്കുകയും നന്ദിപറയുകയും ചെയ്യാൻ മറക്കുന്നുണ്ടോ. ഈ ശിമയോനെപ്പറ്റി ചരിത്രകാരന്മാർ പറയുന്നത് അദ്ദേഹം ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന യഹൂദരുടെ രാഷ്ട്രീയ ജീവിതത്തിൽ ഉൾപ്പെട്ടവനോ ഫരിസേയ പ്രമാണികളിൽ ഒരുവനോ അല്ലാ യിരുന്നു. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും സകല ജനതകൾക്കും വേണ്ടിയിരിക്കുന്ന രക്ഷകനെ പ്രത്യാശയോടെ കാത്തിരുന്നവനും ജീവിതത്തിൽ അതിൽകവിഞ്ഞൊന്നും വേണ്ടതില്ല എന്ന് തൃപ്തിപ്പെടുന്നവനും ആയിരുന്നു. കുഞ്ഞിനെ കയ്യിലെടുത്തു കൊണ്ട് കുളിരുകോരുന്ന ഏതാനും കാര്യങ്ങൾ പറഞ്ഞതിനുശേഷം ഇടിവെട്ടുംപോലെ ഒരു പ്രവചനം. അതും മേരിയെ നോക്കിക്കൊണ്ട് "നിന്റെ ഹൃദയത്തിലേക്ക് ഒരു വാൾ കടക്കും" ജോസഫിനെ അടിമുടി തളർത്താൻ പോരുന്ന ഒന്നായിരുന്നു. നമുക്കറിയാം സന്തോഷം പങ്കുവെച്ചാൽ ഇരട്ടിയാകും, ദുഃഖം പങ്കുവെച്ചാൽ പകുതിയായി കുറയാൻ സാധ്യതയുണ്ട് എന്ന കിടിലം കൊള്ളിക്കുന്ന ഈ പ്രവചനം വ്യംഗ്യഭാഷയിൽ ഈ ശിശുവിന്റെ കുരിശുമരണത്തെയും ജോസഫിന്റെ അകാലവിയോഗത്തെയും സൂചിപ്പിക്കുന്നതും കൂടിയായിരുന്നു. ഹൃദയഭേദകമായ ആ സമയത്ത് അടുത്തുനിന്ന് ആശ്വസിപ്പിക്കുവാൻ, തന്റെ സാമീപ്യ ത്താൽപോലും ധൈര്യപ്പെടുത്താൻ ആരും ഇല്ല. ഇത് ജോസഫിന്റെ

വ്യാകുലം ഇരട്ടിയാക്കി മാറ്റി. ഈ സമയം അന്ന എന്നൊരുവൾ കടന്നുവരുന്നു. വന്ധ്യതയുടെയും വൈധവ്യത്തിന്റെയും ദു:ഖമോ, ആകുലതയോ, പ്രായാധിക്യത്തിന്റെ സിദ്ധാന്തങ്ങളോ, വീമ്പടിക്കലോ, ലവലേശം തീണ്ടാത്തവൾ ദൈവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്ന ഈ സ്ത്രീ, ആനന്ദമഗ്നയായി മറിയത്തിന്റെ കയ്യിൽനിന്നും ഉണ്ണിയെ എടുക്കുകയും മറ്റുള്ളവരെ ഈ സദ്വാർത്ത അറിയിക്കുകയും ചെയ്യുന്നു (ഈ വാർദ്ധകൃത്തിൽ തന്നെതേടിയെത്തിയ തന്റെ ആത്മീയ മണവാളൻ).

**Key No. 4**

ജോസഫിനെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു തിരുവചനം മനസ്സിലേക്ക് ഓടിയെത്തുന്നു. ഏശയ്യ 54:10 "നിന്നോട് കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു. മലകൾ അകന്നു...."

**നിയോഗം -** ആദ്യ കുർബാന സ്വീകരണത്തിന് ഒരുക്കുന്നവരും, ഒരുങ്ങുന്നവരും, സന്ന്യസ്ത സമർപ്പിത ജീവിതത്തിന് ഒരുങ്ങുന്നവർ, ഒരുക്കുന്നവർ, വിധവകൾ, വിഭാര്യർ, മക്കളില്ലാത്തവർ, ഏകസ്ഥർ.....

**Lock No. V ഹേറോദേസ് രാജാവിനെ ഭയന്ന് ദൈവപുത്രനെയുംകൊണ്ട് ഈജിപ്ത് ദേശത്തേക്ക് ഓടി ഒളിക്കേണ്ടിവന്ന ഭയാനകമായ ദയനീയ അവസ്ഥ.**

ഈജിപ്ത് - അന്ധവിശ്വാസം, ആഭിചാരം, വിഗ്രഹാരാധന തുടങ്ങിയ തിന്മകളുടെ സങ്കേതം. പൂർവ്വ പിതാക്കൾ അപ്പം തേടിപ്പോയ നാട്. പൂർവ്വയൗസേപ്പ് ക്ഷമയുടെയും ധാർമ്മികതയുടെയും വിശ്വസ്തതയുടെയും മാറ്റുരച്ച് വിശുദ്ധിയും ദൈവികജ്ഞാനവും വെളിപ്പെടുത്തിയ രാജ്യം. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. തന്റെ സ്വന്തജനത്തിനുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിച്ച് ഫറവോയുടെമേൽ ആധിപത്യം സ്ഥാപിച്ച രാജ്യം. അവിടേക്കാണ് ദൈവപുത്രന്റെ

ജീവനെ പേടിച്ച് അർദ്ധരാത്രിയിലെ ഈ ഓട്ടപ്രദക്ഷിണം. സാക്ഷാൽ പെസഹാക്കുഞ്ഞാടിനെയും കൊണ്ടുള്ള യാത്ര .

പുറപ്പാട് 12:31-32 ൽ ഈജിപ്തിലെ ആദ്യ ജാതരെല്ലാം വധിക്കപ്പെട്ടപ്പോൾ ഫറവോ മൂശയെയും അഹറോനെയും വിളിച്ച് പറഞ്ഞു. എത്രയുംവേഗം നിങ്ങൾ സ്ഥലം വിടണം. എന്നെ അനുഗ്രഹിക്കുകയും ചെയ്യണം. ദൈവത്താൽ നയിക്കപ്പെടുന്ന വർക്ക് തിന്മയെ ശാസിക്കാനും ശത്രുവിനെ അനുഗ്രഹിക്കാനും കഴിയും. തപശക്തിയുള്ളവർക്ക് അനുഗ്രഹനിഗ്രഹ ശക്തിയു ണ്ടാകും. വി. യൗസേപ്പ് താപസനാണല്ലോ. ഉല്പത്തി. 50:24. "ഞാൻ മരിക്കാറായി എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കും." ഇവിടെ ദാവീദിന്റെ പുത്രൻ എന്ന് വിളിക്കപ്പെടുന്ന ദൈവപുത്രൻ (യേശു) ദാവീദിന്റെ പട്ടണത്തിൽനിന്ന് തന്റെ പൂർവ്വികർ അന്ത്യവിശ്രമം കൊള്ളുന്ന ഇടത്തിലേക്ക് എഴുന്നള്ളുകയാണ്. പൂർവ്വയൗസേപ്പിന്റെ പ്രവചനം ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നു. സാക്ഷാൽ പെസഹാക്കുഞ്ഞാടിനെയും എടുത്തുകൊണ്ടുള്ള ഒരു ദിവ്യ കാരുണ്യ പ്രദക്ഷിണമായിരുന്നു അത്.

**Key No. 5 ശക്തനും ധീരനുമായിരിക്കുക.**

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും.

**നിയോഗം -** മിഷനറിമാർ, കുടിയേറ്റക്കാർ, ജോലിക്കും പഠനത്തിനുമായി വിദൂരത്തേക്ക് പോകുന്നവർ, സ്ഥലം മാറ്റങ്ങൾ. ഇവിടെയെല്ലാം നമുക്കും മററുള്ളവർക്കും വേണ്ടിയുള്ള അനുഗ്രഹങ്ങൾ മറഞ്ഞിരിപ്പുണ്ട്

**Lock No. VI അർക്കലാവോസ് രാജാവിനെക്കുറിച്ചുള്ള ഭയം.**

ദുഷ്ടനും ക്രൂരനുമായ ഹേറോദേസിനെ ഭയന്ന് ഈജിപ്തി ലേക്ക് പോയി. അദ്ദേഹം മരിച്ചുപോയി. ഇനി തിരിച്ചുവന്ന് അല്പം സ്വസ്ഥമായി ജീവിക്കാനുള്ള ആഗ്രഹവുമായി ഇരുന്നപ്പോൾ

അറിയുന്നു അദ്ദേഹത്തിന്റെ പുത്രൻ അർക്കലാവോസാണ് അവിടം ഭരിക്കുന്നതെന്ന്. അപ്പൻ അത്രയുമാണെങ്കിൽ മകൻ എന്തായിരിക്കും എന്നുള്ള ചിന്ത. വ്യക്തികളുടെയും സ്ഥലങ്ങളുടെ പല ഓർമ്മകൾ മുന്നോട്ടുപോകുവാൻ തടസ്സം നിൽക്കുന്ന ലോക്ക്. ഇത് ഒരു വലിയ പരീക്ഷണമാണ്. കാലിടറാതെ കടന്നുപോന്ന അഞ്ച് കടമ്പകളും ഓർത്ത് ദൈവത്തെ സ്തുതിച്ചു.

**Key No. 6** **"ദാവീദിന്റെ പുത്രനായ ജോസഫ്"** എന്ന് അഭിസംബോധന ചെയ്ത ദൂതൻതന്നെ ഉറപ്പ് നൽകുന്നു.

**നിയോഗം** - ഓർമ്മകളുടെ വിശുദ്ധീകരണം.

## Lock No. VII വി. യൗസേപ്പിന്റെ ഏഴാമത്തെ സന്താപവും സന്തോഷവും

യഹൂദ നിയമവും പാരമ്പര്യവുമനുസരിച്ച് ആൺകുട്ടികൾ 13 വയസ്സുമുതൽ (കൗമാരം) തിരുനാൾ കർമ്മങ്ങളിൽ പ്രത്യേകിച്ച് പെസഹാതിരുനാളിൽ വേണ്ടത്ര അറിവോടും ചുമതലാബോധത്തോടും കൂടി സംബന്ധിക്കേണ്ടതുണ്ട്. അതിനുമുൻപ് ബാലനായിരിക്കുമ്പോൾതന്നെ അടുത്ത മുന്നൊരുക്കമായി. 12-ാം വയസ്സിൽ മാതാപിതാക്കളോടൊപ്പം അവരെ കൊണ്ടുപോവുക പതിവാണ്. അവിടെ നടക്കുന്ന ആചാരാനുഷ്ഠാന വിധികളെക്കുറിച്ചെല്ലാം കണ്ടും കേട്ടും ചോദിച്ചും മനസ്സിലാക്കേണ്ടതുണ്ട്. സംഘങ്ങളായിട്ടാണ് ഈ തീർത്ഥാടകർ പോകുന്നത്. 12-ാം വയസ്സിലെ തീർത്ഥാടനത്തിന് മുൻപുള്ളതിനേക്കാൾ കുറച്ചുകൂടി സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നു. ബന്ധുമിത്രാദികളുടെകൂടെയോ, മാതാപിതാക്കളുടെ കൂടെയോ സമപ്രായക്കാരുടെ കൂടെയോ ആകാം. ഒരു നിബന്ധനയുണ്ട്: ഓരോ ദിവസത്തിന്റെയും അവസാനം അത്താഴത്തിനും ഉറക്കത്തിനും മുൻപേ, നേരത്തെ പറഞ്ഞിരിക്കുന്നതിൻപ്രകാരം നിർദ്ദിഷ്ട സമയത്തും സ്ഥലത്തും മാതാപിതാക്കളോടൊപ്പം എത്തിയിരിക്കണം. തിരുനാൾ കഴിഞ്ഞ് തിരിച്ചുപോന്ന തിരുക്കുടുംബം (ജോസഫും മറിയവും) ആദ്യദിനം

യേശുവിനെ കണ്ടില്ല. ഇതായിരുന്നു ജോസഫിന്റെയും മറിയത്തിന്റെയും സഹനത്തിന്റെ മൂർദ്ധന്യം.

ഇങ്ങനെയൊരു സാഹചര്യത്തിൽ ഒരു ബാലനെ കാണാതെവന്നാൽ - അന്നും ഇന്നും മാതാപിതാക്കളുടെ മാനസികാവസ്ഥ പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. സർവ്വ പ്രതീക്ഷയും അസ്തമിക്കുന്ന സമയം. ജോസഫിനെ സംബന്ധിച്ചിടത്തോളം ഈ കുഞ്ഞിനെ അവന്റെ ഗർഭാവസ്ഥ മുതൽ ഏതാണ്ട് 13 വർഷത്തെ അദ്ധ്വാനവും അലച്ചിലും പ്രതീക്ഷയും എല്ലാം ഒറ്റ നിമിഷത്തിൽ ഒലിച്ചുപോയപോലെ. ഇതിനോടകം സഹനത്തിന്റെ ആറ് കടമ്പകൾ, ദൈവകരുണയാൽ കടന്നു. അപ്പോഴെല്ലാം ഈ കുഞ്ഞ് കൂടെ, കൺമുമ്പിൽത്തന്നെ ഉണ്ടായിരുന്നു. എല്ലാം സമർപ്പിച്ച്, അവനെ ചേർത്തുകിടത്തി മയങ്ങുമ്പോൾ ദൈവഹിതം അറിയിക്കാൻ ദൂതൻ എത്തുമായിരുന്നു. ഇന്നിനി വരാത്തവണ്ണം അവനെ ആരെങ്കിലും തട്ടിക്കൊണ്ടു പോയോ? പൂർവ്വ യൗസേപ്പിന് സംഭവിച്ചതുപോലെ എന്തെങ്കിലും?

യാക്കോബിന്റെ വ്യഥതന്നെയാണോ എനിക്കും? ദൈവം പോലും ഉപേക്ഷിച്ച അനുഭവം. മറവിയുടെ കാർമേഘങ്ങളെ പുറകോട്ട് തള്ളിമാറ്റിക്കൊണ്ട് പെട്ടെന്നുതന്നെ ജോസഫ് സമചിത്തത വീണ്ടെടുത്തു. ചിന്തിച്ചിരുന്നിട്ടു കാര്യമില്ല സമയമില്ല. ഇത്തവണ ദൂതനല്ല ദൈവംതന്നെ ഇടപെടും. ഹബക്കുക്ക് 3:17-19 ഓർമ്മയിൽവന്നു. "അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും, കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും, ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം. കലമാന്റെ പാദങ്ങൾക്കെന്നപോലെ അവിടുന്ന് എന്റെ പാദങ്ങൾക്ക് വേഗത നൽകി. ഉന്നതങ്ങളിൽ നിന്ന് അവിടുന്ന് എന്നെ വഴി നടത്തുന്നു.

ദൈവത്തിന്റെ വഴികളും ചിന്തകളും ഉന്നതമാണല്ലോ. പെട്ടന്ന് ജോസഫ് വചനപേടകത്തിലായി. സ്വന്തം വേദനകളാകുന്ന കാർമേഘങ്ങളെ പുറകോട്ടുതള്ളി. കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ച കർത്താവിന്റെ രക്ഷയെ ഓർത്തു പ്രത്യാശയോടെ ഉന്നതങ്ങളിലേയ്ക്കുനോക്കി. സ്വയം മറന്ന് പുത്രദുഃഖത്തിൽ വിതുമ്പി നിൽക്കുന്ന മറിയത്തിന്റെ മുഖത്തുകൂടി ഒഴുകിയിറങ്ങുന്ന കണ്ണീർച്ചാലുകൾ തുടച്ചു. അവളെ ആശ്വസിപ്പിച്ചു. തള്ളയാടുകളെ സാവധാനം നയിക്കുന്ന ഒരു ഇടയനെപ്പോലെ ജോസഫ് കഴിവതും വേഗം നടന്നുനീങ്ങി. തികഞ്ഞ ഏകാഗ്രത – യേശുവിനെ അല്ലാതെ മറ്റൊന്നും മറ്റാരെയും കാണണ്ട. അങ്ങനെ രണ്ടാം ദിവസം അസ്തമിച്ചു. അതാ അവർ ദേവാലയത്തിൽ എത്തിയിരിക്കുന്നു. ഇത്ര വേഗത്തിലോ? (സങ്കീ.32:23) മനുഷ്യന്റെ പാദങ്ങളെ നയിക്കുന്നത് കർത്താവാണല്ലോ. തനിക്ക് പ്രീതികരമായി ചരിക്കുന്നവരെ അവിടുന്ന് സ്ഥിരമാക്കുന്നുവല്ലോ.

## 2–ാം ഭാഗം : ബാലനായ യേശുവിന്റെ കൗമാരപ്രവേശനവും വി. യൗസേപ്പിന് പരി. ത്രിത്വത്തിന്റെ അവാർഡ് ദാനവും.

### തീർത്ഥം കണ്ടെത്തിയ തീർത്ഥാടനം

ജോസഫും മേരിയും രണ്ട് ദിവസത്തെ ഉത്ക്കണ്ഠാകുലമായ അലച്ചിലിനുശേഷം മൂന്നാം ദിനം, ശരീരത്തിന്റെയും മനസ്സിന്റെയും ഇരുണ്ട രാത്രിക്കുശേഷം. വിസ്മയകരവും അപ്രതീക്ഷിതവുമായ ഒരു വേദിയിൽ ബാലനായ യേശു നിൽക്കുന്നതു കാണുന്നു. അവൻ അവിടെ എന്തുചെയ്യുകയായിരുന്നു. അവൻ ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടിയിലും അത്ഭുതപ്പെട്ടു (ലൂക്ക 2:46.47). ജറുസലേം ദേവാലയം യഹൂദരുടെയും, മതപണ്ഡിതരുടെയും, നിയമജ്ഞരുടെയും പഠനകേന്ദ്രവും കൂടിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട

പഠനശിബിരങ്ങളും അവിടെ നടത്തുക പതിവായിരുന്നു. പ്രത്യേകിച്ചും തിരുനാളുകളോട് അനുബന്ധിച്ച് ഈ വേദിയിൽ. അവനെ കേവലം ഒരു ബാലനായിട്ടല്ല അവർക്ക് അനുഭവപ്പെട്ടത്. അവരിൽ അത്ഭുതം ഉളവാക്കുന്ന രീതിയിൽ വിജ്ഞാന വചസ്സുകളായിരുന്നു അവനിൽനിന്നും പുറപ്പെട്ടത്.

മതപണ്ഡിതരെ അതിശയിപ്പിക്കുന്ന ദൈവികജ്ഞാനം. പ്രശസ്ത നിയമപണ്ഡിതനായ ഗമാലിയേൽ തുടങ്ങിയ പ്രബോധനകർ ഈ ബാലപ്രതിഭയെ അറിയുവാൻ ആ മഹാമനസ്സ് അഭിനിവേശം കാണിച്ചിരിക്കണം. അങ്ങനെ ഒരു ത്രിദിന പരിപാടിയുടെ അവസാനഘട്ടത്തിൽ തികച്ചും ഉദ്വേഗജനകമായ ഒരു സാഹചര്യത്തിലെ വിശിഷ്ടാതിഥികളായിട്ടാണ് പരിശുദ്ധാത്മാവ് തങ്ങളെ നയിക്കുന്നതെന്ന് ഈ പാവപ്പെട്ട തീർത്ഥാടകർ ഇരുവരും അറിഞ്ഞിരുന്നില്ല. ഒരു സംവാദത്തിന്റെ അവസാനഭാഗം, ഉപസംഹാരം നടത്തുന്ന സമയം. ഇതാ കർത്താവിന്റെ ദാസിയെന്ന് സദാപി പറയുന്ന തന്റെ മണവാട്ടിയുടെ നാവിൻതുമ്പിലേക്ക് പരിശുദ്ധാത്മാവ് ഒരു ചോദ്യംവച്ചുകൊടുത്തു. “മകനേ നീ ഞങ്ങളോട്.... നിന്റെ പിതാവും ഞാനും...” മുൻകൂട്ടി കരുതി വച്ചിരുന്ന ചോദ്യം. അതിന്റെ ഉത്തരമോ? മനുഷ്യബുദ്ധിക്ക് ഉത്തരംമുട്ടിക്കുന്ന രണ്ട് ചോദ്യങ്ങൾ. നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിക്കുന്നത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതല്ലേ? ദൈവവചനത്തിന്റെ മനുഷ്യാവതാര രഹസ്യങ്ങളുടെ ചുരുളുകളെ ഈ മഹാസദസ്സിന്റെ മുൻപിൽ അഴിച്ചുകാണിക്കാൻ ഏറ്റവും പറ്റിയ സമയമായി. പുത്രൻ തമ്പുരാൻ തന്നെ ഈ അവസരത്തെ ഉപയോഗിച്ചു. ആ മഹാസദസ്സിന് മുന്നിൽ എന്ന് നാം മനസ്സിലാക്കുന്നത് നന്നായിരിക്കും എന്നു തോന്നുന്നു. മറിയത്തിന്റെ കന്യകാമാതൃത്വവും, പതിമൂന്ന് വർഷത്തോളം തനിക്കും തന്റെ അമ്മയ്ക്കുംവേണ്ടി കണക്കുപറയാതെ സമർപ്പണം ചെയ്ത് കഷ്ടപ്പെട്ട, നിത്യ വിരക്തനും വത്സലനുമായ വി. യൗസേപ്പിതാവിന് സമർപ്പിക്കപ്പെട്ട അവാർഡുദാനചടങ്ങായിരുന്നു ആ സമയം.

## Key No. 7

സങ്കീ. 31:19, സങ്കീ. 84:11 ഇവയുടെ കാരണം പിന്നീട് ആ നാമം ബൈബിളിൽ കാണുന്നില്ല. ഏതവസരത്തിലും മൗനിയും, വിനയാന്വിതനും, ധീരനുമായി നിൽക്കുന്ന വി. യൗസേപ്പിതാവ് എല്ലാ സത്ഗുണങ്ങളും ഒത്തിണങ്ങിയ വല്ലഭനായ തച്ചൻ തന്നെ യായിരുന്നു. എസ്.ജെ.സി. പുത്രിമാർക്ക് സമർപ്പണത്തിന്റെ വഴിത്താരയിൽ വി. യൗസേപ്പിന്റെ മാതൃക പിൻതുടരാം.

**നിയോഗം:**

നഷ്ടപ്പെട്ട വിശുദ്ധി, ആനന്ദം, തീക്ഷ്ണത ഇവ തിരിച്ചു പിടിക്കാനുള്ള തീവ്രയത്നം (ഒരു ആന്തരിക തീർത്ഥാടനം). ഇവയുടെ തിളക്കവും മൂർച്ചയും സ്ഥിരതയും വിലയിരുത്തുക, വിശുദ്ധമായ ഒരു നിസ്സംഗത, ചെയ്യേണ്ടതുമാത്രം ചെയ്ത വിനീത ദാസൻ.

**സി. റൊസാരിയോ എസ്.ജെ.സി**

മുൻ സുപ്പീരിയർ ജനറൽ





4

# വി. യൗസേപ്പ് പക്വമായ വ്യക്തിത്വം

**വീ**ട്ടിലെ പ്രാർത്ഥനാമുറിയിലെ ഉണ്ണീശോയെ ചേർത്തു പിടിച്ച വി. യൗസേപ്പിതാവിന്റെ രൂപം ഓർമ്മവെച്ചനാൾമുതൽ മനസ്സിൽ നന്നായി പതിഞ്ഞിരുന്നു. എങ്കിലും വി. യൗസേപ്പിതാവിന്റെ സന്ന്യാസിനീ സമൂഹത്തിൽ അംഗമായതിനുശഷമാണ് യൗസേപ്പിതാവിനെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും ധ്യാനിക്കുവാനും ഞാൻ ആരംഭിച്ചത്. വിശുദ്ധമായ മൗനം നിറഞ്ഞ ജീവിതത്തിന് അഗാധമായ ആഴങ്ങളുണ്ട്. അതെ, അത് അവിടുന്ന് മറഞ്ഞിരിക്കുന്ന ഒരു അഭിഷേകമാണ്, ഒരു വിസ്മയമാണ്.

ദൈവപുത്രനായ യേശുവിനെ വളർത്തുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു വി.യൗസേപ്പ്. വേദനകളിലും കഷ്ടപ്പാടുകളിലും ഉത്ക്കണ്ഠകളിലും ആകുലതകളിലുമെല്ലാം അടിപതറാതെ സ്വന്തം ജീവിതത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് വിശ്വാസപൂർവം അനുയാത്ര ചെയ്യുന്നു. ജീവിതം മുഴുവൻ പ്രാർത്ഥനയുടെയും ശാന്തമായി ജോലി ചെയ്യുന്നതിന്റെയും നിരന്തരമായ പരിത്യാഗത്തിന്റെയും എല്ലാ പുണ്യങ്ങളുടെയും ശോഭയാൽ വെട്ടിത്തിളങ്ങുന്ന ഗർഭിണിയായ ഒരു പെണ്ണിനെ ഭാര്യയായി എടുത്ത, ആരുടെയോ മകന്റെ പിതൃത്വം ഏറ്റുവാങ്ങിയ, അവരുടെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി നാടു മുഴുവൻ ചുറ്റിനടന്ന്, രാത്രിയുടെ യാമങ്ങളിൽ കിലോമീറ്ററുകൾ നടന്ന് തളർന്ന് വീട്ടുകാരെയും നാട്ടുകാരെയും ഉപേക്ഷിച്ച് ഈജിപ്തിൽപോയിപാർത്ത വി. യൗസേപ്പിതാവ്. അമ്മയേയും കുഞ്ഞിനേയും സ്വന്തമായി

സ്വീകരിക്കുന്നതിലൂടെ വി. യൗസേപ്പിതാവ് സ്വാർത്ഥ മനുഷ്യന്റെ നീതിയെയും ന്യായത്തെയും ചോദ്യംചെയ്യുകയും അതിലൂടെ മനുഷ്യസമൂഹത്തിന് നന്മയുടെ, സ്നേഹത്തിന്റെ, ത്യാഗത്തിന്റെ പുതിയപാത വെട്ടിതുറക്കുവാൻ വരം ലഭിച്ചവനായി മാറുകയും ചെയ്യുന്നു.

ക്രിസ്തു മനുഷ്യവർഗ്ഗത്തെ സ്പർശിച്ചു എന്നതിന്റെ ആദ്യസൂചനയാണ്, മറിയം പ്രസവിക്കുന്ന കുഞ്ഞിനെ തന്റെ കുഞ്ഞായി സ്നേഹിച്ച് വളർത്തും എന്ന മഹത്തായ തീരുമാന മെടുക്കുവാൻ യൗസേപ്പിതാവിന് കഴിഞ്ഞത്. അത് അന്നുവരെ മനുഷ്യവർഗ്ഗം കണ്ടിരുന്ന രീതിക്കും നിയമത്തിനും അതീതമാണ്. മനുഷ്യവർഗ്ഗത്തെ ഉന്നതമായി മാനവീകരിക്കുക എന്ന ലക്ഷ്യ ത്തിലേക്കുള്ള പ്രയാണത്തിന്റെ ആദ്യ കാൽവെയ്പ്പായിതീർന്നു ആ തീരുമാനം. മറിയത്തിന്റെ ഉദരത്തിൽ ദൈവപുത്രൻ ജനനം കുറിച്ചെങ്കിലും അവന് ഭൂമിയിലുള്ള സുരക്ഷിതപാത ഒരുക്കി നൽകുന്നത് വി.യൗസേപ്പിതാവിന്റെ തീരുമാനം തന്നെയാണ്. അതെ, ആ തീരുമാനം മനുഷ്യകുലത്തിൽ ദൈവം വിതച്ച നന്മയുടെ കൊടുങ്കാറ്റുയർത്തി. ആ കൊടുങ്കാറ്റിൽ മനുഷ്യൻ അന്നുവരെ തെറ്റായ ദിശയിലേക്ക് നയിച്ചിരുന്ന നൗക പതിയെ ശരിയായ ദിശയിലേക്ക് ചരിച്ചുതുടങ്ങി. വി. യൗസേപ്പിതാവിലൂടെ മനുഷ്യവർഗ്ഗത്തിന്റെ യഥാർത്ഥ വിമോചനം ദൈവം നമ്മെ കാണിച്ചുതരുന്നു.

ആഴമായതും പക്വമായതുമായ മനനത്തിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞുകൊണ്ട് അവന്റെ നന്മയ്ക്കുവേണ്ടി കൂട്ടായ്മ യുടെയും അനുരഞ്ജനത്തിന്റെയും മാതൃക കാട്ടിയ വി. യൗസേ പ്പിതാവ് താൻ കണ്ടെത്തിയ നിധിക്കുവേണ്ടി മറ്റൊന്നും ചിന്തിക്കാതെ തന്റെ ജീവനും ജീവിതവും നഷ്ടപ്പെടുത്തി, ഒരു കടുകുമണിയോളം ചെറുതായി. ഇന്ന് വടവൃക്ഷംപോലെ വിശ്വാസികളുടെയും തിരുസഭയുടെയും മുകളിൽ വിരിഞ്ഞുനിന്ന് തണലേറ്റുന്നു. വിശാലമായ വഴികളെക്കാൾ ക്രിസ്തു എന്ന

ഇടുങ്ങിയ വാതിലിനെയും വീതികുറഞ്ഞ വഴികളെയും സ്നേഹിച്ചുനടന്ന തീർത്ഥാടകനായിരുന്നു വി. യൗസേപ്പിതാവ്- ഒരു അമ്മയുടെ സ്നേഹവാത്സല്യവും അപ്പന്റെ കരുതലും സ്വന്തമാക്കിക്കൊണ്ട് വാക്കുകൾക്കപ്പുറം പ്രവൃത്തികൊണ്ട് തിരുക്കുടുംബത്തെ പരിപാലിച്ചു. സ്വപ്നങ്ങളിലൂടെ, ദൈവവുമായുള്ള ആലോചനകളിലൂടെ ഏത് പ്രസിസന്ധിയിലും പരിഹാരം കണ്ടെത്തി ലോകത്തിന്റേതായ മോഹങ്ങളിൽപെടാതെ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്രചെയ്ത് സ്വർഗ്ഗം സ്വന്തമാക്കി.

ചമയങ്ങളില്ലാത്ത പുൽക്കൂടിന് നെടുംതൂണും വാതിലുമായി തന്നെ ഭരമേല്പ്പിച്ചവരുടെ സുരക്ഷയുടെ വാതിലായി വി.യൗസേപ്പിതാവ് നിലകൊള്ളുന്നു. പരിശുദ്ധ മറിയത്തെയും ഉണ്ണിയേശുവിനെയും ശത്രുകരങ്ങളിൽനിന്നു രക്ഷപെടുത്തുവാൻ കാഴ്ചകൾക്കപ്പുറം ഉൾക്കാഴചയുണ്ടായിരുന്ന വി. യൗസേപ്പിതാവ് ദൈവപരിപാലനയിൽ വിശ്വസിച്ചിരുന്നു. ഭൂമിയിൽ ജീവിച്ചവരിൽ നിന്നും വ്യത്യസ്തനായി ദൈവത്തിന്റെ സ്വരം ശ്രവിക്കുകയും ജാഗ്രതയോടെ ഇടയധർമ്മം നിറവേറ്റുകയും ചെയ്ത ഇടയനും ആടുമായി മാറി വി. യൗസേപ്പിതാവ്.

കർത്താവിന്റെ കൂടാരത്തിൽ വസിക്കുന്നവന് ആവശ്യമെന്നു സങ്കീർത്തകൻ പറയുന്ന പതിനൊന്ന് ചോദ്യങ്ങൾക്കുള്ള വ്യക്തമായ ഉത്തരമാണ് വി.യൗസേപ്പിതാവ് - നിഷ്ക്കളങ്കനായി ജീവിക്കുന്നവൻ, നീതി പ്രവർത്തിക്കുന്നവൻ, ഹൃദയം തുറന്നു സത്യം പറയുന്നവൻ, പരദൂഷണം പറയാത്തവൻ, സ്നേഹിതനെ ദ്രോഹിക്കാത്തവൻ, അയൽക്കാരനെതിരെ അപവാദം പറയാത്തവൻ, ദുഷ്ടനെ പരിഹാസ്യനായി കരുതുന്നവൻ, ദൈവഭക്തനോട് ആദരം കാണിക്കുന്നവൻ, നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുന്നവൻ, കടത്തിനു പലിശ ഈടാക്കാത്തവൻ, നിർദോഷിക്കെതിരെ കൈക്കൂലി വാങ്ങാത്തവൻ ഈ ഗുണഗണങ്ങളെല്ലാം വി. യൗസേപ്പിതാവിലുണ്ട്.

സ്വർഗ്ഗത്തിലെ പിതാവുമായും ഭൂമിയിലെ ദൈവപുത്രനുമായും സജീവമായ ബന്ധം നിലനിർത്തിക്കൊണ്ട് തിരുക്കുടുംബ

ത്തിനു പ്രകാശം പകർന്ന വി. യൗസേപ്പിതാവ്, ദൈവപുത്രന്റെ ജീവിത പങ്കാളിയുടെ, തിരുക്കുടുംബത്തിന്റെ, തിരുസഭയുടെ, തൊഴിലാളികളുടെ, മരണാസന്നരുടെ, കുടുംബജീവിതക്കാരുടെ, കന്യാവ്രതക്കാരുടെ കാവൽക്കാരനാണ്. അനുദിനം മാറ്റങ്ങൾ തേടിയുള്ള നമ്മുടെ ജീവിതയാത്രയിൽ, നിസ്സാര കാര്യങ്ങളുടെ പേരിൽ തകർന്നടിയുമ്പോൾ തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വ ത്തിൽനിന്നും അണുവിട മാറാതെ ജീവിച്ച വി. യൗസേപ്പിതാവിനെ നമുക്ക് മാതൃകയാക്കാം. അവിടുന്ന് നീതിയിലും വിശുദ്ധിയിലും സ്നേഹത്തിലും മാതൃകയിലും അദ്ധ്വാനതല്പരതയിലും കരുതലിലും കാരുണ്യത്തിലും എല്ലാം ഒന്നാമനായി നില കൊള്ളുന്നു. അവഗണിക്കപ്പെടുന്നവരുടെയും നിസ്സഹായരുടെയും ഒറ്റപ്പെടുന്നവരുടെയും പ്രതിനിധിയായ വി. യൗസേപ്പിതാവ് ദൈവപുത്രനെ വളർത്തി രക്ഷണീയചരിത്രത്തിലെ സഹരക്ഷക നായി. ഹൃദയ താഴ്മയോടൊപ്പം ധീരതയും മൗനത്തോടൊപ്പം പ്രതികരണശേഷിയും നീതിബോധത്തോടൊപ്പം ഹൃദയവിശാല തയും ഉറക്കത്തോടൊപ്പം സ്വപ്നവും വി. യൗസേപ്പിനുണ്ടായിരുന്നു.

കഠിനദാരിദ്ര്യം, അസഹനീയമായ വേദനകൾ, നിന്ദ്യമായ അപവാദങ്ങൾ, കൊടിയ യാതനകൾ ഇവയെല്ലാം തികഞ്ഞ ആത്മസംയമനത്തോടെ കൈകാര്യം ചെയ്ത ദീർഘക്ഷമയുള്ള വി. യൗസേപ്പിതാവ് തന്റെ ദു:ഖഭാരങ്ങളെല്ലാം സ്വർഗ്ഗീയ പിതാവിന് കാഴ്ചവച്ചിരുന്നു. സഹനത്തിന്റെ തീച്ചൂളയിൽ നിശ്ശബ്ദനായിരുന്ന, മനുഷ്യന്റെ തീരുമാനങ്ങളെക്കാൾ മനസാക്ഷിയുടെ സ്വരം ശ്രവിച്ചിരുന്ന വി. യൗസേപ്പിതാവ് നമ്മുടെ ജീവിതത്തിൽ എപ്പോഴും നിഴലുപോലുണ്ടാകട്ടെ. നമ്മുടെ മുറിവേറ്റ മനസുകളെ സുഖമാക്കുവാൻ ഭാരമേറ്റ ദൗത്യങ്ങൾ നിറവേറ്റുവാൻ, ദൈവിക പദ്ധതികൾ സ്വപ്നം കാണുവാൻ വിശുദ്ധരിൽ വിശുദ്ധനായ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

**സി. സൗമി എസ്.ജെ.സി**
മുൻ സുപ്പീരിയർ ജനറൽ



5

# വി. യൗസേപ്പിതാവ് എന്ന സ്നേഹതാതൻ

**ഭൂ**മിയിൽ തന്റെ ഏക പുത്രന് വളർത്തുപിതാവായി ആരെ തിരഞ്ഞെടുക്കണം എന്ന ദൈവപിതാവിന്റെ സ്വപ്നത്തിന്റെ ആൾരൂപമാണ് വി. യൗസേപ്പ്. സ്വർഗ്ഗപിതാവിന്റെ റോൾ ഭൂമിയിൽ ഏറ്റെടുത്ത ഉൾക്കരുത്തിന്റെ പ്രതീകം. രക്ഷകന്റെ വളർത്തുപിതാവാകുവാൻ യോഗ്യതകൾ ഏറെ വി. യൗസേപ്പിൽ ദൈവം കണ്ടു. തിരുവചനം ഇങ്ങനെ സാക്ഷിക്കുന്നു. " അവൻ നീതിമാനായിരുന്നതിനാലും'' (മത്താ. 1-19) ദൈവത്താൽ നീതിമാൻ എന്ന് സാക്ഷ്യപ്പെടുത്തിയ വ്യക്തികൾ എല്ലാം തന്നെ ഓർമ്മപ്പെടുത്തുന്ന ഒരു പാഠമുണ്ട്. നീതി പ്രവർത്തിയിലാണ് വെളിപ്പെടുന്നതെന്ന്. ഒരുവന്റെ ജീവിതത്തിൽ തീരാനഷ്ടങ്ങളും തോരാകണ്ണീരും പടർന്നുകയറുമ്പോഴും തകർന്നടിയാതെ നല്ല തമ്പുരാനോട് വിശ്വസ്തതയും പ്രതീക്ഷയും പുലർത്തി ജീവിതത്തിൽ മുന്നേറാനാകുന്നുവെങ്കിൽ ദൈവതിരുമുമ്പിൽ അവൻ നീതി കണ്ടെത്തിയിരുന്നു. സുവിശേഷം വി. യൗസേപ്പിനെ നീതിമാൻ എന്നു വിളിക്കുന്നു. ഇതിനെക്കാൾ മഹത്വരമായ പുകഴ്ച്ചകളോ, യോഗ്യതകളോ, ആദരവുകളോ ഒന്നും കൊടുത്ത് മനുഷ്യനെ വിശേഷിപ്പിക്കാനാവില്ല.

ദൈവസ്നേഹവും പരസ്നേഹവും ഒന്നിക്കുന്ന ക്രിസ്തീയ ആത്മീയതയുടെ മൂർത്തഭാവമാണ് വി.യൗസേപ്പ്. അദ്ദേഹം ഏവരെയുംപോലെ ഒരു സാധാരണ മനുഷ്യൻ ആയിരുന്നു. എങ്ങനെയാണ് ഈ പിതാവ് ദൈവത്തിന്റെ പദ്ധതികളോട് സഹകരിച്ചത്. എങ്ങനെയാണ് തന്റെ ജീവിതത്തെ പിതാവിന്

ഏറ്റവും പ്രിയപ്പെട്ടതാക്കി മാറ്റിയത്. വചനം പറയുന്നു അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. ഇവിടെയും ഒരു കാര്യം വ്യക്തമാണ്. വി. യൗസേപ്പ് സ്വപ്നങ്ങൾ ദൈവഹിതത്തിന്റെ കണ്ടെത്തൽ ആയി കരുതിയിരുന്നു. സംശയങ്ങളുടെയും സംഘർഷങ്ങളുടെയും നടുവിൽ ഈ പുണ്യപിതാവ് ദൈവപിതാവിന്റെ പദ്ധതികളോട് സഹകരിക്കേണ്ടത് എങ്ങനെയെന്ന് ദൈവത്തോടുതന്നെ ആലോചിക്കുന്നു. നമ്മുടെ ജീവിതത്തിൽ സംശയങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാകുമ്പോൾ നാം ആദ്യം തേടിപോകുന്നത് ആരെയാണ്? ദൈവത്തെയോ, അതോ മനുഷ്യരെയോ ? വീണ്ടും മറിയത്തെ ഭാര്യയായി സ്വീകരിക്കുക, ശിശുവിന് യേശു എന്ന് പേരിടുക, ഈ രാത്രിയിൽതന്നെ അപരിചിതമായ ഈജിപ്തിലേക്ക് പലായനം ചെയ്യുക തുടങ്ങി ദൈവം ആവശ്യപ്പെട്ടതെല്ലാം സ്വന്തം താല്പര്യം എന്താണെന്ന്പോലും പറയാതെ ദൈവഹിതത്തിന് സ്തോത്രംപാടി സ്വീകരിച്ചു. ആന്തരിക മുറിവുകളുമായി കടന്നുപോകുന്ന നമുക്ക് ഈ പുണ്യാത്മാവിന്റെ ജീവിതം അനുകരിക്കാം.

വി. യൗസേപ്പിനെക്കുറിച്ച് ഏറെയൊന്നും എഴുതപ്പെട്ടിട്ടില്ലായെങ്കിലും 'നീതിമാൻ' എന്ന വാക്കിൽ സകലതും ഉൾക്കൊള്ളുന്നു. പുണ്യവാനായ വി. യൗസേപ്പിന്റെ ഗുണഗണങ്ങൾ എണ്ണമറ്റവയാണ്. ദൈവത്താൽ അപ്പൻ എന്ന് വിളക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചു. മറിയത്തിന്റെ മഹത്വത്തിനുവേണ്ടി പ്രവർത്തിച്ച നിർമ്മലഹൃദയനാണ് ജോസഫ്. നീതിയെപ്രതി അഴിഞ്ഞുവീണ കുപ്പായംപോലും എടുക്കുവാൻ നിൽക്കാതെ ഓടിരക്ഷപെട്ട പഴയനിയമത്തിലെ ജോസഫും യേശുവിന്റെ വളർത്തുപിതാവായ ജോസഫും പേരിലും നീതിബോധത്തിലും മാത്രമല്ല സാമ്യം എന്ന് പിന്നീടുള്ള ഒളിച്ചോട്ടവും ജീവിതവും നമ്മെ പഠിപ്പിക്കുന്നു.

വി. യൗസേപ്പിതാവിന്റെ വലിയ ഭക്തയായിരുന്ന വി. അമ്മത്രേസ്യാ പറയുന്നു, സ്വർഗ്ഗീയഭണ്ഡാരം മുഴുവൻ ദൈവം

ഈ പുണ്യാത്മാവിനെ ഏൽപ്പിച്ചിരിക്കുന്നതിനാൽ എന്തു നന്മയും മടികൂടാതെ ചോദിക്കുവാൻ യൗസേപ്പിന്റെ പക്കൽ പോകുവിൻ എന്ന്. തന്നെയുമല്ല താൻ പ്രാർത്ഥിച്ച എല്ലാകാര്യങ്ങളും തനിക്ക് ലഭിച്ചതായി വിശുദ്ധ പ്രഖ്യാപിച്ചിരിക്കുന്നു. വി. ശ്ലീഹായെ മണ്ണിൽ വളർത്തിയ നിത്യവിരക്തൻ, ദൈവത്തിന്റെ ഹിതം അറിഞ്ഞ് അത് നിറവേറ്റുവാൻ ത്യാഗത്തിന്റെ വഴിയെ നടന്നവൻ, ക്ലേശിതർക്കും വീട് പുലർത്തുന്നോർക്കും മാതൃകാദീപം, ദൈവപുത്രനെയും ദൈവമാതാവിനെയും പോറ്റുവാൻ ആശാരിജോലിചെയ്ത് ഏതു ജോലിയും മഹത്വമുള്ളതാണെന്ന് പഠിപ്പിച്ചവൻ, സ്വന്തം ജീവിതം ഈശോയ്ക്കും മാതാവിനും പങ്കുവെച്ചവൻ, പാപികൾക്ക് ആശ്രിതൻ ഇങ്ങനെ നൂറുതരം ഗുണങ്ങളുടെ ഇരിപ്പിടമാണ് താതൻ യൗസേപ്പ്.

ചിന്തിക്കുന്തോറും യൗസേപ്പ് പിതാവിന്റെ പ്രത്യേകതകളുടെ എണ്ണം കൂടിവരുന്നു. ഹേറോദേസിന്റെ കയ്യിൽനിന്നും ഉണ്ണിയേശുവിനെ രക്ഷിക്കുവാൻ കാണിച്ച ധൈര്യം അത്ഭുതപ്പെടുത്തും. ദൈവപിതാവിന്റെ സ്ഥാനക്കാരനായി ഉണ്ണിയേശുവിനെ സംരക്ഷിച്ച നീതിയുടെ ദർപ്പണമാണ് വി. യൗസേപ്പ്. കാരുണ്യം തുളുമ്പിനിൽക്കുന്ന പൈതൃക വാത്സല്യത്തിന്റെ ഉടമയാണ് വി. യൗസേപ്പ്. ആത്മദേഹ വിശുദ്ധിയോടെ ജീവിതാന്ത്യംവരെ ജീവിച്ച ധന്യരിൽ ധന്യനാണവിടുന്ന്. തിരുസഭയുടെ കാവൽക്കാരനായും കുടുംബജീവിതക്കാർക്ക് മാതൃകയുമായി വി. യൗസേപ്പിനെ സഭ നിയോഗിച്ചതിൽ അത്ഭുതപ്പെടാനിടയില്ല. പരസ്പര സ്നേഹത്തിന്റെയും വിനയത്തിന്റെയും വിളനിലവും നിറകുടവുമായ ഈ വിശുദ്ധനിൽ ക്ഷമ, എളിമ, അനുസരണം ഇവയുടെ പൂർണ്ണത കണുവാൻ സാധിക്കും.

ദൈവഹിതം മാത്രം ലക്ഷ്യംവെച്ചു നീങ്ങിയ ഈ പുണ്യപിതാവ് അനുഭവിക്കാവുന്ന, അർഹിക്കുന്ന എല്ലാ ലോക സുഖങ്ങളും പരിത്യജിച്ചു. ഹൃദയത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുവാൻ എപ്പോഴും കയ്യിൽ ലില്ലിപൂ പിടിച്ചിരിക്കുന്നു. കന്യകയുടെ

മണവാളൻ ആയതുകൊണ്ട് കന്യകമാരുടെ സംരക്ഷകനും ആണ്. ഈശോയെ, തിരുക്കുടുംബത്തെ പോറ്റുവാൻ അദ്ധ്വാനശീലം കൈമുതലാക്കി. ഈശോയുടെയും മറിയത്തിന്റെയും സന്നിധിയിൽ മരണമടഞ്ഞ വിശുദ്ധനെ നല്ലമരണത്തിന്റെ മദ്ധ്യസ്ഥനായി എല്ലാവരും വണങ്ങുന്നു. ദാരിദ്ര്യത്തെ സ്നേഹിച്ച് തന്റെ സ്നേഹിതനാക്കി. രോഗികൾക്ക് എന്നും ആശ്രയമാണ്. ദാവീദിന്റെ ഗോത്രജനായ അങ്ങ് പൂർവ്വപിതാക്കളുടെ പ്രഭയാണ്. വിവേകം, ധീരത, വിനയം, ശാന്തത, വിശ്വസ്തത, സൗമ്യശീലം, അഗതി സ്നേഹം എല്ലാം അവനിൽ നിറഞ്ഞ് നിന്നിരുന്നു.

ദൈവഹിതം സ്വപ്നത്തിലൂടെ നേടി സഹനങ്ങളെല്ലാം മാണിക്യമാക്കി മാറ്റി. സ്നേഹശൂന്യത നിറഞ്ഞ ഇന്നത്തെ ലോകത്തിൽ സ്നേഹത്തിന്റെ മണിദീപമാണ് വി. യൗസേപ്പ്. സ്വർഗ്ഗപിതാവിന്റെ സ്ഥാനവും പുത്രനാം ദൈവത്തിന്റെ നല്ലപിതാവ്, പാവനാത്മാവാം ദൈവത്തിന്റെ സ്നേഹവും ഒന്നാക്കിയ വ്യക്തിത്വമാണ് ഈ വിശുദ്ധനുള്ളത്. ജന്മപാപം ഇല്ലാത്ത മറിയത്തിന്റെ ഭർത്താവാകുവാൻ യോഗ്യതയുള്ള ഏകവ്യക്തി. എന്തിലും ഏതിലും സുഖത്തിലും ദു:ഖത്തിലും ജോലിയിലും വിശ്രമത്തിലും പ്രാർത്ഥനയിലും ഏകാന്തതയിലും രോഗത്തിലും സഹനത്തിലും എല്ലാം ദൈവത്തിന്റെ മുഖം കണ്ട് പ്രവർത്തിച്ച മഹാത്മാവാണ് താതൻ യൗസേപ്പ്.

വി. പീറ്റർ ജൂലിയൻ പറയുന്നു 'ദൈവം ഒരാത്മാവിനെ മഹോന്നതങ്ങളിലേക്ക് ഉയർത്തുവാൻ ആഗ്രഹിക്കുമ്പോൾ ചെയ്യുന്നത് നല്ലവനായ യൗസേപ്പിനോടുള്ള തീക്ഷ്ണതയേറിയ സ്നേഹം കൊടുത്തുകൊണ്ട് ദൈവം ആ ആത്മാവിനെ അവനുമായി ഐക്യപ്പെടുത്തുന്നു. യൗസേപ്പിതാവിനോടുള്ള സ്നേഹം ദൈവത്തിന്റെ ദാനമാണ്. കൃപയാണ്. സ്വയം രൂപപ്പെടുത്തുന്നതല്ല. ദൈവം രൂപപ്പെടുത്തിയതാണ്. ദൈവത്തിന്റെ പദ്ധതിയാണ്. ജീവിതത്തിൽ കൂടുതൽ സുരക്ഷിതത്വം ഉണ്ടാകുവാൻ യൗസേപ്പിതാവിനോട് കൂടുതൽ സ്നേഹം വേണം. ഈ

വിശുദ്ധന്റെ ഹൃദയത്തിലെ ധൈര്യം നമ്മെ നയിക്കണം. പിതാക്കന്മാർ ജനിക്കുകയല്ല, രൂപീകരിക്കപ്പെടുകയാണ്, വളർച്ചയാണ്.

യൗസേപ്പിതാവിനോട് ചേർന്നിരിക്കുന്ന വ്യക്തികളെ ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർത്തും. യൗസേപ്പിതാവിന്റെ ജീവിതത്തിൽ സങ്കീർണ്ണതകൾ ആരംഭിക്കുന്നത് മറിയവുമായി തന്റെ വിവാഹനിശ്ചയം കഴിഞ്ഞ ശേഷമാണ്. അന്നുമുതൽ തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഭാരവും പ്രശ്നവും ആരംഭിച്ചു. വിവാഹ ഉടമ്പടി ചെയ്ത മറിയം സഹവാസത്തിനു മുമ്പ് ഗർഭിണിയായി കാണപ്പെട്ടു. ജോസഫ് ഏറ്റവും സ്നേഹിച്ചത് മറിയത്തെ ആയിരുന്നു. കൂടുതൽ ഇഷ്ടമുള്ളവർ എന്തുവേദന തന്നാലും പിന്നെയും സ്നേഹിക്കാൻ തോന്നുക സാധാരണമാണ്. ദൈവം ഏറ്റവും സ്നേഹിച്ച ആദത്തിൽനിന്നും കൂടുതൽ വേദന കിട്ടിയെങ്കിലും വീണ്ടും കരുണയോടെ സ്നേഹിച്ചു. സൗഖ്യമാകാത്ത മുറിവുകളെ യൗസേപ്പിന്റെ അടുത്ത് സുഖമാക്കുവാൻ നമുക്ക് കൊടുക്കാം.

ജോസഫിന്റെ നോട്ടത്തിൽ മറിയത്തിൽ ഒരു കുറവ് കണ്ടു. ഈ കുറവ് കൊടുത്തത് പരിശുദ്ധാത്മാവാണ്. സ്വപ്നത്തിൽ പോലും ദൈവഹിതം, ദൈവസ്വരം കേട്ടിരിക്കുന്ന യൗസേപ്പിതാവിന് ആ കുറവിന്റെ പ്രത്യുത്തരം സ്വപ്നത്തിലൂടെ ദൈവം നൽകി. നമ്മുടെ പൊറുക്കാൻ പറ്റാത്ത അനുഭവങ്ങളിൽ, വേദനകളിൽ, അസ്വസ്ഥതകളിൽ ജോസഫിനെപ്പോലെ ദൈവത്തിന്റെ കരം കണ്ടെത്തണം എല്ലാ അസ്വസ്ഥതകളും മാറികിട്ടും. കാരണം അന്വേഷിക്കുമ്പോഴാണ് അസ്വസ്ഥതകൾ ഉണ്ടാകുക. പലപ്പോഴും ദൈവം സ്നേഹിക്കുന്നവർക്ക് ഉരുകുന്ന അവസ്ഥയായിരിക്കും ലഭിക്കുക.

യൗസേപ്പിതാവിനോടുള്ള സ്നേഹം നമ്മിൽ സ്വർഗ്ഗപിതാവിനോടുള്ള സ്നേഹം വർദ്ധിപ്പിക്കും. പിതാവിനെ അറിയുവാൻ ആഗ്രഹം തോന്നിക്കും. ദൈവത്തിലേയ്ക്ക് വളരാനും ദൈവത്തെ സ്നേഹിക്കാനും മനസ്സിലാക്കാനും യൗസേപ്പിതാ

വിലൂടെ ഈശോ നമ്മെ പഠിപ്പിക്കും. യൗസേപ്പിതാവിനോടുള്ള സ്നേഹം നമ്മെ നല്ല മനുഷ്യരായി രൂപപ്പെടുത്തും. കാരണം ദൈവപുത്രനെ ലോകത്തിലേക്കയച്ചപ്പോൾ മനുഷ്യരൂപം സ്വീകരിച്ചപ്പോൾ മനുഷ്യന്റെ പൂർണ്ണത പ്രാപിച്ചത് യൗസേപ്പിതാവിൽനിന്നും മറിയത്തിൽനിന്നുമാണ്. മനുഷ്യത്വം സ്വീകരിച്ചത് യൗസേപ്പിതാവിൽനിന്നും മറിയത്തിൽനിന്നുമാണ്. നമ്മുടെയെല്ലാം മനുഷ്യത്വത്തിന്റെ വളർച്ചയിൽ നല്ല മനുഷ്യത്വം സ്വീകരിക്കാൻ യൗസേപ്പിതാവ് സഹായിക്കട്ടെ.

ഇസ്രായേൽ ജനം വാഗ്ദാനപേടകം ഭക്തിപുരസ്സരം കൊണ്ടുനടന്നതുപോലെ യൗസേപ്പ്പിതാവ് മറിയമാകുന്ന വാഗ്ദാനപേടകത്തെ ശ്രദ്ധയോടെ ഭയഭക്തിയോടെ കൊണ്ടുനടന്നു. മറിയമാകുന്ന വാഗ്ദാന പേടകത്തിൽ ഈശോയുടെ സജീവ സാന്നിധ്യം എപ്പോഴും തുളുമ്പിനിന്നിരുന്നു. തന്റെ പിതൃത്വം വഴി ഈശോയ്ക്ക് തച്ചന്റെ മകൻ എന്ന അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തു. മറിയത്തെ സ്വീകരിച്ചപ്പോൾ ദൈവത്തെതന്നെയാണ് സ്വീകരിച്ചത്. നാം ബുദ്ധിമുട്ടുള്ളവരെ സ്വീകരിക്കുമ്പോൾ, സ്നേഹിക്കുമ്പോൾ ദൈവത്തെതന്നെയാണ് സ്വീകരിക്കുന്നത്. ദൈവത്തെ ഭയപ്പെട്ടും മനുഷ്യരെ മാനിച്ചു മാണ് വി. യൗസേപ്പ് ജീവിച്ചിരുന്നത്.

വി. യൗസേപ്പിതാവിനെ ദൈവത്തിന്റെ അരൂപിയാൽ നിറച്ച് അങ്ങേ ചൈതന്യത്താൽ പൂരിതനാക്കി, ദൈവപിതാവിന്റെ ഹിതം അനുവർത്തിക്കാൻ പ്രാപ്തനാക്കി. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വി. യൗസേപ്പ് നസ്രസ്സിലെ കൊച്ചുവീട്ടിൽ വളരെ വിനീതനായി ഒരു പിതാവിനടുത്ത കടമകൾ വിശ്വസ്തതയോടെ നിർവഹിച്ചതോടൊപ്പം ദൈവപിതാവിന്റെ പിതൃത്വം അംഗീകരിച്ച്, ആ പിതാവിന്റെ തിരുഹിതം അനുനിമിഷം അനുഷ്ഠിക്കുവാൻ ജാഗ്രത പുലർത്തിയിരുന്നു. ദൈവഹിതം ശ്രവിച്ച ഒരു സാധാരണ മനുഷ്യനായിരുന്നു വി. യൗസേപ്പ്. യഹൂദ നിയമത്തിന് വിരുദ്ധമായി യൗസേപ്പ് സ്വീകരിച്ച മനോഭാവമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. നിയമം അനുസരിച്ച് മറിയത്തെ രണ്ടു സാക്ഷികളുടെ

മുമ്പാകെ പരസ്യമായി ഉപേക്ഷിക്കുവാനും കല്ലെറിഞ്ഞ് കൊല്ലുവാനും അധികാരം ഉണ്ടായിരുന്നു. എന്നാൽ ദൈവഹിതം എന്താണെന്ന് ശ്രവിച്ചപ്പോൾ അതിന് പൂർണ്ണമായി വിധേയപ്പെട്ടുകൊണ്ട് എല്ലാ പ്രതിസന്ധികളെയും സമചിത്തതയോടെ ശാന്തതയോടെ നേരിടുന്ന യൗസേപ്പിതാവിനെ നാം ഇവിടെ കാണുന്നു.

ആധുധിക ലോകത്തിന്റെ സന്തതികളായ വിശിഷ്യ ക്രൈസ്തവരായ നമുക്ക് വളരെ പ്രചോദനം നൽകുന്ന ഒരു വ്യക്തിയാണ് വി. യൗസേപ്പ്. നീതിനിഷ്ഠൻ, കർത്താവുമായി വളരെയടുത്ത് ബന്ധം പുലർത്തിയവൻ, ദാവീദിന്റെ പുത്രൻ, ദൂതൻവഴി ദൈവഹിതം ശ്രവിച്ചപ്പോൾ അതിന് പരിപൂർണ്ണമായി ശിരസ്സ് നമിച്ചവൻ, എന്നിങ്ങനെ ഒട്ടനവധി വിശേഷങ്ങൾ വി. യൗസേപ്പിന് തിരുസഭ നൽകിയിരുന്നു.

'ദൈവമാതാവ്' എന്ന് മറിയത്തെ വിശേഷിപ്പിച്ച ശേഷം ഏറ്റവും കൂടുതൽ തവണ മാർപാപ്പമാരാൽ പരാമർശിക്കപ്പെട്ടിരിക്കുന്ന വിശുദ്ധൻ മറിയത്തിന്റെ ഭർത്താവ് വി. യൗസേപ്പ് ആണ്. ഉദാഹരണമെടുത്താൽ 'കത്തോലിക്കാ സഭയുടെ രക്ഷകൻ' എന്നാണ് IX-ാംപീയൂസ് പാപ്പ യൗസേപ്പിതാവിന് കൊടുത്തിരിക്കുന്ന ബഹുമതി. തൊഴിലാളികളുടെ മധ്യസ്ഥൻ എന്ന് XII -ാം പീയൂസ് പാപ്പായും, വി. യൗസേപ്പ് വിമോചനത്തിന്റെ രക്ഷാധികാരിയെന്ന് വി. ജോൺപോൾ രണ്ടാമനും പ്രഖ്യാപിച്ചു. നൽമരണത്തിന്റെ മധ്യസ്ഥനായി ലോകമെമ്പാടുമുള്ള ക്രൈസ്തവർ വി. യൗസേപ്പിനെ ആദരിക്കുന്നു.

സഭ വി. യൗസേപ്പിനെ തന്റെ പ്രത്യേക രക്ഷാധികാരിയായി കരുതുന്നതും അവിടുത്തെ സംരക്ഷണയിലും മധ്യസ്ഥതയിലും വലിയ പ്രത്യാശ അർപ്പിക്കുന്നതിനും ഏറ്റവും പ്രധാന കാരണം അദ്ദേഹം മറിയത്തിന്റെ ഭർത്താവും യേശുവിന്റെ വളർത്തുപിതാവും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും ആയതിനാലാണ്. മറിയത്തെയും ഈശോയെയും അവരുടെ നിസ്സഹായാവസ്ഥകളിൽ

ശുശ്രൂഷിക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി വി. യൗസേപ്പ് കരുതി. സ്വന്തം പേരും പെരുമയും നോക്കാതെ ദൈവം തന്നെ ഏൽപ്പിച്ച ജോലി ചെയ്തും പിന്നണിയിൽനിന്നും വിനീതനായി കർത്തവ്യബോധത്തോടെ ചെയ്തു. ജീവിതത്തിലെ എല്ലാ ബുദ്ധിമുട്ടുകളിലും വിശ്വാസവും ക്ഷമയും കൈവെടിയാതെ പ്രവർത്തിച്ച് ക്ലേശങ്ങളെ പ്രിയമാക്കി മാറ്റി.

മഹാനായ ഈ വിശുദ്ധന്റെ നന്മകളെയും സ്ഥൈര്യത്തെയും അനുകരിക്കാൻ നമുക്കും പരിശ്രമിക്കാം. വിശുദ്ധന്മാരുടെ ദൗത്യമെന്നത് അനുഗ്രഹങ്ങളും അത്ഭുതങ്ങളും നേടിത്തരിക മാത്രമല്ല, അബ്രഹാമിനെയും മോശയെയും യേശുവിനെയും പോലെ ദൈവത്തിന്റെ മുന്നിൽ നമുക്കായി മാധ്യസ്ഥ്യം വഹിക്കുക എന്നതും കൂടിയാണ്. ദൈവത്തോട് നമുക്കായി വാദിക്കുന്ന എല്ലായ്പ്പോഴും നമുക്കായി ഇടപെടാൻ തയ്യാറായി ജീവിച്ച യേശുവിനെപ്പോലെയാണ് തീർച്ചയായും വിശുദ്ധരും ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് വി. യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും പോറ്റുകയും അലങ്കരിക്കുകയും ചെയ്ത ദൈവത്തിൽ വിശ്വസിച്ച് ജീവിച്ച വി. യൗസേപ്പിതാവ് നമുക്ക് മാതൃകയും വഴികാട്ടിയും ആകട്ടെ.

**സി. തെരേസ് എസ്.ജെ.സി.**



6

# വി. യൗസേപ്പ് തിരുക്കുടുംബ ജേതാവ്

**പി**താവായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നസ്രത്തിലെ ഒരു എളിയ മരപ്പണിക്കാരൻ ചേർന്നു നിന്നപ്പോൾ മനുഷ്യരക്ഷയെന്ന ദൈവപിതാവിന്റെ സ്വപ്നം മനോഹരമായി പൂവണിഞ്ഞു. പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുവാൻ വിശ്വാസി സമൂഹത്തോട് ആഹ്വാനം ചെയ്യുകയുണ്ടായി. 1810 ഡിസംബർ 8-ാം തീയതി 9-ാം പീയൂസ് മാർപ്പാപ്പ കത്തോലിക്കാസഭയുടെ സംരക്ഷകനും മധ്യസ്ഥനുമായി വി. യൗസേപ്പിതാവിനെ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികം സമുചിതമായ രീതിയിൽ അനുസ്മരിക്കുകയും ചെയ്തു. സ്നേഹനിധിയായ വി. യൗസേപ്പിതാവിന്റെ മക്കളായ നമ്മെ സംബന്ധിച്ചിടത്തോളം ഇത് അനുഗ്രഹത്തിന്റെ നിമിഷങ്ങളായിരുന്നു.

ഇന്ന് കുടുംബങ്ങൾ ഒത്തിരിയേറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന കാലയളവിൽ സ്വപ്നങ്ങളിലൂടെ ലഭിച്ച ദൈവീക ആഹ്വാനത്തെ ജീവിതപാഠങ്ങളാക്കിയ മഹാത്മാവായ വി. യൗസേപ്പിന്റെ ജീവിത മാതൃക ഇന്നത്തെ കുടുംബങ്ങൾക്ക് ഒരു വെല്ലുവിളിതന്നെയാണ്. പരിശുദ്ധമറിയമെന്ന സ്വർഗ്ഗീയവാതിലിൽ മുട്ടുവാൻ ഏക രക്ഷകനായ മിശിഹായെ മടിയിൽ ഇരുത്തി പരിശീലിപ്പിച്ചു. ഈ ഭാഗ്യവാൻ നമ്മെയും തയ്യാറാക്കുന്നുണ്ട്. വേദനയുടെയും കണ്ണുനീരിന്റെയും അപമാനഭീതിയുടെയും അനിശ്ചിതത്വത്തിന്റെയും നിമിഷങ്ങളെ വിശ്വാസപൂർവ്വം നേരിട്ടുകൊണ്ട് അവയെ ആനന്ദത്തിന്റെ നിമിഷങ്ങളാക്കിമാറ്റാൻ ഈ വന്ദ്യതാതൻ നമ്മെ പ്രചോദിപ്പിക്കുന്നു.

ഈ സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ ആദ്ധ്യാത്മികചൈതന്യം ഉൾക്കൊള്ളാനും ആത്മീയനവീകരണത്തിൽ ജ്വലിക്കാനും നല്ല പിതാവിന്റെ സംരക്ഷണം നമ്മുടെ എല്ലാ ഭവനങ്ങൾക്കും വഴിവിളക്കാകട്ടെ എന്ന പ്രാർത്ഥനയോടെ ഏതാനും ചില ചിതറിയ ചിന്തകൾ ഇവിടെ കുറിക്കട്ടെ.

**1. വി. യൗസേപ്പിതാവിന്റെ പിതൃത്വം**

ജർമ്മൻ ദൈവശാസ്ത്രജ്ഞനായ കാൾറാതർ വിശ്വാസത്തെ നിർവചിക്കുന്നത് ഇങ്ങനെയാണ് "ജീവിതകാലം മുഴുവൻ ദൈവത്തിന്റെ അഗ്രാഹ്യതയോട് ചേർന്ന് നിൽക്കുന്നതാണ് വിശ്വാസം" മാനുഷിക ബുദ്ധിയിൽ അഗ്രാഹ്യമായവയിൽ സമചിത്തമായവ ഹൃദയത്തോടെ ദൈവത്തിന്റെ അഗ്രാഹ്യതയോട് ചേർന്നു നിൽക്കാൻ നിരന്തരം പ്രയത്നിച്ച ജീവിതമായിരുന്നു യൗസേപ്പിതാവിന്റേത്. കോലാഹലങ്ങളിൽ മുഴുകി ജീവിക്കുന്നതിനേക്കാൾ ദൈവീകസ്വരം കേട്ട് മനസ്സിന്റെ വാചാലതയിലൂടെ ഉറക്കത്തിലും ഉണർവ്വിലും ദൈവേഷ്ടത്തിനുവേണ്ടി ജീവിച്ച പുണ്യപുരുഷൻ.

കുടുംബത്തിന്റെ കാവൽക്കാരനാണ് വി. യൗസേപ്പിതാവ്. ഒരു കുടുംബനാഥൻ എങ്ങനെയായിരിക്കണം എന്ന് വി. യൗസേപ്പിതാവിലൂടെയാണ് പിതാവായ ദൈവം നമുക്ക് കാണിച്ചുതരുന്നത്. 2020 ഡിസംബർ 8-ാം തീയതി പരി. പിതാവ് പുറപ്പെടുവിച്ച പാത്രീസ് കോർദേ (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക തിരുവെഴുത്ത് അനിതര സാധാരണമാണ് വി. യൗസേപ്പിതാവിൽ തിളങ്ങി നിൽക്കുന്ന പിതൃത്വം മറിയത്തിന്റെ ജീവിത പങ്കാളിയും യേശുവിന്റെ പിതാവുമായിരുന്നു എന്നതാണ്. വി. യൗസേപ്പിതാവിന്റെ മഹത്വം വി. ജോൺ ക്രിസോസ്റ്റത്തിന്റെ വാക്കുകളിൽ "സമഗ്രവിമോചനത്തിന്റെ പദ്ധതിയിലേയ്ക്കായി സ്വയം പ്രതിഷ്ഠിക്കപ്പെട്ടു."

യേശുവിന്റെ മനുഷ്യാവതാര രഹസ്യത്തിനും വിമോചന പദ്ധതിക്കുമായി സ്വയം സേവനം ചെയ്തതിലൂടെ തന്റെ പിതൃത്വപരമായ ഉത്തരവാദിത്വം വി. യൗസേപ്പ് നിർവ്വഹിച്ചുവെന്ന് വി. പോൾ

ആറാമൻ ചൂണ്ടികാണിക്കുന്നുണ്ട്. സ്വന്തം ജീവിതവും കർമ്മവും തിരുക്കുടുംബത്തിനു സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ആണ് വി. യൗസേപ്പ് കുടുംബനാഥന്റെ നിയമപരമായ ഉത്തരവാദിത്വം പൂർണമാക്കിയത്. ഇപ്രകാരം ദൈവസ്വരത്തിനു കാതോർത്തവനും ലില്ലിപൂവിന്റെ നൈർമല്യവും പനിനീർപൂവിന്റെ പരിശുദ്ധിയും നിറഞ്ഞ ദൈവപുരുഷന്റെ പാത നമുക്കും പിന്തുടരാം. ദൈവപിതാവിന്റെ മനം കവർന്ന വി. യൗസേപ്പ് ദൈവത്തിന്റെ പകരക്കാരനായി ഈ ഭൂമിയിൽ ദൈവപുത്രനെ സ്വന്തം കരംകൊണ്ടു പരിപാലിച്ച് ദൈവപുത്രനോടൊപ്പം സഹവസിച്ച് ദൈവവചനത്താൽ പ്രകാശിതമായ ഒരു സ്വർഗ്ഗത്തെ ഭൂമിയിൽ ഇറക്കാൻ പങ്കാളിയായി. പ്രതിസന്ധികളിലും സംശയങ്ങളിലും വിശ്വാസമാകുന്ന ദീപം തെളിച്ച് വിശ്വസ്തതയോടെ പരി. അമ്മയ്ക്കും ദൈവപുത്രനായ യേശുവിനും സംരക്ഷണം നൽകിയ വി. യൗസേപ്പ് കന്യകളുടെ കാവൽക്കാരനും മാതൃകയുമായിരുന്നു. തന്നെ സമീപിക്കുന്നവർക്കെല്ലാം സമൃദ്ധി വാരിവിതറുന്ന വത്സലപിതാവ് എല്ലാ കുടുംബങ്ങൾക്കും മാതൃകയും പ്രചോദനവുമാണ്.

### 2. അനുദിന കുടുംബജീവിതത്തിൽ വി. യൗസേപ്പിതാവിനെ എങ്ങനെ അനുകരിക്കാം

നമുക്കറിയാം നമ്മുടെ മാതാപിതാക്കൻമാർ പ്രത്യേകിച്ച് മുൻകാലങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ എത്രമാത്രം പ്രാർത്ഥനയോടും ശ്രദ്ധയോടും കൂടിയാണ് ദൈവം നൽകിയ മക്കളെ വളർത്തുവാൻ ആഗ്രഹിച്ചതെന്ന്. നല്ല വ്യക്തികളെ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് വളരെ വലുതാണെന്ന് ഇത്തരണത്തിൽ നമുക്ക് അനുസ്മരിക്കാം. ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന രണ്ടു ഘടകങ്ങളാണ് Heredity and Envirment എന്ന് ശാസ്ത്രം പറയുന്നുണ്ട്. പൈതൃകവും പാരമ്പര്യവും ലഭിച്ച സാഹചര്യങ്ങളുമാണ് ഒരു വ്യക്തി എപ്രകാരം ഉള്ളതാണ് എന്ന് തീരുമാനിക്കുന്നത്. ഇന്നത്തെ സഭാ കൂട്ടായമകൾ പരിശോധിച്ചാൽ ഒന്നിനും കുറവ് കാണുന്നില്ല.

പള്ളികൾ, ധ്യാനകേന്ദ്രങ്ങൾ, മെത്രാൻമാർ, വൈദീകർ, സമർപ്പിതർ, സമ്പത്ത്, ജോലി സൗകര്യങ്ങൾ എല്ലാം വർദ്ധിച്ചിട്ടേയുള്ളൂ. എന്നാൽ ഒരു കാര്യം മാത്രം തീരെ ഇല്ലാതാകുന്നു. അത് മറ്റൊന്നുമല്ല അനുദിനമുള്ള സന്ധ്യാപ്രാർത്ഥനകളാണ്. അതിന്റെ പ്രത്യാഘാതമാണ് നാം ഇന്ന് കണ്ടു കൊണ്ടിരിക്കുന്നത്. ഇതിൽ നിന്നും കരകയറാൻ മാതാപിതാക്കളും മക്കളും, വിശ്വാസജീവിത പരിശീലകർ, സമർപ്പിതർ, യുവജനങ്ങൾ എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഗലാത്തിയ ലേഖനത്തിൽ പൗലോസ് അപ്പസ്തോലൻ പറയുന്ന വാചകം പ്രത്യേകമായി ഓർമ്മിക്കുന്നു. “ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിന്റെ ഫലങ്ങൾ കൊയ്യുന്നു. ആത്മാവിനായി വിതയ്ക്കുന്നവൻ നിത്യജീവന്റെ ഫലങ്ങൾ കൊയ്യുന്നു.” ജഡത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമുക്ക് നൽകുന്നത് നാശത്തിന്റെ ഫലങ്ങൾ ആണെങ്കിൽ ആത്മാവിനായുള്ള പ്രവർത്തനങ്ങൾ നമുക്ക് നൽകുന്നത് നിത്യജീവനാണ്. ജഡത്തിന്റെ ഫലങ്ങൾ കലഹം, കോപം, ദ്രവ്യാസക്തി, മദ്യാസക്തി മുതലായവയാണ്. ആത്മാവിന്റെ ഫലങ്ങൾ ആകട്ടെ സ്നേഹം, കരുണ, ക്ഷമ, നന്മ, വിശ്വസ്തത എന്നിവയാണ്. ഈ ആത്മാവിന്റെ ഫലങ്ങൾ ആണ് മാതാപിതാക്കൻമാരെ ധന്യരാക്കുന്നതും അവരുടെ മക്കളെ വിശുദ്ധരാക്കി തീർക്കുന്നതും. തീർച്ചയായും മാതാപിതാക്കൻമാരുടെ വലിയൊരു കൃപയാണ് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുക എന്നുള്ളത്. മാതാപിതാക്കളുടെ പ്രാർത്ഥനയും ഒരുക്കവും അവരുടെ കുഞ്ഞുങ്ങളുടെ ജനനത്തിലും വളർച്ചയിലും വലിയ പങ്കു വഹിക്കുന്നതാണ്.

രണ്ടാമത്തെ ഘടകം അവർക്ക് ലഭ്യമാകുന്ന ചുറ്റുപാടുകൾ ആണ്. നല്ല ചുറ്റുപാടുകളിൽ വളരുന്നവർ തീർച്ചയായും നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിവുള്ളവരാണ്. മോശം ചുറ്റുപാടുകളിൽ ആകുമ്പോൾ അവരുടെ ജീവിതത്തിൽ പലപ്പോഴും കാണുന്നത് മോശം ഫലങ്ങളാണ്. ഇവയൊക്കെ വെറും തത്ത്വമല്ല യാഥാർത്ഥ്യങ്ങളാണ്. നമ്മൾ ജീവിക്കുന്ന ആധുനിക ലോകത്തിൽ നമുക്ക് വ്യക്തമയി കാണാൻ സാധിക്കുന്ന വസ്തുതകളാണ് ഇവ

യെല്ലാം എങ്കിൽ പലപ്പോഴും ഈ കാര്യങ്ങൾ അവഗണിക്കപ്പെടുകയോ വിസ്മരിക്കപ്പെടുകയോ ചെയ്യുന്നതുകൊണ്ട് സമൂഹത്തിന് ലഭ്യമാകുന്ന നന്മകൾ വളരെയേറെ നഷ്ടമാവുകയും തിന്മകൾ പെരുകുകയും ചെയ്യുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. നന്മയിൽ വളരണം തിന്മയുടെ സാഹചര്യങ്ങൾ ഒഴിവാക്കണം എന്നുള്ളത് പ്രത്യേകമായി അനുസ്മരിക്കേണ്ട വസ്തുതയാണ്. നിയമാവർത്തന പുസ്തകത്തിൽ മോശയിലൂടെ കർത്താവ് പറയുന്ന കാര്യം ഇതാണ്. നിങ്ങൾ ഇവിടെ ജീവിതം ആരംഭിക്കുമ്പോൾ കാനാൻ ദേശത്ത് അവർക്കായി നൽകപ്പെട്ട ദേശത്ത് എന്തെങ്കിലും തെറ്റായ പ്രവണതകളോ മോശമായ വാക്കുകളോ കാണുകയാണെങ്കിൽ അതിനെ പൂർണ്ണമായി നശിപ്പിച്ചു കളയണമെന്ന് കർത്താവ് മോശയിലൂടെ ജനത്തോട് പറയുകയാണ്. നമ്മുടെ മക്കൾ ഏതു സാഹചര്യത്തിൽ വളരുന്നു, ഏതു ചുറ്റുപാടിൽ വ്യാപരിക്കുന്നു അവരുടെ ബന്ധങ്ങളും സൗഹൃദങ്ങളും എന്തൊക്കെയാണ് എങ്ങനെയുള്ളതാണ് എന്നൊക്കെ സൂഷ്മതയോടെ നിരീക്ഷിക്കുവാൻ മാതാപിതാക്കൻമാർക്കുള്ള ചുമതലയും വളരെ വലുതാണ്.

പിതാവായ ദൈവത്തിന്റെ വിശ്വസ്തദാസനാണ് വി. യൗസേപ്പിതാവ്. പരസ്പര ഐക്യം, ധാരണ, സഹകരണം, പ്രേത്സാഹനം എന്നിവയിലൂടെ കുടുംബനാഥനായ വി. യൗസേപ്പിന്റെ നേതൃത്വത്തിൽ എല്ലാവരും എല്ലാവരേയും വളർത്തിയ ഒരു സ്നേഹസങ്കേതമായിരുന്നു തിരുക്കുടുംബം. അദ്ധ്വാനത്തിലും പ്രാർത്ഥനയിലും സഹനത്തിലും പരസ്പരവിശ്വാസത്തിലും എല്ലാവരും ഒരുമിച്ച് തങ്ങളെത്തന്നെ ദൈവഹിതത്തിന് കീഴ്പ്പെടുത്തി ദൈവസ്തുതിയുടെ നിലയനമായും ദൈവകരുണയുടെ നീർച്ചാലായും ഈ ഭൂമിയിൽ നിലകൊണ്ട നസ്രസ്സിലെ തിരുക്കുടുംബം സ്വർഗ്ഗീയസമൂഹത്തിന്റെ തന്നെ പൂർണ്ണമായൊരു പ്രതീകവും പ്രതിഫലനവുമായിരുന്നു. ഇപ്രകാരം അഭിഷേകമുള്ള ഒരു കുടുംബമാണ് 2016 മാർച്ച് 19-ന് പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമായ "അമോറീസ് ലെത്തീസ്യ

– കുടുംബവർഷം" പ്രഖ്യാപനത്തിലൂടെ അവിടുന്ന് വിഭാവനം ചെയ്തത്. ഇത്തരത്തിൽ ഈശോ എന്ന നിധി കണ്ടെത്തി നമുക്ക് കൈമോശം വന്ന നല്ല ഗുണങ്ങളെ തിരിച്ചുപിടിച്ച് ആദ്യകാല പ്രാർത്ഥനാജീവിത ചര്യകളിലേയ്ക്ക് നമുക്ക് മടങ്ങിവരാം.

മധുരവിചാരങ്ങൾ ഉണർത്തിക്കൊണ്ട് മാസവണക്ക പുസ്ത കത്തിലെ ഒരു ഗാനത്തിന്റെ ആദ്യവരി ബാല്യകാലസ്മൃതിയിൽ നിന്നു പലപ്പോഴും എന്റെ മനസ്സിൽ തുളുമ്പിവരാറുണ്ട്. "താപസ വരനായ മാർ യൗസേപ്പു പുണ്യമഹാമുനി" മാസവണക്ക കാലം കൂടുമ്പോൾ ഉണ്ടാക്കുന്ന പായസത്തിന്റെ മധുരമുണ്ടായിരുന്നു ഞങ്ങൾ ഒന്നുചേർന്ന് കുടുംബത്തിൽ ആലപിച്ചിരുന്ന ഈ ഗാന ത്തിന്. കുടുംബനവീകരണം വഴി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് സംജാതമാക്കാം. അതിനുവേണ്ടി നമ്മുടെ തിരു ക്കുടുംബതലവനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.

**സി. മാത്യൂസ് എസ്.ജെ.സി**






# വി.യൗസേപ്പ് എന്ന ചന്ദ്രനിലാവ്

**'വി.** യൗസേപ്പിന്റെ പക്കലേക്കു പോവുക. സവിശേഷമായ വിശ്വാസത്തോടെ അവിടുത്തെ മാദ്ധ്യസ്ഥം തേടുക. എന്തെന്നാൽ അവിടുത്തെ സംരക്ഷണം വളരെ ശക്തമാണ്. കാരണം ഈ പുണ്യപിതാവാണ് സഭ മുഴുവന്റെയും സംരക്ഷകൻ' എന്ന ഒമ്പതാം പീയൂസ് മർപാപ്പ പഠിപ്പിക്കുന്നു. ആഗോള കത്തോലിക്കാ സഭയുടെ മദ്ധ്യസ്ഥനാണ് വി. യൗസേപ്പ്. ദിവ്യശിശുവിനെ അപകട സാഹചര്യങ്ങളിൽനിന്ന് സംരക്ഷിച്ചതുപോലെ ഇന്ന് സഭയെയും അവിടുന്നു കാത്തുപാലിക്കുന്നു. വചനം മാംസമായി അവതരിച്ച മനുഷ്യാവതാര വേളയിൽ രക്ഷകന്റെ കാവലാളാകുവാൻ ദൈവാത്മാവിനാൽ നിറഞ്ഞവനും മനുഷ്യരിൽ ഏറ്റവും നീതിമാനുമായ വി. യൗസേപ്പിനെ ദൈവം തെരഞ്ഞെടുത്തു. വിശുദ്ധിയുടെ കൂട്ടായ്മയിലെ ചന്ദ്രനിലാവാണ് വി. യൗസേപ്പ്.

മറിയത്തിനു കൊടുക്കേണ്ട കല്ലേറിന്റെയും അവഹേളന ത്തിന്റെയും സ്ഥാനത്ത് അദ്ദേഹം കരുണയ്ക്കും കരുതലിനും മുൻഗണന നൽകി മറിയത്തെ സംരക്ഷിച്ചു. വി. യൗസേപ്പ് 'നീതിമാൻ' ആയിരുന്നു എന്ന് സുവിശേഷം ഒറ്റവാക്കിൽ യൗസേപ്പിതാവിനെ വിശേഷിപ്പിക്കുന്നു (മത്താ. 1-19). നീതിമാൻ ദൈവഭയത്തിന്റെ ജ്ഞാനത്തിന്റെ പാതയിൽ സഞ്ചരിക്കുന്നവ നാണെന്ന് വി. യൗസേപ്പിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഹൃദയം തുറന്ന് ദൈവത്തെ 'പിതാവെ' എന്നു വിളിക്കാനുള്ള സ്വാതന്ത്ര്യമാണ് വി. യൗസേപ്പ് നമുക്കു നൽകുന്നത്. അദ്ദേഹം വലിയ ഒരു ഗുരുശ്രേഷ്ഠനായിരുന്നു. കാരണം യഹൂദ നിയമ ങ്ങളിലും വിശുദ്ധ ലിഖിതങ്ങളിലുമുള്ള യേശുവിന്റെ പാണ്ഡിത്യം

നിയമജ്ഞരേയും ഫരിസേയരേയും അമ്പരപ്പിച്ചു. ദൈവവിശ്വാസത്തിന്റെ ആഴത്തിൽനിന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ വി. യൗസേപ്പു പറഞ്ഞുകൊടുത്ത പാഠങ്ങളിൽ നിന്നാണ്, ആ പിതാവിൽനിന്നാണ് ആ ഗുരുമുഖത്തുനിന്നാണ് ആ അറിവ് യേശു സ്വന്തമാക്കിയത്. വി. യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു: 'യൗസേപ്പിതാവ് സ്വർഗ്ഗീയ പിതാവിന്റെ ഈ മണ്ണിലെ നിഴലാണ്.' ഈ നിഴലിലാണ് പരിശുദ്ധ മറിയവും യേശുവും സംരക്ഷിക്കപ്പെട്ടത്. യൗസേപ്പിതാവിന്റെ മാധ്യസ്ഥം തേടുന്ന നമ്മളെല്ലാവരും ഈ നിഴലിലാണ് ജീവിക്കുന്നത്. സ്വർഗ്ഗീയ പിതാവിന്റേതുപോലുള്ള സംരക്ഷണം യൗസേപ്പിതാവിൽനിന്ന് നമുക്കും ലഭിക്കുമെന്ന് പ്രത്യാശിക്കാം. സെന്റ് ജോസഫ്സ് സമൂഹത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായിരിക്കുന്ന അവിടുന്ന് നമ്മുടെ ജീവിതപാതയിൽ എല്ലാ അപകടങ്ങളിൽനിന്നും നമ്മെ ഓരോരുത്തരെയും സംരക്ഷിക്കുന്നു, കാത്തുപരിപാലിക്കുന്നു എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

ദൈവഹിതത്തോടുള്ള വിധേയത്വത്തിന്റെ, അനുസരണത്തിന്റെ മാതൃകയാണ് വി. യൗസേപ്പ്. സ്വന്തം ആഗ്രഹങ്ങളേയും ഇഷ്ടങ്ങളേയും ത്യജിച്ച് ദൈവഹിതത്തിന് സമ്പൂർണ്ണമായി വിധേയപ്പെടുന്ന ജീവിതമായിരുന്നു യൗസേപ്പിതാവിന്റേത്. യൗസേപ്പിന്റെ സ്വപ്നങ്ങൾ വീണുടയുന്നിടത്താണ് ദൈവം സ്വപ്നത്തിൽ യൗസേപ്പിന്റെ ജീവിതത്തിലേക്കു കടന്നുവന്നത്. തന്റെ സ്വപ്നങ്ങൾ ദൈവത്തിന്റെ സ്വപ്നങ്ങൾക്കായി മാറ്റിവെച്ചു. തിരുക്കുടുംബത്തിനായി സ്വയം അലിഞ്ഞ് ഇല്ലാതായിതീർന്ന് അതിനെ ഒരു മാതൃകാഭവനമാക്കി. രക്ഷാകരചരിത്രത്തിലെ നിശ്ശബ്ദ സാന്നിധ്യമായിരുന്നു വി. യൗസേപ്പ്. ഭാവിയെക്കുറിച്ച് കണ്ട സ്വപ്നങ്ങളൊക്കെയും തകർന്നടിഞ്ഞപ്പോഴും അതിന്റെയെല്ലാം പിന്നിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതി ഉണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

ദൈവഹിതത്തിന് പരിപൂർണ്ണമായി കീഴ്വഴങ്ങുക: അത് അത്ര എളുപ്പമുള്ള കാര്യമല്ല. ഈ അനുസരണം ഒരു ആന്തരിക

പ്രക്രിയയാണ്. ഒരുവന്റെ ബുദ്ധിയുടെയും മനസിന്റെയും പ്രക്രിയ. അനുസരണത്തിന്റെ പ്രവർത്തിയിൽ അടങ്ങിയിരിക്കുന്നത് ബുദ്ധിയുടെ തീരുമാനവും സ്വതന്ത്രമനസ്സിന്റെ സമ്മതവുമാണ്. ബുദ്ധിയെ വിശ്വാസംകൊണ്ട് നിറയ്ക്കാതെ മനസിന്റെ മോഹങ്ങൾ മരിക്കാതെ ആർക്കും ഒരിക്കലും പരിപൂർണ്ണമായി ദൈവഹിതം നിറവേറ്റാനാവില്ല. രക്തരഹിത രക്തസാക്ഷിത്വം എന്ന് വിളിക്കപ്പെടുന്ന സന്യാസത്തിൽ ആത്മബലിക്കായി ഒരാൾ ഉപയോഗിക്കേണ്ട ബലിയാണ് അനുസരണം. അനുസരണ ത്തിലൂടെ ദൈവഹിതത്തോടുള്ള ഒന്നിപ്പു പ്രാപിക്കുക അത്ര എളുപ്പമല്ലെന്ന് അനുദിന യാഥാർത്ഥ്യങ്ങളിൽനിന്നു നമുക്കറിയാം. നമ്മുടെ ഒക്കെ ജീവിത വഴിത്താരകളിൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നില്ലേ? വി.ഗ്രന്ഥത്തിന്റെ ഭാഷയിൽ സ്വമനസ്സു വെടിയാൻ കല്പിക്കുന്ന അനുസരണത്തിന്റെ പ്രവൃത്തിക്ക് ബലിയേക്കാൾ മൂല്യമുണ്ട്.

വിധേയത്വത്തിന്റെ ശാരീരിക ഭാഷയാണ് വി. യൗസേപ്പ്. മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ വളർത്തുപിതാവാണ വിടുന്ന്. ഒരാത്മാവ് അനുസരണത്തിന്റെ തോതനുസരിച്ച് എളിമ യുള്ളതും, എളിമയുടെ തോതനുസരിച്ച് അനുസരണയുള്ളതു മായിരിക്കും. അനുസരണത്തിന്റെ വഴിയേ നീങ്ങുമ്പോൾ, കഴിവില്ലാത്ത ആൾ, നട്ടെല്ലില്ലാത്ത ആൾ, എന്നിങ്ങനെയുള്ള പ്രതിച്ഛായകൾ സൃഷ്ടിക്കപ്പെട്ടാലും കുലുങ്ങേണ്ടതില്ല. യൗസേപ്പിതാവു പഠിപ്പിക്കുന്ന സന്തോഷവും ശാന്തതയും കൂടികലരുന്ന മുഖഭാവമാണ് അയാൾക്കുണ്ടായിരിക്കുന്നത്. അനുസരണം വ്രതമായി സ്വീകരിച്ചിരിക്കുന്ന വ്യക്തികൾപോലും അനുസരണക്കേടിന്റെ ആൾരൂപമായി മാറുന്ന ഇക്കാലത്ത് വി. യൗസേപ്പിന്റെ അനുസരണത്തെപ്പറ്റിയുള്ള വിചിന്തനത്തിന് ഏറെ പ്രസക്തിയുണ്ട്. എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കു ന്നവനും നമ്മെക്കാൾ അറിവുള്ളവനുമാണ് ദൈവം എന്ന ബോദ്ധ്യമാണ് അനുസരണത്തിന്റെ അന്തഃസത്ത. അദ്ധ്വാനത്തിന്റെ ആൾരൂപമായ വി. യൗസേപ്പ് പ്രതിസന്ധികളെ കൃപയുടെ ഉറവിടങ്ങളാക്കിമാറ്റി.

കുടുംബങ്ങളെ തിരിക്കുടുംബമാക്കി മാറ്റുന്ന മനോഭാവം എന്താണെന്ന് വി. യൗസേപ്പ് എന്ന കുടുംബനാഥനിലൂടെ സുവിശേഷങ്ങൾ അവതരിപ്പിക്കുന്നു. ദൈവസ്നേഹവും പരസ്നേഹവും സമ്മേളിച്ച ഒരു മഹത്വ്യക്തിയായിരുന്നു വി. യൗസേപ്പ്. ഉണ്ണീശോയെ മരണകരമായ അപകടത്തിൽനിന്ന് രക്ഷിക്കാൻ ഈജിപ്ത്തുവരെ ഓടുന്ന യൗസേപ്പ് മക്കൾക്കുവേണ്ടി ജീവിക്കുന്ന മാതാപിതാക്കൾക്കു മാതൃകയാണ്. ദൈവാന്വേഷി യായ ഓരോ വ്യക്തിക്കും അനുകരിക്കാവുന്ന അത്യുദാത്തമായ മാതൃകയാണ് വി.യൗസേപ്പിന്റെ ജീവിതം. വി. യൗസേപ്പ് അറിയപ്പെടുന്നത് വിശുദ്ധരിൽ വിശുദ്ധൻ എന്നാണ്. തന്റെ ജീവിതത്തിലുണ്ടായ ഓരോ തിക്താനുഭവങ്ങളേയും യാതൊരു കുറ്റപ്പെടുത്തലുകളുംകൂടാതെ ആ പുണ്യാത്മാവ് സ്വീകരിച്ചു. മറ്റു വിശുദ്ധർ യൗസേപ്പിതാവിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. വിശുദ്ധ അൽഫോൻസ് ലിഗോരി നേപ്പിൾസിൽ വെച്ചു നടത്തിയ ഒരു പ്രസംഗത്തിൽ വി. യൗസേപ്പിനെപ്പറ്റി പറഞ്ഞത് "പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ മറ്റേതു വിശുദ്ധനും ഉള്ളതിനേക്കാൾ സ്വാധീനം വി. യൗസേപ്പിന് ദൈവത്തിന്റെ പക്കൽ ഉണ്ട്" എന്നാണ്. വി. അമ്മത്രേസ്യാ തന്റെ ആത്മകഥയിൽ പറയുന്നു 'വിശുദ്ധ യൗസേപ്പിലൂടെ ദൈവം എനിക്കു നൽകിയിട്ടുള്ള സഹായങ്ങളെപ്പറ്റി ശരീരത്തിന്റെയും ആത്മാവിന്റെയും അപകടങ്ങളിൽനിന്ന് എന്നെ രക്ഷിച്ചതിനെപ്പറ്റി ഓർക്കുമ്പോൾ ഞാൻ വിസ്മയിച്ചുപോകുന്നു' എന്ന്.

കാലക്രമേണ വിശുദ്ധനോടുള്ള ഭക്തി സഭയിൽ വളർന്നുവന്നു. 1479 ൽ സിസ്റ്റസ് 4-ാമൻ പാപ്പ വിശുദ്ധന്റെ തിരുനാൾ സഭയുടെ യാമപ്രാർത്ഥനകളിലും കുർബാനക്രമത്തിലും ചേർത്തു. 1621 ൽ വി. യൗസേപ്പിന്റെ തിരുനാൾ ലോകമാസകലം ആഘോഷ പൂർവ്വം കൊണ്ടാടണമെന്ന് ഗ്രിഗരി 15-ാമൻ പാപ്പ കല്പിച്ചു. 1821 ൽ ബെനഡിക്ട് 13-ാമൻ പാപ്പ വി. യൗസേപ്പിന്റെ പേര് സകല വിശുദ്ധരുടെയും ലുത്തിനിയയിൽ ചേർത്തു. ലിയോ 13-ാമൻ പാപ്പ

1889 ഓഗസ്റ്റ് 15ന് പുറപ്പെടുവിച്ച Quamquam Pluries എന്ന തിരുവെഴുത്തുവഴി ഇന്ന് നാം ജപമാല പ്രാർത്ഥനയ്ക്ക് ശേഷം ചൊല്ലുന്ന 'ഭാഗ്യപ്പെട്ട മാർ യൗസേപ്പേ' എന്ന ജപം വിശ്വാസികൾക്കായി നൽകി. 1955 ൽ 12-ാം പീയൂസ് പാപ്പ മെയ് 1ന് തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ ദിനമായി പ്രഖ്യാപിച്ചു.

ഇന്ന് കേരളത്തിലെ വിവിധ രൂപതകളിലായി 400 ലധികം ദേവാലയങ്ങളും കപ്പേളകളും വി. യൗസേപ്പിതാവിന്റെ നാമത്തിലുണ്ട്. ഒരു കുടുംബനാഥൻ എന്ന നിലയിൽ തങ്ങളുടെ എല്ലാ ആവശ്യങ്ങളും ദൈവതിരുമുമ്പിൽ അവതരിപ്പിക്കാൻ കഴിവുള്ള വിശുദ്ധനാണ് വി. യൗസേപ്പെന്ന് അടിയുറച്ച വിശ്വാസമാണ് വിശ്വാസികൾക്കുള്ളത്. നന്മരണത്തിന്റെ മദ്ധ്യസ്ഥനാണ് വി. യൗസേപ്പ്. യേശുവിന്റെയും മറിയത്തിന്റെയും പരിചരണങ്ങളേറ്റ് ഒരു മനുഷ്യന് കിട്ടാവുന്നതിൽ ഏറ്റവും മഹത്തരമായ ഒരു മരണം ലഭിച്ച ജോസഫ് നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായി. ഓർക്കുക ആരും ചിന്തിക്കുന്നതുപോലെ ആരുടെയും 'മരണം' എന്ന മടക്കയാത്ര പാതിവഴിയിലല്ല. നിശ്ചയിക്കപ്പെട്ട ദിനങ്ങൾ പൂർത്തിയാക്കിയാണ് ഓരോരുത്തരും വിടവാങ്ങുന്നത്. നമ്മുടെ സ്വപ്നങ്ങൾ പൂവണിഞ്ഞോ എന്നതല്ല, ദൈവത്തിനു നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങൾ പൂവണിഞ്ഞോ എന്നതു മാത്രമാണു കാര്യമായത്. ആരുടെയും മരണശേഷം ലോകം നിശ്ചലമായിട്ടില്ല. അതെ നമ്മൾ കടന്നു പോയാലും നാളെയും ലോകം ഉണ്ടാകും. വി. യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ നമുക്കു വളരാം. വി. യൗസേപ്പിന്റെ സംരക്ഷണത്തിന് നമ്മെ ഭരമേല്പ്പിക്കുകയും ചെയ്യാം.

**സി. ട്രീസാ മരിയ എസ്.ജെ.സി**



# 8

## വി. യൗസേപ്പ് അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പിതാവ്

**സ്വ**ർഗ്ഗരാജ്യത്തിന്റെ താക്കോൽ പ്രാർത്ഥനയാണ്. തന്നെ സ്നേഹിക്കുന്നവർക്കായി സ്വർഗ്ഗത്തിൽ കരുതപ്പെട്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾ സ്വീകരിക്കാൻ പ്രാർത്ഥനയാകുന്ന ആ താക്കോൽ ആവശ്യമാണ്. പ്രാർത്ഥനാ വചസ്സുകൾ ആത്മാവിന്റെ ആഴങ്ങളിലേക്ക് തിളച്ചിറങ്ങുമ്പോൾ മാത്രമേ 'എളിമ' എന്ന പുണ്യം നേടാനും കർത്താവിന് സ്തുതിയുടെ, സ്നേഹത്തിന്റെ, ത്യാഗത്തിന്റെ എളിമയുടെ ബലികളർപ്പിക്കാനും സാധിക്കൂ. ദൈവപിതാവിന്റെ നിഴലായി വർത്തിച്ച വി. യൗസേപ്പിതാവ് ഉണ്ണിശോയ്ക്കും പരി. മറിയത്തിനും സംരക്ഷണം നൽകിയതുപോലെ എസ്.ജെ.സി മക്കളെയും സംരക്ഷിക്കട്ടെ. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ സ്വന്തമാക്കാൻ ദൈവപിതാവിൽ നിന്നും അനുഗ്രഹങ്ങൾ സ്വീകരിക്കാൻ വി. യൗസേപ്പിതാവ് നമ്മെ സഹായിക്കട്ടെ.

വി. യൗസേപ്പിതാവിൽ വിളങ്ങിയിരിക്കുന്ന ആന്തരിക നിശബ്ദതയും മൗനവും നീതിബോധവും എളിമയും അപരന്റെ കാവൽക്കാരൻ ആകുന്നതിലുള്ള ആനന്ദവും അദ്ധ്വാനശീലവും സ്വന്തമാക്കാൻ നമുക്കു വിശുദ്ധനെ അനുകരിക്കാം. വി. യൗസേപ്പിതാവിന്റെ നാമം വഹിക്കുന്ന സെന്റ് ജോസഫ്സ് കോൺഗ്രിഗേഷനിൽ അംഗമായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്ന നാം വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ ദൈവതിരുമനസ്സിനോടുള്ള വ്യവസ്ഥയില്ലാത്ത കീഴ്വഴക്കത്തിലും നമ്മെ ഏല്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ എന്തു ത്യാഗം ചെയ്തും നിറവേറ്റുന്നതിലും മൗനിയായി എന്തും സഹിക്കുന്നതിലുള്ള കഴിവിലും സ്വന്തം സ്തുതിയും

മഹത്വവും നോക്കാതെ എളിയവളായി നിന്ന് ശുശ്രൂഷ ചെയ്യുന്ന തിലും വിശ്വസ്തത പാലിക്കാൻ വി. യൗസേപ്പിതാവ് നമ്മെ കട പ്പെടുത്തുന്നു. എല്ലാം സ്പഷ്ടമാക്കുന്ന ഒരു ആത്മീയ പാതയല്ല, വി. യൗസേപ്പ് നമുക്കായി കണ്ടെത്തിയത് മറിച്ച് എല്ലാം സ്വീകരി ക്കുന്ന ഒരു പാതയാണ്. ജോബിന്റെ പുസ്തകം 2/10 ൽ പറയുന്ന തുപോലെ സഹനങ്ങൾ ഏറ്റുവാങ്ങാതെ, ദൈവത്തിൽ നിന്നും നന്മ മാത്രം സ്വീകരിക്കുവാൻ നമുക്കു സാധിക്കുമോ?

ദൈവഹിതത്തിന് എപ്പോഴും കാതോർക്കുന്ന ദൈവഹിത ത്തിന് തന്നെത്തന്നെ സ്വയം സമർപ്പിക്കുന്ന വി. യൗസേപ്പിതാവാണ് എന്റെ മദ്ധ്യസ്ഥൻ. ഏതു ദേവാലയത്തിൽ ചെന്നാലും യൗസേപ്പി താവും മാതാവും ഉണ്ണീശോയും ഉണ്ടോ എന്ന് നോക്കുന്ന ഒരു പതിവ് എനിക്കുണ്ട്. അപ്പനും അമ്മയും മകനും ചേരുന്ന ആ തിരു കുടുംബം അത് എനിക്കെന്നുമൊരു ഹരമാണ്. എന്റെ ജീവിതത്തി ലുടനീളം ചെറുതും വലുതുമായ കാര്യങ്ങളിൽ എനിക്കു വിജയം നേടിത്തന്നതും രോഗസൗഖ്യം ലഭിച്ചതുമൊക്കെ ഈ തരത്തിലുള്ള ഒരു വ്രത മനോഭാവത്തിലൂടെയാണ്. അതായത്; എത് പ്രതിസന്ധി നേരിടേണ്ടിവന്നാലും എന്തെങ്കിലും ഒരു തീരുമാനം എടുക്കേണ്ടി വന്നാലും ആര് പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടാലും ഞാൻ ചെയ്യുന്നതും പറഞ്ഞുകൊടുക്കുന്നതുമായ ഒരു കാര്യം ഇത്രമാത്രം, അപ്പനും അമ്മയും കൂടി ഒരു കാര്യം മകനോടു ചോദിച്ചാൽ എത്ര തല്ലിപ്പൊളി മകനായാലും ആ ആഗ്രഹം സാധിച്ചുകൊടുക്കില്ലേ? അതുകൊണ്ട് നമുക്കും പ്രാർത്ഥിക്കാം വി. യൗസേപ്പിതാവിനോട്, പരി. മാതാവിനോട്, ഈശോയോട് വി. യൗസേപ്പിതാവിന്റെയും പരി. അമ്മയുടേയും പ്രാർത്ഥന ചൊല്ലിയശേഷം അതു ഈശോ യുടെ തിരുഹൃദയ പ്രാർത്ഥന ചൊല്ലി തിരുക്കുമാരനെ ഏല്പിക്കു കയും ആ അപേക്ഷ ഉപേക്ഷിക്കപ്പെടുകയും ഇല്ല. ഞാൻ ഐ. റ്റി.സി യിൽ പഠിക്കുന്നകാലം (1978-80) മുതലുള്ള ശീലമാണിത്. ഞാൻ ഐ.റ്റി.സി യിൽ പഠിക്കുന്നകാലത്ത് പഠനകാര്യത്തിൽ മാത്ര മല്ല കായികമത്സരങ്ങളിൽപോലും കുട്ടികൾ തമ്മിൽ ഒന്നാമതാ കാൻ വലിയ വാശിയായിരുന്നു. ഈ അവസരങ്ങളിലെല്ലാം

വി. യൗസേപ്പിതാവിനോടും പരി. അമ്മയോടും ഈശോയുടെ തിരുഹൃദയത്തോടും പ്രാർത്ഥിക്കാതെ ഒരിക്കലും പോയിട്ടില്ല. ആ ശീലം ഇന്നും തുടരുന്നു. അതുകൊണ്ടുതന്നെ കായികമത്സരത്തിൽ കായിക താരങ്ങൾ ഉണ്ടായിരുന്നിട്ടുപോലും ചാമ്പ്യൻ ആകുകയും പഠനത്തിൽ ബെസ്റ്റ് ട്രെയിനിക്കുള്ള ട്രോഫി നേടുകയും ചെയ്തു. അതുപോലെതന്നെ ഡിഗ്രിയ്ക്ക് അത്ഭുതം എന്നുതന്നെ പറയാം. എനിക്കു കൃത്യം ഫസ്റ്റ് ക്ലാസ് ലഭിച്ചു. M.Sc ക്കു നേടിയ വിജയവും ഇപ്രകാരം തന്നെ. വി. യൗസേപ്പിതാവിന്റെ കൃപയും അനുഗ്രഹവും മാത്രമാണ് എന്റെ വിജയത്തിന്റെ പിന്നിലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

1990 മുതലുള്ള കാലം ദൈവാനുഗ്രഹത്തിന്റെ നീർച്ചാൽ തന്നെയായിരുന്നു. 3 മാസത്തെ കാലാവധി പറഞ്ഞ് ഉപേക്ഷിക്കപ്പെട്ട ക്യാൻസർ രോഗിയായിരുന്ന ഞാൻ ഇതാ പൂർണ്ണസൗഖ്യത്തോടെ 32 വർഷം പൂർത്തിയാക്കിയിരിക്കുന്നു. വി. യൗസേപ്പിന്റെ മുഖത്തു നോക്കി ഉണ്ണിശോയോട് കാര്യങ്ങൾ കൃത്യമായി പറയൂ എന്നു പറഞ്ഞാൽ ദൈവത്തെയും മനുഷ്യരെയും അനുസരിക്കുന്ന ദൈവഹിതം നിറവേറ്റാൻ പഠിപ്പിക്കുന്ന എന്റെ വഴികാട്ടിയും സ്വർഗ്ഗീയപിതാവുമാണ് വി.യൗസേപ്പ്. പരി. അമ്മയുടെ മാദ്ധ്യസ്ഥ്യവും സഹായവും കൂടിയാകുമ്പോൾ ഈശോയ്ക്ക് എങ്ങനെ അത്ഭുതം പ്രവർത്തിക്കാതിരിക്കാൻ സാധിക്കും!

ഭയപ്പെടേണ്ട നമുക്കു ജോസഫിൻ പക്കലേക്കു പോകാം. ജോസഫ് എവിടെ ഉണ്ടോ അവിടെ മറിയവും യേശുവും ഉണ്ട്. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. നാം വിശ്വസിക്കുകമാത്രം ചെയ്താൽ മതി. വി. യൗസേപ്പിന്റെ പിതൃഹൃദയത്തിന്റെ ആർദ്രസ്നേഹം നമ്മുടെ ഓരോരുത്തരുടെയും അനുദിന ജീവിതാനുഭവങ്ങളിലൂടെ നമുക്കും ആസ്വദിക്കാം. ദൈവത്തിന്റെ ആർദ്രസ്നേഹത്തിന്റെ പ്രതിബിംബം പോലെയാണ് ഒരു പിതാവെന്ന നിലയിൽ ജോസഫിന്റെ ആർദ്രതയെന്ന് ഫ്രാൻസീസ് മാർപാപ്പാ 2022 ജനുവരി 19-ന് രാവിലെ നടന്ന പൊതുദർശനത്തിൽ തടവുകളിൽ കഴിയുന്ന ജനങ്ങൾക്ക് വീണ്ടും തുടങ്ങാൻ കഴിയുംവിധം

ആർദ്രത കണ്ടെത്താനാകണമെ എന്നു പ്രാർത്ഥിക്കാൻ മാർപാപ്പാ വിശ്വാസികളോടഭ്യർത്ഥിച്ചു. പിതാവായ ദൈവത്തിന്റെ ആർദ്ര സ്നേഹം നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ മധ്യസ്ഥ്യതയാൽ അനുഭവിച്ച് സഹനങ്ങളിൽ ദൈവഹിതം കണ്ടെത്താൻ ജയിലറകളിൽ കഴിയുന്ന സഹോദരങ്ങൾക്ക് കഴിയട്ടെ എന്ന് നമുക്കു ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

'ജോസഫ്' എന്ന വ്യക്തിത്വത്തിന്റെ പിതൃസ്നേഹവും യേശുവിന്റെ ജീവിതത്തിൽ അതിന്റെ പ്രാധാന്യവും വിവരിച്ചുകൊണ്ട് പരിശുദ്ധപിതാവ് 2020 ഡിസംബർ 8 ന് ഇറക്കിയ അപ്പസ്തോലിക ലേഖനമാണ് "പിതൃഹൃദയത്തോടെ" എന്നത്. ജോസഫിന്റെ പിതൃത്വം ദൈവത്തിന്റെ ആർദ്രസ്നേഹം പ്രതിഫലിപ്പിക്കുന്നുവെന്ന് അതിൽ വ്യക്തമാണ്. "സ്വപ്നം കാണുന്ന മനുഷ്യൻ" ആണ് വി.യൗസേപ്പ്. കാരണം ദൈവം വിശുദ്ധനോടു സംസാരിച്ചത് നാലു സ്വപ്നങ്ങളിലൂടെയാണ്. മത്താ.1:18-25. മറിയത്തിന്റെ ഗർഭധാരണത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നു. മത്താ. 2:13 ഉണ്ണിയേശുവിന്റെ ജീവൻ അപകടത്തിലാണ്, ഈജിപ്തിലേക്കു പലായനം ചെയ്യുക എന്ന് സ്വപ്നത്തിലൂടെ അറിയിക്കുന്നു. മത്താ.2:19:20 ശിശുവിനെ വധിക്കാൻ ശ്രമിച്ചവൻ മരിച്ചു എന്ന സ്വപ്നം. മത്താ. 2:21:23 സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് അവൻ ഗലീലിയ്ക്കുപോയി നസറത്ത് എന്ന പട്ടണത്തിൽ ചെന്നു പാർത്തു. സ്വപ്നത്തിൽ ലഭിക്കുന്ന അറിയിപ്പനുസരിച്ച് പ്രവർത്തിക്കുന്ന വി. യൗസേപ്പിന്റെ ജീവിത മാതൃകയിൽ കവിഞ്ഞ ഒരു പാഠം നമുക്കു എന്തിന്? ഏതു പ്രതിസന്ധിയും എങ്ങനെ തരണം ചെയ്യണം എന്ന് സ്വന്തം ജീവിതത്തിലൂടെ നമ്മുടെ വിശുദ്ധൻ നമ്മെ പഠിപ്പിക്കുന്നു. കൊടുങ്കാറ്റും പേമാരിയും നമ്മുടെ ജീവിതത്തിൽ ആഞ്ഞടിച്ചാൽ നാം എന്തിന് ഭയപ്പെടണം? ധൈര്യമായി എസ്.ജെ.സി മക്കൾ പോകണം, യൗസേപ്പിൻ പക്കലേയ്ക്ക് അവിടെയാണ് എല്ലാറ്റിനും ഉത്തരം. അവിടുന്ന് നമ്മെ പിതൃഹൃദയത്തോടു ചേർത്ത് നിർത്തും. പരിഹാരമില്ലായെന്നു തോന്നുന്ന സന്ദർഭങ്ങളിൽ നമുക്ക് മനസ്സിലാകാത്ത സാഹചര്യ

ങ്ങളിൽ ജീവിതം നമ്മെ കൊണ്ടെത്തിക്കുമ്പോൾ ഓർക്കുക: ഏതു പ്രശ്നവും കൈകാര്യം ചെയ്യാൻ നമുക്ക് ആവശ്യമായ സഹായം തരാതെ, കർത്താവ് ഒരിക്കലും ഒരു പ്രശ്നവും അനുവദിക്കുക യില്ല എന്ന യാഥാർത്ഥ്യം ഈ ഉൾക്കാഴ്ച ലഭിക്കാൻ വേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടത്.

ഞാൻ എന്റെ ജീവിതാനുഭവത്തിലൂടെ ഇത് വ്യക്തമാക്കാം. 1988-89 കാലഘട്ടത്തിൽ ബീഹാറിലെ 'ലൊഹർദഹ' എന്ന സ്ഥലത്ത് ബി.എഡ് കോളേജിൽ കോഴ്സ് പൂർത്തിയാക്കിയെങ്കിലും ആ വർഷം ബി.എഡ് പരീക്ഷ നടന്നില്ല. ഏകദേശം ഒരു വർഷത്തെ കാത്തിരിപ്പിന് ശേഷം പരീക്ഷ എഴുതാൻ ചെല്ലുന്നു. പരീക്ഷയ്ക്കു ഒരുക്കമായുള്ള ദിവ്യബലി നടന്നു. പരീക്ഷ എഴുതാനുള്ള പേന വെഞ്ചരിച്ചു. ഇതെല്ലാം കഴിഞ്ഞ് മുറിയിൽ വന്നപ്പോൾ അന്നത്തെ ന്യൂസ് പേപ്പറിൽ ഒരു വാർത്ത വന്നു; ബി. എഡ് പരീക്ഷ നീട്ടി വെച്ചു എന്ന്. 100 പെൺകുട്ടികൾ പഠിക്കുന്ന ആ കോളേജ് മരിച്ച വീടുപോലെയായി. എല്ലാവരും തിരിച്ചുപോകുന്നു. കേരളത്തിൽ നിന്നും വന്ന ഏക വ്യക്തി ഞാൻ മാത്രം. എന്തായാലും തിരിച്ചു പോകാം എന്നു തീരുമാനിച്ചു റെയിൽവേ സ്റ്റേഷനിൽ എത്താൻ ശ്രമിച്ചപ്പോൾ ട്രെയിൻ വെള്ളപ്പൊക്കം കാരണം ക്യാൻസൽ ആയി. ആഴ്ചയിൽ ഒരു ദിവസം ബുധനാഴ്ച മാത്രം. ആ ദിവസങ്ങൾ എങ്ങനെ ചിലവഴിച്ചുവെന്ന് ചിന്തിക്കാൻ പോലും വയ്യാ. കാലു കുത്താൻ സ്ഥലമില്ല. 3 ദിവസത്തെ യാത്ര. ഒരു തരത്തിൽ തിരിച്ചു ജനറലേറ്റിൽ വന്നു. അന്ന് ഒരു പടം കിട്ടി. "Live A Day at a Time" (മത്താ.6:34 ) ഈ വചനം മനസ്സിലാക്കി ആ പടം ഞാൻ പോക്കറ്റിലിട്ടു. പിറ്റേ ദിവസം വായിക്കാൻ എടുത്ത പുസ്തക ത്തിന്റെ ഓരോ പേജിലും ഉണ്ടായിരുന്ന ആശയം "Live A Day at a Time"എന്നതായിരുന്നു. ഞാൻ ഒത്തിരി ഫ്രഷ് ആയി. ഞാൻ ഫ്രഷ് ആയി എന്നു കണ്ടതോടെ ആനിജോണമ്മ എന്നെ കണ ക്കെഴുതി സഹായിക്കാൻ വിളിച്ചു. അധികം ദിവസങ്ങൾ താമസി ക്കാതെ തന്നെ എന്റെ വയറ് കമ്പിക്കാനും തുടങ്ങി. ഉല്ലാസ സമയത്ത് എല്ലാവരും തട്ടിയും മുട്ടിയും നോക്കും. ഡെന്നീസമ്മ

ഗ്യാസിന്റെ മരുന്നു തരുന്നു, പരീക്ഷ മാറിപ്പോയതിന്റെ മനഃപ്രയാസംകൊണ്ടു തോന്നുന്നതാണെന്ന് വിചാരിച്ച് ഞാൻ ആശുപത്രിയിലും പോയില്ല.

അവസാനം 1990 ൽ സെപ്തംബർ മാസത്തിൽ ക്യാൻസർ ആയി കിടന്ന ത്രേസ്യാ ചേച്ചിയെ കാണാൻ ഞാനും മദർ ജനറൽ സിറിളമ്മയും കാരിത്താസിൽ പോയി. എന്നെ അവിടെ നിർത്തിയിട്ട് ഡോക്ടറെ കണ്ടിട്ട്  വന്നാൽ മതിയെന്നു പറഞ്ഞു. ഡോക്ടർ എന്നെ പരിശോധിച്ചു. പിറ്റെദിവസം അഡ്മിറ്റ് ആക്കി. സെപ്തംബർ 18 ന് ഓപ്പറേഷൻ നടന്നു. മൂന്ന് മാസത്തിൽ കൂടുതൽ ജീവിക്കില്ല എന്ന് പറഞ്ഞു. ക്യാൻസർ ട്രീറ്റ്മെന്റിന് അടയാറിലേയ്ക്ക് പോയി. തേഡ് സ്റ്റേജ് ആയി.  16 കീമോതെറാപ്പി എടുക്കണമെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. മദർ ജനറൽ സിറിൾ അമ്മയുടെ നിർബന്ധത്തിന് വഴങ്ങി കീമോ തുടങ്ങിയെങ്കിലും കംപ്ലീറ്റ് ആകാതെ, മരുന്ന് റിയാക്റ്റ് ചെയ്തതുമൂലം തുടരാൻ സാധിച്ചില്ല. യാതൊരു കുലുക്കവും തട്ടാത്ത എന്റെ മനസ്സ് പറയും "Live A Day at a Time". ഈ രോഗത്തെ തരണം ചെയ്യാൻ തിരുവചനവും പ്രാർത്ഥനയും വിശുദ്ധരുടെ പുസ്തകപാരായണവുമായി മുന്നോട്ടു നീങ്ങിയ എനിക്കു ദൈവം വിശുദ്ധ യൗസേപ്പിന്റെ രൂപത്തിൽ ഒരു മാലാഖായെ സൗഖ്യത്തിനായി അയച്ചു, ഡോ. ജേക്കബ് കുര്യൻ. എനിക്ക് എപ്പോൾ ഓപ്പറേഷൻ ആവശ്യമുണ്ടോ അപ്പോൾ ഡോക്ടർ എന്നെ തേടിയെത്തും. ദൈവം യൗസേപ്പിന്റെ അടുത്തു മാലാഖായെ അയച്ചുവെങ്കിൽ ഡോക്ടേഴ്സിന്റെ രൂപത്തിൽ വി. യൗസേപ്പിതാവ് എന്റെ അടുത്ത് എത്തും. 1993 ലും 2002 ലും വളരെ ക്രിട്ടിക്കൽ ആയ ഓപ്പറേഷൻ സമയങ്ങളിൽ ഇത് വളരെ വ്യക്തമായിരുന്നു.

1993 മാർച്ച് 17-ാം തീയതി ഓപ്പറേഷൻ നടന്നു.  1993 ഡിസംബറിൽ മൈക്കിളച്ചന്റെ ഒതിരുച്ചട്ടം  നടക്കാനിരിക്കുന്നു. ഓപ്പൺ ചെയ്താലെ ഓപ്പറേഷൻ വിജയിക്കുമോ ഇല്ലയോ എന്നറിയാവൂ എന്ന് ഡോക്ടേഴ്സ്. ഞാൻ  തീരുമാനിക്കുന്ന തീരുമാനം ദൈവഹിതത്തിന് സമർപ്പിച്ചു. അവിടുന്ന് അത്ഭുതകരമായ വിജയം

നൽകി അനുഗ്രഹിച്ചു. ഒരുങ്ങിയുള്ള 10 മണിക്കൂർ നീണ്ട കോളാസ്റ്റമി ഓപ്പറേഷൻ 3 മെയിൻ സർജൻ ഓൺക്കോളജി, യൂറോളജി, തൊറാസിക്ക് അവിടെയും ദൈവം എന്നെ ഉള്ളം കൈയ്യിൽ താങ്ങി. കൊളാസ്റ്റമി കൂടാതെ സുരക്ഷിതയാക്കി സമ്പൂർണ്ണ സൗഖ്യമുളവാക്കി. ഇവിടെയെല്ലാം മാലാഖായെപ്പോലെ വി.യൗസേപ്പിന്റെ രൂപത്തിൽ ഡോ. ജേക്കബ് കുര്യൻ ഉണ്ടായിരുന്നു. ആവിലായിലെ വി. അമ്മത്രേസ്യായെപ്പോലെ ഞാനും പറയും ഞാൻ ചോദിച്ചതൊന്നും എനിക്കു ലഭിക്കാതിരുന്നിട്ടില്ല എന്ന്. വി. യൗസേപ്പിതാവിനോട് ചോദിച്ചാൽ അവിടുന്ന് തന്റെ കൈയ്യിലിരിക്കുന്ന തിരുക്കുമാരന്റെ ചെവിയിൽ നമ്മുടെ കാര്യങ്ങൾ പറയും ഒപ്പം പരി. അമ്മയും കൂടും. അപ്പോൾ പിന്നെ അപേക്ഷിക്കുന്ന കാര്യം നിരസിക്കാൻ ആർക്ക് സാധിക്കും?

നമുക്കും പോകാം കന്യകകളുടെ കാവൽക്കാരനായ വി.യൗസേപ്പിൻ പക്കലേയ്ക്ക് തിരുസഭയുടെ സംരക്ഷകനായ ആ പുണ്യപിതാവിൻ ചാരത്തേയ്ക്ക്, തൊഴിലാളി മദ്ധ്യസ്ഥനായ ആ തച്ചന്റെ അടുത്തേയ്ക്ക് നന്മരണ മദ്ധ്യസ്ഥനായ യൗസേപ്പിന്റെ കൂടെ പരി. മറിയത്തിന്റെയും ഉണ്ണിയേശുവിന്റേയും സഹായം തേടാം. ഏതു കാര്യം നാം ചോദിച്ചാലും നമ്മെ സഹായിക്കും എന്ന ഉറപ്പോടെ വി.യൗസേപ്പിനൊപ്പം നമുക്കും യാത്ര തുടരാം. “ദൈവത്തിനൊന്നും അസാദ്ധ്യമല്ല” (ലൂക്കാ.1:37). അപ്പോൾ ദാനിയേലിനെപ്പോലെ നമുക്കും പറയാൻ കഴിയും “ദൈവമെ അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല (ദാനി 14:38) എന്ന്.

**സി. സമീന എസ്.ജെ.സി**






# വി. യൗസേപ്പിതാവ് എന്റെ സുകൃത വഴി

**വി.**മത്തായി 1:19 "അവളുടെ ഭർത്താവായ ജോസഫ് നീതിമാൻ ആകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഇതാണ് വി. യൗസേപ്പിതാവിന്റെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്ന ഏക ബൈബിൾ വചനം. നീതിബോധമുള്ള ഒരു മനുഷ്യൻ ഒരിക്കലും മറ്റുള്ളവരെ വേദനിപ്പിക്കുവാനും തള്ളിപറയുവാനും തയ്യാറാവുകയില്ല.

പിന്നണിയിൽനിന്നുകൊണ്ട് നിശ്ശബ്ദം സേവനം ചെയ്യുന്ന വ്യക്തിത്വം. ദൈവത്തിൽ ആഴമായ വിശ്വാസമുള്ള വ്യക്തി. ആഴമായ വിശ്വാസം ഏതു പ്രതിബന്ധത്തെയും തരണം ചെയ്യാൻ സഹായിക്കും. അപകടസ്ഥലത്തേക്കുള്ള യാത്രയിലും അമ്മയുടെ കയ്യിലിരിക്കുന്ന കുഞ്ഞിന് ലേശംപോലും ഭയമില്ല. കാരണം, അമ്മയെ കുഞ്ഞിന് വിശ്വാസമാണ്. യേശുവിന്റെ ജനനവേളയിലും പിന്നീട് ഈജിപ്തിലേക്കുള്ള യാത്രയിലും നസ്രസ്സിലേക്കുള്ള വഴികളിലും എല്ലാം തിരുക്കുടുംബത്തെ നയിച്ചത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ്. എന്റെ ജീവിതത്തിലും ഏതൊരാവശ്യത്തിലും വി.യൗസേപ്പിതാവിന്റെ ഈ യാത്രാ വഴികൾ ഞാൻ ധ്യാനവിഷയമാക്കാറുണ്ട്.

*"എവിടെല്ലാം നീയെന്നെ കൊണ്ടുപോയീടിലും*
*അവിടെല്ലാം പറുദീസപോലെ തോന്നും*
*എന്നിൽ ഭയമില്ലാതെല്ലും*
*നീ കൂടെയില്ലേ യഹോവേ"*

ഈയൊരു അടിയുറച്ചബോധ്യം എന്നിൽ ആഴപ്പെട്ടത് വി. യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്നുമാണ്.

വി. യൗസേപ്പിതാവിന്റെ നിശ്ശബ്ദമായ സഹനം എന്നെ ഒത്തിരി അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ആരെയും പഴിക്കാതെ പരിഭവം പറയാതെ ജീവിക്കുവാനുള്ള കൃപ വി. യൗസേപ്പിതാവിന്റെ ജീവിത വഴിത്താരയിൽക്കാണുന്ന ഒരു സവിശേഷതയാണ്. താൻ പഠിച്ച തൊഴിൽചെയ്ത് കുടുംബത്തെപോറ്റിയ വി. യൗസേപ്പിതാവ് അദ്ധ്വാനശീലത്തിന്റെ മാതൃകയാണ്. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കണം എന്ന ദൈവിക ആഹ്വാനത്തെ അതേപടി അനുസരിച്ച വ്യക്തി. മറിയത്തെയും യേശുവിനെയും പരിപാലി ക്കുവാനുള്ള ധനാഗമമാർഗ്ഗം വി. യൗസേപ്പിന്റെ ആശാരിപ്പണി യായിരുന്നു. താൻ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ലാഭേച്ഛകൂടാതെ നിസ്വാർത്ഥമായി ചെയ്തുതീർക്കുന്ന ഒരു വ്യക്തിത്വം.

ഇന്നത്തെ ലോകത്തിൽനിന്നും വളരെ വിഭിന്നമായ ചിന്താഗതിയായിരുന്നു ജോസഫിന്റേത്. ഇന്ന് തൊഴിൽ ചെയ്യുന്നവർ അതിൽനിന്നും എന്തുമാത്രം ലാഭം തനിക്ക് ഉണ്ടാക്കാൻ സാധിക്കും എന്നാണ് ആദ്യമേതന്നെ ചിന്തിക്കുക. പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടുനിന്ന വ്യക്തിത്വമാണ് വി. യൗസേപ്പിന്റേത്. മാതാവിനെ ഒരു തരത്തിലും കുറ്റപ്പെടുത്തു കയോ താഴ്ത്തികെട്ടുകയോ ചെയ്യാതെ അങ്ങേയറ്റം ബഹുമാന ത്തോടെ യൗസേപ്പ് പരിപാലിച്ചു. തിരുക്കുടുംബത്തിന്റെ സന്തോഷത്തിന്റെ രഹസ്യത്തെക്കുറിച്ച് യൗസേപ്പിനോടു ചോദിച്ചാൽ അദ്ദേഹം പറയും അതു മറിയത്തിന്റെയും ഉണ്ണി യുടെയും നന്മയാണെന്ന്.  ഉണ്ണ ിയേശുവിനോടു ചോദിച്ചാൽ പറയും പിതാവിന്റെയും മാതാവിന്റെയും നന്മയാണെന്ന്. മറിയ ത്തോടു ചോദിച്ചാൽ പറയും അത് യൗസേപ്പിന്റേയും ഉണ്ണിയുടെയും നന്മയാണെന്ന്.

ഇങ്ങനെ പരസ്പരം വളർത്തിയ നസ്രസ്സിലെ ആ കുടുംബനാഥന്റെ നാമത്തിലുള്ള സെന്റ് ജോസഫ്സ്

കോൺഗ്രിഗേഷനിൽ അംഗമാകുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യ മായി ഞാൻ കാണുന്നു. വി.യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ വളരുവാൻ എസ്.ജെ.സി.യിലെ പ്രാർത്ഥനകളും ഗാനങ്ങളും എന്നെ ഏറെ സഹായിച്ചിട്ടുണ്ട്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.യൗ സേപ്പിതാവിന്റെ സുകൃതവഴികളിലൂടെ സഞ്ചരിക്കുവാനും അവയെ കൂടുതലായി ധ്യാനിക്കുവാനും നമുക്ക് പരിശ്രമിക്കാം. നന്മ ചെയ്യുന്നതിലും ദൈനംദിനജീവിതത്തിൽ സുവിശേഷപ്രകാരം ജീവിക്കുന്നതിലും സർഗ്ഗാത്മകതയും വിവേകവും ജാഗ്രതയും ഒരുപോലെ പുലർത്തുന്നതിനും ആവശ്യമായ കൃപയ്ക്കുവേണ്ടി വി. യൗസേപ്പിതാവിനോട് മക്കളായ നമുക്ക് പ്രാർത്ഥിക്കാം. "വിവേകപൂർണ്ണമായ സർഗ്ഗാത്മകതയുടെ നന്മയും സ്നേഹവും പങ്കുവെയ്ക്കാം" എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. ഈ കാലഘട്ടത്തിൽ വിവേകത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടു ന്നതിനായി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രത്യേകം നമുക്ക് യാചിക്കാം.

**സി. ലിയോ എസ്.ജെ.സി**





10

# വി. യൗസേപ്പ് - നീതിയുടെ വാതിൽ

"എന്റെ ഹൃദയം മൂന്നുകാര്യങ്ങളിൽ ആനന്ദംകൊള്ളുന്നു. അവ കർത്താവിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ മനോഹര മാണ്. സഹോദരന്മാർ തമ്മിലുള്ള യോജിപ്പ് അയൽക്കാർ തമ്മിലുള്ള സൗഹൃദം. ഭാര്യാഭർത്താക്കന്മാർ പരസ്പരമുള്ള ലയം (പ്രഭാ 25:1). സഹോദരന്മാർ തമ്മിലുള്ള യോജിപ്പ് സ്നേഹത്തിൽ നിന്നാണ്. അയൽക്കാർ തമ്മിലുള്ള സൗഹൃദം സ്നേഹത്തിൽ നിന്നാണ്. ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരമുള്ള ലയവും സ്നേഹത്തിന്റെ ഫലമണ്. ഈ മൂന്നു കാര്യങ്ങളും അങ്ങനെതന്നെ ആയിരിക്കുന്ന തിനുവേണ്ടിയാണ് ദൈവം കുടുംബം സ്ഥാപിച്ചത്. അങ്ങനെയുള്ള ഒരു കുടുംബമാണ് വിശുദ്ധ യൗസേപ്പിന്റേത്. എല്ലാ ഗുണങ്ങളും ഉള്ള തിരുക്കുടുംബം. ഈ കുടുംബനാഥനായ ജോസഫ് നീതിമാനായിരുന്നു (മത്തായി 1:19). നീതി എന്ന വാക്കുകൊണ്ട് വിശുദ്ധന്റെ സംഭവബഹുലമായ ജീവചരിത്രമാണ് നമ്മെ വരച്ചുകാണിക്കുന്നത്.

നിയമങ്ങളും ചട്ടങ്ങളുമൊക്കെ സമൂഹത്തിന്റെയും സഭയുടെയും രാജ്യത്തിന്റെയും കെട്ടുറപ്പിനും സുസ്ഥിതിക്കും അത്യന്താപേക്ഷിതമാണ്. അമേരിക്കൻ രാജ്യതന്ത്രജ്ഞനായിരുന്ന തോമസ് ജെ. ഫേസൺ പറഞ്ഞിട്ടുണ്ട്; "നിയമം ഉണ്ടാക്കുന്നതി ലേറെ പ്രധാനപ്പെട്ടതാണ് നിയമം ഏതുരീതിയിൽ നടപ്പിലാക്കുന്നു എന്നത്". നിയമങ്ങൾ ഉണ്ടാക്കുക പലപ്പോഴും എളുപ്പമാണ്. എന്നാൽ നീതിയോടുകൂടി അവ നടപ്പിലാക്കുക അത്ര എളുപ്പമല്ല. ദൈവത്തിന്റെ നീതി സ്ഥാപിതമാകുമ്പോൾ മാത്രമേ സാമൂഹ്യ നീതിയും സ്ഥാപിതമാകുകയുള്ളൂ (റോമ. 14:17). നീതി

ദൈവരാജ്യത്തിന്റെ മുഖമുദ്രകളിലൊന്നാണ്. ദൈവിക നീതിക്കുവേണ്ടിയുള്ള അഭേദ്യമായ ദാഹം ദൈവഭക്തന്റെയും യേശു അനുയായിയുടെയും ലക്ഷണമാണ്. പ്രവാചകന്മാർ നീതിക്കു വേണ്ടി തീക്ഷ്ണമായി ദാഹിച്ചവരായിരുന്നു. നീതിക്കുവേണ്ടിയുള്ള തീക്ഷ്ണത ദൈവത്തിനുവേണ്ടിയുള്ള ദാഹംതന്നെയാണ്. വി. യൗസേപ്പ് നീതിക്കുവേണ്ടി ആഗ്രഹിച്ച് നീതിപൂർവ്വം ജീവിച്ചു.

നാം എങ്ങനെ നമ്മുടെ ജീവിതത്തിൽ നീതിയും നിയമവും നടപ്പാക്കുന്നു എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. നാം ഏതു ജീവിതത്തുറയിലായിരുന്നാലും നമ്മുടേതായ സാഹചര്യത്തിൽ നീതിയും നിയമവും നടപ്പാക്കേണ്ട സാഹചര്യം ഉണ്ടാകും. അപ്പോൾ കരുണ കലർന്ന നീതിയാണ് നമ്മൾ നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്തണം. നീതിനിർവഹണം അനീതിയായി മാറാതിരിക്കാൻ നമുക്ക് ശ്രമിക്കാം. ദൈവത്തിന്റെ ഈ കരുണാർദ്രമായ നീതിയുടെ പ്രത്യക്ഷമായ അവതാരമണ് യേശു. ദൈവത്തിന്റെ നീതിയോട് അടുത്ത നീതി പാലിക്കുന്ന ഒരു മനുഷ്യമാതൃകയും ഭൂമിയിൽ യേശുവിന് ഉണ്ടായിരുന്നു. സ്വന്തം വളർത്തുപിതാവായ വി. യൗസേപ്പ് : അതെ സുവിശേഷത്തിലെ നീതിമാനായ മനുഷ്യൻ വിവാഹത്തിനുമുമ്പേ ഗർഭിണിയായി കാണപ്പെട്ട മറിയത്തെ പരസ്യമായി അപമാനിക്കുകയും കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുക എന്ന നിയമം അനുസരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. താൻ വഹിച്ച ദൈവനീതിക്കു അനുസൃതമായ നീതിബോധമാണ് തന്റെ വളർത്തുപിതാവിൽ യേശു ദർശിച്ചത്. നമ്മെ ദൈവമക്കളുടെ പദവിയിലേയ്ക്ക് ഉയർത്തിയ രക്ഷാകരനീതിയുടെ സാക്ഷാത്ക്കാരമാണ് വി. യൗസേപ്പിന്റെ നീതി. വി. യൗസേപ്പിന്റെ നാമത്തിൽ സ്ഥാപിതമായ ഈ സമൂഹത്തിൽ അംഗമായി ചേരാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. വി. യൗസേപ്പിന്റെ നീതിയുടെ കാറ്റ് എല്ലാവരിലും വീശട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**സി. മേബിൾ എസ്.ജെ.സി**




# വി. യൗസേപ്പ് മൗനം വാചാലമാക്കി

**വി.** യൗസേപ്പിനെ നല്ല ഒരു വിശുദ്ധനായി കാണുന്നെങ്കിലും യേശുവിന്റെ യഥാർത്ഥ പിതാവല്ലാത്തതിനാൽ സഭ പരി. കന്യകാമറിയത്തിന്റെ സംരക്ഷകൻ എന്ന അതിർവരമ്പിൽ തറച്ചിട്ടിരിക്കുകയായിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശുദ്ധരോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കാൻ തുടങ്ങിയതുമുതൽ വി. യൗസേപ്പിനോടുള്ള ഭക്തിയിൽ സഭാംഗങ്ങളും പുരോഗമിച്ചു. 1870 -ൽ 9-ാം പീയൂസ് മാർപ്പാപ്പ തിരുസഭയുടെ പാലകനായി ഈ വിശുദ്ധനെ പ്രഖ്യാപിച്ചു. 2013 ൽ ഫ്രാൻസിസ് മാർപ്പാപ്പ വി. കുർബാനയിൽ വി. യൗസേപ്പിതാവിന്റെ നാമം കൂട്ടിച്ചേർത്തു. അങ്ങനെ വി. യൗസേപ്പിതാവിന്റെ വിളിയുടെ ശ്രേഷ്ഠത, വിശുദ്ധി, മദ്ധ്യസ്ഥത, ദൗത്യം എന്നിവയെ സംബന്ധിക്കുന്ന ശാഖകൾ പുഷ്പിക്കാൻ തുടങ്ങി. ദൈവം തന്റെ അമൂല്യ നിധിയായ പുത്രനെ രക്ഷാകര ദൗത്യത്തിനായി ഭൂമിയിലേയ്ക്ക് അയച്ചപ്പോൾ തന്റെ സ്ഥാനക്കാരനായിട്ട് ആ ദൗത്യം പൂർത്തിയാക്കുവാൻ ഏൽപ്പിച്ചത് വി. യൗസേപ്പിതാവിനെയാണ്.

വി. യൗസേപ്പിതാവ് തന്റെ വിശുദ്ധ സ്നേഹത്തിലൂടെയും നിശ്ശബ്ദ സേവനത്തിലൂടെയും ആരും അറിയാതെയും ആരെയും അറിയിക്കാതെയും യേശുവിനെയും പരി. മറിയത്തെയും തന്റെ ഹൃദയത്തിൽ വഹിച്ച വത്സലപിതാവും ഒരു നല്ല ഭർത്താവുമായിരുന്നു. മാനുഷിക നന്മയായ അദ്ധ്വാനത്തെ ഒരു സ്നേഹപ്രകടനവും ജീവിതചര്യയുമാക്കിതീർത്ത ഈ പിതാവ് തന്റെ പുത്രനെ ചെറുപ്പത്തിലെതന്നെ തന്റെ ദൗത്യനിർവ്വഹണത്തിനു ശീലിപ്പിക്കു

കയായിരുന്നു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വളർന്നുവന്ന യേശു ഈ തച്ചനിൽ നിന്നും കണ്ടതും കേട്ടതും പഠിച്ചതും അനുഭവിച്ചതുമായ കാര്യങ്ങളാണ് തന്റെ ശിഷ്യൻമാർക്ക് പകർന്നുകൊടുത്തതും പഠിപ്പിച്ചതും. മത്താ 6:1 മുതലുള്ള വാക്യത്തിലൂടെ നമുക്ക് അത് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. കാരണം ഇത് ഒരു വ്യതിരക്ത സുവിശേഷമാണ്.

1. **നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അങ്ങനെയാകരുത്.**

പ്രാർത്ഥന രണ്ടുതരം ഉണ്ട്. ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം കേൾക്കുന്നു. രണ്ടാമത്തേത് ദൈവം സംസാരിക്കുന്നു. ഞാൻ കേൾക്കുന്നു. ആദ്യത്തെ രീതിയിലുള്ള പ്രാർത്ഥനയാണ് കൂടുതൽ പേരും സ്വീകരിക്കുന്നത്. രണ്ടാമത്തെ മനോഭാവമാണ് നമുക്ക് ഉണ്ടാകേണ്ടതും. എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ഹിതം ആരാഞ്ഞ വ്യക്തിയായിരുന്നു വി. യൗസേപ്പ്. ദൈവത്തിന്റെ സ്വരത്തിന് ജോസഫ് കാതോർത്തു. മറിയത്തിന്റെ ഗർഭത്തെക്കുറിച്ച് ആദ്യമായി അറിഞ്ഞ നിമിഷംപോലും അത് ഉറ്റവരും ബന്ധുക്കളുമായി പങ്കുവച്ചിരുന്നുവെങ്കിൽ മറിയത്തെ ഉപേക്ഷിക്കാൻ അവർ ഉപദേശിക്കുമായിരുന്നു. ദൈവഹിതത്തിനു പൂർണ്ണമായി അടിയറവച്ചുകൊണ്ട് തനിക്കു വരാനിരിക്കുന്ന സഹനങ്ങൾ ഏറ്റുവാങ്ങുന്ന നീതിമാനായ മനുഷ്യനെയാണ് യേശു ഈ ഭൂമിയിൽ ആദ്യം കാണുന്നത്. ആ കൈകളിലാണ് യേശു വളർന്നത്. കുരിശുവരച്ച് സംതൃപ്തിയടയുന്നതല്ല പിന്നെയോ കുരിശു വഹിച്ച് ധന്യനാകുന്ന ഒരു വ്യക്തിയായിരുന്നു വി. യൗസേപ്പ്.

2. **കൊടുക്കുമ്പോൾ നിങ്ങൾ ഇങ്ങനെയായിരിക്കരുത്.**

നമ്മൾ ഒത്തിരി കൊടുക്കുന്നവരാണ്. എന്നാൽ കൊടുക്കുമ്പോൾ നമ്മുടെ മനോഭാവം എങ്ങനെയാവണം എന്ന് വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നു. തന്റെ കുടുംബത്തിൻ കൊടുക്കുവാൻ കഴിയുന്നതൊക്കെ കൊടുത്തയാളാണ് വി. യൗസേപ്പ്. യാതൊരു പരി

ധിയും പരിഭവവും കൂടാതെ പരി. അമ്മയ്ക്ക് സംരക്ഷണവും ഉണ്ണി മിശിഹായ്ക്ക് പരിചരണവും നൽകിയ ഒരു വ്യക്തിത്വത്തിന്റെ ഉടമ യാണ് വി.യൗസേപ്പ്. യേശു ഈ പിതാവിൽ നിന്നും പഠിച്ചതാണ് നിന്റെ ഒരു കൈ കൊടുക്കുന്നത് മറുകൈ അറിയരുത് എന്നത്. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നാം ആഗ്രഹിക്കുന്നത് ഞാൻ കൊടു ത്തത് നാലുപേര് അറിയണം എന്നാണ്. എന്നാൽ വി. യൗസേപ്പി താവാകട്ടെ ആരും അറിയാതെ തന്റെ ഉള്ളും തനിക്കുള്ളതും തിരു ക്കുടുംബത്തിന് കൊടുത്ത് ദൈവത്തിന്റെ മുമ്പിൽ കുബേരനായി.

### 3. നിങ്ങൾ അഭിവാദ്യം ചെയ്യുമ്പോൾ പ്രത്യഭിവാദ്യം പ്രതീക്ഷിക്കരുത്

വി. യൗസേപ്പിതാവ് തിരുക്കുടുംബത്തെ സ്നേഹിച്ചത് പ്രത്യുപകാരം പ്രതീക്ഷിച്ചല്ല. പരി. കന്യാമറിയത്തേയും ഉണ്ണിമിശി ഹായേയും സംരക്ഷിച്ചത് സ്വർഗ്ഗീയ പിതാവിന്റെ വ്യവസ്ഥകളില്ലാത്ത സ്നേഹം സ്വന്തമാക്കിക്കൊണ്ട് അതിനെ അനുകരിക്കുകയാണ് ചെയ്തത്. നമ്മൾ പ്രാർത്ഥിക്കുന്നതും നേർച്ചകൾ അർപ്പിക്കുന്നതും നമ്മുടെ ആഗ്രഹങ്ങളെല്ലാം അനുഗ്രഹമായി കിട്ടണം എന്ന ഉദ്ദേശ ത്തോടെയാണ്. ഇതല്ല ദൈവം ആഗ്രഹിക്കുന്നതും യൗസേപ്പിതാവ് ജീവിച്ച് കാണിച്ചതും. പരി. കന്യകാമറിയത്തെ ഉപേക്ഷിച്ച് നീതി മാനാകാം എന്ന് വിചാരിച്ച ഈ കാരുണ്യവാൻ പരി. മറിയത്തെ സ്വന്തമാക്കി നീതിമാനായവനാണ്. വിശ്വസിക്കുന്നതിലല്ല വിശ്വ സ്തത പുലർത്തുന്നതിലാണ് നിസ്വാർത്ഥ സ്നേഹം എന്ന് വി. യൗസേപ്പ് ചൂണ്ടികാട്ടുന്നു.

### 4. അധികാരത്തിലായിരിക്കുമ്പോൾ ഇങ്ങനെയാവരുത്

അധികാരം എന്നു പറയുന്നത് ശുശ്രൂഷയായിരിക്കണം. പഴയ നിയമത്തിൽ മോശ തന്റെ അധികാരം ശുശ്രൂഷയാക്കിമാറ്റി യിട്ടുണ്ട്. അസ്സീസിയിലെ വി. ഫ്രാൻസിസ് തന്റെ ആഢംബര ജീവിതം വേണ്ടെന്നുവച്ച് മറ്റുള്ളവരെ ശുശ്രൂഷിച്ച് രണ്ടാമത്തെ ക്രിസ്തുവായി മാറി. ബനഡിക്ട് 16-ാം മാർപ്പാപ്പ തന്റെ സ്ഥാനം വേണ്ടെന്നുവച്ചപ്പോൾ പറഞ്ഞകാര്യം "എനിക്ക് ശുശ്രൂഷിക്കാൻ

സാധിക്കാത്തതുകൊണ്ട് ഞാൻ സ്ഥാനത്യാഗം ചെയ്യുന്നു" എന്ന താണ്. വി. യൗസേപ്പ് പരി. കന്യാമറിയത്തിനും ഉണ്ണിമിശിഹായ്ക്കും ശുശ്രൂഷചെയ്ത് തന്റെ ജീവിതം മുഴുവൻ തിരുക്കുടുംബത്തിന് സമർപ്പിച്ച വ്യക്തിയാണ്. രവീന്ദ്രനാഥടാഗോർ ഒരിക്കൽ ഇങ്ങനെ പറഞ്ഞു "ജീവിതം ആനന്ദമാണെന്ന് ഞാൻ സ്വപ്നം കണ്ടു. എന്നാൽ ഉണർന്നപ്പോൾ ഒരു കാര്യം മനസ്സിലായി അത് ശുശ്രൂ ഷയാണ് അതിലാണ് ആനന്ദം എന്ന്." അങ്ങനെ തനിക്ക് കിട്ടിയ ശുശ്രൂഷയല്ല, അണിയറയിൽ നിന്ന് ആനന്ദമാക്കിക്കൊണ്ട് പരി. കന്യാമറിയത്തെയും ദൈവപുത്രനെയും അരങ്ങത്തേയ്ക്കാനയിച്ച് തിരുസഭയുടെ ഭാഗ്യപ്പെട്ട മാർ യൗസേപ്പായി മാറി.

വി. യൗസേപ്പിതാവ് മൗനം വാചാലമാക്കിക്കൊണ്ട് സുവി ശേഷത്തിൽ ഒരു വാക്കുപോലും ഉരിയാടാതെ പാപക്കറയേശാത്ത പരി. കന്യാമറിയത്തെയും ഉണ്ണിമിശിഹായെയും അർഹിക്കുന്ന സ്നേഹം, അർഹിക്കുന്ന പരിചരണം, അർഹിക്കുന്ന അംഗീകാരം എന്നിവയാൽ പൊതിഞ്ഞ് ഭാഗ്യപ്പെട്ട മാർ യൗസേപ്പായി മാറി. തിരു സഭയുടെ പാലകനും കുടുംബങ്ങളുടെ സംരക്ഷകനും കന്യാവ്ര തക്കാരുടെ കാവൽക്കാരനും തൊഴിലാളികളുടെ മധ്യസ്ഥനും നന്മ രണത്തിന്റെ മധ്യസ്ഥനുമായ വി. യൗസേപ്പ് പുണ്യപിതാവിനോട് അന്ധകാരശക്തികളോട് ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വർഗ്ഗ ത്തിൽ നിന്ന് കൃപയോടെ ഞങ്ങളെ സഹായിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**സി. ലിറ്റി ജോസ് എസ്.ജെ.സി**



12

# വി. യൗസേപ്പ് സുവിശേഷത്തിൽ

**ദാ**വീദിന്റെ പുത്രനായ യൗസേപ്പേ മറിയത്തെ നിന്റെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടയെന്ന് ഗബ്രിയേൽദൂതൻ യൗസേപ്പിനോടു പറയുന്നതായി വി. മത്തായി രേഖപ്പെടുത്തി. പ്രഗൽഭനായ ദാവീദ് രാജാവിന്റെ സന്തതി പരമ്പരയിൽപ്പെട്ട വ്യക്തിയാണ് യൗസേപ്പെന്ന് സ്ഥാപിക്കാൻ സുവിശേഷകൻമാർ പരിശ്രമിച്ചുവെന്ന് വ്യക്തം. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പിതാവാണ് അബ്രാഹം. അദ്ദേഹത്തോടു ദൈവം ചെയ്ത വാഗ്ദാനത്തിന്റെ നിറവേറലാണ് ഈശോയുടെ ജനനം.

### യൗസേപ്പിന്റെ തൊഴിൽ

യൗസേപ്പ് ഒരു ആശാരിപ്പണിക്കാരൻ ആണ് എന്ന് ബൈബിളിലും മതഗ്രന്ഥങ്ങളിലും പറയുന്നു. "ഇത് ആ തച്ചന്റെ മകനല്ലേ" എന്ന് യഹൂദർ ക്രിസ്തുവിനെപ്പറ്റി പറഞ്ഞതിൽ നിന്ന് വി. യൗസേപ്പിന്റെ തൊഴിലിനെ സൂചിപ്പിക്കുന്നു. ഇയാൾ മറിയത്തിന്റെ മകൻ തച്ചനല്ലേ, നസ്രത്തുകാരുടെ ക്രിസ്തുവിനെപ്പറ്റിയുള്ള അഭിപ്രായമാണ്. പരമ്പരാഗതമായ വിശ്വാസമനുസരിച്ച് വി. യൗസേപ്പ് മരപ്പണിക്കാരനായിരുന്നു എന്നതാണ് നമ്മുടെ പാരമ്പര്യം.

### വി. യൗസേപ്പിന്റെ പ്രായം

വധൂവരൻമാരുടെ വയസ്സുകൾ തമ്മിൽ വലിയ അന്തരം ഉണ്ടാകാൻ പാടില്ലെന്നായിരുന്നു യഹൂദൻമാരുടെ പാരമ്പര്യം. അതുകൊണ്ട് മറിയവും യൗസേപ്പും തമ്മിൽ പ്രായത്തിന് വലിയ വ്യത്യാസം ഉണ്ടാകാൻ സാധ്യതയില്ല. പിതാവായ ദൈവം യൗസേ

പ്പിനെ ഒരു ജോലി ഭരമേൽപ്പിച്ചിരുന്നു. മറിയത്തിന്റെ പരിശുദ്ധാത്മാവ് വഴിയുള്ള ഗർഭധാരണം വളരെ രഹസ്യമായി സൂക്ഷിക്കണമെന്ന് മറിയത്തിന്റെ ഭർത്താവ് എന്ന നിലയിൽ അവളുടെ സത്പേര് സംരക്ഷിക്കേണ്ടത് അദ്ദേഹത്തിന്റെ കടമയായിരുന്നു. വി. യൗസേപ്പിന്റെയും മറിയത്തിന്റെയും പുത്രനായിട്ട് ആണ് ക്രിസ്തുവിനെ ജനം കരുതിപ്പോന്നത്. അങ്ങനെ തിരുക്കുടുംബത്തിന്റെ നായകനായി വി. യൗസേപ്പ് മാറി. ചില ചിത്രകാരൻമാരും ശില്പികളും വി. യൗസേപ്പിനെ വൃദ്ധനായി അവതരിപ്പിക്കുന്നു. വി.യൗസേപ്പിന്റെ ബ്രഹ്മചര്യത്തെയും മറിയത്തിന്റെ കന്യാത്വത്തെയും സംശയത്തിനിടയാകാതിരിക്കാനാണ് ഈ വൃദ്ധസങ്കൽപം. ദൈവത്തിന്റെ കൃപയാണിതിനാവശ്യമെന്ന് വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നു. മാലാഖായിൽനിന്ന് മനുഷ്യാവതാര രഹസ്യം വി.യൗസേപ്പ് മനസ്സിലാക്കി. അങ്ങനെ മറിയത്തെ ഭാര്യയായി സ്വീകരിച്ച് വിവാഹം കഴിഞ്ഞു.

## വി. യൗസേപ്പിന്റെ മഹത്വം

ക്രൈസ്തവ പാരമ്പര്യമനുസരിച്ച് സൃഷ്ടികളിൽ മറിയം കഴിഞ്ഞാൽ ഉന്നതനും പുണ്യപൂർണ്ണനും നീതിമാനുമായി പരിഗണിക്കപ്പെടുന്ന വ്യക്തിയാണ് വി. യൗസേപ്പ് (ലൂക്ക. 22:42). ദൈവതിരുമനസ്സിന് നമ്മെത്തന്നെ കീഴ്പ്പെടുത്തിക്കൊണ്ട് എന്റെ ഇഷ്ടമല്ല നിന്റേത് നിവൃത്തിയാകട്ടെ എന്ന തിരുവചനം ജീവിച്ച് തീർത്ത വ്യക്തിയാണ് വി. യൗസേപ്പ് എന്ന് സാക്ഷ്യപ്പെടുത്തുന്നു. എന്നെ അയച്ചവന്റെ അഭീഷ്ടം പ്രവർത്തിക്കുന്നതും അവന്റെ ജോലി പൂർത്തിയാക്കുന്നതുമാണ് എന്റെ ഭക്ഷണം. യോഹ. 4:34 എന്ന വാക്യം അതിന്റെ പൂർണ്ണതയിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് വി. യൗസേപ്പ് എന്നതിൽ ആർക്കും സംശയമില്ല. ദൈവീക താളത്തിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്ന വ്യക്തി എല്ലാവരുടെയും ഹൃദയത്തെ ശ്രവിക്കുന്നു. സ്വാർത്ഥതയുടെ കോട്ടകൾ പൂർണ്ണമായി തകർത്ത് പൂർണ്ണ തൃപ്തി വരിച്ച വ്യക്തിയാണ് വി.യൗസേപ്പ്.

## വി. യൗസേപ്പിന്റെ സ്ഥാനം

ക്രിസ്തുവിന്റെ വളർത്തുപിതാവ് എന്ന ദൗത്യത്തിന് വിളിക്കപ്പെട്ട യൗസേപ്പ് വിശേഷ വരങ്ങളാൽ അലങ്കരിക്കപ്പെട്ടുവെന്നുള്ളത് ഒരു സത്യമാണ്. മറിയത്തിനുശേഷം ഉന്നതവും ഉത്കൃഷ്ടവുമായ സ്ഥാനം യൗസേപ്പിന് ലഭിക്കണമെന്ന് ദൈവവും നിശ്ചയിച്ചിരുന്നു. ലോകത്തിൽ ജനിച്ച് വളർന്നിട്ടുള്ള എല്ലാ വിശുദ്ധരെയുംകാൾ ഉന്നതമായ സ്ഥാനം അദ്ദേഹത്തിന് ലഭ്യമാണ്. തെറ്റിദ്ധാരണ എന്ന ഭോഷത്വത്തിന് ഒരിക്കലും വഴിപ്പെടാത്തവൻ, എല്ലാ കാര്യങ്ങളിലും മൗനംകൊണ്ട് മറുപടി നൽകിയവൻ, നന്മയുടെ സ്വപ്നങ്ങൾ എന്നും നെയ്ത് കൂട്ടിയവൻ, മറ്റുള്ളവരെ വിധിക്കാനും കുറ്റപ്പെടുത്തുവാനുമുള്ള ചിന്തകളെ ബോധപൂർവ്വം തടഞ്ഞുകൊണ്ട് ത്യാഗപൂർണ്ണവും വീരോചിതവും സാഹസികവുമായ ക്രൈസ്തവ ജീവിതം നയിച്ച് മനുഷ്യാവതാരം ചെയ്ത ദൈവസുതനെ അനുസ്യൂതം അകമ്പടി സേവിക്കുകയും ആപത്തുകളിൽ നിന്ന് രക്ഷിക്കുകയും ചെയ്ത വി. യൗസേപ്പിതാവിന്റെ സ്ഥാനം മഹോന്നതമാണ്.

## സർവ്വലോകമദ്ധ്യസ്ഥൻ

കത്തോലിക്ക സഭയുടെ സാർവ്വത്രിക മദ്ധ്യസ്ഥനായി വി. യൗസേപ്പിനെയാണ് നിയമിച്ചിട്ടുള്ളത്. 1870 ഡിസംബർ 8ന് 9-ാം പീയൂസ് മാർപ്പാപ്പ പുറപ്പെടുവിച്ച ഡിക്രി അനുസരിച്ച് വി.യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. വി. യൗസേപ്പിന്റെ തിരുനാൾ മാർച്ച് 19 നാണെന്ന് പ്രഖ്യാപിച്ചു. ക്രൈസ്തവസഭ എതിർപ്പുകളും വിഷമസന്ധികളും നേരിടുന്ന സന്ദർഭങ്ങളിൽ ഹേറോദേസിന്റെ കരങ്ങളിൽ നിന്ന് ഉണ്ണീശോയെ രക്ഷിച്ചതുപോലെ വി. യൗസേപ്പ് ക്രിസ്തുവിന്റെ സഭയെയും പരീക്ഷണങ്ങളെയും അപകടങ്ങളെയും തരണം ചെയ്യുവാനുള്ള ശക്തി വിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ നമ്മുക്ക് ലഭിക്കും. തിരുക്കുടുംബ നായകനായ വി. യൗസേപ്പിന്റെ സമ്പൂർണ്ണ സംരക്ഷണത്തിൽ എല്ലാ പ്രയാസങ്ങളും പ്രശ്നങ്ങളും പരീക്ഷണങ്ങളും

സസൂഷ്മം പരിഹരിച്ച് സഭയെയും കുടുംബങ്ങളെയും നന്മയ്ക്കായി വളർത്തട്ടെ. എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കും വിശിഷ്യ അനുദിനം കഠിനാധ്വാനം കൊണ്ട് കഴിയുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് വി. യൗസേപ്പ് മാതൃകയും അഭയവും വഴികാട്ടിയുമായിത്തീർന്നിരിക്കുന്നു.

**നല്ല മരണക്കാരുടെ മദ്ധ്യസ്ഥൻ**

ലോകത്തിൽ മറ്റാർക്കും ലഭിക്കാത്ത ശാന്തമനോഹരമായ മരണമാണ് വി. യൗസേപ്പിന് ലഭിച്ചത്. പരിശുദ്ധ കന്യകാമറിയത്തിന്റെയും വളർത്തുപുത്രനായ ക്രിസ്തുവിന്റെയും സാന്നിദ്ധ്യം വി.യൗസേപ്പിന് ലഭിച്ചു. അതുകൊണ്ടാണ് മരണാവസ്ഥയിലായിരിക്കുന്നവർക്കെല്ലാം മദ്ധ്യസ്ഥനായി അദ്ദേഹത്തെ നിയോഗിച്ചിരിക്കുന്നതും. ആ നിമിഷത്തിൽ പരിഭ്രാന്തിയില്ലാതെ സ്വന്തം ആത്മാവിനെ ദൈവകരങ്ങളിൽ ഏൽപിക്കാൻ കഴിയുന്നത് വലിയൊരു നേട്ടവും ഭാഗ്യവുമാണ്. അതിനുവേണ്ടി ഓരോരുത്തരും വി. യൗസേപ്പിതാവിനോടു തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്ന് ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ ആഹ്വാനം ചെയ്യുന്നു.

**കന്യകകളുടെ മദ്ധ്യസ്ഥൻ**

സ്വന്തം ബ്രഹ്മചര്യവും ഭാര്യയുടെ കന്യാത്വവും സംരക്ഷിച്ചുകൊണ്ടുള്ള അസാധാരണമായ ഒരു വിവാഹജീവിതത്തിന്റെ ഉടമസ്ഥനാണല്ലോ വി. യൗസേപ്പ്. ആദ്ധ്യാത്മിക ശാസ്ത്രത്തിൽ പണ്ഡിതയായ ആവിലായിലെ വി. അമ്മത്രേസ്യാ ഇങ്ങനെ പറയുന്നു. പ്രാർത്ഥനയ്ക്കായി ജീവിതം സമർപ്പിക്കുന്നവർ വി. യൗസേപ്പിനോട് പ്രത്യേകം ഭക്തിയുള്ളവരായിരിക്കണം. അതുപോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞുകൂടാത്തവർ യൗസേപ്പിനെ ഗുരുവായി സ്വീകരിക്കണം. കന്യകകളുടെയും ബ്രഹ്മചാരികളുടെയും മദ്ധ്യസ്ഥനായിട്ടാണ് വി. യൗസേപ്പിനെ പരിഗണിക്കുന്നത്. സന്യാസജീവിതത്തിന്റെ വ്യഗ്രതയേറിയ വഴികളിലൂടെ നീങ്ങുന്നവർക്ക് എപ്പോഴും സഹായിയായി വി. യൗസേപ്പ് നമ്മെ നിയന്ത്രിച്ച് വിജയത്തിലെത്തിക്കുന്നു.

## നീതിമാനായ വി. യൗസേപ്പ്

അർഹിക്കപ്പെടാത്തിടത്തേയ്ക്ക് ഒഴുകുന്ന സ്നേഹമാണ് വി.യൗസേപ്പിന്റെ നീതി. വളർത്തുപിതാവായ വി. യൗസേപ്പ് ഈശോയോടും മറിയത്തോടും അനുകൂലവും പ്രതികൂലവുമായ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന്റെ പ്ലാനനുസരിച്ച് നീതിനിഷ്ഠയോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. മറിയത്തിന്റെ സൽപേരിന് കളങ്കം വരാതിരിക്കാൻ രഹസ്യമായി ഒളിച്ചു പോകുവാൻ തീരുമാനിച്ചു. എന്നാൽ മാലാഖായുടെ അരുളപ്പാട് ഉണ്ടായപ്പോൾ മറിയത്തെ സ്വീകരിക്കുകയും മാലാഖ ആവശ്യപ്പെട്ടപ്പോൾ ഈജിപ്തിലേയ്ക്ക് പോകാനും തിരിച്ചുവരാനുമുള്ള വിധേയത്വം വി. യൗസേപ്പ് പ്രകടിപ്പിച്ചു. കഠിനാധ്വാനവും ദാരിദ്ര്യവും സാമ്പത്തിക കഷ്ടപ്പാടുകളും അദ്ദേഹത്തെ വലയം ചെയ്തു. അവിടെയെല്ലാം ദൈവഹിതം മനസ്സിലാക്കി മൗനംകൊണ്ട് മറുപടി നൽകി വി. യൗസേപ്പ്.

## തൊഴിലാളികളുടെ മദ്ധ്യസ്ഥൻ

കഠിനാധ്വാനം ചെയ്ത് ജീവിക്കുന്ന തൊഴിലാളികൾക്ക് വഴി കാട്ടിയും മദ്ധ്യസ്ഥനുമായി വി. യൗസേപ്പിനെ 12-ാം പീയൂസ് പാപ്പാ നിശ്ചയിക്കുകയുണ്ടായി. നസ്രസ്സിൽ തൊഴിലാളിയായി ഒരു തച്ചനായി ജീവിച്ച് ദൈവപുത്രനായ യേശുവിനെയും മറിയത്തെയും അല്ലൽ അറിയാതെ അർപ്പണബുദ്ധിയോടുകൂടി തിരുക്കുടുംബനായകനായി നല്ല ഒരു തൊഴിലാളിയായി താപസനായി കഴിഞ്ഞ വി. യൗസേപ്പ് ഇന്ന് തൊഴിലാളികളുടെ മദ്ധ്യസ്ഥനായി ഏതു നൂറ്റാണ്ടിലും ജീവിക്കുന്നവർക്ക് മാതൃകയും ആദ്ധ്യാത്മിക നേതാവുമാണ്.

**സി. റോജിൻ എസ്.ജെ.സി**



# 13

## വി. യൗസേപ്പിതാവ് എന്റെ കൂടെ നടന്നപ്പോൾ

*"നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ*
*അവിടുന്ന് ദൂതന്മാരോട് കല്പിക്കും"* (സങ്കീ. 91:11)

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിലൂടെ വ്യക്തിപരമായി എനിക്ക് ലഭിച്ച ചില അനുഭവങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1987 ഓഗസ്റ്റ് മാസത്തിലാണ് ഈ സംഭവം നടന്നത്. ജൂണിയർ സിസ്റ്റർ ആയിരുന്ന ഞാൻ റോമിൽ സേഞ്ഞിയിലുള്ള ഭവനത്തിൽനിന്ന് രണ്ടാം വർഷം നേഴ്സിംഗ് പഠിച്ചുകൊണ്ടിരുന്ന സമയത്ത് അവധിക്കാലത്ത് ഒരു മാസത്തേയ്ക്ക് ഇംഗ്ലണ്ടിലുള്ള ഏതെങ്കിലും ഒരു മഠത്തിൽപോയി ഇംഗ്ലീഷ് പഠിക്കാനുള്ള അനുവാദം അന്നത്തെ ബഹു. മദർ ജനറൽ തന്നിരുന്നു. അതനുസരിച്ച് അന്ന് റോമിൽ പഠിച്ചുകൊണ്ടിരുന്ന ഒരു വൈദികൻ മുഖാന്തിരം ഇംഗ്ലണ്ടിൽ ഇറ്റാലിയൻ സിസ്റ്റേഴ്സ് നടത്തുന്ന ഒരു വൃദ്ധമന്ദിരത്തിൽ താമസിക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചു. ഓഗസ്റ്റ് രണ്ടാം തീയതി ഞാൻ നമ്മുടെ സെന്റ് ഗബ്രിയേൽസ് കമ്മ്യൂണിറ്റിയിലെത്തി. അവർ എന്നെ എയർപോർട്ടിൽ കൊണ്ടുചെന്നാക്കി. ജീവിതത്തിൽ ആദ്യമായാണ് തനിച്ച് ഇത്രദൂരം യാത്ര ചെയ്യുന്നത്. ഭാഷയുടെ പ്രശ്നവും ഉണ്ട്. ഇംഗ്ലണ്ടിൽ നിന്നും കുറെദൂരെയാണ് ഞാൻ താമസിക്കാൻ പോകുന്ന ഭവനം. പോകുമ്പോൾ എന്റെ കയ്യിൽ ഇംഗ്ലണ്ടിലെ 5 പൗണ്ടും കുറച്ച് ഇറ്റാലിയൻ പൈസയും അവിടുത്തെ മെട്രോലൈൻ രേഖപ്പെടുത്തിയിരുന്ന ഒരു പോസ്റ്റ് കാർഡും മാത്രം.

അന്ന് ആർക്കും ഫോൺ ഇല്ലായിരുന്നു. ഇന്നത്തെപ്പോലെ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന അന്ന് ദൈവത്തിൽ മാത്രം ആശ്രയിച്ച് flight -ൽ കയറി. എവിടെ ചെല്ലുമെന്നോ, എങ്ങോട്ടാണ് പോകേണ്ടതെന്നോ ഒരെത്തുംപിടിയുമില്ലാതെ ഒരു യാത്ര. ഇംഗ്ലണ്ടിൽ flight ഇറങ്ങി. അവിടെ അന്വേഷിച്ചപ്പോൾ ലണ്ടൻ സിറ്റിയിലേക്ക് പോകണമെങ്കിൽ ഒരു ട്രെയിനിൽ പോകണം. ഞാൻ പോയി ട്രെയിൻ ടിക്കറ്റ് എടുത്തു. എന്റെ കയ്യിലെ മൂന്ന് പൗണ്ട് മിച്ചം ചെലവായി. ലണ്ടനിൽ എത്തിയപ്പോൾ എനിക്ക് ഏതു ദിശയിലേയ്ക്ക് യാത്ര ചെയ്യണം എന്നുപോലും അറിയില്ല. ഞാൻ പോകേണ്ട മഠത്തിലെ സിസ്റ്റേഴ്സിനെ വിളിച്ചപ്പോഴാണറിയുന്നത് അവർ ലണ്ടൻ സിറ്റിയിൽനിന്നും കുറെ ദൂരെയാണ് താസിക്കുന്നതെന്ന്. അന്ന് ഫോൺ ബൂത്തുകളാണുള്ളത്. എന്റെ കയ്യിൽ ഫോൺ കാർഡു വാങ്ങുവാൻ മാത്രം പൈസയും ഇല്ല. അവിടെ ഞാൻ വി. യൗസേപ്പിതാവിനെ വിളിച്ചു പ്രാർത്ഥിച്ചു. എനിക്ക് ഓരോ സ്ഥലത്തും ഇറങ്ങിയിട്ട് എങ്ങോട്ടുപോകണം, മെട്രോയുടെ ഏതു ലൈൻ എടുക്കണം എന്നൊക്കെ ആ മഠത്തിൽ വിളിച്ചു ചോദിക്കണമായിരുന്നു. ഏതു ടെലഫോൺ ബൂത്തിന്റെ അരികിൽ എത്തുമ്പോഴും അവിടെ ഒരു മാലാഖ (കറുത്തവരും, വെളുത്തവരും) യെ Telephone card മായി വി. യൗസേപ്പിതാവ് എനിക്കുവേണ്ടി നിറുത്തിയിരുന്നു. ബാക്കിയുണ്ടായിരുന്ന പൈസയ്ക്ക് ഞാൻ മെട്രോ ടിക്കറ്റ് എടുത്ത് വീണ്ടും യാത്ര തുടർന്നു. സ്ഥലപ്പേരൊക്കെ എനിക്ക് അപരിചിതം. ഒരു സ്ഥലത്തിറങ്ങി വിളിച്ചപ്പോഴാണറിയുന്നത് ഇനിയും ഞാൻ ഒരു ട്രെയിൻ യാത്രകൂടി നടത്തിയാലേ അവിടെ എത്തുകയുള്ളൂ എന്ന്. ടിക്കറ്റെടുക്കാൻ ഇനി പൈസയില്ല. പരിചയമില്ലാത്ത നാട്, ഭാഷാ പ്രശ്നം. മനസ്സിന് വലിയ വിഷമം തോന്നിയെങ്കിലും സമൂഹ മദ്ധ്യസ്ഥനിൽ ആശ്രയംവച്ച് മുന്നോട്ട് നീങ്ങി. ട്രെയിൻ ടിക്കറ്റ് മറ്റൊരു മാലാഖ എടുത്തുതന്നു. അങ്ങനെ രാവിലെ റോമിൽനിന്നും പോയ ഞാൻ ഉച്ചകഴിഞ്ഞ് 4 മണിയായപ്പോൾ സിസ്റ്റേഴ്സ് പറഞ്ഞ റയിൽവേ സ്റ്റേഷനിൽ എത്തി. ഇനിയും ഫോൺ വിളിച്ചാലേ അവർ എന്നെ കൂട്ടിക്കൊണ്ടുപോകുവാൻ വരികയുള്ളൂ. ഇന്നും ഞാൻ ഓർക്കുന്നു.

ഒരു കുഞ്ഞിനേയുംകൊണ്ട് പോകുന്ന സ്ത്രീയോട് ടെല ഫോൺബൂത്ത് എവിടെയാണെന്ന് ഞാൻ ചോദിച്ചു. അത്ഭുതമെന്ന് പറയട്ടെ അവർ അവരുടെ കയ്യിലുണ്ടായിരുന്ന കാർഡ് എനിക്ക് തന്നശേഷം ഞാൻ വേറെ വാങ്ങിച്ചുകൊള്ളാം എന്നു പറഞ്ഞു. ഞാൻ സിസ്റ്റേഴ്സിനെ വിളിച്ചു. അവർ വന്ന് എന്നെ കൂട്ടിക്കൊണ്ടു പോയി. ഇറ്റാലിയൻ സിസ്റ്റേഴ്സ് ആയിരുന്നതുകൊണ്ട് അവരോട് സംസാരിക്കാൻ എനിക്ക് ബുദ്ധിമുട്ടില്ലായിരുന്നു.

അന്നു വൈകുന്നേരം ഞാൻ സുപ്പീരിയറിനോട് എനിക്ക് കുറച്ച് പൈസ മാറേണ്ട ആവശ്യകതയെക്കുറിച്ച് പറഞ്ഞു. കാരണം രണ്ട് ദിവസത്തിനുശേഷം എനിക്ക് വേറൊരു മഠത്തിലേയ്ക്ക് മാറേ ണ്ടതുണ്ടായിരുന്നു. പിറ്റേദിവസം സുപ്പീരിയർ അവിടുത്തെ അന്തേ വാസിയായ ഒരു സ്ത്രീയേക്കൂട്ടി എന്നെ സിറ്റിയിൽ പൈസ മാറു ന്നതിനായി വിട്ടു. നിർഭാഗ്യവശാൽ ഞങ്ങൾ അവിടെ എത്തിയ പ്പോൾ ബാങ്ക് തുറന്നിട്ടില്ല. ബാങ്കുകൾക്ക് അന്ന് അവധിയായിരുന്നു. ഞങ്ങൾ പോയകാര്യം സാധിക്കാതെ തിരിച്ചു നടന്നു. കുറെദൂരം നടന്നപ്പോൾ പുറകിൽനിന്ന് ഞാൻ ഒരു സ്വരം കേട്ടു. "Sister wait a moment" ആരോ ഇംഗ്ലീഷുകാർ വിളിക്കുകയല്ലേ. എനിക്ക് ഭാഷ മനസ്സിലായില്ലെങ്കിലോ. ഞാൻ ആ സ്ത്രീയോട് പറഞ്ഞു, എന്നെ ആരോ വിളിക്കുന്നുണ്ട്. നമുക്ക് ഇവിടെ അൽപ്പസമയം നിൽക്കാം. ഞങ്ങൾ ഒരു വളവും ഇല്ലാത്ത നേരെയുള്ള വഴിയിലൂടെയാണ് നട ന്നിരുന്നത്. ഞാൻ ഈ വിളി കേട്ടപ്പോൾതന്നെ പുറകോട്ടു തിരിഞ്ഞു നോക്കിയതാണ്. വഴിയിൽ വേറെ ആരും ഇല്ലായിരുന്നു. എന്താ യാലും ഞങ്ങൾ രണ്ടുപേരും നിന്നു. എന്റെ കൈകൾ രണ്ടും ഞാന റിയാതെതന്നെ തുറന്നു. ഒരാൾരൂപം എന്റെ മുൻപിൽവന്നു. എന്റെ കൈവെള്ളയിൽ 50 പൗണ്ടിന്റെ ഒരു നോട്ട് വച്ചുതന്നിട്ട് ഈ ആൾരൂപം അപ്രത്യക്ഷമായി. ഞാൻ അത്ഭുതപ്പെട്ട് നാലുപാടും നോക്കി. ആരെയും കണ്ടില്ല. കൂടെയുള്ള സ്ത്രീ എന്നോടു ചോദിച്ചു, ഇതാരാണ് ഈ നോട്ട് നിന്റെ കയ്യിൽ വച്ചത്. ഒന്നും പറയാനാ കാതെ അത്ഭുതപ്പെട്ട് ഞാൻ പകച്ചുനിന്നു. ആരുടെ കയ്യിൽനിന്നും ഒരു സാധനവും മേടിക്കയില്ലാത്ത ഞാൻ എങ്ങനെ അന്ന് എന്റെ

കൈ മലർത്തിപ്പിടിച്ചു എന്ന് ഇന്നും മനസ്സിലാകാത്ത കാര്യമാണ്. ഞങ്ങൾ മഠത്തിലെത്തി നടന്ന കാര്യങ്ങളെല്ലാം അവിടുത്തെ സുപ്പീരിയറിനോട് പറഞ്ഞു. ആ മദർ പറയുകയായിരുന്നു: അവർ അവിടെ താമസമാക്കിയിട്ട് 30 വർഷത്തിലേറെയായി. ഇന്നുവരെ ഞങ്ങൾക്ക് അഞ്ചുപൈസ പോലും ആരും നൽകിയിട്ടില്ലെന്ന്.

എനിക്ക് വി. യൗസേപ്പിതാവിനോടുള്ള ഭക്തി അന്ന് മുതൽ അനുനിമിഷം വർദ്ധിച്ചുകൊണ്ടേയിരുന്നു. എനിക്ക് ആ 50 പൗണ്ടുമായി വന്നത് വി. യൗസേപ്പിതാവാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയും ഈ യാഥാർത്ഥ്യം പലരോടും പറയുകയും ചെയ്തിട്ടുണ്ട്. വി. യൗസേപ്പിതാവിന്റെ മക്കൾ ഒരു തരത്തിലും വിഷമിക്കുന്നത് കാണുവാൻ ആ കരുണയുള്ള പിതാവ് ആഗ്രഹിക്കുന്നില്ല. വി. യൗസേപ്പിതാവിന്റെ മക്കളായ നമ്മൾ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടിയാൽ ആ പുണ്യപിതാവ് നമ്മെ ഒരിക്കലും കൈവിടുകയില്ല.

**സി. മേരിലെറ്റ് എസ്.ജെ.സി**




# വി.യൗസേപ്പ് ചെറുതാകുന്നതിന്റെ സൗന്ദര്യം

**ചെ**റുതാകുന്നതിന്റെ സൗന്ദര്യവും ആനന്ദവും ആവോളം ആസ്വദിച്ച വ്യക്തിയാണ് വി. യൗസേപ്പ്. പരി. കന്യകാമറിയത്തിന്റെയും ദിവ്യഉണ്ണിയുടെയും വളർച്ചയിലും അഭിവൃദ്ധിയിലും കർട്ടന് പിന്നിൽ നിന്ന് പ്രവർത്തിച്ച് അവരുടെ നന്മയിൽ സന്തോഷിച്ചവനാണ് വി. യൗസേപ്പ്. ഈ ചെറുതാകലിന്റെ ഹൃദ്യത വി. യൗസേപ്പിൽ ദൈവം തിരിച്ചറിഞ്ഞതുകൊണ്ടാണ് തന്റെ സുതന്റെ വളർത്തുപിതാവാകുവാൻ അനേകരിൽനിന്ന് അദ്ദേഹത്തെ തിരഞ്ഞെടുത്തത്. തിരുവചനത്തിലേയ്ക്ക് കടന്നുചെല്ലുമ്പോൾ നമുക്ക് കാണാൻ കഴിയും മനുഷ്യവതാരത്തിൽ തമ്പുരാന് ജനിക്കുവാൻ പരിമിതമായ സാഹചര്യങ്ങളാണ് രൂപപ്പെട്ടത് എന്ന്. ദൈവപുത്രനായ യേശുവാണ് ജനിക്കുന്നത് എന്നറിഞ്ഞിരുന്നുവെങ്കിൽ എത്രയോ പേർ മാതാവിനെയും യൗസേപ്പിതാവിനെയും സ്നേഹാദരങ്ങളോടെ സ്വീകരിക്കുമായിരുന്നു. തന്റെ ജനനത്തിൽ ഒരാളുടെയും ഒരു നിമിഷത്തെ ഉറക്കംപോലും നഷ്ടപ്പെടരുതെന്ന് നിശ്ചയിച്ച തമ്പുരാൻ ആർക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാതെ കാലിത്തൊഴുത്തിലേക്കു പിൻവാങ്ങി. ആർക്കും സമ്മർദ്ദം നൽകാതെ അസ്വസ്ഥത നൽകാതെ ആരെയും നോവിക്കാതെ ജീവിക്കുവാൻ കഴിയുക എന്നത് വി. യൗസേപ്പിതാവിന്റെ അഴകാണ്. വളർന്ന മനസ്സുകൾക്കുമാത്രം സാധിക്കുന്ന ഈ ജീവിതശീലം വി.യൗസേപ്പിതാവിന്റെ ജീവിതവ്രതത്തിന്റെ കാതലായിരുന്നു. നീതിയുടെ ഫലമാണ് സമാധാനം. നീതി വിതച്ചാൽ കാരുണ്യം കൊയ്തെടുക്കാം. സമഗ്രതയുടെ ഫലമാണ് സമാധാനം. സമാധാനം സ്ഥാപിക്കു

ന്നവർ വിശുദ്ധരാണ്. തന്റെ കുടുംബജീവിതത്തിൽ സമാധാന ത്തിന്റെ കെടാവിളക്കായി വി. യൗസേപ്പ് പ്രകാശിച്ചിരുന്നു എന്ന് വചനം പഠിപ്പിക്കുന്നു. വിശുദ്ധിയോടെ വിശുദ്ധനായി ജീവിച്ച കുടുംബനാഥനായിരുന്നു വി.യൗസേപ്പ്. ജീവിതവ്യഗ്രതയുടെ തിര ക്കിൽ തൊഴിലിന്റെ ചെറിയ ശബ്ദംപ്പോലും കേൾപ്പിക്കാതിരിക്കാൻ വി. യൗസേപ്പിതാവ് ശ്രദ്ധിച്ചിരുന്നു.

പരിമിതിയിൽ ജീവിക്കുവാൻ പഠിപ്പിക്കുകയും ആർക്കും സമ്മർദ്ദം കൊടുക്കുക്കാതിരിക്കുകയും ചെയ്യുന്നത് ലളിത ജീവിത ത്തിന്റെയും ഉന്നത ചിന്തയുടെയും ബഹിർസ്പുരണങ്ങളാണ്. അത്യാഗ്രഹം മനുഷ്യവ്യക്തികളെ സ്വാർത്ഥരാക്കുന്നു. എനിക്കു വിശക്കുന്നു എന്നു പറയുന്നവരുടെ ഭാഷ മനസ്സിലാക്കാൻ കഴി യാതെ വരുന്ന അവസ്ഥയാണത്. വി.യൗസേപ്പിതാവ് പരി.അ മ്മയ്ക്കും ദിവ്യസുതനും നല്കിയിരുന്ന പരിഗണന വർണ്ണനാതീ തമാണ്. തന്റെ താതനിൽനിന്നും പഠിച്ച ഈ സത്ഗുണമാണ് ഈശോ തന്റെ പരസ്യജീവിതത്തിൽ ഉടനീളം പ്രദർശിപ്പിച്ചിരുന്ന ത്. തിരുക്കുടുംബത്തിന്റെ ജീവിതയാത്രയുടെ ഓരോ നിമിഷത്തിലും വി.യൗസേപ്പിതാവ് ദൈവഹിതാനുസരണത്തിന് വിധേയനായി രുന്നു. അനുസരണം അടിമത്തമല്ല അംഗീകാരമാണെന്നുള്ള തിരി ച്ചറിവ് വി. യൗസേപ്പിതാവിന് ഉണ്ടായിരുന്നു. തന്റെ മനസ്സിനെ സന്ന്യാസി ആക്കാൻ നിരന്തരം പരിശ്രമിക്കുന്നവന് എല്ലാംതന്നെ എളുപ്പമായിരിക്കും. അതിൽ നന്മയായിരിക്കും ഉള്ളത് എന്ന് വി. യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ സ്ഥാപകപിതാവായ ദൈവദാസൻ പൂതത്തിൽ ബഹു.തൊമ്മിയച്ചൻ വി.യൗസേപ്പിതാവിനെ തന്റെ മക്കളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി തരുവാൻ കാരണവും ഇതുതന്നെയാ ണ്. ബുദ്ധിയിലും മനസ്സിലും ആത്മാവിലും ശരീരത്തിലും ആത്മ നിയന്ത്രണം വന്ന സന്ന്യാസിനിമാർ ആയിരിക്കണം തന്റെ ആത്മീയ പുത്രിമാർ എന്ന് അദ്ദേഹം ആഗ്രഹിച്ചിരിക്കണം. വി. യൗസേപ്പി താവ് തന്നെത്തന്നെ പരിപൂർണ്ണമായി തന്റെ നിറവുകളോടും കുറ

വുകളോടുംകൂടി തിരുക്കുടുംബത്തിന് സമർപ്പിച്ചിരുന്നു. വ്രതബദ്ധജീവിതത്തിന് കടപ്പെട്ടിരിക്കുന്ന എസ്.ജെ.സി പുത്രിമാർ തങ്ങളുടെ സർവ്വസ്വവും അതായത് തന്റെ അറിവും കഴിവും ജീവനും ജീവിതവും ദൈവരാജ്യത്തിനുവേണ്ടി, സമൂഹത്തിനുവേണ്ടി പങ്കുവച്ചുകൊള്ളാം എന്ന് സ്വയം കടപ്പെടുത്തിയവരാണ്. സ്വയം ഏറ്റെടുത്ത ഈ സ്നേഹവാഗ്ദാനം അനുദിനം അനുനിമിഷം ആരെയും കാണിക്കാനോ ശ്രദ്ധകിട്ടാനോ അല്ലാതെ ചെയ്യുമ്പോഴാണ് തന്റെ വ്രതജീവിതത്തിന്റെ മൂല്യം ഉയരുന്നത്. ആരും കാണാനും നിരീക്ഷിക്കാനും ഇല്ലാത്ത സ്ഥലത്തും സമയത്തും ഉചിതമായത് ചെയ്യുന്ന സ്വഭാവ സവിശേഷതയാണ് സമഗ്രത. ഈ സമഗ്രതയുടെ പാഠമാണ് വി.യൗസേപ്പിതാവ് തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

**അദ്ധ്വാനത്തിന്റെ സൗന്ദര്യം**

പന്ത്രണ്ടാമത്തെ വയസ്സിൽത്തന്നെ തന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാവുകയും ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ സംപ്രീതിയിൽ വളർന്ന യേശു കഠിനാദ്ധ്വാനത്തിലൂടെ ലോകത്തിന്റെ രക്ഷകനായി മാറിയതുപോലെ തങ്ങളുടെ പ്രായത്തിന്റെ ഏത് സമയത്തും കഠിനാദ്ധ്വാനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവരാകാൻ നാം ഓരോരുത്തരും കടപ്പെട്ടവരാണ് എന്ന ബോധ്യം നമുക്ക് ഉണ്ടായിരിക്കണം. യേശു തന്റെ വളർത്തു പിതാവായ വി.യൗസേപ്പിൽ നിന്നാണ് കഠിനാദ്ധ്വാനത്തിന്റെ പാഠം പഠിച്ചത് എന്ന് നിസ്സംശയം നമുക്ക് പറയാൻ കഴിയും. ശാരീരികവും മാനസികവും ആത്മീയവും ഭൗതീകവുമായ മണ്ഡലങ്ങളുടെയെല്ലാം വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും കഠിനാദ്ധ്വാനം അത്യന്താപേക്ഷിതമാണ്. അദ്ധ്വാനം മഹത്വരമാണ്, കഠിനാദ്ധ്വാനം അതിമഹത്വരമാണ്. ഇതിന്റെ ഫലം അഭിവൃദ്ധിയും പുരോഗതിയും ഉയർച്ചയുമാണ്. മടിയില്ലാതെ സ്ഥിരോത്സാഹിയാകുന്നത് ദൈവരാജ്യത്തിനുവേണ്ടിയാണ് എന്ന യാഥാർത്ഥ്യം നമ്മൾ മറക്കരുത്.

നമ്മിലെ അലസതയെന്ന മൂലപാപത്തെ ഉത്സാഹവും തീഷ്ണതയും നല്കുന്ന ജീവിതമൂല്യംകൊണ്ടും നമ്മുടെ ജീവിത നിയമങ്ങൾക്കൊണ്ടും ജീവിത ശീലങ്ങൾക്കൊണ്ടും പ്രതിരോധിക്കാൻ കഴിയും. മടി എന്ന അലസത നമ്മെ കീഴടക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. വി. യൗസേപ്പിതാവിനോട് പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. കുറേ വർഷങ്ങൾ അദ്ധ്യാപികയായി ഹൈറേഞ്ചിലും പാലക്കാട്ടും ഞാൻ ജോലി ചെയ്തിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കുശേഷം ചില ആരോഗ്യപ്രശ്നങ്ങൾ എനിക്ക് അനുഭവപ്പെടാൻ തുടങ്ങി. പ്രത്യേകിച്ച് കാലിന്റെ പാദത്തിന്റെ വേദന അല്പം കഠിനമായിരുന്നു. സമതലപ്രദേശത്ത് ജനിച്ചു വളർന്ന എനിക്ക് ഹൈറേഞ്ചിന്റെ ഭൂപ്രകൃതി അല്പം കഠിനമായിരുന്നു. മലകളും കുന്നുകളും കയറ്റവും ഇറക്കവും ഉണ്ടക്കല്ലുകളും ചവിട്ടിയാൽ തെന്നിപ്പോകുന്ന മണ്ണും എല്ലാം പ്രത്യേകതകൾ ആയിരുന്നു, പ്രയാസങ്ങളായിരുന്നു എങ്കിലും ഇവിടുത്തെ സാഹചര്യങ്ങളോട് ഞാൻ ഇണങ്ങിച്ചേർന്നു. കഠിനാദ്ധ്വാനത്തിന്റെ ആനന്ദവും സുഖവും സൗന്ദര്യവും ഞാൻ ഇവിടെ ആസ്വദിച്ചു. അതിന്റെ പിന്നിലെ ചേതോവികാരം വി.യൗസേപ്പിതാവിനോടുള്ള ഭക്തിയും സ്നേഹവും ആയിരുന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു.

പ്രധാനാദ്ധ്യാപികയായി മംഗലഡാമിലേയ്ക്ക് നിയമിതയായപ്പോൾ എനിക്ക് വിഷമം ഉണ്ടായില്ല. കാരണം വി. യൗസേപ്പിതാവ് എന്നെ താങ്ങിക്കൊള്ളും എന്ന നല്ല ബോധ്യം എനിക്ക് ഉണ്ടായിരുന്നു. കഠിനാദ്ധ്വാനത്തിലൂടെ നല്ല നല്ല ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തി ആ നാടിനെ പുരോഗതിയിലേയ്ക്ക് ഉയർത്താൻ സാധിച്ചത് വി.യൗസേപ്പിതാവിന്റെ അദ്ധ്വാനശീലത്തിന്റെ മാതൃക എനിക്ക് പ്രചോദനമായിരുന്നതുകൊണ്ടാണ്. എന്റെ ഔദ്യോഗിക ജീവിതത്തിന്റെ പ്രയാസങ്ങൾ എനിക്ക് മധുരിക്കുന്നവയായിരുന്നു. കാരണം എന്റെ അദ്ധ്വാനങ്ങൾ ഒന്നും പാഴാകാതെ ഫലം നല്കുന്നവയായി എന്റെ യൗസേപ്പിതാവ് എനിക്കു കാണിച്ചുതന്നിരുന്നു. എന്റെ ജീവിതത്തിന്റെ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ അവിടുത്തെ പുരോഗതികൾ കാണുമ്പോൾ ഏറെ സന്തോഷവും

അഭിമാനവും ഇന്ന് എനിക്ക് തോന്നുന്നുണ്ട്. ആ പ്രദേശത്തെ മാറ്റങ്ങളും അഭിവൃദ്ധിയും വിദ്യാഭ്യാസപരമായ പുരോഗതിയും കാണുമ്പോൾ മനസ്സ് നന്ദികൊണ്ടും അഭിമാനംകൊണ്ടും നിറയുന്നു. നടന്നു തേഞ്ഞുപോയ എന്റെ കാൽപ്പാദങ്ങളെ വാത്സല്യത്തോടെ ഞാൻ തലോടി ദൈവസ്തുതി പാടാറുണ്ട്. വി. യൗസേപ്പിതാവിനോടുള്ള ഭക്തി അനുദിനം നമ്മിൽ വർദ്ധിച്ചുവരണം. വിശിഷ്യാ എസ്.ജെ.സി മക്കളിൽ നിറയട്ടെ എന്ന് പ്രാർത്ഥിക്കാം. ഏതു പ്രതിസന്ധിയിലും നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ പക്കൽ നമുക്ക് അഭയം തേടാം. താതൻ തന്റെ തിരുക്കുമാരനോട് ചേർത്തുവെച്ച് നമ്മെയും സംരക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**സി. ലീന തെരേസ് എസ്.ജെ.സി**





# വി. യൗസേപ്പ് എന്റെ അഭയസങ്കേതം

**എ**ന്റെ ബാല്യകാലം മുതൽ എനിക്ക് വി.യൗസേപ്പിതാവിനോട് ഭക്തിയും സ്നേഹവും ഇഷ്ടവും ഉണ്ടായിരുന്നു. ഞങ്ങളുടെ പള്ളി വി.യൗസേപ്പിതാവിന്റെ നാമത്തിലുള്ളതായിരുന്നു. എസ്.വി.എം മഠത്തി ലായിരുന്നു ആദ്യം മുതൽ ഞാൻ ചേരാൻ ആഗ്രഹിച്ചിരുന്നത്. അവിടെ ആയിരുന്നു ഞങ്ങളുടെ ബന്ധത്തിലുള്ള സിസ്റ്റേഴ്സ് ഉണ്ടായിരുന്നത്. എന്നാൽ ഒരു നിയോഗം പോലെ എസ്.ജെ.സി യിൽ ചേരാൻ ദൈവം ഇടയാക്കി. ഇതിന്റെ കാരണം വി. യൗസേപ്പിതാവിനോടുള്ള ഭക്തിയായിരുന്നു. വി.യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനകൾ എനിക്ക് വളരെ ഇഷ്ടമായിരുന്നു. വി. യൗസേപ്പിതാവിനോട് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുമായിരുന്നു. ഇന്നുവരെ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിച്ചിട്ട് അല്പം ബുദ്ധിമുട്ടിച്ചാലും കഷ്ടപ്പെടുത്തിയാലും പിന്നീട് അത് സാധിച്ചു കിട്ടിയിട്ടുണ്ട്. എന്റെ ജീവിതത്തിലെ പഠനങ്ങളിൽ പ്രത്യേകിച്ച് തായ്ലാന്റിലെ പഠനത്തിൽ, രോഗങ്ങളിൽ, ഓപ്പറേഷന്റെ അവസരങ്ങളിൽ എല്ലാം വലിയ താങ്ങായ് തണലായ്, കരുതലായ് വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം കൂടെ ഉണ്ടായിരുന്നു. സാൻ ജോസ് വിദ്യാലയ എന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഈ മഹത്തായ സ്ഥാപനത്തെ നല്ല നിലയിലേയ്ക്ക് ഉയർത്തികൊണ്ടുവരുവാനും, അതിനിടയിലെ ബുദ്ധിമുട്ടുകളിലും കഷ്ടപ്പാടുകളിലും ഏറെ പ്രത്യേകമായി ഗ്രാന്റ് കാര്യങ്ങളിലും പ്രയാസങ്ങളിലും എല്ലാം വി. യൗസേപ്പിതാവിനോട് പുത്രീസഹജമായ സ്വാതന്ത്ര്യത്തോടെ പ്രാർത്ഥിക്കുകയും മറ്റുള്ളവരെകൊണ്ട് പ്രാർത്ഥിപ്പിക്കുകയും

ചെയ്തിരുന്നു. പ്രശ്നങ്ങളിലും പ്രതിസന്ധികളിലുമെല്ലാം വി. യൗസേപ്പിതാവിന്റെ ഇടപെടൽ പ്രത്യേകമാംവിധം ഞാൻ അനുഭവിച്ചിട്ടുണ്ട്. കരുണാമയനായ താതന്റെ പാദത്തിൽ പ്രശ്നങ്ങൾ അടിയറവെച്ച് പ്രാർത്ഥിക്കുമ്പോൾ ഫലം ലഭിക്കുക തന്നെ ചെയ്തിരുന്നു.

വി. അമ്മത്രേസ്യാ നമ്മോടു പറയുന്നതും ഇതുതന്നെയല്ലേ? വി.യൗസേപ്പിതാവ് നമ്മുടെ ഏതു പ്രശ്നങ്ങളും പരിഹരിച്ചു തരും എന്ന് നമ്മുടെ പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പായും നമ്മോടു പറയുന്നു. പ്രതിസന്ധികളിൽ പരിഹാരമായി വി.യൗസേപ്പു താതൻ നമ്മോടൊപ്പം ഉണ്ടാകും. അവയെല്ലാം സമാധാനത്തോടെ പരിഹരിച്ചു തരും എന്ന കാര്യത്തിൽ എനിക്ക് സംശയം ഇല്ല. നിലവിലുള്ള പുതിയ സ്കൂൾ കെട്ടിടത്തിനുള്ള സ്ഥലം വാങ്ങിക്കുവാൻ ഒത്തിരി കഷ്ടപ്പാടുകളിലൂടെയും ബുദ്ധിമുട്ടുകളിലൂടെയും വെല്ലുവിളികളിലൂടെയും കടന്നുപോയിരുന്നു. അപ്പോൾ താതന്റെ മാധ്യസ്ഥ്യം ഏറെ യാചിച്ചിരുന്നു. ആ നാളുകളിൽ നല്ല തീരുമാനങ്ങൾ എടുക്കാൻ, ഞങ്ങൾ സിസ്റ്റേഴ്സ് എല്ലാവരും ഒന്നിച്ച് വി.യൗസേപ്പിതാവിനോട് സഹായം യാചിച്ചിരുന്നു. തന്മൂലം പലതും സഫലമാകുകയും ചെയ്തു.

ജാതിമതചിന്തകൾക്കതീതമായി കൗൺസലിംഗ് കൊടുത്തപ്പോൾ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ മാത്രമാണ് പല നന്മകളും ഉണ്ടാകാൻ തുടങ്ങിയതെന്ന് നിസംശയം പറയാൻ എനിക്ക് സാധിക്കും. കുഞ്ഞുങ്ങൾ ഇല്ലാത്തവർ, പ്രത്യേകിച്ച് ആദ്യത്തെ കുട്ടി ബുദ്ധിമാന്ദ്യം ഉള്ള കുട്ടിയായതിൽ ദുഃഖിക്കുന്ന മാതാപിതാക്കൾ, ഇനി കുട്ടികൾ വേണ്ട എന്ന ചിന്താഗതിയിൽ നിന്നും വ്യക്തികളെ പിൻതിരിപ്പിക്കാനും വി. യൗസേപ്പിതാവിനോട് പ്രാർത്ഥിച്ചിരുന്നു. തന്മൂലം നോർമ്മൽ കുഞ്ഞുങ്ങളെ ലഭിക്കുന്നതിനും താതന്റെ അനുഗ്രഹങ്ങളിൽ സന്തോഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പഠിച്ചിട്ട് ജോലി ലഭിക്കാതെ വിഷമിക്കുന്ന

വ്യക്തികളെ വി.യൗസേപ്പിതാവിന്റെ പക്കലേയ്ക്ക് നയിക്കുവാൻ ശ്രമിക്കുകയും ഫലം ലഭിക്കുകയും ചെയ്തു. എന്റെ മാമ്മോദീസ പേര് മറിയം എന്നാണ്. പരി. അമ്മയോട് സ്നേഹവും ഭക്തിയും ഉണ്ടെങ്കിലും ഈശോ കഴിഞ്ഞാൽ അല്പം കൂടുതൽ ഭക്തിയും സ്നേഹവും വി. യൗസേപ്പിതാവിനോടാണ് എനിക്ക് ഉള്ളത്. വി. യൗസേപ്പിതാവിലൂടെ പലരേയും നേരായ പാതയിലേയ്ക്ക് നയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മദ്യപാനികൾ, കുടുംബം ശ്രദ്ധിക്കാത്തവർ തുടങ്ങിയവരെ ഈ വിശുദ്ധനോട് പ്രാർത്ഥിക്കാൻ പറഞ്ഞുകൊടുത്ത് രക്ഷപെടുത്താൻ സാധിച്ചിട്ടുണ്ട്. വി. യൗസേപ്പിതാവിനോടുള്ള സ്നേഹവും ഭക്തിയും എന്റെ ജീവിതത്തിൽ പലപ്പോഴും ശക്തിയായി ഞാൻ അനുഭവിച്ചിട്ടുണ്ട്. പ്രതിസന്ധികളിൽ അഭയംതേടി തളരാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

**സി. ജോളി എസ്.ജെ.സി**





16

# വി. യൗസേപ്പ് എന്ന തണൽമരം

സുവിശേഷത്തിൽ നാം കാണുന്ന രണ്ട് അപ്പന്മാർ സാമ്യമുള്ളവരാണ്. ഈശോയുടെ വരവിന് ഒരുക്കമായി ഒരു ജനതയെ രൂപപ്പെടുത്തുന്നതിനുവേണ്ടി സ്വന്തം നാടും വീടും ഉപേക്ഷിച്ച് ദൈവം കാണിച്ച വഴിയിലൂടെ നടന്നുനീങ്ങി അവസാനം വാഗ്ദാനപ്രകാരം ദൈവം നൽകിയ പുത്രനെ വീണ്ടും ബലിനൽകാൻ ആവശ്യപ്പെട്ടപ്പോൾ ആ മകനെയുംകൊണ്ട് മോറിയ മലയിലേയ്ക്ക് കയറിയ ഒരപ്പൻ വിശ്വാസികളുടെ പിതാവായ അബ്രഹാം. രണ്ടാമത്തെ അപ്പൻ മനുഷ്യരോടുള്ള സ്നേഹത്താൽ അവനുവേണ്ടി ബലിയാകാൻ വന്നവനെ കാൽവരിയിലേയ്ക്ക് സ്വയം നടന്നുകയറാൻ മാത്രം ആത്മധൈര്യം കൊടുത്ത് വളർത്തിയ ഒരപ്പൻ അതാണ് വി. യൗസേപ്പിതാവ്. ഉല്പ. 12ൽ കർത്താവ് നമ്മുടെ പൂർവപിതാവായ അബ്രഹാത്തെ വിളിച്ച് ഒരു വലിയ ഉത്തരവാദിത്വം ഏൽപ്പിക്കുന്നു. “നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്ക് പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്വമാക്കും അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും’’ സ്വന്തമായി ഒരു കുഞ്ഞുപോലും ഇല്ലാതിരുന്നവനെ വിളിച്ചിറക്കി ശൂന്യമായ മറ്റൊരു ദേശത്ത് വിട്ട് അനേകം തലമുറകളുടെ പിതാവും അളവറ്റ ധനത്തിന്റെ ഉടമയുമാക്കിമാറ്റി. അവനിലൂടെ വളർന്നുവന്ന ജനത്തിന്റെ തിന്മകൾക്ക് പരിഹാരം ചെയ്യുവാൻ സ്വപുത്രനെ ഭൂമിയിലേയ്ക്ക് അയയ്ക്കുവാൻ ഒരമ്മയെ തിരഞ്ഞെടുത്തപ്പോൾ ആ അമ്മയെയും മകനെയും സംരക്ഷിക്കാനും വളർത്താനും തന്റെ

പകരക്കാരനായി തിരഞ്ഞെടുക്കപ്പെട്ടവനും നിയോഗിക്കപ്പെട്ടവനുമാണ് വി. യൗസേപ്പ് എന്ന വളർത്തപ്പൻ. താൻ വിവാഹം കഴിക്കാൻ ഉടമ്പടി ചെയ്തവളെക്കുറിച്ചും ഭാവിജീവിതത്തെക്കുറിച്ചും സ്വർഗ്ഗംകണ്ട് ഉറങ്ങുമ്പോൾ അതാ പെട്ടന്നൊരു സ്വപ്നം. തന്റെ പ്രതിശ്രുതവധു താനറിയാതെ ഗർഭിണിയാണെന്ന്. ഇതുകണ്ട നിമിഷം മുതൽ ഉറക്കം നഷ്ടപ്പെട്ട് തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ശരീരത്തിലും മനസ്സിലും അനുഭവപ്പെടുന്ന നൊമ്പരം അതിതീവ്രമാണ്. എങ്കിലും മറിയത്തിന്റെ ഗർഭധാരണ രഹസ്യത്തിന്റെ ദൈവിക മാനത്തിന്റെ വാക്കുകൾക്ക് നൂറുശതമാനം വിലകൊടുത്ത് ദൈവതിരുമുമ്പിൽ ആമ്മേൻ പറഞ്ഞു ആ തച്ചൻ.

ദൈവത്തിന്റെ പദ്ധതിയോട് സഹകരിക്കാം എന്ന് പറഞ്ഞ നിമിഷം മുതൽ സഹനങ്ങളുടെ ശരശയ്യയിലേയ്ക്കാണ് യൗസേപ്പ് വീണത്. തന്റെ ശരീരത്തിന്റെയും മനസിന്റെയും എല്ലാ ശക്തികളെയും കഴിവുകളെയും ഒരു ബലിയായി ദൈവതിരുമുമ്പിൽ അടിയറവെച്ചു. പിന്നെ സ്വന്തമായ തീരുമാനങ്ങളോ അഭിപ്രായങ്ങളോ യൗസേപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. എന്നാൽ പൊതുജനങ്ങളുടെ കൂക്കുവിളികളുടെയും അടക്കംപറച്ചിലുകളുടെയും നടുവിൽ ഒന്നും അറിയാത്തവനെപ്പോലെയുള്ള നടത്തം. ഒടുവിൽ എവിടെനിന്നോ ഉള്ളിൽ വന്ന ധൈര്യത്താൽ മരണംവരെ വിശ്വസ്തനായിനിന്ന് സ്വയം വെയിലും മഴയുമേറ്റ് തന്റെ ചുവട്ടിലെ തണലിൽ ഉണ്ടും ഉറങ്ങിയും സമാധാനത്തിലും സന്തോഷത്തിലും കഴിയാൻമാത്രം ഉറപ്പും ധൈര്യവും കൊടുത്ത് ആരാധനയോടെ പരി. മറിയത്തെയും മകനെയും സേവിച്ചു. അപ്പോഴൊന്നും ആ മകനിലും അമ്മയിലും മറ്റ് പ്രത്യേകതകൾ ഒന്നും അവൻ കണ്ടിരുന്നില്ല. സാധാരണമായ വ്യക്തിത്വത്തിന്റെ ഉടമകൾ എങ്കിലും ദൈവത്തിന്റെ വാക്കുകൾക്ക് നൂറുശതമാനം വിലകൊടുത്ത് അനുദിനമുള്ള അപ്പത്തിനായി കഠിനമായി അദ്ധ്വാനിച്ചു.

വാചാലനാകുന്ന അപ്പനേക്കാൾ ജീവിതംകൊണ്ട് മാതൃക നൽകി വളർത്തുന്ന അപ്പനാണ് മക്കൾക്ക് ധൈര്യവും കരുത്തും

നൽകുന്നത്. ബന്ധുക്കളുടെയോ സമൂഹത്തിന്റെയോ അംഗീകാരമോ സഹായമോ ഇല്ലാത്ത പിതൃത്വത്തിന്റെ ആത്മീയ സുഗന്ധം പരത്തുന്ന അപ്പനെ കണ്ടു വളരാൻ ഈശോയ്ക്ക് സാധിച്ചു. ആ ഒരേഒരു പാഠശാലയിൽനിന്നു സ്വയം അധ്വാനിക്കാനും, ക്ഷമിക്കാനും പ്രതിസന്ധികളെ മൗനത്തോടെ നേരിടാനും കുരിശിനെ ക്ഷമയോടെ വഹിക്കാനും, മറ്റുള്ളവരോട് നീതി പുലർത്താനും, തുണയില്ലാത്തവർക്ക് ആശ്രയമാകാനും ഈശോ പഠിപ്പിച്ചു. മറ്റൊരു സ്കൂളിലും പോകാത്തവൻ അപ്പനിൽനിന്നും അമ്മയിൽനിന്നും കണ്ടും കേട്ടും ഒത്തിരി കാര്യങ്ങൾ പഠിച്ചു. പിതാവായ ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ യൗസേപ്പിതാവ് ചെയ്തപ്പോൾ അതെ ഉത്തരവാദിത്വബോധം മകനും ലഭിച്ചു. അതിനാൽ ഗദ്സമേനിലെ പ്രാർത്ഥന തിരസ്കൃതമായിട്ടുപോലും തന്റെ പിതാവിനോടുള്ള വിശ്വസ്തത പുത്രനും കാണിച്ചു.

സദാസമയവും ദൈവത്തിലേയ്ക്കും ദൈവത്തിന്റെ ഇഷ്ടങ്ങളിലേയ്ക്കും കണ്ണ് നട്ടിരുന്നതിനാൽ ഈ ലോക മോഹങ്ങളോ, ആഗ്രഹങ്ങളോ പൂർത്തിയാക്കാനോ ശരീരത്തിന്റെ തൃഷ്ണകളെ തൃപ്തിപ്പെടുത്താനോ ഒരിക്കലും ആ വളർത്തു പിതാവ് ശ്രമിച്ചിരുന്നില്ല. ഈ ലോകമാകുന്ന ചെറു ജീവിതത്തിനുശേഷം സ്വർഗ്ഗമാകുന്ന പൂന്തോട്ടത്തിൽ നിത്യമായി വളരണമെങ്കിൽ നന്മയുടെ വഴികളിലൂടെ സഹനത്തിന്റെ ചൂളയിൽ ഉരുകി കടഞ്ഞുകിട്ടുന്ന നല്ല ഫലത്തിനു മാത്രമേ സാധിക്കൂ. ദൈവം സ്വപ്നം കണ്ട ആഗ്രഹങ്ങൾ എല്ലാം പൂർത്തീകരിച്ചവന്റെ തണലിൽത്തന്നെ അവിടുന്ന് സ്ഥാപിച്ച തിരുസഭയെയും ഭരമേല്പ്പിച്ചിരിക്കുന്നു. ഈ ഭൂമിയിൽ സ്വർഗ്ഗം പണിയാൻ മനസ്സമ്മതം നൽകിയവനെ സ്വർഗ്ഗത്തിന്റെ മടിത്തട്ടിൽതന്നെ കിടന്ന് മരിക്കാനും നന്മരണത്തിന്റെ മദ്ധ്യസ്ഥനായും മാറ്റിയിരിക്കുന്നു. അങ്ങനെ നിത്യതയുടെ തീരത്തേക്കുള്ള വഴിവിളക്കാണവൻ.

നമ്മുടെ പ്രകാശഗോപുരമായ തിരുവചനത്തിൽ നാം വി.യൗസേപ്പിനെക്കുറിച്ച് കേൾക്കുന്ന ഒരേഒരു വാചകം 'നീതിമാൻ'

എന്ന പദമാണ്. നീതി, കാരുണ്യം, വിനയം ഇതാണ് ദൈവത്തിന് സ്വീകാര്യനായ മനുഷ്യന്റെ ഗുണഗണങ്ങൾ. ഈ നീതിയെക്കുറിച്ച് വചനങ്ങളിൽ പല സ്ഥലങ്ങളിൽ നാം ദർശിക്കുന്നു. ആമോസ് 5:24, മിക്ക. 6:8, ഹോസിയ 2: 19–20 നീതിയായി വർത്തിക്കുന്നവനിൽ ഉൾച്ചേർന്ന വികാരമാണ് കാരുണ്യവും വിനയവും. ഇത് നന്നായി പൂത്തുലഞ്ഞുനിന്നതിനാലാണ് വേദനകൾ തിരമാലപോലെ ഒന്നിനുപുറകെ ഒന്നായി വന്നപ്പോഴും പതറാതിരുന്നത്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല, ദൈവം അറിയാതെ ആരുടെയും ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്നുള്ള അടിയുറച്ച ബോധ്യമാണ് പുരുഷ സംസർഗ്ഗം കൂടാതെ ഒരു സ്ത്രീ ഗർഭിണി യാകും എന്ന വാർത്തയെ അവൻ നിരസിക്കാതിരുന്നതിന്റെയും കാരണം. തൻമൂലം ഗർഭിണിയായവളെ സ്വീകരിച്ചതുവഴി ഉണ്ടായ സഹനകടലിൽ അവൻ പിടിച്ചുനിന്നു. ദൈവപുത്രനാണെന്നു പറഞ്ഞിട്ടുപോലും ജീവനുവേണ്ടി നാടുവിടേണ്ടിവന്നു. പ്രസവി ക്കാൻ ഇടം കിട്ടാതെ രാത്രിയാമങ്ങളിൽ ഭവനങ്ങൾ കയറിയിറ ങ്ങേണ്ടിവന്നു. എന്നാലും മറിയത്തേയോ ദൈവത്തേയോ പഴിക്കാതെ ക്ഷമയോടെ അവൻ കാത്തുസൂക്ഷിച്ചു.

ജോസഫിന്റെ കരുണ അവന്റെ നീതിയുടെ പൂർണ്ണതയാണ്. അതിനാലാണ് സ്വന്തം പേരിനേക്കാൾ അപരന്റെ സത്പേരിൽ അവൻ ബദ്ധശ്രദ്ധനായത്. വളർത്തുപിതാവിൽനിന്ന് കണ്ടു പഠിച്ചതും അമ്മ പിതാവിനെക്കുറിച്ച് പറഞ്ഞുകൊടുത്തതുമായ കാര്യങ്ങൾ കേട്ടും കണ്ടും വളർന്നതുകൊണ്ടാണ് മകന് തന്റെ പരസ്യജീവിതകാലത്ത് കരുണയുടെ പര്യായമായിത്തീരാൻ സാധിച്ചത്. ഇങ്ങനെ കരുണ, നീതി, വിനയം എന്നീ ഫലങ്ങൾ പൂത്തുലഞ്ഞ മരമായിരുന്നു വി. യൗസേപ്പ്. അന്നാട്ടിലെ ജനങ്ങൾ മറിയത്തിന്റെ മകൻ എന്ന് ഈശോയെ സംബോധന ചെയ്തപ്പോഴും തന്റെ പൗരുഷത്തെ ചോദ്യം ചെയ്തപ്പോഴും ഒന്നും ഉരിയാടാതെ മൗനിയായി തന്റെ കടമകൾ ചെയ്തുകൊണ്ട് ആരാധനയോടെ അവരെ ശുശ്രൂഷിച്ചത് . മകനെ നഷ്ടപ്പെട്ട് തിരിച്ചുനടന്ന് മകനെ

തേടിപോയപ്പോഴും കണ്ടുകിട്ടുമ്പോഴും അപ്പൻ എന്ന സ്ഥാനംവെച്ച് ചോദ്യംചെയ്യൽ നടത്താം. എന്നാൽ അത് തന്റെ സൃഷ്ടാവാണ് എന്ന പൂർണ്ണബോധ്യത്തിൽ അവിടെയും ഒന്നും ഉരിയാടിയില്ല. അമ്മയ്ക്ക് തണലായി മാറിനിന്ന് അമ്മ മകനോട് പറയുന്നതുമാത്രം കേട്ട് മനസ്സിൽ ധ്യാനിച്ചുനിന്നു. അങ്ങനെ മരണംവരെ ഒരു മൗനിയായിനിന്ന് അമ്മയ്ക്കും മകനും തണലായിനിന്നു. തന്റെ ഈ ലോക കടമകൾ തീർന്നപ്പോൾ തന്റെ ഭാര്യയെ മകന്റെ കയ്യിൽ സുരക്ഷിതമായി ഏല്പ്പിച്ചിട്ട് ആ മടിയിൽ ശാന്തമായി കിടന്ന് മരണത്തെ പുൽകി. സ്വർഗ്ഗം ചോദിച്ചത് ഒന്നും നിരസിക്കാതെ ഈ ഭൂമിയിൽ സ്വർഗ്ഗം പണിതവനെ ദൈവം ആദരിക്കുന്നു. അതിനാൽ വി.യൗസേപ്പിതാവിന്റെ നാമത്തിൽ ചോദിക്കുന്നതൊക്കെ സ്വർഗ്ഗം നമുക്കും സാധിച്ചുതരുന്നു.

ഒരു പുരുഷായുസ്സ് മുഴുവൻ മൗനമായി അമ്മയ്ക്കും മകനും തണലും സംരക്ഷണവും കൊടുത്തതുപോലെ അനുഗ്രഹപ്രാപ്തിക്കുവേണ്ടി ഇന്നും അദ്ദേഹത്തിന്റെ നാമത്തിലുള്ള പള്ളികളിൽ ജനം തിങ്ങിക്കൂടുന്നു. ഓർമ്മവെച്ച നാൾ മുതൽ വി.യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഞങ്ങളുടെ ഇടവക ദേവാലയത്തിലെ തിരക്ക് ഞാൻ കാണുന്നതാണ്. തന്നെ വിളിക്കുന്നവർക്കെല്ലാം സ്വർഗ്ഗീയമായ ആശ്വാസവും അനുഗ്രഹവും നൽകുന്നുണ്ട് വി.യൗസേപ്പിതാവ്. ജീവിതത്തിലെ പ്രതിസന്ധികളെ ധൈര്യപൂർവ്വം തരണം ചെയ്യാൻ വി.യൗസേപ്പിതാവിനോടുള്ള ഭക്തി എന്നെ ഏറെ സഹായിച്ചിട്ടുണ്ട്. വി.യൗസേപ്പിതാവിനോടുള്ള ഭക്തിയാണ് ഈ സഭയിൽ അംഗമാകുവാൻ എന്നെ പ്രേരിപ്പിച്ച ചേദോവികാരവും.

**സി. സിബി എസ്.ജെ.സി.**



17

# വി. യൗസേപ്പ് സ്വർഗ്ഗം നോക്കി നടന്ന താതൻ

**വി.** യൗസേപ്പിതാവ് സ്വർഗ്ഗം നോക്കി നടന്നവൻ ആണ്. തന്മൂലമാണ് പരി. അമ്മയേയും ദിവ്യ ഉണ്ണിയേയും ആർദ്രമായ സ്നേഹത്താൽ ദൈവപിതാവിന്റെ കാരുണ്യത്തോടെ അവരെ സ്നേഹിച്ചു ജീവിച്ചത്. അങ്ങനെ യൗസേപ്പിതാവ് തിരുക്കുടുംബത്തെ സ്വർഗ്ഗത്തിന്റെ പതിപ്പാക്കി മാറ്റി. ഒപ്പം സ്വർഗ്ഗത്തിൽ പോകുന്നതിനുള്ള വഴിയുമായിരുന്നു തിരുക്കുടുംബശുശ്രൂഷകൾ.

## വി. യൗസേപ്പ് വിശദീകരണം ചേദിച്ചില്ല

വി. യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ സന്ന്യാസിനി സഭയിൽ അംഗമായിച്ചേരുവാൻ ദൈവം എന്നെ തിരഞ്ഞെടുത്തതിനെയോർത്ത് ഞാൻ ദൈവത്തിന് നന്ദിപറയുന്നു. ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങിയവനാണ് വി.യൗസേപ്പ്. വിശദീകരണങ്ങൾ ചോദിക്കാതെ കാര്യകാരണങ്ങൾ അന്വേഷിക്കാതെ ദൈവത്തിന്റെ മനസ്സ് നിറവേറ്റുക എന്നതായിരുന്നു വി. യൗസേപ്പിന്റെ സ്വഭാവ സവിശേഷത. എസ്.ജെ.സിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് നല്ല ധീരനായിരുന്നു. പ്രശ്നങ്ങളിലും പ്രതിസന്ധികളിലും പരിഭ്രമിക്കാതെ, അവയിൽനിന്നും ഒളിച്ചോടാതെ സധൈര്യം ദൈവപരിപാലനയിൽ അടിയുറച്ച് വിശ്വസിച്ചു മുന്നോട്ടു പോയവനാണ് വി.യൗസേപ്പ്. പ്രശ്നങ്ങളും അപകീർത്തികളും തെറ്റിദ്ധാരണകളും വരുമ്പോഴാണ് നമുക്ക് നമ്മുടെ മനസ്സിനെ പരിശോധിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുന്നത്. ദൈവഹിതം നിറവേറ്റുന്നതിന് നമ്മൾ എത്രമാത്രം സന്നദ്ധതയുള്ളവരാണ്.

ദൈവത്തിലുള്ള നമ്മുടെ അടിയുറച്ച ബോധ്യം, ദൈവപരി പാലനയിലുള്ള ശക്തമായ ആശ്രയം ഇവയൊക്കെ എപ്രകാരമാണ് നമ്മിൽ ആഴപ്പെട്ടിട്ടുള്ളത്, ശക്തമായിട്ടുള്ളത് എന്ന് തിരിച്ചറിയാൻ കഴിയുന്നത് പ്രതിസന്ധിയുടെ നിമിഷങ്ങളിലാണ്.

**വി. യൗസേപ്പ് അദ്ധ്വാനം അനുഗ്രഹമാക്കി**

ജീവിതത്തിന്റെ വഴിത്താരകളിൽ പതറാത്തവനായിരുന്നു വി. യൗസേപ്പ്. ഏതു ജോലിയുടെയും മാഹാത്മ്യം മനസ്സിലാക്കി അദ്ധ്വാനിച്ച് തിരിക്കുടുംബത്തെ സംരക്ഷിച്ച് പരിപാലിച്ചവനാണ് വി. യൗസേപ്പ്. മരപ്പണിക്കാരനായിരുന്ന വി. യൗസേപ്പ് തന്റെ തൊഴിലിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. ജോലിയിൽ മികവും പ്രാഗത്ഭ്യവും കാണിച്ചിരുന്നു. തൊഴിലിൽ പ്രസിദ്ധി നേടിയവനായിരുന്നു. തികഞ്ഞ ഉദാരതയോടെ തന്റെ മരപ്പണിയെ ദൈവിക സാന്നിധ്യത്തിൽ നിറച്ച് സമ്പന്നമാക്കിയ വ്യക്തി യായിരുന്നു നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവ്. തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവ് തൊഴിലിന്റെ മാഹാത്മ്യത്തെയും തൊഴിലാളിയുടെ പേരിനെയും ഉയർത്തി കാണിച്ചവനാണ്. തൊഴിൽ ഒരു ശാപമല്ല എന്നും അധ്വാനം ഒരു അനുഗ്രഹമാണെന്നും വിശുദ്ധൻ പഠിപ്പിച്ചു. തൊഴിലിന്റെ സംസ്ക്കാരം അദ്ധ്വാനത്തിന്റെ അനുഗ്രഹമായി നമ്മുടെ ജീവിതത്തിലേക്ക് യൗസേപ്പിതാവ് പകർന്ന് നൽകുന്നുണ്ട്. തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിലൂടെ ഏതുതരം തൊഴിലിനോടും കൂടുതൽ ആദരവ് നമുക്ക് ഉണ്ടാകുന്നതിനും, കഠിനാദ്ധ്വാനത്തോട് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നതിനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. തൊഴിലില്ലാ യ്മക്ക് പരിഹാരം കാണുവാൻ, യുവതലമുറയെ അദ്ധ്വാനതൽപ്പര രാക്കുവാൻ, ജീവിതത്തിൽ തൊഴിലിന്റെ മഹനീയത തിരിച്ചറിഞ്ഞ് അദ്ധ്വാനസംസ്ക്കാരമുള്ള ജനതയെ രൂപപ്പെടുത്തണമെ എന്ന് വി.യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.

## വി. യൗസേപ്പിന്റെ പിതൃത്വശൈലി

വി. യൗസേപ്പിതാവിന്റെ പിതൃത്വശൈലി ഏറെ പ്രത്യേകതകൾ ഉള്ളതായിരുന്നു. ആരേയും അടിച്ചമർത്താത്തതും ആരിലും അടിച്ചേൽപ്പിക്കാത്തതുമായിരുന്നു യൗസേപ്പിതാവിന്റെ പിതൃത്വശൈലി. "യൗസേപ്പ് എന്ന വാക്കിന്റെ അർത്ഥം 'വളർച്ച നൽകുന്നവൻ' 'മറ്റുള്ളവരെ വളർത്തുന്നവൻ' എന്നൊക്കെയാണ്. "എന്റെ സ്നേഹമുള്ള പിതാവേ, എന്റെ ശരണം മുഴുവൻ നിന്നിലുണ്ട്. നിന്നോട് അപേക്ഷിക്കുന്നത് നീ ഉപേക്ഷിക്കുകയില്ല എന്നാണ് കേൾക്കപ്പെട്ടിട്ടുള്ളത്. ഈശോയോടും അമ്മയോടും ഒപ്പം നിന്ന് നിനക്ക് എല്ലാം ചെയ്യാൻ സാധിക്കും. അതിനാൽ നിന്റെ നന്മ എനിക്ക് കണിച്ചുതരണമെ എന്നുള്ള പ്രാർത്ഥന എപ്പോഴും നമ്മുടെ പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ ചൊല്ലിയിരുന്നു". നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ പക്കൽ നമുക്കും പ്രത്യാശയോടെ ഓടിയണയാം. വി.യൗസേപ്പിതാവിന്റെ പിതൃത്വത്തെക്കുറിച്ച് ധ്യാനിച്ച് മനോഹരമായ ആറ് ധ്യാനസന്ദേശങ്ങൾ സാർവ്വത്രിക സഭയ്ക്കായി ഫ്രാൻസീസ് പാപ്പ നൽകുന്നുണ്ട് : സ്നേഹനിധിയായ പിതാവ്, കരുണയുള്ള പിതാവ്, അനുസരണയുള്ള പിതാവ്, എല്ലാം സ്വീകരിക്കുന്ന പിതാവ്, ക്രിയാത്മകമായി ധീരത പ്രദർശിപ്പിക്കുന്ന അദ്ധ്വാനിയായ പിതാവ് ,നിഴലുകളിൽ സന്നിഹിതനായ പിതാവ്.

## വി. യൗസേപ്പ് കുടുംബങ്ങളുടെ കാവൽക്കാരൻ

കുടുംബങ്ങളുടെ കാവൽക്കാരനായ വി. യൗസേപ്പിതാവേ, ഈ ഉത്തരാധുനിക യുഗത്തിൽ ഞങ്ങളുടെ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. കുടുംബങ്ങൾ, കുടുംബബന്ധങ്ങൾ, സഹോദര ബന്ധങ്ങൾ എല്ലാം എല്ലാം ഇന്ന് രോഗാഗ്രസ്തമായിക്കൊണ്ടിരിക്കുകയാണ്. ഐക്യമില്ല, ഐശ്വര്യമില്ല, സമൃദ്ധിയില്ല, സമാധാനമില്ല, സന്തോഷമില്ല, ആനന്ദമില്ല എല്ലാം അകലത്തായിക്കൊണ്ടിരിക്കുകയാണ്. കുടുംബങ്ങളുടെ ജീവിതശൈലിതന്നെ മാറിക്കൊണ്ടിരിക്കുന്നു.

കുടുംബങ്ങളുടെ കാവൽക്കാരനായ വി.യൗസേപ്പിതാവിന്റെ ജീവിതശൈലി നമ്മുടെ കുടുംബങ്ങൾ മാതൃകയാക്കി മാറ്റത്തിന്റെ നന്മയിൽ സഞ്ചരിക്കുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. വി. മത്തായി 1:18 "യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായി രുന്നു. അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു." ഈ വചനം എങ്ങനെയാണ് കുടുംബങ്ങൾ വി.യൗസേപ്പിതാവിനെ മാതൃകയാക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടു ത്തലാണ്. മറിയം ഗർഭവതിയാണെന്ന് അറിഞ്ഞപ്പോൾ വി.യൗസേപ്പിതാവ് മനസ്സുകൊണ്ടെടുത്തൊരു തീരുമാനം ഉണ്ട്. വി.മത്തായി അത് ഇങ്ങനെയാണ് ഓർമ്മപ്പെടുത്തുന്നത്. "അവളെ അപമാനവിധേയയാക്കാൻ ഇഷ്ടപ്പെടായ്കയാൽ " വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ വി. യൗസേപ്പിതാവ് കുടുംബ ങ്ങൾക്കു നൽകുന്ന ഏറ്റവും നല്ല മാതൃകയും ഇതാണ്. ശാരീരി കവും മാനസികവും ആത്മീയവും വൈകാരികവുമായ മണ്ഡല ങ്ങളിൽ ഒരു വ്യക്തിയുടെ മാന്യത നിലനിർത്താൻ ബലഹീനമായ കുടുംബങ്ങളെ സഹായിക്കണമെ എന്ന് വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രത്യേകമാംവിധം നമുക്ക് യാചിക്കാം.

### വി.യൗസേപ്പ് മാന്യതയുടെ സംസ്ക്കാരം

നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും മാന്യതയുടെ ഒരു സംസ്ക്കാരം വളർന്നുവരണം. നമ്മുടെ മക്കളും കുടുംബാംഗ ങ്ങളും തമ്മിലുള്ള ബന്ധത്തിൽ, അയൽവാസികളും സഹപാഠി കളും തമ്മിലുള്ള ബന്ധത്തിൽ, നമ്മുടെ സഹോദരങ്ങൾ തമ്മി ലുള്ള ബന്ധത്തിൽ എല്ലാം ഒരു മാന്യതയുടെ സംസ്ക്കാരം ഇന്ന് ഉണ്ടോ? എന്ന് നാം വിശകലനം ചെയ്യണം. 'ഇല്ല' എന്നാണ് പല പ്പോഴും നമുക്ക് ഉത്തരം കിട്ടുന്നതും കണ്ടെത്താൻ സാധിക്കുന്നതും. ഇവിടെയെല്ലാം വി. യൗസേപ്പിതാവിന്റെ സഹായം തേടിക്കൊണ്ട് ആ താതന്റെ മനോഭാവം സ്വന്തമാക്കാൻ കഴിയണം. "അവളെ

അപമാന വിധേയയാക്കാൻ ഇഷ്ടപ്പെടായ്കയാൽ.....” നമുക്ക് നമ്മുടെ ജീവിതത്തെ ആത്മപരിശോധനയ്ക്ക് വിധേയമാക്കാം. മറ്റുള്ളവരെ മാനിക്കുന്ന, ആദരിക്കുന്ന അവരുടെ വ്യക്തിത്വത്തിന് വിലകൊടുക്കുന്നവരായി മാറുവാൻ വി. യൗസേപ്പിതാവിന്റെ പാദത്തിൽ നമുക്ക് അഭയംതേടി പ്രാർത്ഥിക്കാം. അസന്മാർഗിക തയുടെ സംസ്ക്കാരത്തിൽനിന്നും പിൻമാറി അതിരുവിട്ട ആർഭാടങ്ങളോട് വിടപറഞ്ഞ്, എല്ലാ ബന്ധങ്ങളിലും മാന്യതയുടെ സംസ്ക്കാരം നിലനിർത്തിക്കൊണ്ട് എന്റെ മുമ്പിലുള്ള വ്യക്തി എന്നെക്കാൾ വിലയുള്ളവനാണ് എന്ന തിരിച്ചറിവോടുകൂടി ബന്ധങ്ങളെ മഹനീയമായ കാഴ്ചപ്പാടിൽ നിലനിർത്താൻ പരിശ്രമിക്കാം.

## വി. യൗസേപ്പ് പ്രതിസന്ധിയുടെ കാവലാൾ

തിരുസഭയുടെ കാവൽക്കാരനാണ് വി. യൗസേപ്പ്. ഒപ്പം ദൈവിക പദ്ധതിയുടെയും, പ്രതിസന്ധികളുടെയും തളരാത്ത കാവൽക്കാരനുമാണ് അവിടുന്ന്. ദൈവതിരുമനസ്സ് നിറവേറ്റുവാൻ സ്വയം സമർപ്പിക്കുന്ന എല്ലാവരും ഒരു ആന്തരിക സംഘർഷ ത്തിലൂടെ കടന്നുപോകുവാൻ ദൈവം അനുവദിക്കുന്നു. വി. യൗസേ പ്പിതാവും യേശുവിന്റെ രക്ഷാകര രഹസ്യത്തിൽ സഹകരി ക്കേണ്ടതിന് ഈ ഒരു സംഘർഷത്തിലൂടെ കടന്നുപോയ വ്യക്തി യാണ്. പ്രതിസന്ധികളിൽ വി. യൗസേപ്പ് ദൈവഹിതം കണ്ടെത്തിയ വ്യക്തിയാണ്. ദൈവപരിപാലനയിൽ പൂർണ്ണമായും ആശ്രയിച്ച വിശുദ്ധനാണ്. നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളുണ്ടാ കുമ്പോൾ ഏക ആശ്വാസം അവയുടെ പിന്നിലെ ദൈവീകപദ്ധതി തിരിച്ചറിയുമ്പോൾ മാത്രമാണ്. മനുഷ്യർ കണ്ടെത്തുന്ന വഴികൾ യഥാർത്ഥ വഴികളായിരിക്കണമെന്നില്ല. ജീവിതത്തിലും മരണത്തിലും യേശുവിനോട് ചേർന്നുനിൽക്കുക. “എല്ലാവരും ഉപേക്ഷിക്കുമ്പോൾ ദൈവത്തിൽ മാത്രം ശരണംവെയ്ക്കുക” എന്ന് വി. അഗസ്റ്റിൻ പറഞ്ഞുവെച്ചത് എത്ര വലിയ സത്യമാണ്. വി.യൗസേപ്പിന്റെ ജീവിതത്തിൽ ഇടപെട്ട ദൈവം സഹനത്തിന്റെ

നിമിഷങ്ങളിൽ നമ്മെയും കൈവെടിയുകയില്ല. വി. ഫ്രാൻസിസ് സാലസ് പറഞ്ഞതുപോലെ "നാളെ എന്തു സംഭവിക്കുന്നുവെന്ന് വിചാരിക്കേണ്ട, ഇന്ന് നമ്മെ കാത്തുസൂക്ഷിക്കുന്ന നിത്യപിതാവ് നാളെയും നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നമ്മെ കാത്തുകൊള്ളും. ഒന്നുകിൽ അവിടുന്ന് നമ്മെ സഹനത്തിൽനിന്ന് ഒഴിവാക്കും. അല്ലെങ്കിൽ അത് സഹിക്കാനുള്ള ശക്തി അവിടുന്ന് നൽകും." പ്രതിസന്ധികളിൽ നിശ്ശബ്ദതയുടെ കണ്ണാടിയായി ദൈവകരം ദർശിച്ച വ്യക്തിയായിരുന്നു വി. യൗസേപ്പ്. തന്മൂലം മറിയത്തെയും ഈശോയെയും സംരക്ഷിച്ചു. അവർക്ക് കാവലാളായി നിലകൊണ്ടു. ഇന്ന് സഭയ്ക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും ധാരാളം പ്രതിസന്ധികൾ ഉണ്ട്. അതിനാൽ നന്മയ്ക്കുവേണ്ടി കാവലിരിക്കുക എന്ന വിലപ്പെട്ട ഈ ശുശ്രൂഷയുടെ മഹത്വം തിരിച്ചറിഞ്ഞ് മറ്റുള്ളവർക്ക് ലക്ഷ്യം കാണിച്ചുകൊടുത്ത് അപകടങ്ങളിൽനിന്ന് രക്ഷിക്കുവാൻ, സംരക്ഷിക്കുവാൻ വി.യൗസേപ്പിതാവിനോട് പ്രത്യേകം പ്രാർത്ഥിക്കാം. തിരുസഭ ഇന്ന് വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ സഭയുടെ കവലാളായ് അങ്ങ് നിലനിൽക്കണമെ എന്ന് പ്രാർത്ഥിക്കുകയാണ്.

**ആത്മാവബോധം**

വി. യൗസേപ്പിതാവ് സുകൃതങ്ങളുടെ വിളനിലമാണ്, പത്രാസ് ഇല്ലാത്ത ലളിതമായ വ്യക്തിത്വത്തിന്റെ ഉടമയാണ്, സാധുവാണ്, സധാരണക്കാരനാണ് എന്നൊക്കെ നമ്മുടെ അഭിവന്ദ്യ റാഫേൽപിതാവ് പറഞ്ഞിട്ടുള്ളത് ഓർക്കുകയാണ്. കുടുംബപ്രാർത്ഥനകളിൽ വി. യൗസേപ്പിതാവിനോട് പ്രത്യേകം പ്രാർത്ഥിക്കുന്നത് ചെറുപ്പം മുതലെ കേട്ടുതുടങ്ങിയതാണ്. അതിനാൽ അറിഞ്ഞോ അറിയാതെയോ ഉള്ളിൽ വി. യൗസേപ്പിതാവിനോട് പ്രത്യേകമായ ഭക്തിയും സ്നേഹവും ഉണ്ടായിരുന്നു. സെന്റ് ജോസഫ്സ് കോൺഗ്രിഗേഷനിൽ അംഗമായി ചേർന്നതിനുശേഷം വി. യൗസേപ്പിതാവിനോടുള്ള ഭക്തി എന്നിൽ കൂടുതലായി വർദ്ധിച്ചു. വ്യക്തിജീവിതത്തിൽ എപ്പോഴെങ്കിലും

പ്രതിസന്ധി ഉണ്ടാകുകയാണെങ്കിൽ ഞാൻ ഉടനെ പറയും എന്റെ യൗസേപ്പിതാവെ എന്നെയും കൂടി ഉണ്ണിയോടൊപ്പം ആ കൈയ്യിൽ ചേർത്തു പിടിക്കണമെയെന്ന്. ഉടനെതന്നെ ഞാൻ അഭിമുഖീകരിച്ച പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിളിച്ചാൽ വിളിപ്പുറത്തെത്തി തിരശീലയ്ക്ക് പിന്നിൽനിന്ന് പ്രവർത്തിക്കുന്നവനാണ് നമ്മുടെ യൗസേപ്പിതാവെന്ന് ജീവിതത്തിലെ പല സന്ദർഭങ്ങളിൽ അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. ബ്രഹ്മചാരികളുടെ സംരക്ഷകനായ വി. യൗസേപ്പിതാവേ, ഞങ്ങളുടെ ബ്രഹ്മചര്യ ജീവിതത്തിന്റെ ശരിയായ ലക്ഷ്യത്തിലേയ്ക്ക് കറകൂടാതെ ഞങ്ങളെ നയിക്കണമെ. ജീവിതയാത്രയിലെ വിഷമഘട്ടങ്ങളിൽ പരിശുദ്ധ അമ്മയെയും തിരുസുതനെയും കൂട്ടി വി.യൗസേപ്പിതാവേ മക്കളായ ഞങ്ങളെ സംരക്ഷിക്കാൻ വരേണമെ. സന്തോഷത്തിലും ദുഃഖത്തിലും വി. യൗസേപ്പിന്റെ പാദത്തിൽ അഭയം തേടാൻ ഞങ്ങളെ ഉപദേശിച്ച ഞങ്ങളുടെ സ്ഥാപകപിതാവിനെ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവെ ഞങ്ങളെ കാത്തു പരിപാലിച്ചു കൊള്ളേണമേ എന്ന് പ്രാർത്ഥിക്കാം.

**സി. ലിന്റാ എസ്.ജെ.സി**





18

# വി. യൗസേപ്പ് എന്ന വലിയ വിശുദ്ധൻ

**പ**രിശുദ്ധ മറിയത്തിന്റെ സംരക്ഷകനും ദൈവപുത്രന്റെ വളർത്തുപിതാവും, മനുഷ്യകുലത്തിന്റെ രക്ഷാകര ദൈവ രഹസ്യത്തിൽ വിശ്വസ്തനായി ഭൂമിയിൽ സഹകരിച്ചവനുമായ മാർ യൗസേപ്പിനെ എല്ലാ മനുഷ്യരിൽനിന്നും പ്രത്യേകമായി തെരഞ്ഞെടുത്തവനാണ് എന്നാണ് ക്ലയർവോയിലെ വി. ബർണാദ് പഠിപ്പിക്കുന്നത്. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത ആ വലിയ വിശുദ്ധന്റെ നന്മയും വിശുദ്ധിയും, ത്യാഗജീവിതവും തുടങ്ങി ഒരു മനുഷ്യന് അനുകരണീയമായ എല്ലാ നന്മകളും നിറഞ്ഞ വി.യൗസേപ്പിതാവിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും, അനുകരിക്കുവാനും ആ താതനോട് പ്രത്യേകമായി പ്രാർത്ഥിക്കുവാനും മക്കളായ നമുക്ക് പരിശ്രമിക്കാം.

ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു മരപ്പണിക്കാരൻ എന്നതിലുപരിയായി ദൈവീകനിയോഗമനുസരിച്ച് രക്ഷകന്റെ മാതാവിന്റെ ജീവിതപങ്കാളിയാകുവാനുള്ള അനുഗ്രഹം ലഭിച്ച വ്യക്തിയായിരുന്നു വി. യൗസേപ്പ്. വെറുമൊരു മനുഷ്യനെന്നതിലുപരിയായി ഭൂമിയിൽ പിതാവിന്റെ അമൂല്യനിധികളായ യേശുവിനെയും മറിയത്തെയും വിശ്വസ്തതയോടുകൂടി സംരക്ഷിക്കുകയും കാത്തുപരിപാലിക്കുകയും ചെയ്ത മഹത് വ്യക്തിയായി വിശുദ്ധ ലിഖിതങ്ങളിൽ അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നു.

ആഗോളസഭയുടെ മദ്ധ്യസ്ഥനാണ് വി. യൗസേപ്പ്. അദ്ദേഹം മരിക്കുമ്പോൾ യേശുവും മറിയവും മരണക്കിടക്കയുടെ സമീപത്ത് ഉണ്ടായിരുന്നതിനാൽ മരണശയ്യയിൽ കിടക്കുന്നവരുടെ

മദ്ധ്യസ്ഥനാണ് വി. യൗസേപ്പ്, കൂടാതെ പിതാക്കന്മാരുടെയും മരപ്പണിക്കാരുടെയും, സാമൂഹ്യനീതിയുടെയും മദ്ധ്യസ്ഥനായി അദ്ദേഹത്തെ കണക്കാക്കുന്നു.

**വി. യൗസേപ്പിന്റെ സന്താപ സന്തോഷങ്ങൾ**

സന്താപമല്ലെ സന്തോഷത്തിന്റെ മാതാവ്. ക്രിസ്തുവിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവരെ താൻ നടന്ന വഴിയിലൂടെ കൂട്ടിക്കൊണ്ടുപോകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. കനൽ നിറഞ്ഞ വഴിയിലൂടെ നടത്തിക്കൊണ്ട് നിരന്തരം ഒരു അത്ഭുതമായി ജീവിക്കാൻ നമ്മെ അനുവദിക്കുന്ന ദൈവം ജീവിതത്തോട് മല്ലിട്ടും, ജീവിതത്തിന്റെ വിരുന്നുമേശയിൽ വിളമ്പിതരുന്ന വിഭവങ്ങളെ പരാതികൂടാതെ സ്വീകരിച്ചും മുന്നേറിയ കുടുംബമല്ലെ തിരു ക്കുടുംബം. ഗാഢമായ മൗനത്തിൽ ദൈവത്തിന്റെ മനസ്സറിഞ്ഞ് നടന്നുനീങ്ങിയ ആശാരിയായ ഒരപ്പനും, ജീവിതനിയോഗം പൂർത്തിയാക്കാൻ കഷ്ടപ്പെടുന്ന ഒരമ്മയും, അവരുടെയും മാനവരാശിയുടെയും എക്കാലത്തെയും ആനന്ദമായ ഒരു കുഞ്ഞും ചേർന്ന കഥയാണിത്.

ഏതൊരു ഭക്താഭ്യാസത്തിന്റെയും പിറകിൽ ഒരു കഥയുണ്ട്. മാർ യൗസേപ്പിന്റെ സന്താപ - സന്തോഷങ്ങളുടെ ആരംഭം 16-ാം നൂറ്റാണ്ടിൽ ബെൽജിയത്തുവെച്ച് ഒരു കപ്പൽ അപകടത്തിൽ കുറെപ്പേർ മരണമടഞ്ഞു. ആ കപ്പലിൽ ഉണ്ടായിരുന്ന രണ്ട് ഫ്രാൻസീസ്കൻ സന്യാസികൾ എവിടെയോ കിട്ടിയ വള്ളിയിൽ രണ്ട് ദിവസം പിടിച്ചുനിന്ന് കഷ്ടിച്ച് രക്ഷപെട്ടു. ഇവരെത്തേടി ഒരു മനുഷ്യനെത്തി. രണ്ടുപേരെയും കരയ്ക്കടുപ്പിച്ചു. അവർ ആ മനുഷ്യന്റെ പേര് തിരക്കിയപ്പോൾ വി. യൗസേപ്പ് എന്നായിരുന്നു. ഈ സംഭവത്തിന് ആദരസൂചകമായും നന്ദിയായും രൂപപ്പെടു ത്തിയ ഭക്താഭ്യാസമാണ് വി. യൗസേപ്പിന്റെ വ്യാകുലങ്ങളെ ക്കുറിച്ചുള്ള ധ്യാനം. 18-ാം നൂറ്റാണ്ടിൽ വാഴ്ത്തപ്പെട്ട ജാനുവാരി യൂസ് സർതേലി വ്യാകുലങ്ങൾക്കൊപ്പം ആനന്ദങ്ങളും കൂട്ടി ച്ചേർത്തു. ഇത് മനോഹരമായ ഒരു പ്രാർത്ഥനാശൈലിയായി രൂപപ്പെടുകയും ചെയ്തു.

ഒന്നാം സന്താപം: മറിയത്തെ വേർപിരിയാനുള്ള തീരുമാനം (മത്താ. 1:19)

ഒന്നാം സന്തോഷം: മറിയത്തെ സ്വീകരിക്കാനുള്ള പ്രഖ്യാപനം (മത്താ. 1:20)

രണ്ടാം സന്താപം: ദാരിദ്ര്യത്തിന്റെ പുൽക്കൂട് ഒരുക്കേണ്ടി വന്ന യൗസേപ്പ് (ലൂക്ക. 2:7)

രണ്ടാം സന്തോഷം: രക്ഷകന്റെ ജനനം (ലൂക്ക 2:10-4)

മൂന്നാം സന്താപം: കുഞ്ഞിന്റെ പരിഛേദനം (ലൂക്ക 2:21)

മൂന്നാം സന്തോഷം: യേശു എന്ന പേര് നൽകുന്നു (മത്താ. 1:25)

നാലാം സന്താപം: ശിമയോന്റെ പ്രവചനം (ലൂക്ക 2-34)

നാലാം സന്തോഷം: രക്ഷയുടെ ഫലങ്ങൾ (ലൂക്ക 2:38)

അഞ്ചാം സന്താപം: ഈജിപ്തിലേക്കുള്ള പലായനം (മത്താ. 2-14)

അഞ്ചാം സന്തോഷം: ഈജിപ്തിലെ വിഗ്രഹങ്ങൾ ഉടയുന്നു. (ഏശയ്യ: 19: 1)

ആറാം സന്താപം: ഈജിപ്തിൽ നിന്നുള്ള മടക്കയാത്ര (മത്താ. 2:22)

ആറാം സന്തോഷം: ഈശോയും മറിയവുമൊത്തുള്ള നസ്രസിലെ വാസം (ലൂക്ക 2:39)

ഏഴാം സന്താപം: യേശുവിനെ കാണാതാവുന്നു (ലൂക്ക 2:45)

ഏഴാം സന്തോഷം: ദേവാലയത്തിൽ യേശുവിനെ കണ്ടെത്തുന്നു. (ലൂക്ക 2:46)

(കടപ്പാട്:- ഫാ. മാർട്ടിൻ കല്ലുങ്കൽ എഴുതിയ വി. യൗസേപ്പ് പിതാവും ഗുരുവും എന്ന പുസ്തകം)

ഈശോയെപ്പോലുള്ള മക്കൾ ഉണ്ടാകുവാൻ യൗസേപ്പിതാവിനെപ്പോലെയുള്ള ഒരപ്പനും ഉണ്ടാകണം. ഈ കാലഘട്ടത്തിൽ ഇത് ഒരു വലിയ വെല്ലുവിളിയാണ്. ഈ പുണ്യാത്മാവിന്റെ സന്താപ- സന്തോഷ വഴികളിലൂടെ നമ്മുടെ ജീവിതയാത്രയെ വ്യാഖ്യാനിക്കാനും സ്വീകരിക്കാനും തുടങ്ങുമ്പോൾ

യൗസേപ്പിന്റെ മൂല്യങ്ങളിലേയ്ക്ക് അവൻ നമ്മെ വളർത്തും. ദു:ഖം സന്തോഷത്തിന് വഴിമാറും.

## നീതിമാനായ വി. യൗസേപ്പ്

ജോസഫ് നീതിമാനായിരുന്നു (മത്താ. 1-19) എന്നല്ലാതെ അധികമൊന്നും വി. യൗസേപ്പിനെപ്പറ്റി സുവിശേഷത്തിൽ എഴുതിയിട്ടില്ല. എങ്കിലും നീതിമാൻ എന്ന വാക്കിൽ ആ വിശുദ്ധന്റെ സംഭവബഹുലമായ ജീവചരിത്രം മുഴുവനും സംഗ്രഹിച്ചിട്ടുണ്ട്. നീതി എന്നു പറഞ്ഞാൽ ഓരോരുത്തർക്കും അർഹമായത് കൊടുക്കുക എന്നതാണ്. നീതിയുടെ ഉറവിടം ദൈവമാണ് (സങ്കീ. 97:2). ആകയാൽ യഥാർത്ഥ നീതിമാൻ ദൈവത്തിന്റെ നീതിയിൽ പങ്കുപറ്റുന്നവനാണ്. അന്യർക്ക് ന്യായമായി അവകാശമുള്ളതെല്ലാം എപ്പോഴും നൽകുവാനും ചെയ്തുകൊടുക്കുവാനും നമ്മുടെ മനസ്സിനെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്ന സ്ഥിരവും ശക്തവുമായ ഒരു പുണ്യമാണ് നീതി. യഹൂദാചാര പ്രകാരം ഒരാൾ നീതിമാനാണ് എന്ന് കണക്കാക്കപ്പെടണമെങ്കിൽ മോശയുടെ 10 കല്പനകളും 613 നിയമങ്ങളും അനുസരിക്കുന്ന വനായിരിക്കണം. യഥാർത്ഥത്തിൽ ഇവയെല്ലാം അനുസരിച്ച വ്യക്തിയാണ് വി. യൗസേപ്പ്. ലില്ലിപ്പൂ കയ്യിൽ പിടിച്ചുകൊണ്ട് ഉണ്ണിയേശുവിനെ മാറോട് ചേർത്ത് പിടിച്ചുകൊണ്ട് അഗതി കളുടെയും അശരണരുടെയും ആലംബഹീനരുടെയും അത്താണി യായി വിളങ്ങുന്ന പുണ്യവാനാണ് വി. യൗസേപ്പ്.

## വി. യൗസേപ്പ് നല്ല മരണത്തിന്റെ മദ്ധ്യസ്ഥൻ

തിരുസഭയുടെ സാർവ്വത്രിക മദ്ധ്യസ്ഥനായി വണങ്ങ പ്പെടുന്ന വി. യൗസേപ്പ് തൊഴിലാളികളുടെയും കുടുംബങ്ങളു ടെയും, നല്ല മരണത്തിന്റെയും മദ്ധ്യസ്ഥനാണ്. പ്രഭാത പ്രാർത്ഥന കൾക്കുശേഷം വിശുദ്ധ ബലിയിൽ പങ്കുകൊണ്ട് ദിവ്യകാരുണ്യ ത്തിൽനിന്ന് ശക്തി സംഭരിച്ച്, വിശുദ്ധ യൗസേപ്പിനെയും മാതാവിനെയും ഉണ്ണിയേശുവിനെയും കൂട്ടുപിടിച്ചുകൊണ്ട്, ഞങ്ങളുടെ സഹായമർഹിക്കുന്ന രോഗികളുടെ അടുത്തേയ്ക്ക്

ചെല്ലുമ്പോൾ ഞങ്ങൾ അവർക്ക് അമ്മയാകുന്നു, സഹോദരി യാകുന്നു. അവരിൽ ചിലർക്ക് ഒരു വാക്ക് സംസാരിക്കുവാനോ സ്വയം അനങ്ങുവാനോ സാധിക്കുകയുമില്ല. വി. യൗസേപ്പിതാവ് ഉണ്ണിയേശുവിനെ കൈകളിൽ താങ്ങിയതുപോലെ നമ്മുടെ കൈകളിൽ താങ്ങേണ്ടവരാണ് ഇവിടുത്തെ രോഗികൾ എന്ന ബോദ്ധ്യത്തിൽ നന്മരണമദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ കരങ്ങ ളിലേയ്ക്ക് ഇവരെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

**വി.യൗസേപ്പ് വിധവകളുടെയും അനാഥരുടെയും സംരക്ഷകൻ**

വിവാഹനിശ്ചയം കഴിഞ്ഞു സഹവസിക്കുന്നതിനു മുൻപ് മറിയം ഗർഭിണിയാണെന്നറിഞ്ഞപ്പോൾ രഹസ്യമായി ഉപേക്ഷി ക്കാൻ തീരുമാനിക്കുന്ന ജോസഫ് തന്റെ തീരുമാനത്തെ മാറ്റുന്നത് ദൈവദൂതന്റെ സ്വപ്നത്തിലെ വാക്കുകളെ വിശ്വസിച്ചുകൊണ്ടാണ്. സമൂഹത്തിന്റെയും, സമുദായത്തിന്റെയും വംശത്തിന്റെയും അതിർവരമ്പുകൾ കടന്ന് സ്നേഹിക്കാനും അവരെ മനുഷ്യരായി കാണുവാനുമുള്ള പ്രചോദനമാണ് വി. യൗസേപ്പ്. സ്വന്തം കുടുംബത്തിൽ അനാഥത്വം അനുഭവിക്കാമായിരുന്ന യേശുവും വിധവയാകാമായിരുന്ന മറിയവും സ്വീകൃതരാകുന്നതും ജോസഫിന്റെ അതിരുകളെ ലംഘിക്കുന്ന സ്നേഹത്തിന്റെ മുൻപിലാണ്. ക്ലേശവും, ദുരിതവും അനുഭവിക്കുന്നവർക്കും അടിച്ചമർത്തപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുമായി മാധ്യസ്ഥ്യം വഹിക്കുന്നതുകൊണ്ടാവാം അദ്ദേഹത്തെ വിധവകളുടെയും അനാഥരുടെയും സംരക്ഷകൻ എന്നുവിളി ക്കുന്നത്. ദൈവത്തിന്റെ സ്വഭാവമാണ് കടാക്ഷിക്കുക, അനുഗ്രഹി ക്കുക, കരുണ കാണിക്കുക എന്നിവ. ഇത് വ്യക്തി പരമായി ഓരോരുത്തരിലും വളർത്തിയെടുക്കേണ്ട സുകൃതങ്ങളാണ്. ചിന്തേരിട്ട് മിനുസപ്പെടുത്തേണ്ട ചിലതൊക്കെ മകനിലുണ്ടെ ന്നറിഞ്ഞ വലിയ തച്ചൻ അവനെ ചെത്തിമിനുക്കി, കാരുണ്യത്തിന്റെ ധൂർത്തനായും സ്നേഹത്തിൽ അതിരില്ലാതെയും അളവു നോക്കാതെയും അമർത്തിക്കുലുക്കി കൊടുക്കുവാനും പഠിപ്പിച്ചത് ഈ കാവൽക്കാരനായ തച്ചൻതന്നെയാണ്.

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മാദ്ധ്യസ്ഥ്യത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെയും വ്യക്തിപരമായും സമർപ്പിക്കാം. ദൈവ വചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവിക നിയമങ്ങളോട് കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വി. യൗസേപ്പിന്റെ നീതിബോധം നമ്മുടെ വിശ്വാസ ജീവിത ത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേൽപ്പിച്ച മറിയത്തെ അപമാനിതയാക്കാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച വി. യൗസേപ്പിതാവ് സഭയു ടെയും നമ്മുടെ കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സംരക്ഷകനാണ്. വി. യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക നമുക്കും സ്വായത്തമാക്കാൻ പരിശ്രമിക്കാം.

**സി. സബിത എസ്.ജെ.സി**





19

# വി. യൗസേപ്പ് എന്റെ നാവിൻ ചലനം

**കു**രുവിയെപ്പോലെ നിസ്സാരൻ, കുഞ്ഞിളംകാറ്റിന്റെ ശാന്തതയും ആഴിയുടെ ആഴവും ആകാശവിശാലതയും കൈവന്നവൻ, അനുസരിച്ചും സ്നേഹിച്ചും ക്ഷമിച്ചും ത്യജിച്ചും അദ്ധ്വാനിച്ചും ദൈവമാതാവിനെയും ദൈവസുതനെയും പരിപാലിച്ച് ഈ ഭൂമയിൽ ജീവിച്ച് ദൈവസുതന്റെ മടിയിൽ തലചായിച്ച് മരണമടഞ്ഞ മഹാവിശുദ്ധൻ വി. യൗസേപ്പിതാവ്. ദാവീദിന്റെ ഗോത്രത്തിൽ പിറന്നവനെങ്കിലും ചെങ്കോലോ കിരീടമോ ഇല്ല. ഒരു കയ്യിൽ ശുദ്ധതയുടെ ലില്ലിപ്പൂവും മറുകയ്യിൽ ലോകരക്ഷകനെയും പിടിച്ചു നിൽക്കുന്ന വി. യൗസേപ്പിതാവ്. ഞാനേറെ സ്നേഹിക്കുന്ന എന്നെ വാത്സല്യത്തോടെ നോക്കുന്ന ഏതാവശ്യത്തിലും എന്നെ സഹായിക്കുന്ന എന്റെ വത്സല പിതാവാണ് വി. യൗസേപ്പ്.

വി. യൗസേപ്പിതാവിന്റെ സംരക്ഷണവും സഹായവും എന്റെ വ്യക്തിജീവിതത്തിലും ഞങ്ങളുടെ കുടുംബത്തിലും ഉണ്ടായ ഒരുപാടു സംഭവങ്ങൾ ഉണ്ട്. എന്റെ മാതാപിതാക്കൾ വി. യൗസേപ്പി താവിന്റെ ഭക്തരായിരുന്നു. പ്രത്യേകിച്ച് ഞങ്ങളുടെ അമ്മ. ഏതാവശ്യത്തിലും എത്രയും ദയയുള്ള മാതാവേ എന്ന ജപം ചൊല്ലി പ്രാർത്ഥിച്ചിരുന്നു. എന്നാൽ ചില പ്രത്യേക ആവശ്യ ങ്ങളിലും സന്ദർഭങ്ങളിലും എന്റെ യൗസേപ്പുപുണ്യാളാന്നു വിളിച്ച് പ്രാർത്ഥിച്ചിരുന്നത് ഞാനോർക്കുന്നു. ആ വിളിയിൽ തന്റെ എല്ലാ ആവശ്യങ്ങളും വേദനയും അസ്വസ്ഥതകളും പരിഭ്രമവും ഒളിപ്പിച്ചിരുന്നു.

ഞങ്ങളുടെ വീട്ടിൽനിന്നും കുറെ ദൂരത്തായി പുഞ്ചപ്പാടം ഉണ്ടായിരുന്ന കാലം. എന്റെ പിതാവ് പകൽ കച്ചവടം കഴിഞ്ഞ് വരുമ്പോൾ വന്ന് വൈകുന്നേരമാകും പാടത്ത് പണിയുന്നവർക്ക് കൂലി കൊടുക്കാനും കൃഷി നോക്കാനുമായി പോകുമ്പോൾ, ബസ്സിൽ ഏകദേശം ഒരു മണിക്കൂറോളം യാത്രയുണ്ട്. എങ്കിലും കഴിവതും നേരത്തെ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പായി തിരിച്ച് വീട്ടിലെത്തും. ചില ദിവസങ്ങളിൽ വീട്ടിൽ തിരിച്ചെത്താൻ താമസിച്ചാൽ ഞങ്ങൾ അമ്മയും മക്കളുംകൂടി സന്ധ്യാപ്രർത്ഥന കൾ ചൊല്ലും. പ്രാർത്ഥന തീരുംമുമ്പ് എന്റെ പിതാവ് എത്തും എന്നാണ് വിശ്വാസം. എത്തിയില്ലായെങ്കിൽ അമ്മ വി.യൗസേപ്പി താവിന്റെ സന്തോഷ സന്താപങ്ങളെക്കുറിച്ചുള്ള ജപം ചൊല്ലി തുടങ്ങും. ഏഴ് ജപവും ചൊല്ലിത്തീരുംമുമ്പുതന്നെ എന്റെ പിതാവ് എത്തിച്ചേരും. വിരളമായ ദിനങ്ങളിൽ കരഞ്ഞുകൊണ്ടു ലുത്തിനിയാ ചൊല്ലി യൗസേപ്പിതാവിനെ താഴെയിറക്കുന്നതും എന്റെ പിതാവ് വന്നുകഴിയുമ്പോൾ നിറഞ്ഞ തൃപ്തിയോടെയുള്ള വി.യൗസേ പ്പിതാവിന്റെ രൂപത്തിലേയ്ക്കുള്ള അമ്മയുടെ നോട്ടം 'ഇന്നും' എന്റെയും എന്റെ സഹോദരങ്ങളുടെയും മനസിൽ ഒളിമങ്ങാതെ പ്രത്യേക ഭക്തിയായിതന്നെ നിലകൊള്ളുന്നു.

വളരെ യാദൃശ്ചികമായിരുന്നു സെന്റ് ജോസഫ്സ് കോൺഗ്രിഗേഷനിലേയ്ക്കുള്ള എന്റെ സന്ന്യാസ പ്രവേശനം. ഞാൻ മഠത്തിൽ വന്ന ആദ്യദിവസം സന്ധ്യാപ്രാർത്ഥനയിൽ ത്രികാല ജപം ചൊല്ലി കഴിഞ്ഞതേ വി. യൗസേപ്പിതാവിന്റെ സന്തോഷ സന്താപങ്ങളെക്കുറിച്ചുള്ള ജപം ചൊല്ലുന്നു. എന്റെ വീട്ടിൽ ചൊല്ലുന്ന വിശേഷ പ്രാർത്ഥന. എന്റെ ഉള്ളിൽ വല്ലാത്തൊരു ആനന്ദം. അന്നുമുതൽ എന്റെ സന്ന്യാസഭവനം എന്റെ സ്വന്തം വീടായി. ഏതാവശ്യത്തിലും ഞാനും ചൊല്ലാൻ തുടങ്ങി വി. യൗസേ പ്പിതാവിന്റെ 7 സന്തോഷസന്താപ ജപങ്ങൾ. ഏതു കാര്യം തുടങ്ങുമ്പോഴും പ്രയാസമെന്നുകണ്ടാൽ എന്റെ യൗസേപ്പു പുണ്യാളാ സഹായിക്കണേ... പ്രതിസന്ധിഘട്ടങ്ങളിൽ പരിസരം

മറന്നുപോലും എന്റെ യൗസേപ്പുപുണ്യാളാ എന്നുറക്കെ വിളിച്ച അവസരങ്ങൾ... ഉത്തരവാദിത്വ നിർവഹണത്തിന്റെ സംഘർഷ ത്തിൽ പുണ്യപിതാവിനെ സദാസമയവും വിളിച്ചുകൊണ്ടുനടന്ന ദിനങ്ങൾ... എന്തിന് രോഗാവസ്ഥയിലും മറ്റുള്ളവരുടെ ആവശ്യങ്ങളിലും അനുദിന ജീവിത ശുശ്രൂഷകൾക്കിടയിലും ഈ വിശുദ്ധൻ എനിക്ക് മദ്ധ്യസ്ഥൻ തന്നെ.

നമുക്കൊരു പ്രതിസന്ധിയുണ്ടാകുമ്പോൾ പരിശുദ്ധ മാതാവ് നാം ആവശ്യപ്പെടാതെതന്നെ നമുക്കരികിലേയ്ക്ക് ഓടി യെത്തും. എന്നാൽ യൗസേപ്പിതാവാകട്ടെ നമുക്കൊരു അപകട മുണ്ടായാൽ അവിടെനിന്ന് നമ്മെ എടുത്തുകൊണ്ടോടി രക്ഷ പെടുത്തും എന്ന് സൺഡേ ശാലോമിൽ വായിച്ചതോർക്കുന്നു. ഈ അനുഭവം എന്റെ ചെറുപ്പം മുതലേ ദർശിച്ചിട്ടുണ്ട്; അനുഭവിച്ചി ട്ടുണ്ട്. പ്രത്യേകിച്ചും ഈ പുണ്യപിതാവിന്റെ നാമധാരികളെ സംരക്ഷിക്കുന്നത്. മരം ഒടിഞ്ഞ് തലയ്ക്ക് മുകളിലേയ്ക്ക് വീഴുന്നതു കണ്ടുകൊണ്ട് ചുറ്റും നിൽക്കുന്നവർ നിലവിളിക്കുമ്പോൾ ആ മരകൊമ്പിനെ തട്ടിമാറ്റിയെന്നുള്ള സാക്ഷ്യം ഇന്നും എന്റെ കൺമുമ്പിൽ മായാതെ നിൽക്കുന്ന ചിത്രമാണ്. ഇങ്ങനെ പറഞ്ഞാൽ തീരാത്ത എത്ര എത്ര സംഭവങ്ങൾ! അതെ, നമ്മുടെ യൗസേപ്പിതാവ് എന്നും നമ്മുടെ സംരക്ഷകൻതന്നെ... ഒരു തണൽവൃക്ഷം തന്നെ.... ഈ വൃക്ഷശിഖരത്തിൽ ചേക്കേറിയും ഫലത്താൽ വയറുനിറച്ചും നിഴലിൽ വിശ്രമിച്ചും വളരുന്ന മക്കളാകാം. ഈ പുണ്യപിതാവിന്റെ വളർത്തുന്ന സ്നേഹം സ്വന്തമാക്കാൻ നമുക്കും പരിശ്രമിക്കാം.

**സി. ട്രീസാ ജോസ് എസ്.ജെ.സി**



# 20

# വി. യൗസേപ്പ് എന്റെ പാലകൻ

**ജീ**വിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിലും ആകുലതക
ളിലും അടിപതറാതെ ദൈവത്തിന്റെ തിരുസന്നിധിയിൽ സ്വയം
സമർപ്പിച്ച് വിജയക്കൊടി പാറിച്ച വിശുദ്ധനാണ് വി. യൗസേപ്പി
താവ്. അധികമൊന്നും സംസാരിക്കാത്ത ഒരു വ്യക്തി. യൗസേപ്പി
താവ് എന്ന ജ്ഞാനിയായ മനുഷ്യനെ ധ്യാനിക്കുമ്പോൾ തന്റെ
ജീവിതത്തിൽ അദ്ദേഹം വച്ചുപുലർത്തിയ അനുസരണത്തിന്റെയും
വിവേകത്തിന്റെയും അതുവഴിയായി വിശ്വാസത്തോടുകൂടി ദൈവ
ഹിതത്തെ തന്റെ ജീവിതത്തിൽ ഏറ്റെടുത്തുകൊണ്ട് ഏറ്റവും വിശ്വ
സ്തതയോടുകൂടി വിശ്വസ്തതാപൂർവ്വം തിരുക്കുടുംബത്തിന്റെ കാവ
ലാൾ ആയിരുന്ന വ്യക്തിയാണ് വി. യൗസേപ്പിതാവ് എന്ന് വേദപു
സ്തകം വളരെ ചുരുങ്ങിയ വാക്കുകളിലാണ് വി. യൗസേപ്പിതാ
വിനെ രേഖപ്പെടുത്തിയിരിക്കുന്നത്. കുടുംബത്തിന്റെ ഭാരം ഏറ്റെ
ടുത്ത് ഒരു സംശയം മനസ്സിൽ ഉടലെടുത്തപ്പോൾ അതിനെ
യോർത്ത് വ്യാകുലപ്പെടുമ്പോൾ ദൈവം അദ്ദേഹത്തിന്റെ ജീവിത
ത്തിൽ ഇടപെടുകയാണ്. ശങ്കിക്കേണ്ട എന്ന് ദൈവം അറിയിക്കു
മ്പോൾ അമ്മയെ സ്വന്തമായി സ്വീകരിക്കുവാൻ തയ്യാറാകുന്നു. വി.
യൗസേപ്പിതാവിന്റെ മനസ്സ് വലിപ്പമുള്ളതാണെന്ന് ഈ സംഭവം
നമുക്ക് മനസ്സിലാക്കിത്തരുന്നു.

മറ്റുള്ളവരാൽ വലിയ പരിഗണനയോ ആദരവോ കിട്ടാത്ത
നിശബ്ദനായി കടന്നുപോയ യൗസേപ്പിതാവ് ഒരു സാധാരണ
ജീവിതം നയിച്ച വ്യക്തിയാണ്. ലളിതമായ ജീവിതശൈലിയിലൂടെ

സാധാരണക്കാർക്ക് മാതൃകയായിത്തീർന്നു വി. യൗസേപ്പിതാവ്. അതുകൊണ്ടാണല്ലോ തൊഴിലാളികളുടെ മദ്ധ്യസ്ഥൻ എന്ന് വി.യൗസേപ്പിതാവ് വിളിക്കപ്പെടുന്നത്. വിശുദ്ധന്റെ മറ്റൊരു ജീവിതപുണ്യമാണ് ആർദ്രസ്നേഹമെന്നത്. പാവപ്പെട്ടവന്റെ ആശാ കേന്ദ്രമായ യൗസേപ്പിതാവ് സഭയെ സ്നേഹിക്കുവാൻ നമ്മെ പഠി പ്പിക്കുന്നു. കുടുംബ ബന്ധങ്ങളുടെയും കുടുംബ മൂല്യങ്ങളുടെയും പവിത്രത എത്രത്തോളം എന്ന് കാണിച്ചുതന്ന വ്യക്തി. വി. യൗസേ പ്പിതാവിനോടൊപ്പം ഈശോയും മരപ്പണി ചെയ്താണ് ജീവിച്ചത്. തൊഴിലിന്റെ മാഹാത്മ്യം തന്റെ ലളിത ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. കൃപാവരങ്ങളുടെയും സുകൃതങ്ങളുടെയും നിറ വിലും അവർ തമ്മിൽ സാമ്യവും സാദൃശ്യവും ഉണ്ടായിരിക്കണം എന്ന് മുൻകൂട്ടി കാണിച്ചു തന്നു.

രക്ഷാകരചരിത്രത്തിൽ ഒരു കോമാളിയുടെ വേഷം ധരിച്ച വൻ, ആരുടെയോ ഒരു മകന്റെ പിതൃത്വം ഏറ്റുവാങ്ങിയവൻ, ഗർഭി ണിയായ ഒരു പെണ്ണിനെ ഭാര്യയായി സ്വീകരിച്ചവൻ, സ്വപ്നാടന ജീവിതം നയിച്ചവൻ, ദൈവം പറഞ്ഞതെന്തും സ്വപ്നത്തിൽ ശ്രവി ച്ചവൻ, അതിൽനിന്നും ഒട്ടും വ്യതിചലിക്കാതെ ജീവിച്ച മനുഷ്യൻ. തന്റെ ജീവിതത്തിൽ എടുത്ത തീരുമാനങ്ങളെല്ലാം പിതാവായ ദൈവ ത്തിന്റെ ആഗ്രഹങ്ങൾ മാത്രമാണ്. ജീവിതത്തിന്റെ വിജയം എന്നത് ഭാഗ്യത്തിന്റെ ഗോവണി കയറ്റമല്ല, അത് അദ്ധ്വാനത്തിന്റെ ഗോവ ണിയാണ് എന്ന് ഓർമ്മപ്പെടുത്തുന്നു അദ്ധ്വാനത്തിന്റെ പിതാവ്.

**സി. നവീന എസ്.ജെ.സി**



21

# വി.യൗസേപ്പ് എന്റെ സംരക്ഷകൻ

**എ**ന്റെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് ഓർമ്മവെച്ച നാൾ മുതൽ വെളുപ്പിനെ 4 മണിക്ക് എണീറ്റിരുന്ന് പ്രാർത്ഥിക്കുന്ന ചാച്ചനേയും അമ്മയേയും ആണ് ഓർമ്മിക്കുന്നത്. ജപമാല പ്രാർത്ഥനകൾക്കു ശേഷം വി. യൗസേപ്പിതാവിന്റെ സന്തോഷ സന്താപങ്ങളെക്കുറിച്ചുള്ള പ്രാർത്ഥന പ്രാർത്ഥിക്കുന്നതു കേട്ടാണ് മിക്കവാറും ഞാൻ ഉണരുന്നത്. ആ പ്രാർത്ഥനയുടെ അർത്ഥം എന്താണെന്ന് അന്ന് അറിഞ്ഞുകൂടായിരുന്നു. എങ്കിലും യൗസേപ്പിതാവിന്റെ സന്തോഷസന്താപങ്ങളെക്കുറിച്ച് എന്ന വാക്ക് ഹൃദയത്തിൽ പതിഞ്ഞിരുന്നു. അതിനാൽ ചെറുപ്പം മുതലേ വി. യൗസേപ്പിതാവിനോട് ഒരു ഭക്തി, സ്നേഹം ഒക്കെ ഉണ്ടായിരുന്നു. പിന്നെ അമ്മ എപ്പോഴും പറയുമായിരുന്നു കുടുംബത്തിന്റെ മദ്ധ്യസ്ഥനാണ് നല്ല മരണത്തിന്റെ മദ്ധ്യസ്ഥനാണ് വി.യൗസേപ്പ് എന്നൊക്കെ.

അങ്ങനെ എന്തോ ദൈവനിയോഗംപോലെ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള സെന്റ് ജോസഫ്സ് സമൂഹത്തിൽ അംഗമാകാൻ സാധിച്ചു. ജീവിതത്തിന്റെ അകത്താളുകളിലേയ്ക്ക് ഒന്ന് എത്തിനോക്കുമ്പോൾ എപ്പോഴും താങ്ങായി, തണലായി യൗസേപ്പിതാവ് കൂടെയുണ്ടായിരുന്നു. ജീവിതത്തിൽ ഇനി എന്ത് ചെയ്യും എന്ന് ചിന്തിച്ച് വഴിമുട്ടി നിന്ന സാഹചര്യത്തിൽ എനിക്ക് വഴികാട്ടിയായി, എന്നെ കൈപിടിച്ചു നടത്തി, എനിക്ക് സംരക്ഷണം നൽകി എന്റെ യൗസേപ്പിതാവ്. ജീവിതത്തിന്റെ അപകടസാധ്യതകളിൽ നിന്നും എന്നെ മോചിപ്പിച്ച ഒരു നല്ല പിതാവ്;

ആപത്ഘട്ടത്തിൽ ഓടി എത്തി എന്നെ സംരക്ഷിക്കുന്ന ഒരു നല്ല അപ്പച്ചൻ; ഹൃദയം നുറുങ്ങി 'യൗസേപ്പിതാവേ' എന്ന് വിളിക്കുമ്പോൾ രക്ഷകനായി ഓടിയെത്തി തക്കസമയത്ത് അഭയം നൽകി രക്ഷിക്കുന്നു.

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാതെ നന്ദിയോടെ ഇന്നും ഓർമ്മിക്കുന്ന ഒരു സംഭവം - 25 വർഷങ്ങൾക്ക് മുമ്പ് കോഴിക്കോട് ചേവരമ്പലത്ത് മഠം തുടങ്ങിയ കലഘട്ടത്തിൽ ഞാനും എന്റെ ചേച്ചി സി.എൽസിറ്റോമും കൂടി വീട്ടിൽ പോയിട്ട് തിരിച്ചുവരുന്ന വഴി കോഴിക്കോട് ഇറങ്ങി മഠം കണ്ടിട്ട് പോരാമെന്നും പറഞ്ഞ് നേരത്തെ പോന്നു. മാലക്കല്ലിൽ നിന്നും മാഹി വരെ ഒരു തടസവും കൂടാതെ എത്തി. ഏകദേശം ഉച്ചകഴിഞ്ഞ് 2 മണിയോടെ മാഹിയിലെത്തി. മാഹി കഴിഞ്ഞപ്പോൾ ട്രാഫിക്ക് ജാം. പിന്നെ ബസ് നിരങ്ങി നിരങ്ങി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. സമയം 3 pm, 3.30 pm, 4 pm, 4.30 pm അങ്ങനെ പെയ്ക്കൊണ്ടിരിക്കുന്നു. കോഴിക്കോടും പുതിയ മഠവും ഞങ്ങൾക്ക് പരിചിതമല്ല. അന്ന് മൊബൈൽ ഫോൺ ഒന്നുമില്ല. മഠത്തിലും ഫോൺ ഇല്ല. വഴിയും അറിയില്ല. മനസ്സിൽ ഭയവും ഉത്കണ്ഠയുമായി കോഴിക്കോട് എപ്പോൾ എത്തുമെന്ന് ഒരു നിശ്ചയവുമില്ല. ആ സമയത്ത് കണ്ടക്ടർ പറയുന്നു ഇനി ബസ് ഒരടിമുന്നോട്ട് പോകാൻ സാദ്ധ്യമല്ല. എല്ലാവരും ഇവിടെ ഇറങ്ങിക്കോയെന്ന്. ബസ്സ്റ്റാന്റിലേക്ക് ഇനിയും 2 കിലോമീറ്ററോളം ദൂരം ഉണ്ട്. മുസ്ലീം ലീഗിന്റെ സംസ്ഥാന സമ്മേളനം നടക്കുന്നതിനാൽ അവരുവന്ന ബസ്സുകളെല്ലാം തലങ്ങും വിലങ്ങും ഇട്ടിരിക്കുന്നു.

വഴിയിൽ തിക്കും തിരക്കും കൂടുന്നു. ഞങ്ങൾ നോക്കുമ്പോൾ ഒരു മനുഷ്യൻ മാത്രം ബസിൽ നിന്ന് ഇറങ്ങാൻ ഉണ്ട്. അയാളോട് ചോദിച്ചു, ചേട്ടാ ഞങ്ങൾക്ക് കോഴിക്കോട് ബസ്സ്റ്റാന്റ് ഒന്ന് പറഞ്ഞ് തരാമോ എന്ന്. തരാമെന്ന് പറഞ്ഞതിനാൽ അയാൾ ഇറങ്ങിയ പിറകെ ഞങ്ങളുമിറങ്ങി തിരക്കുമൂലം മുന്നോട്ടുപോകാൻ പറ്റാത്ത അവസ്ഥ. അദ്ദേഹത്തിന്റെ ഷർട്ടിന്റെ നിറം നോക്കി

ഞങ്ങളും പുറകെ നടന്നു. അവസാനം അയാൾ പറഞ്ഞു: സ്റ്റാന്റു വരെ പോകാൻ ഒരു നിവൃത്തിയുമില്ല രാത്രി 8 മണികഴിഞ്ഞു. സ്റ്റാന്റിലേക്ക് നല്ല ദൂരമുണ്ട്. അദ്ദേഹം പറഞ്ഞു എന്റെ ഭാര്യ പഠിപ്പിക്കുന്നത് ഒരു കോൺവെന്റ് സ്കൂളിലാണ്. ഞാൻ നിങ്ങളെ അവിടെ കൊണ്ടുചെന്നാക്കാം. അയാളുടെ വീടിന്റെ ഭാഗത്തേയ്ക്ക് തിരിയുന്ന കവലയിൽ ഒരു ബസ് കിടപ്പുണ്ട്. ആ ബസ്സിൽ കയറിയാൽ ആ മഠത്തിൽ എത്തിക്കാമെന്ന് പറഞ്ഞു. രാത്രി 8.30 തോടെ ആ ബസിൽ കയറി തൂങ്ങി നിന്നു. 10 മിനിറ്റുകൊണ്ട് അദ്ദേഹത്തിന് സ്വന്തം വീട്ടിൽ എത്താവുന്നതാണ്. പക്ഷേ ആ നിൽപ്പ് മണിക്കൂറുകൾ എടുത്തു. സമയം രാത്രി 11, 12, 1, അങ്ങനെ പോകുന്നു. അവസാനം 1.30 ഓടെ മഠത്തിന്റെ സ്റ്റോപ്പിലിറങ്ങി. ഈ സമയമെല്ലാം യൗസേപ്പിതാവിനോട് സംരക്ഷണം തരണമേയെന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മഠത്തിന്റെ ഗേറ്റിൽ പോയി വിളിച്ചിട്ടും മുട്ടിയിട്ടും യാതൊരു ഫലവുമില്ല. രാത്രി 2 മണി സമയം. അവസാനം അയാൾ പറഞ്ഞു സിസ്റ്റേഴ്സ് ഒരു നിവർത്തിയുമില്ല. വിരോധമില്ലെങ്കിൽ എന്റെ വീട്ടിൽ സൗകര്യം ഉണ്ട്. നിങ്ങൾക്ക് അവിടെ താമസിക്കാം. ചേച്ചി എന്നോട് രഹസ്യമായി പറഞ്ഞു നമുക്ക് ഒരു പരിചയവുമില്ലാത്ത മനുഷ്യൻ എന്താ? എതാ? എന്നൊന്നും അറിയില്ലല്ലോ. ഒരെത്തും പിടിയുമില്ലാത്ത സ്ഥലത്ത് രാത്രി 2 മണി സമയം പെരുവഴിയിൽ നിൽക്കുന്നതിലും ഭേദമല്ലേ. എന്തായാലും പോകാമെന്ന് തീരുമാനിച്ചു. യൗസേപ്പിതാവ് കൂടെയുണ്ടല്ലോ. യൗസേപ്പിതാവിനോട് കാവലായിരിക്കണമെ എന്ന് അപേക്ഷിച്ചു. ഉണ്ണീശോയ്ക്കും മാതാവിനും സംരക്ഷണം നൽകുകയും പാതിരാത്രിയിൽ അവരെയുംകൊണ്ട് ഓടിയതുപോലെ ഈ അസമയത്ത് ഞങ്ങൾക്ക് സംരക്ഷണം നൽകാൻ ഞങ്ങളുടെ കൂടെ ഉണ്ടാകണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പോയി.

ആ മനുഷ്യൻ ഏത് ജാതിയാണെന്നോ ഏതു തരക്കാരനാണെന്നോ ഒന്നും അറിയില്ല പേരുപോലും ചോദിച്ചിട്ടില്ല. അയാൾ ഞങ്ങളോടും ഒന്നും ചോദിച്ചിട്ടില്ല. അങ്ങനെ കുറച്ച് നടന്ന് കഴിഞ്ഞ്

അയാളുടെ വീട്ടിൽ എത്തി. സുന്ദരിയും ചെറുപ്പക്കാരിയുമായ ഒരു സ്ത്രീ ഇറങ്ങി വന്നു. ഞങ്ങളുടെ ഉള്ള് കിടന്ന് പിടയുകയാണ്. പാതിരാത്രി കഴിഞ്ഞ് അവളുടെ ഭർത്താവിന്റെ കൂടെ രണ്ട് കന്യാസ്ത്രീകൾ. അവളുടെ പ്രതികരണം എന്തായിരിക്കുമെന്ന് അറിയില്ലല്ലോ. എന്തായാലും അയാൾ കാര്യം പറഞ്ഞു ഞങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. ഒരു മുറി കാണിച്ചു തന്നു. ബാത്ത് റൂം കാണിച്ച്തന്ന് കുളിക്കാൻ സൗകര്യം ഒരുക്കി തന്നു. കുളി കഴിഞ്ഞു വന്നപ്പോൾ ഭക്ഷണമൊക്കെ ഉണ്ടാക്കി കാത്തിരിപ്പുണ്ട്. എല്ലാ സൗകര്യങ്ങളും ഒരുക്കി തന്നു.

പിറ്റേദിവസം വെളുപ്പിനെ ബെഡ്കോഫി ഉണ്ടാക്കി തന്ന് അയാൾ കവലവരെ വന്ന് ഞങ്ങളെ ബസ്സിൽ കയറ്റി വിട്ടു. ഞങ്ങൾ മഠത്തിൽ പോയി. തീർച്ചയായും വി. യൗസേപ്പിതാവ് തന്നെയാണ് അയാളുടെ രൂപത്തിൽ വന്നതെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു. പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും സംരക്ഷണം നൽകിയതു പോലെ ഞങ്ങൾക്കും വി. യൗസേപ്പിതാവ് തന്നെയാണ് സംരക്ഷണം നൽകിയത്. ജോർജ്ജ് എന്നാണ് അദ്ദേഹത്തിന്റെ പേര്. വാസ്തവത്തിൽ ജോർജ്ജ് ബസ്സ് നിർത്തിയതിനു മുൻപുള്ള സ്റ്റോപ്പിൽ ഇറങ്ങേണ്ടതായിരുന്നു. അയാളുടെ വീടിന്റെ പടിക്കൽ കൂടിയുള്ള ബസ് ഉണ്ടായിരുന്നു. ആ സ്റ്റോപ്പിൽ വന്നപ്പോൾ അയാൾ അറിഞ്ഞില്ല ഉറങ്ങിപ്പോയി. അതുകൊണ്ടാണ് ഞങ്ങൾക്ക് അയാളെ കാണാൻ സാധിച്ചത്. അങ്ങനെ നോക്കുമ്പോൾ എല്ലാത്തരത്തിലും ദൈവം വി. യൗസേപ്പിതാവിലൂടെ ഞങ്ങൾക്ക് സംരക്ഷണം നൽകുകയായിരുന്നു എന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം.

**സി. ട്രീസാ എസ്.ജെ.സി**



# 22

# വി. യൗസേപ്പ് - അനുകരണീയ മാതൃക

മനുഷ്യജീവിതം പൂർണ്ണതയിലേയ്ക്കുള്ളൊരു പ്രയാണമാണ്. ഈ പ്രയാണത്തിൽ ദൈവം നിശ്ചയിച്ചിരിക്കുന്ന ഘട്ടമെത്തുമ്പോൾ ഓരോരുത്തരും ഇവിടെ നിന്നും തിരിച്ചു വിളിക്കപ്പെടുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ ഏടുകളിലൂടെ കടന്നുപോകുമ്പോൾ നാം കണ്ടുമുട്ടുന്ന ജീവിതങ്ങൾ ഏറെയാണ്. എങ്കിലും ഈശോയും പരിശുദ്ധ കന്യാമറിയവും കഴിഞ്ഞാൽ നമ്മുടെ കണ്ണുടക്കിക്കിടക്കുന്ന ഒരു വ്യക്തി വി.യൗസേപ്പ് തന്നെയാണ്. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (മത്താ.5:48). തന്റെ പരസ്യജീവിതാരംഭത്തിൽ ആദ്യപ്രസംഗത്തിൽ തന്നെ ഈശോ നല്കുന്ന പൂർണതയെക്കുറിച്ചുള്ള ചിന്തകൾ ഈ ഭൂമിയിലെ തന്റെ പിതാവിൽ നിന്നും ലഭിച്ചതാകാതിരിക്കാൻ തരമില്ല.

ഏറെ പ്രകീർത്തിക്കപ്പെടേണ്ട ഒരു ജീവിതമല്ലേ വി.യൗസേപ്പിന്റേത് എന്ന് സ്വാഭാവികമായും ചിന്തിച്ചുപോകും. അർഹിച്ച പരിഗണനയോ വിശേഷണങ്ങളോ ഒന്നും അദ്ദേഹത്തെ തേടിയെത്തിയിട്ടില്ല. 'നീതിമാൻ' എന്ന ഒറ്റ വിശേഷണത്തിൽ ഒതുങ്ങിപ്പോയൊരു ജീവിതം. പക്ഷേ വിശുദ്ധ ഗ്രന്ഥത്തിന്റെ സത്തമുഴുവനും, സുവിശേഷമൂല്യങ്ങൾ എല്ലാം ഈ ഒരു പദത്തിൽ ഉൾച്ചേരുന്നു എന്നതാണ് സത്യം. ആരാണ് നീതിമാൻ എന്നതിന് പഴയ നിയമത്തിലെ വിശകലനങ്ങൾ തന്നെ ധാരാളം.

ഏത് കോണിലൂടെ വീക്ഷിച്ചാലും ദൈവപിതാവിനോട് തുലനം ചെയ്യാൻ മാത്രം സാധ്യതയാണ് ഈ ജീവിതത്തിൽ കണ്ടെത്താൻ നമുക്കാവുക. അതുകൊണ്ടാണല്ലോ പിതാവായ ദൈവം

തന്റെ സ്ഥാനക്കാരനായി തിരുക്കുമാരനെ ഈ ഭൂമിയിൽ വളർത്തുവാൻ ജോസഫിനെ വിശ്വസിച്ചേൽപ്പിക്കുന്നത്. പിതാവിന്റെ ഹൃദയത്തിനിണങ്ങിയ ഒരു ജീവിതം യൗസേപ്പിലാണ് സ്വർഗ്ഗം ദർശിച്ചത്. ദൈവീകപുണ്യങ്ങളുടെ എല്ലാം വിളനിലമായി വി. യൗസേപ്പ് വിരാജിച്ചു. ദൈവം തന്നെ വിശ്വസിച്ചേൽപ്പിച്ച ദൗത്യത്തിൽ അങ്ങേയറ്റം വിശ്വസ്തതപുലർത്തിയ പൂർണ്ണതയുടെ പര്യായമായി വി.യൗസേപ്പ് നിലകൊള്ളുന്നു. സുവിശേഷപുണ്യങ്ങളായ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം സന്യാസികൾ വ്രതമായി സ്വീകരിക്കുന്നതായി അറിയാമല്ലോ. യേശു ജീവിച്ച ഈ ശൈലി ജോസഫിൽ ദർശിക്കാൻ സാധിക്കുമ്പോൾ ജോസഫിന്റെ ജീവിതം പൂർണ്ണതയുടേതാണ് എന്നതിൽ എതിരഭിപ്രായമുണ്ടാകാൻ ഇടയില്ല.

ക്രിസ്തുവിന്റെ വംശാവലിയിൽ യാക്കോബിന്റെ മകനായി ജോസഫിനെ ചിത്രീകരിച്ചിരിക്കുന്നു. മോശയിലൂടെ ദൈവം നല്കിയ ചട്ടങ്ങളും പ്രമാണങ്ങളുമെല്ലാം കുറ്റമറ്റവിധം പാലിച്ചുവന്ന യഹൂദവംശപരമ്പരയിലെ ഒരു ഉത്തമ യഹൂദൻ. ന്യായപ്രമാണങ്ങൾ ഹൃദയത്തിലും അധരത്തിലും സദാ സംവഹിച്ചവൻ തന്നെ ഭരമേൽപ്പിച്ച ദൈവകുമാരന് അവ പറഞ്ഞുകൊടുത്തു പഠിപ്പിച്ച പണിപ്പുരയിലെ പാവപ്പെട്ട തച്ചൻ. നസ്രത്തിൽ ഈ മരപ്പണിക്കാരന് വിധേയപ്പെട്ട് ജീവിതമാർഗ്ഗം കൂടി വശത്താക്കിയ യേശുവിലേയ്ക്ക് നോക്കിയാൽ വി.യൗസേപ്പിന്റെ പൂർണ്ണത മനസ്സിലാക്കാവുന്നതേയുള്ളു. കാരണം അപ്പനെ കണ്ടും കേട്ടും അനുകരിച്ചും അനുസരിച്ചും ശൈശവ ബാല്യ കൗമാരങ്ങൾ പിന്നിട്ടാണല്ലോ യേശുവിന്റെ വളർച്ച. മറിയത്തോടൊപ്പം യേശുവിന്റെ വളർച്ചയിൽ ജോസഫിനും പങ്കുണ്ടല്ലോ. 'തച്ചന്റെ മകൻ' എന്നറിയപ്പെടുന്നതിൽ ഒരു പക്ഷേ യേശു അഭിമാനിച്ചിട്ടുണ്ടാകണം.

സ്നേഹവും ഐക്യവും കരുതലും കാരുണ്യവുമെല്ലാമായി നസ്രസ്സിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന വി.യൗസേപ്പിതാവിന് ദൈവസന്നിധിയിൽ വിലമതിക്കാനാവാത്ത സ്ഥാനമുള്ളതായി അനേകം വിശുദ്ധരുടെ ജീവിതാനുഭവങ്ങൾ നമുക്ക് വായിക്കുവാൻ

സാധിക്കും. സ്വന്തം വ്യക്തിത്വത്തെയും ആഗ്രഹാഭിലാഷണങ്ങളെയുമെല്ലാം ജീവിതമാകുന്ന ബലിവേദിയിൽ അർപ്പിച്ചു വിജയിച്ച ഈ മഹാത്മൻ നടത്തുന്ന അർത്ഥനകൾ നിരസിക്കാൻ സ്വർഗ്ഗത്തിനാവില്ല എന്നതാണ് സത്യം. ഈ ഒരു ബോധ്യം വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടാൻ അനേകർക്ക് പ്രചോദനമാണ്.

ഒരു സെന്റ് ജോസഫ്സ് കന്യകാസമൂഹത്തിലെ അംഗമെന്ന നിലയിൽ മഠത്തിൽ ചേർന്ന് 1985 മുതൽ പരി. ത്രിത്വത്തോടുള്ള പ്രാർത്ഥനയും എല്ലാ ദിവസവും വി. യൗസേപ്പിതാവിന്റെ സന്തോഷ സന്താപങ്ങളെക്കുറിച്ചുള്ള പ്രാർത്ഥനയും ഓ സൗമ്യശീലനും എന്നാരംഭിക്കുന്ന പ്രാർത്ഥനയും പ്രത്യേക അവസരങ്ങളിൽ മറ്റു പ്രാർത്ഥനകളും, മാർച്ചു മാസത്തിൽ നൊവേനയും ഒക്കെ ചൊല്ലുന്ന രീതികൾ ഉണ്ട്. വി. ബലിയർപ്പണത്തിൽ സഹായിക്കാൻ എന്റെ ഒപ്പം നിൽക്കണമെ എന്ന് കുറച്ചു നാളായി പ്രാർത്ഥിക്കുന്ന ശീലവും ഉണ്ട്. കൂടാതെ കഴിഞ്ഞ മൂന്നുവർഷങ്ങളായി എന്നെ ഏല്പിക്കുന്ന പ്രത്യേക ഉത്തരവാദിത്വമായ ബേസ്തലായിലെ ഹോസ്റ്റൽ വാർഡൻ തസ്തികയിലെ എല്ലാ കാര്യങ്ങളും യൗസേപ്പിതാവിനെയും മാതാവിനെയും ഭരമേല്പിച്ചാണ് ഉത്തരവാദിത്വം ഏൽക്കാൻ മനസ്സ് വന്നതുതന്നെ. റോഡരുകിലുള്ള പെൺകുട്ടികൾ ഉൾപ്പെടെയുള്ള ഒരു വനിതാ ഹോസ്റ്റലായിരുന്നിട്ടും പുറമെ നിന്നും യാതൊരുവിധ ശല്യങ്ങളും ഇന്നുവരെ ഉണ്ടായിട്ടില്ല എന്നത് യൗസേപ്പിതാവിന്റെ പൂർണ്ണ സംരക്ഷണത്തിന്റെ പിൻബലത്തിലാണെന്നു വിശ്വസിക്കുന്നു. ജനറൽ വൊക്കേഷൻ പ്രൊമോട്ടർ ആയിരുന്ന വർഷങ്ങളിലും വി. യൗസേപ്പിതാവ് ഒരു കുട്ടിയെ എങ്കിലും കൊണ്ടുവന്നു തന്നിട്ടുണ്ട്. സമാധാനപൂർണ്ണവും ശാന്തവുമായ ഒരു സന്ന്യാസജീവിതം നയിക്കുവാൻ യൗസേപ്പിതാവിന്റെ സഹായമുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. പരിപൂർണ്ണതയിലേയ്ക്കുള്ള ഈ ജീവിതയാത്ര നമുക്കെല്ലാം മാതൃകയായി മുമ്പിൽ നിലകൊള്ളുന്ന വി.യൗസേപ്പിതാവിന്റെ കരം പിടിച്ചാകട്ടെ. ഉണ്ണിയോടൊപ്പം നമ്മെയും യൗസേപ്പിതാവ് തന്റെ കരവലയത്തിൽ ഭദ്രമായി കാത്തു സൂക്ഷിക്കും.

സത്യത്തിൽ വി. യൗസേപ്പിതാവ് എല്ലാക്കാര്യങ്ങൾക്കും മാതൃകയായി മുന്നിൽ നിലകൊള്ളുകയാണ്. എസ്.ജെ.സി സന്യാസ സമൂഹജീവിതത്തിന്റെ ആധാരം ചതുഷ്ടയങ്ങളിലൊന്നായ തിരുക്കുടുംബത്തിന്റെ നാഥനെന്ന നിലയിൽ കൂടെയുള്ളവരെ ബഹുമാനിച്ചും ആദരിച്ചും ആശ്ലേഷിച്ചും അംഗീകരിച്ചും അവർക്കായി ശുശ്രൂഷചെയ്യുന്ന യൗസേപ്പിതാവ് നമ്മുടെ സമൂഹജീവിതത്തിൽ എത്രയോ അനുകരണീയ മാതൃകയാണ്. ഈ ജീവിതത്തെ മനനം ചെയ്താൽ, മൗനവും ധ്യാനവും തമ്മിൽ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ പാഠപുസ്തകമായി യൗസേപ്പ് നമുക്കു മുമ്പിൽ നിലകൊള്ളുന്നു. യേശുമുഖം ചിന്തിച്ചും ധ്യാനിച്ചും മറിയത്തോടൊപ്പം യേശുവിലേയ്ക്ക് ചേർന്നിരിക്കുന്നു ഈ സന്യാസവര്യൻ. തന്റെ അധ്വാനവേളകളിലെ വിയർപ്പുതുള്ളികൾക്കിടയിലും ഹൃദയവും മനസ്സും ഈശോയോടും മാതാവിനോടും ഒട്ടിച്ചേർന്ന് പരാതിയോ പരിഭവമോ കൂടാതെ അവരെ പോറ്റാൻ അപരനുവേണ്ടി വ്യയം ചെയ്യുന്നതിലെ ആനന്ദം അനുഭവിക്കാൻ പഠിപ്പിക്കുന്ന പാഠപുസ്തകം. ചെയ്യുന്നതിലെല്ലാം പൂർണ്ണത കൈവരിക്കാൻ സാധിച്ച നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ മാതൃക, ജീവിത വ്യഗ്രതകൾക്കും ജോലിഭാരങ്ങൾക്കും മറ്റു പ്രാരാബ്ധങ്ങൾക്കുമിടയിൽ മനസാന്നിധ്യം വെടിയാതെ, ഹൃദയതാഴ്ചയോടെ യൗസേപ്പിതാവിന്റെ സഹായത്തോടെ കരുണയുടെ ശുശ്രൂഷകൾ നിർവ്വഹിക്കാൻ നമുക്ക് പ്രചോദനമാകണം. അധ്വാനിച്ച് അപ്പം ഭക്ഷിക്കുവാനുള്ള ദൈവികാഹ്വാനത്തെ ശിരസ്സാ വഹിച്ചവനാണ് യൗസേപ്പിതാവ്. അലസതയുടെ പിടിയിൽ വീഴാതെ. ആയിരിക്കുന്ന ഇടങ്ങളിൽ ആവുന്നത് ചെയ്ത് തൊഴിലിന്റെ മഹത്വം ഉയർത്തിപ്പിടിച്ച വി. യൗസേപ്പിനൊപ്പം നമുക്കും ആലസ്യങ്ങളിലായിപ്പോകുന്ന ഈ തലമുറയിലെ നമ്മുടെ മക്കൾക്കു മുമ്പിൽ മാതൃകകളാകാൻ പ്രത്യേകം ശ്രദ്ധിക്കാം.

ഏത് ആവശ്യങ്ങളിലും സമീപിക്കാവുന്ന, നമുക്ക് ആവശ്യമായ നന്മകളെ തമ്പുരാനിൽ നിന്നും വാങ്ങിത്തരുന്ന വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥശക്തിയിൽ വിശ്വസിച്ചാശ്രയിക്കാൻ

നമുക്കാകണം. വി.യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ ഉണ്ടായ വിശുദ്ധനോടുള്ള സ്നേഹത്തിനും ഭക്തിയ്ക്കും മങ്ങലേശാതെ പൂർവ്വാധികം തെളിമയോടെ കാത്തുസൂക്ഷിക്കാൻ എസ്.ജെ.സി മക്കൾ കടപ്പെട്ടിരിക്കുന്നു. രക്ഷാകരകർമ്മത്തിൽ കർട്ടനുപിന്നിൽ നിൽക്കുന്ന കഥാപാത്രമായി നമുക്ക് തോന്നാമെങ്കിലും, സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നല്കി ദൈവപിതാവ് ആദരിക്കുന്ന തൊട്ടുതഴുകി തലോടി സഹവസിച്ച് ആ നെഞ്ചിടിപ്പിന്റെ ചൂടും ചൂരുമറിയുന്ന ഈശോയും, തക്കസമയങ്ങളിൽ ഇടപെട്ടിരുന്ന പരിശുദ്ധാത്മാവും, ദൈവം കഴിഞ്ഞാൽ തനിക്ക് ഒപ്പം കട്ടയ്ക്ക് നിന്ന പരിശുദ്ധ മറിയവും ആദരിക്കുന്ന വി.യൗസേപ്പിതാവ് നമുക്കായി ദൈവസന്നിധിയിൽ നിലകൊള്ളുന്നു എന്ന വലിയ വിശ്വാസത്തിന്റെ വക്താക്കളായി മാറുവാൻ കഴിയട്ടെ. ഏറെ മനോവേദനയ്ക്കുശേഷമാണെങ്കിലും, തക്കസമയത്ത് തന്റെ ജീവിതത്തിലുണ്ടായിട്ടുള്ള ദൈവീക ഇടപെടലുകളിൽ വിശ്വസിച്ചാശ്രയിച്ചു മുന്നേറിയ, തന്റെ ദൗത്യം അതിന്റെ പൂർണ്ണതയിൽ നിറവേറ്റിയ വി.യൗസേപ്പിതാവിനെപ്പോലെ എസ്.ജെ.സി മക്കളും കടന്നുപോകേണ്ട സഹനപർവ്വതങ്ങളെക്കുറിച്ച് ഉത്തമ ബോധ്യത്തോടെ, സ്വർഗ്ഗീയമായ കാഴ്ചപ്പാടോടെ മുന്നേറാൻ യൗസേപ്പിതാവ് നമുക്കായ് ദൈവസന്നിധിയിൽ നിലകൊള്ളുന്നു എന്ന് വിശ്വസിക്കാം."തന്റെ നിത്യമഹത്വത്തിലേയ്ക്ക് ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും" (1 പത്രോസ് 5:10). പരിപൂർണതയിലേയ്ക്കുള്ള നമ്മുടെ പ്രയാണം സാധ്യമാണ് എന്നു കാണിച്ചു തന്ന വി.യൗസേപ്പിതാവിന്റെ മാതൃക എന്നും എപ്പോഴും പ്രചോദനമായി സ്വീകരിക്കാം.

**സി. റ്റോമി എസ്.ജെ.സി**





## 23

# വി. യൗസേപ്പ് ചിന്തേരിട്ടപ്പോൾ

**കു**ഞ്ഞുനാളിൽ അമ്മ പറയുന്നത് ഓർമ്മയിലുണ്ട് "യൗസേപ്പ് പിതാവ് നമ്മെ കാത്തുകൊള്ളും" എന്ന്. അന്നൊക്കെ ഈ വിശുദ്ധന്റെ ചരിത്രത്തെക്കുറിച്ചും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന പുണ്യങ്ങളെക്കുറിച്ചും എനിക്ക് സീറോ ജ്ഞാനമേ ഉണ്ടായിരുന്നുള്ളൂ. വിശുദ്ധനെക്കുറിച്ച് അല്പം അറിവും ഭക്തിയും ഉണ്ടായത് എന്റെ സെന്റ് ജോസഫിൻ സഭക്കൂട്ടത്തിൽ വന്നതിനുശേഷമാണ്.

എന്റെ സഹോദരങ്ങളെ ഞാൻ യൗസേപ്പ് പിതാവിനെക്കുറിച്ച് ഇത്തിരി കൂടുതൽ കേട്ടറിഞ്ഞത് പഠിച്ചത് വി. യൗസേപ്പിതാവിന്റെ വർഷം സഭ ആചരിച്ചപ്പോഴാണ്. അതിനുശേഷം ഒരിക്കൽ വി. യൗസേപ്പിതാവിന്റെ സ്നേഹം ഒന്ന് അനുഭവിച്ചറിയാൻവേണ്ടി ഞാൻ ഒരു ശ്രമം നടത്തി. ഫലം തീരെ മോശമായിരുന്നില്ല. ഒരു ദിവസം യൗസേപ്പിതാവിന്റെ രൂപത്തിന്റെ മുന്നിൽ ചടഞ്ഞങ്ങ് ഇരുന്നു. എന്നിട്ട് ഉണ്ണിയെ പിടിച്ചുകൊണ്ടിരിക്കുന്ന ആ വലിയ മനുഷ്യന്റെ മുഖത്ത് ഉറ്റുനോക്കി കുറെനേരം ഇരുന്നിട്ട് ഞാനൊരു ചോദ്യം ചോദിച്ചു. 'വി. യൗസേപ്പിതാവല്ലേ' അങ്ങ് എന്നെ അറിയുമോ എന്ന്. പൂർണ്ണ നിശബ്ദത... കുറെ നിമിഷങ്ങൾ കഴിഞ്ഞുപോയി. ഞാൻ ഉറങ്ങിപ്പോയോ! ഉറക്കത്തിൽ സ്വപ്നം കണ്ടതാണോ! എന്നൊന്നും അറിയില്ല. ഒരു മറുചോദ്യം ഞാൻ കേട്ടു. "എന്നാ ഒരു ചോദ്യമാ നീ ചോദിച്ചത് നിന്നെ അറിയുമോ എന്ന്? നിന്നെ അറിഞ്ഞില്ലേൽ പിന്നെ ആരെയാ അറിയുക... എന്റെ ദൈവമേ അത് ഒരു ഒന്നൊന്നര ചോദ്യമായിരുന്നു. ശാന്തമായിട്ടാണ് ചോദിച്ച

തെങ്കിലും ഞാൻ ആകെ തരിച്ചു പോയി. നീതിയുടെ നിർവചനം അതിൽ വ്യക്തമായിരുന്നു. എനിക്ക് സമാധാനമായി. കാരണം 'നീതി' അതിന്റെ അർത്ഥം ഇതൊക്കെ ഞാൻ ഇഷ്ടപ്പെടുന്ന ഒരു പുണ്യമാണ്. നീതിയുള്ളവരെയും നീതി നടത്തുന്നവരെയും എനിക്ക് ചെറുപ്പം മുതലേ ഭയങ്കര ഇഷ്ടമാണ്. ഓരോരുത്തർക്കും അർഹമായത് കൊടുക്കുക എന്നുള്ള നീതിയുടെ നിർവചനം എത്ര വിശാലതയേറിയതാണ് അല്ലേ? പണം, പദവി, പേര്, സൗന്ദര്യം ഇതൊക്കെ നോക്കി ചിലരെയൊക്കെ അറിയും എന്നും, എന്നാൽ ചിലരെയൊക്കെ അറിയുമെങ്കിലും അറിയാത്തപോലെ അഭിനയിക്കുകയുമൊക്കെ ചെയ്യുന്ന ഒരു സംസ്കാരം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ, ഇതൊന്നും നോക്കാതെ എന്നെ, എന്റെ യൗസേപ്പിതാവ് അറിയുമെന്ന് പച്ചയ്ക്ക് ഉച്ചത്തിൽ വിളിച്ചു പറഞ്ഞപ്പോൾ ഞാൻ, ഞാൻ അല്ലാതായി മാറി. ഇനിയാര് അറിയില്ല എന്ന് പറഞ്ഞാലും പറയേണ്ടവൻ പറഞ്ഞല്ലോ എന്ന സന്തോഷം.

ഒരാൾക്ക് എങ്ങനെയും അവന് അർഹതപ്പെട്ടത് ചെയ്തു കൊടുക്കണം എന്ന് നീതിയുടെ വശം വാദിക്കുമ്പോൾ, എങ്ങനെ അത് അവന് കൊടുക്കാതിരിക്കാം എന്ന് നീതിരഹിതനായ കാര്യസ്ഥന്റെ യൂണിവേഴ്സിറ്റി പഠിപ്പിക്കുന്നു. അല്ലെങ്കിൽ നിസ്സംഗത പാലിച്ച് സ്വയം നീതിക്ക് പുതിയ നിർവചനം കൊടുക്കുന്നു. വി. യൗസേപ്പിതാവിനെ പഠിച്ചപ്പോൾ ആ വിശുദ്ധനിലുള്ള നീതി എന്ന ആ വലിയ പുണ്യം ഒരുപാട് ഒരുപാട് ആ വിശുദ്ധനെ സ്നേഹിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നു. പലപ്പോഴും നീതി നിഷേധിക്കപ്പെടുന്നത് പാവങ്ങൾക്കാണ്. നീതി ലഭിക്കാത്തവർക്കൊപ്പം നിൽക്കാനും, അവരെ സ്നേഹിക്കാനും അവർക്ക് വേണ്ടി നിലകൊള്ളാനും എന്റെ മനസ്സാക്ഷി എന്നെ നിർബന്ധിക്കാറുണ്ട്. നേടിക്കൊടുക്കാൻ സാധിച്ചില്ലെങ്കിലും പറയാനെങ്കിലും, ചിന്തിക്കാൻ എങ്കിലും, കൃപ തരുന്നതിന് വി. യൗസേപ്പിതാവിന് നന്ദി പറയുന്നു. നീതിമാൻ സ്വന്തം നീതിക്കുവേണ്ടി മാത്രമല്ല എവിടെ നീതി നഷ്ടപ്പെടുന്നു എന്നതും പെട്ടെന്ന് തിരിച്ചറിയും.

നീതി നടത്തി കൊടുക്കാൻ ദൈവം ഉപകരണങ്ങൾ ആക്കിയവരുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്യും. വി. യൗസേപ്പിതാവ് നിശബ്ദനായി ആരുടെയും സ്വാധീനവലയത്തിൽ പെടാതെ ദൈവവുമായി ആലോചിച്ച് ഓരോരുതത്തരുടെയും ഉള്ളം മനസ്സിലാക്കി നീതി നിർവഹണം നടത്തിയപ്പോൾ സെന്റ് ജോസഫ് സമൂഹത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ എന്ന നിലയിൽ അതിലെ ഓരോ അംഗത്തെയും നീതിയുടെ കാവൽക്കാരാക്കുവാൻ വേണ്ടി ഉറപ്പുള്ള ചങ്ക് സ്വായത്തുമാക്കുവാൻ ആഹ്വാനം ചെയ്യുകയായിരുന്നു. സത്യവും നീതിയും കൺതുറന്നു കാണുവാൻ കണ്ണില്ലാത്തവർക്ക് കാണിച്ചു കൊടുക്കുവാൻ, നീതിയുടെ ആ വീക്ഷണം ആശയത്തിൽ മാത്രമല്ല പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ ഏതറ്റംവരെയും പോകുവാൻ വി.യൗസേപ്പിതാവിന്റെ കൈപിടിച്ച് ഉണ്ണി യേശുവിനൊപ്പം നമുക്കും നടക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**സി. താര എസ്.ജെ.സി**



# 24

# വി. യൗസേപ്പ് എന്റെ ശക്തി

**തി**രുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പിതാവ് സാധാരണ മനുഷ്യന്റെ ജീവിതാനുഭവങ്ങളുമായി അത്രമേൽ ചേർന്നിരിക്കുന്ന താരതമ്യം മെച്ചപ്പെടാവുന്ന ഒരു അസാധാരണ വിശുദ്ധനാണ്, കാരണം കഠിനാധ്വാനത്തിലൂടെയാണ് തിരുക്കുടുംബത്തെ ജോസഫ് പോറ്റി വളർത്തിയത്. അധ്വാനത്തിന്റെ ആൾരൂപമായിട്ട് ജോസഫിനെ വിശേഷിപ്പിക്കാം. അതോടൊപ്പം സഹനത്തിന്റെയും പ്രാർത്ഥനയുടെയും പകലന്തിയോളം പണിയെടുത്ത് മറിയത്തേയും ഉണ്ണിയേയും, സംരക്ഷിക്കുന്ന യൗസേപ്പിതാവിനെ ചരിത്രത്തിൽ നാം കാണുന്നുണ്ട്, ഭവനത്തിലും പണിപ്പുരയിലും പിതാവായ ദൈവത്തിന്റെ തിരുമനസ്സ് വിവേചിച്ചറിഞ്ഞുകൊണ്ട് മറിയത്തിന്റെ വിരക്ത ഭർത്താവും ഉണ്ണിക്ക് പരിലാളന നല്കിയ വളർത്തുപിതാവും തനിക്ക് തന്നെ പുണ്യത്തിന്റെ പാരമ്യത്തിൽ വളരാനുള്ള ജാഗ്രതയും പുലർത്തിയ ജോസഫിന്റെ കുടുംബം തിരുകുടുംബമാക്കിമാറ്റി ഇതിന്റെ അടിസ്ഥാനം, പ്രാർത്ഥനയുടെയും, അനുസരണത്തിന്റെയും പരസ്പരം ബഹുമാനത്തിന്റെയും വിളനിലമായി നസ്രത്ത് ഭവനം മാറിയിരുന്നു എന്നതാണ്.

സാധാരണ മനുഷ്യന്റെ ജീവിതാനുഭവങ്ങളുമായി ചേർന്നുപോകുന്നതുകൊണ്ട് തന്നെ വിശുദ്ധനോട് അപേക്ഷിക്കുന്ന ഏതു കാര്യവും മനസ്സിലാക്കാനുള്ള ശക്തിയും വിശുദ്ധനോട് ഉണ്ട്. വി.തോമസ് അക്വിനാസ് ഒരിക്കൽ പറഞ്ഞു "വി. യൗസേപ്പിതാവിന് നമ്മുടെ എല്ലാ കാര്യങ്ങളിലും എല്ലാ ആവശ്യങ്ങളിലും എല്ലാ സംരംഭങ്ങളിലും നമ്മെ സഹായിക്കുവാനുള്ള ശക്തിയുണ്ട്" എന്ന്.

ദൈവവും മനുഷ്യനുമായ യേശുവിന്റെ ഈ ഭൂമിയിലെ പിതൃത്വം പിതാവായ ദൈവം യൗസേപ്പിതാവിനെ ഏല്പിച്ചതിന്റെ പ്രധാന കാരണം, യൗസേപ്പ് നീതിമാനായിരുന്നു എന്നതു കൊണ്ടാണ് (മത്താ. 1:19) . അതോടൊപ്പം, ജോസഫിന് ദൈവത്തിലുള്ള വിശ്വാസവും ദൈവത്തിന് ജോസഫിലുള്ള വിശ്വാസവും ഇവിടെ നാം മനഃസിലാക്കണം, ദൈവം മനുഷ്യനെ അനന്തമായി വിശ്വസിക്കുന്നു എന്നതുകൊണ്ട് ദൈവം തന്റെ അമൂല്യനിധിയുടെ (ഈശോ) പരിപാലനം ജോസഫിനെ ഏല്പിച്ചു. അതു തിരിച്ചറിഞ്ഞപ്പോൾ മുതൽ സമ്പൂർണ്ണമായ സമർപ്പണത്തിലൂടെ ദൈവപിതാവിന്റെ കാര്യത്തിൽ വ്യാപൃതരായി നമുക്കും ദൈവഹിതത്തിന് കീഴ്പ്പെട്ടുകൊണ്ട് പിതാവിന്റെ കാര്യത്തിൽ വ്യാപരിക്കാം.

12-ാം പീയൂസ് പാപ്പാ ഒരിക്കൽ പറഞ്ഞു, നിങ്ങൾ ക്രിസ്തുവിനോടു കൂടുതൽ അടുത്തിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ പറയുന്നു "യൗസേപ്പിതാവിന്റെ പക്കൽ പോകുവിൻ". എന്ന്. തിരുകുടുംബത്തിന്റെ അന്തഃസത്ത പരസ്പരമുള്ള സ്നേഹബന്ധമായിരുന്നു. സ്നേഹത്താൽ കൂട്ടിചേർക്കപ്പെട്ട തിരുകുടുംബത്തിലെ ബന്ധത്തിന്റെ കണ്ണി വിട്ടുപോകാതെ സൂക്ഷിക്കാൻ കാവലായി നിന്നത് യൗസേപ്പിതാവായിരുന്നു. മറിയത്തിന് നല്കേണ്ട സ്ഥാനം മറിയത്തിനും, യേശുവിന് നല്കേണ്ട സ്ഥാനം യേശുവിനും നല്കാൻ യൗസേപ്പിന് കഴിഞ്ഞു. അതുകൊണ്ട് തന്നെ തിരുകുടുംബത്തിന്റെ സംരക്ഷകൻ കത്തോലിക്കാ സഭയുടെ രക്ഷകർത്താവ് എന്നും ജോസഫ് അറിയപ്പെടുന്നു.

ഈശോയുടെ വളർത്തു പിതാവും..... മറിയത്തിന്റെ വിരക്ത ഭർത്താവുമായ കത്തോലിക്കാ സഭയുടെ രക്ഷകർത്താവിനെ എങ്ങനെ ഒരു സന്ന്യാസിനിക്ക് സ്നേഹിക്കാതിരിക്കാൻ കഴിയും? ജീവിതത്തിന്റെ ഏതു സാഹചര്യങ്ങളിലൂടെ കടന്നുപോയാലും, അപേക്ഷിച്ചാൽ ഉപേക്ഷിക്കില്ലാത്ത ആ പിതാവ് നമ്മുടെകൂടെ സന്തത സഹചാരിയായിട്ടു നടക്കാൻ സന്നദ്ധനാണ്. ഈ ഭൂമിയിലെ വിപ്രവാസത്തിൽ മാത്രമല്ല. മരണ സമയത്തും യൗസേപ്പ് കൂടെ

യുണ്ടായിരിക്കും. ഒരു സംഭവം വിവരിക്കുന്നതിപ്രകാരണമാണ്. ഒരിക്കൽ ഒരു സന്ന്യാസിക്ക് സ്വർഗ്ഗം കാണണമെന്ന് അതിയായ ആഗ്രഹം മാതാവിനോടു അല്പം കൂടുതൽ ബന്ധമുണ്ടായിരുന്നത് കൊണ്ട് ഒരു റെക്കമെന്റേഷൻ നടത്തി, സ്വർഗ്ഗത്തിൽ മാതാവിനും വലിയ സ്വാദിനം ഉണ്ടല്ലോ...

മാതാവിനോടൊപ്പം സ്വർഗ്ഗത്തിന്റെ പടിവാതിലിൽ എത്തി ആകാംഷയോടെ കാത്തിരിക്കുമ്പോൾ കോൺക്ലേവിനുള്ള സമയ മായി എന്ന് മനസിലായി. പിതാവായ ദൈവം സിംഹാസനത്തിൽ എഴുന്നള്ളി. ഇടതും വലതുമായി യേശുവും പരിത്മാവുമായ ദൈവവും. ജീവന്റെ പുസ്തകം പിതാവ് മറിച്ചുനോക്കിക്കൊണ്ടിരി ക്കുന്നു. അവർ മൂന്ന് പേരും സംസാരിക്കുന്നു. തൊട്ടു സമീപത്തായി യൗസേപ്പിതാവും എതിർ ദിശയിൽ മാതാവും നിൽക്കുന്നു. സ്വർഗ്ഗ ത്തോട് ഏറ്റവും സമീപസ്ഥരായിട്ട് മാതാവും യൗസേപ്പിതാവും നിൽക്കുന്നു. ഇതിലും കൂടുതൽ എന്തു വേണം. ശ്ലീഹന്മാരായ അപ്പ സ്തോലൻമാർ 12 കവാടങ്ങളുടെ മുൻവശത്തായി നിൽക്കുന്നു. ഹല്ലേലൂയ ഹല്ലേലൂയ എന്ന ആരവം മുഴങ്ങികേൾക്കാം (വെളി പാട് 21:12). ദൈവതേജസ് സ്വർഗ്ഗത്തെ പ്രകാശിപ്പിച്ചുകൊണ്ടിരി ക്കുന്നു (വെളി. 21:23). ആ പ്രകാശത്തിന്റെ മാസ്മരികതയിൽ സ്വർഗ്ഗം മുഴുവൻ മാതാവിന്റെ കരത്തിൽ പിടിച്ചുകൊണ്ട് സന്ന്യാസി സ്വർഗ്ഗം കണ്ട് തൃപതിയടഞ്ഞു. പിന്നീട് മാതാവിനോടൊപ്പം ഭൂമി യിലേക്ക് മടങ്ങി.

മത്തായി 1:18 പറയുന്നു അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കേ അവർ സഹവസിക്കുന്നതിന് മുമ്പ് അവൾ പരിത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. വിവാഹ വാഗ്ദാനം നടത്തിയിരിക്കുന്ന പെൺകുട്ടി യാൽ വഞ്ചിക്കപ്പെടുന്ന സൽസ്വഭാവിയായ ഒരു യുവാവിന്റെ ഹൃദ യവേദന ആർക്കും ഊഹിക്കുവാൻപോലും സാധ്യമല്ല. ബന്ധുമി ത്രാദികളുടേയും നാട്ടുകാരുടേയും വീട്ടുകാരുടേയും പരിഹാസ മായി മാറുന്ന ഒരു അവസ്ഥ! മറിയത്തിന്റെമേൽ വ്യഭിചാരകുറ്റം

ചുമത്തി മറിയത്തേയും ഗർഭസ്ഥ ശിശുവിനേയും കല്ലെറിഞ്ഞ് കൊല്ലേണ്ടിവരുമായിരുന്നു. ഒരു യുവാവിന്റെ ജീവിതത്തിൽ ഇതിലും വലിയ സഹനം, സ്പനങ്ങളിൽ മാത്രം എന്നതുപോലെ കരുതുമ്പോൾ സാധാരണ ഏതു വ്യക്തിയുടെ ജീവിതത്തിലും ഇതൊരു വലിയ സഹനം തന്നെയാണ്. തെറ്റിധരിക്കപ്പെടുന്നു, അവഹേളിക്കപ്പെടുന്നു, ചെയ്യാത്ത കുറ്റത്തിന് ശിക്ഷയേൽക്കേണ്ടിവരുന്നു. ഇതിന്റെ പരിഹാസം ആർക്കു സഹിക്കാൻ പറ്റും.

നമ്മുടെ വ്യക്തിജീവിതത്തിലും, നാം ഏതു വലിയ വേദനകളിലൂടെ കടന്നുപോയാലും, വി.യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് ശക്തിയും, ധൈര്യവും, ഉറപ്പും തരുമെന്നതിന് സംശയം വേണ്ട. കാരണം നേരിട്ട് അനുഭവിച്ചവന് ആ വേദനയുടെ ആഴം മനസിലാക്കാൻ വളരെ എളുപ്പമാണ്. വേദനിക്കുന്നവരെ തന്റെ ചങ്കോട് ചേർത്ത് നിർത്തി കണ്ണീര് ഒപ്പാനും, കരംപിടിച്ച് മുന്നോട്ട് നടത്താനും, ആശ്വാസത്തിന്റെ തലോടൽ നല്കാനും കഴിവുള്ളവനാണ് വി.യൗസേപ്പിതാവ്. അധികമൊന്നും സംസാരിക്കില്ലെങ്കിലും മുനിവര്യനായതുകൊണ്ട് മനസ്സു വായിച്ചറിഞ്ഞ് നമ്മേയും ശക്തിപ്പെടുത്തും നാം. എത്രമാത്രം സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയാലും യൗസേപ്പിതാവിനും, മാതാവിനും നമ്മെ സഹായിക്കാതിരിക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യം അവർ അനുഭവിച്ചവരല്ലേ.

ദാവീദിന്റെ പുത്രനായ ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ നീ ശങ്കിക്കേണ്ട... അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്ന് പേരിടണം (മത്താ. 1: 20:21). സ്വർഗ്ഗ രാജ്ഞിയായ മറിയത്തിന് യേശുവിന്റെ പക്കൽ കുറച്ച് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടെന്ന് മനസ്സിലാക്കാം. കാരണം മാതൃത്വത്തിന്റെ വിലയില്ലേ മറിയത്തിന്. അതിനാൽ യേശു എവിടെയുണ്ടോ അവിടെ മാതാവും ഉണ്ട് മാതാവിന്റെ കൂടെ യൗസേപ്പിതാവും ഉണ്ട്. ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതല്ലേ എന്ന

ചോദ്യത്തിന്റെ അന്തഃസത്ത മനസിലാക്കിയതുകൊണ്ടാകാം, പ്രത്യക്ഷത്തിൽ യൗസേപ്പിതാവിന്റെ സ്വാധീനം ഈശോയ്ക്ക് മുമ്പിലില്ലെങ്കിലും ഒരു പിതാവിനോടുള്ള ബഹുമാനം അല്പംപോലും കുറയാതെ ഈശോ, യൗസേപ്പിതാവിന് നല്കുന്നത്. ഇതിന്റെ വ്യക്തമായ അനുഭവം ഒരു സന്യാസിക്ക് സ്വർഗ്ഗം കാണിച്ചത് ഇപ്രകാരമാണ്. സഹനത്തിന്റെ തീച്ചൂളയിൽ എരിയുന്ന ഒരു ആത്മാവ് തന്റെ ആത്മാവിനേയും ശരീരത്തേയും, പരിശുദ്ധ അമ്മയുടെ രക്ത കണ്ണീരിൽ കഴുകുന്നതിനായി പ്രാർത്ഥിച്ചു.

പ്രാർത്ഥന ശ്രവിച്ച ഈശോ, ആ ആത്മാവിനെ അമ്മയ്ക്ക് തന്നെ ഭരമേൽപ്പിക്കുന്നു. അമ്മയുടെ മടിയിൽ കിടത്തി രക്ത കണ്ണീരിൽ നിറുകം തല മുതൽ കാല് വരെ കഴുകി ശുദ്ധമാക്കി വെടിപ്പാക്കി മാമ്മോദീസ വഴി ലഭിക്കുന്ന വെൺമയേറിയ പരിമളത്താൽ പൂരിതയാക്കി പുതുവസ്ത്രം ധരിപ്പിച്ച അവസ്ഥയിലാക്കി മനസ്സിനേയും ശരീരത്തേയും നിർമ്മലമാക്കി. ആത്മാവിനെ മാതാവ് തന്നെ ഈശോയുടെ മടിയിലേയ്ക്ക് വച്ചുകൊടുക്കുമ്പോൾ അലൗകികമായ പ്രഭയാൽ പ്രകാശത്താൽ വെട്ടി തിളങ്ങുന്ന അനുഭവം ആത്മാവ് അനുഭവിക്കുന്നു. ഈശോയുടെ മടിയിൽ കിടക്കുന്ന ആത്മാവിനോടു "നിഷ്കളങ്കത" ഒരിക്കലും നഷ്ടപ്പെടുത്തരുതെ എന്ന് നേർത്ത സ്വരത്തിൽ ഈശോ പറയുന്നു. എന്തെന്നില്ലാത്ത ശാന്തതയുടെ അനുഭവത്തിൽ ആയിരുന്നു ആത്മാവ് ആ രംഗത്തെ വീക്ഷിച്ചത്. ഇതു തന്നെയല്ലേ, ആത്മാവിന്റെ പ്രണിധാന അനുഭവം!!

അല്പം പുറകിലായി സൈഡിൽ നിൽക്കുന്ന യൗസേപ്പിതാവിനെ - ഈശോ കണ്ണുകളുയർത്തി നോക്കിയപ്പോൾ യൗസേപ്പിതാവ് അല്പം മുന്നോട്ട് നടന്ന് വന്ന് - ഈശോയുടെ മടിത്തട്ടിൽ കിടക്കുന്ന ആത്മാവിന്റെ കരങ്ങളിൽ പിടിച്ച് എഴുന്നേൽപ്പിക്കുന്നു. പിന്നീട് യൗസേപ്പിതാവ് പറയുന്നു. "ഈശോയ്ക്ക് സ്തുതി ചൊല്ലുക" എല്ലാ സ്തുതിയും ബഹുമാനവും ഈശോയ്ക്കുള്ളതാണ് എന്ന് മനസിലാക്കിയ യൗസേപ്പിതാവ് ആത്മാവിനെ

കൈയ്ക്ക് പിടിച്ച് നടത്തിക്കൊണ്ടുപോകുന്നു. യേശുവാകുന്ന നിധിയെ സൂക്ഷിച്ചു സംരക്ഷിച്ചതുപോലെ യേശു ഏല്പിക്കുന്ന ഏതു നിധിയും, വിലപിടിപ്പോടെ സന്തോഷത്തോടെ സംരക്ഷിക്കും തക്കസമയത്ത് നമ്മെ ഉയർത്തുകയും ചെയ്യും. അതാണ് വി. യൗസേപ്പിതാവിന്റെ പ്രത്യേകത. ഇത് നാം വ്യക്തിപരമായി അനുഭവിച്ചാൽ മാത്രമെ ഇതിന്റെ ആഴം മനസിലാക്കാൻ ഒരു വ്യക്തിക്ക് സാധിക്കുകയുള്ളു....

ഈ ഭൂമിയിലേയ്ക്ക് പിറന്നു വീഴുന്ന ഏതൊരു ശിശുവിനും, ഒരു പിതാവിന്റെ സ്നേഹവും, സംരക്ഷണവും, പരിലാളനയും, അതുപോലെതന്നെ ഒരു അമ്മയുടെ കരുതലും, അമ്മിഞ്ഞ പാലും, പാലു നുകരുന്നതുവഴി അമ്മയുടെ ഹൃദയ തുടിപ്പുകളുടെ ബന്ധവും, സ്നേഹപൂരിതമായ തലോടലും, എല്ലാ വിധത്തിലുമുള്ള വൈകാരിക ബന്ധവുമെല്ലാം കുഞ്ഞിന് സമയാസമയങ്ങളിൽ ലഭിക്കുന്ന ഈശോയെ വളർത്തിയപ്പോഴും, യൗസേപ്പും, മറിയവും ഇതിന് കുറവു വരുത്താതെ പകർന്നു നല്കിയിരുന്നു. തനിക്കുള്ളത് മുഴുവൻ പങ്കുവയ്ക്കുവാൻ സന്നദ്ധനായ വി. യൗസേപ്പിതാവിനോടു തീക്ഷ്ണതയോടെ, പ്രത്യാശയോടെ നമുക്കും പ്രാർത്ഥിക്കാം, ഈശോയെ പരിപാലിച്ചതുപോലെ എന്നെയും പരിപാലിക്കണമേ എന്ന് പരി. അമ്മയ്ക്ക് നല്കിയ സംരക്ഷണവും, സഹായവും എനിക്കും നല്കണമെ എന്ന് വളരെ താഴ്മയോടെ യൗസേപ്പിതാവിനോട് നമുക്കും പ്രാർത്ഥിക്കാം.

**സി. ഫ്രാൻസി എസ്.ജെ.സി**



25

# വി. യൗസേപ്പിന്റെ സർഗ്ഗാത്മകധൈര്യം

**ദൈ**വം മനുഷ്യരിലൂടെയും സംഭവങ്ങളിലൂടെയും തന്റെ ഇട പെടലുകൾ നടത്തുന്നു. ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്. മനുഷ്യമനസിന് ഗ്രഹിക്കാൻ അത്ര എളുപ്പമല്ല. എന്നാൽ, ദൈവാ ത്മാവായ സഹായകൻ ദൈവികരഹസ്യങ്ങളിലേക്കും വഴികളി ലേക്കും നമ്മെ നയിക്കും. രക്ഷാകരപദ്ധതിയുടെ ചരിത്രം ആരംഭി ക്കാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി വി. യൗസേപ്പാണ്. യേശുവിനെയും അമ്മയേയും സംരക്ഷിക്കാൻ. അദ്ദേഹത്തിന്റെ സർഗ്ഗാത്മക പ്രതിഭയിൽ പിതാവായ ദൈവം വിശ്വാസമർപ്പിച്ചു. ജീവിതം മുഴുവൻ പ്രതിസന്ധികളിലൂടെ കടന്നുപോയ വി. യൗസേ പ്പിന്റെ സർഗ്ഗാത്മക ധൈര്യത്തെ അല്പം വിശദീകരിക്കാം.

നമ്മുടെ ശേഷികളും വിഭവങ്ങളും പുറത്തുവരുന്നത് പ്രതി സന്ധികളിലൂടെയാണ്. ജീവിതത്തിലുണ്ടാകുന്ന സംഘർഷങ്ങളെ അവഗണിക്കാനോ ഒളിച്ചുവക്കാനോ സാധ്യമല്ല. അതിനെ അഭിമു ഖീകരിക്കുന്ന രീതിയിലാണ് നമ്മുടെ വ്യക്തിവൈശിഷ്ട്യം പ്രകട മാകുന്നത്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന മറിയത്തിന്റെ അത്ഭു തകരമായ മാതൃത്വം യൗസേപ്പിനെ ചിന്താകുലനാക്കി (മത്താ.1:19). കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. ജോസഫ് നിദ്ര യിൽനിന്ന് ഉണർന്ന് ദൂതൻ കല്പിച്ചതുപോലെ അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു (മത്താ.1:24). ഏറ്റവും ഉന്നതവും നിഗൂഢവു മായിരുന്ന ദൈവവചനത്തിന്റെ മനുഷ്യാവതാരരഹസ്യം വെളിപ്പെ ട്ടപ്പോൾ ജോസഫ് വാക്കുകൾ കൊണ്ടു പ്രതികരിച്ചില്ല. ജോസ ഫിന്റെ ഹൃദയം മൗനമായി ദൈവത്തിന്റെ മുമ്പിൽ തുറന്നുവച്ചു. മനുഷ്യരുടെ മുമ്പിൽ അവൻ അത് അടച്ചുപൂട്ടി മുദ്രവച്ചു സൂക്ഷിച്ചു.

വചനം മാംസം ധരിച്ചു എന്ന് അന്നുവരെ ലോകം കേട്ടിട്ടില്ലാത്ത നിഗൂഢരഹസ്യം വെളിപ്പെട്ടപ്പോൾ അതിന്റെ പൊരുളറിയാൻ ജറുസലെമിലെ പുരോഹിത പ്രമുഖരെയോ നിയമജ്ഞരെയോ സമീപിച്ചില്ല. ജോസഫിന്റെ ഉന്നതമായ ജ്ഞാനവും വിവേകവും അചഞ്ചലമായ വിശ്വാസവും അപാരമായ ധൈര്യവും അദ്ദേഹത്തിന്റെ സർഗ്ഗാത്മക പ്രതിഭാസത്തിന് മിഴിവേകുന്നു. ഇവിടെയാണ് ജ്ഞാനമുള്ള മനസ്സിന്റെ ആവശ്യം.

മറിയത്തിന്റെ അത്ഭുതകരമായ മാതൃത്വം ജോസഫിനെ ഒരു നിമിഷം ചിന്താകുലനാക്കി എന്നു നാം കണ്ടു. ദൂതൻ പ്രത്യക്ഷപ്പെടുന്നത് മറിയത്തിന്റെ ഭർത്താവ് എന്ന നിലയിൽ, വിവാഹനിശ്ചയം കഴിഞ്ഞിരുന്ന കന്യകയുടെ നിജസ്ഥിതി വെളിപ്പെടുത്താനാണ്. അന്തഃസംഘർഷങ്ങളുടെ ഹൃദയത്തുടിപ്പുകൾ ഉള്ളിലൊതുക്കി, ദൈവേഷ്ടം നിറവേറ്റുന്ന ജോസഫിന്, മറിയത്തിന്റെ പുത്രന് ഭൂമിയിലെ പിതാവു ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ ദൂതൻ അവനെ ഏല്പിച്ചു. നസ്രത്തിലെ കന്യകയിൽനിന്നു ജനിക്കുന്ന പുത്രന് എമ്മാനുവേൽ എന്ന പേര് നല്കേണ്ടത് ജോസഫാണ്. അവളുടെ മാതൃത്വത്തിന്റെ എല്ലാ നിഗൂഢതകളോടും കൂടി അവൻ അവളെ സ്വീകരിച്ചു. ഈ പ്രതിസന്ധിയിൽ ഒന്നുകിൽ ഉപേക്ഷിച്ചുപോകാം. അല്ലെങ്കിൽ അവയെ നേരിടാം. പ്രയാസകരമായ ഈ തിരഞ്ഞെടുപ്പിൽ ജോസഫ് മൗനിയായി, സർഗ്ഗശക്തിയുള്ള മനസിന്റെ ഉടമയായി മാറി.

ദൈവത്തിന്റെ മനസിൽ കാലങ്ങളോളം നിഗൂഢമായിരുന്ന രഹസ്യത്തിന്റെ സംരക്ഷകൻ എന്ന നിലയിൽ, ബേത്‌ലേഹേമിൽ ക്രിസ്തുമസ് രാത്രിയിൽ ദൈവപുത്രൻ പിറക്കുന്നതു കാണാൻ മറിയത്തോടൊപ്പം ജോസഫിനും ഭാഗ്യമുണ്ടായി. പക്ഷേ പൂർണ്ണഗർഭിണിയായ മറിയത്തോടൊപ്പം ബേത്‌ലഹേമിലേക്കുള്ള ദുഷ്ക്കരമായ യാത്ര, ഓരോ സത്രത്തിനു മുൻപിലും നിഷ്ക്കാസിതനായ ഒരു ഭർത്താവിന്റെ ഹൃദയവ്യഥ, പിറന്നുവീണ കുഞ്ഞിനു കിടക്കാൻ പിള്ളക്കച്ചവിരിക്കാൻ അമ്മയ്ക്കൊരിടം, ദൈവകുമാരന് ആതിഥ്യമരുളിയ കാലിത്തൊഴുത്ത് - ജോസഫ് കൂടുതൽ കൂടുതൽ മൗനിയായി മാറി. അടുത്ത നിമിഷം മാലാഖമാരിൽ നിന്നും സർവ്വ ജനത്തിനുമുള്ള

സന്തോഷത്തിന്റെ സദ്വാർത്ത ലഭിച്ച ഇടയന്മാർ, പൗരസ്ത്യദേശ ത്തുനിന്നും വന്ന ജ്ഞാനികളുടെ ആദരാർപ്പണം – ജോസഫിന്റെ ഹൃദയം ദൈവസ്തുതിയോഗത്തിൽ ആമഗ്നനായി.

പക്ഷേ, സമയം ആരേയും കാത്തുനില്ക്കാറില്ലല്ലോ. ജ്ഞാനി കൾ തന്നെ കബളിപ്പിച്ചു എന്നറിഞ്ഞ ഹേറോദേസിന്റെ ഹൃദയം പിളർക്കുന്ന രാജകല്പന (മത്താ.2:16) യൗസേപ്പിന് ദൂതന്റെ അറി യിപ്പുണ്ടായി. മറിയത്തേയും ശിശുവിനെയും കൂട്ടി ദൈവം നിശ്ച യിച്ച സ്ഥലത്തേയ്ക്ക്– ഈജിപ്തിലേയ്ക്ക് – യാത്ര തിരിച്ചു. ദൈവി കവെളിപാടുകളെ മനസ്സിലാക്കുവാനും തിരിച്ചറിയാനും പെട്ടെന്നു ദൈവഹിതത്തിന് കീഴ്വഴങ്ങുവാനുമുള്ള ജോസഫിന്റെ സർഗ്ഗാ ത്മകശേഷി. യേശുവിനുവേണ്ടി ജോസഫ് നടത്തിയ തന്ത്രപരമായ പാലായനവും നിരന്തരമായ സഹനയാത്രയും അവസാനമില്ലാത്ത ആത്മീയപോരാട്ടവും...... തിരുക്കുമാരൻ ഭൂമിയിൽ 'അപ്പാ' എന്നു വിളിക്കാൻ യോഗ്യത നേടി.

ഈജിപ്തിലെ വാസം എത്രകാലം? നിത്യജീവിതത്തിലെ പ്രതിസന്ധികൾ, ഭക്ഷണത്തിന്, പാർപ്പിടത്തിന്, സുന്ദരിയായ മറി യത്തിന്റെ സംരക്ഷണം? താമസംവിനാ ഗലീലിയിലെ നസ്രസിലേ ക്കുള്ള കൂടുമാറ്റം. പ്രായത്തിലും ജ്ഞാനത്തിലും കൃപയിലുമുള്ള യേശുവിന്റെ മാനുഷികവളർച്ചയിൽ ജോസഫിന്റെ കർമ്മകുശല ത, തച്ചന്റെ ജോലിയിൽ മെച്ചം നേടിയ ജോസഫിന്റെ സർഗ്ഗാത്മക ധൈര്യം, ധീരോദാത്തമായ സംരക്ഷണം, തച്ചന്റെ മകനായി വളർന്നു വന്ന യേശുവിന് നീതിമാനായ ജോസഫിന്റെ ജീവിതം "പിതാക്ക ന്മാർ ജനിക്കുകയല്ല രൂപപ്പെടുകയാണ്" എന്ന് ഫ്രാൻസീസ് പാപ്പാ യിലൂടെ ആഹ്വാനം ചെയ്യുവാൻ ബലം നല്കുന്നു.

12–മത്തെ വയസ്സിൽ ദേവാലയത്തിൽ യേശുവിനെ നഷ്ട പ്പെട്ടപ്പോൾ നഷ്ടധൈര്യനാകാതെ ജോസഫ് നിലകൊണ്ടു. മൂന്നാം നാൾ വേദജ്ഞാനികളുമായി സംവാദത്തിലേർപ്പെട്ടുനില്ക്കുന്ന മക നോടു അമ്മയുടെ സ്നേഹപരിഭവം "നിന്റെ പിതാവും ഞാനും......" മറിയത്തേയും യേശുവിനെയും ആദരവോടെ നോക്കിക്കാണുന്ന ജോസഫ്. ദൈവികരഹസ്യങ്ങൾ നിറഞ്ഞ മകനെ മടക്കയാത്രയിൽ

സ്വകരങ്ങളിൽ മുറുകെപ്പിടിച്ചിരിക്കാം. നിതാന്ത ജാഗ്രതയോടെ യുള്ള വിശുദ്ധ സംരക്ഷണം നല്കിയിരിക്കാം. ഏതു പ്രതിസന്ധി കളിലും മറിയത്തേയും യേശുവിനെയും സംരക്ഷിക്കുന്നതിൽ ജോസഫ് പ്രകടിപ്പിച്ച സർഗ്ഗാത്മക പ്രതിഭാവിലാസം സുവിശേഷ ത്തിലുടനീളം കാണാം (ലൂക്കാ.5:17-26). തളർവാതരോഗിക്ക് സൗഖ്യം ലഭിക്കാൻ സുഹൃദ്വലയത്തിന്റെ വിശ്വാസതീക്ഷ്ണത, ധൈര്യം പുരമുകളിൽനിന്നും രോഗിയെ കട്ടിലിൽ ഇറക്കി യേശു വിന്റെ സവിധത്തിലെത്തിക്കുന്നു. പ്രതിസന്ധികൾ വഴിമാറി, തളർവാതരോഗി കട്ടിലുമെടുത്ത് സ്വഭനത്തിലേയ്ക്ക് തിരിച്ചുപോയി.

ഇന്ന് ലോകത്തിൽ നടമാടുന്ന യുദ്ധവും വംശഹത്യയും ദാരിദ്ര്യവും മതസ്പർദ്ധയും അധികാരപ്രമത്തതയുംകൊണ്ട് സ്വദേ ശംവിട്ട് പലായനം ചെയ്യേണ്ടിവരുന്ന എല്ലാ പാർശ്വവൽക്കരിക്ക പ്പെടുന്നവരുടെയും മധ്യസ്ഥനാണ് വി. യൗസേപ്പ്. മത്താ.25:40 ൽ യേശു സൂചിപ്പിക്കുന്നതുപോലെ വറുതിയും ക്ഷാമവും മഹാമാരി യും, ദരിദ്രരും നിരാലംബരും, രോഗികളും, തടവുകാരും അപരി ചിതരുമായ എല്ലാവരും യേശുവിന്റെ 'ചെറിയവർ' ആണ്. ഇവരു ടെയെല്ലാം മധ്യസ്ഥനായി വി.യൗസേപ്പിനെ സഭ വണങ്ങുന്നു. അഗ തികളും അനാഥരും, മതതീവ്രവാദികളുടെ നിർബന്ധത്താൽ വിശ്വാസം നഷ്ടപ്പെട്ടവരും, പ്രതിസന്ധികളിൽ കൈത്താങ്ങില്ലാതെ നിരാശയിൽ നിപതിച്ചവരും- വി. യൗസേപ്പിനെപ്പോലെ സർഗ്ഗാ ത്മക ധൈര്യത്തോടെ പ്രവർത്തിക്കുവാൻ നമുക്കു ശ്രമിക്കാം. (ഉ ല്പ. 41:55) നമുക്കു ജോസഫിന്റെ അടുക്കലേക്കു പോകാം; അവൻ പറയുന്നതുപോലെ ചെയ്യാം.

**സി. ലിസ്ബി എസ്.ജെ.സി**

# 26



## നിദ്രാധീനനായ വി. യൗസേപ്പിന്റെ തിരുസ്വരൂപം

**വി**ശുദ്ധർക്കൊപ്പമുള്ള യാത്ര നമ്മെയും വിശുദ്ധരാക്കും. നൂറ്റാണ്ടുകളായി പൂർവ്വികരുടെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഭാഗമായിരുന്നു രക്ഷകന്റെ പാലകനായ വി. യൗസേപ്പ്. എന്നാൽ കഴിഞ്ഞ ഏതാണ്ട് നൂറ്റിയമ്പതു വർഷത്തോളമായി ഈ പുണ്യ താതനെക്കുറിച്ചുള്ള പഠനങ്ങളും പ്രാർത്ഥനകളും ചർച്ചകളും വ്യാപകമാകാൻ തുടങ്ങിയിട്ട്. വളർത്തുന്നവൻ എന്നും വർദ്ധിപ്പിക്കുന്നവൻ എന്നും യൗസേപ്പ് എന്ന നാമത്തിന് അർത്ഥമുണ്ട്. നമ്മുടെ ആത്മീയ പാതയിൽ വളർത്താനും നമ്മിലെ ദൈവിക സുകൃതങ്ങൾ വർദ്ധിപ്പിക്കാനും യൗസേപ്പിനോളം പരിശുദ്ധമായ കരങ്ങൾ മറ്റൊന്ന് ഉണ്ടോ? വി. അമ്മത്രേസ്യാ പറയുന്നു: വി. യൗസേപ്പിനോട് പ്രാർത്ഥിച്ചിട്ട് ഒന്നും നിരസിക്കപ്പെട്ടിട്ടില്ലായെന്ന്.

നമ്മുടെ ഫ്രാൻസിസ് പാപ്പാ ഏറ്റവും അധികം വണങ്ങുന്ന വിശുദ്ധനാണ് സെന്റ് ജോസഫ്. പാപ്പാ സ്വപ്നം കാണുന്ന വി. യൗസേപ്പിതാവിനോട് അനുദിനം പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ ലഭിച്ചതിന്റെ സ്മരണയ്ക്കായി പുറത്തിറക്കിയ തിരുസ്വരൂപമാണ് ഉറങ്ങുന്ന വി. യൗസേപ്പിതാവിന്റെ രൂപം. പാപ്പായുടെ സ്വന്തം അനുഭവം സാക്ഷ്യപ്പെടുത്തുന്ന ചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. തൃപ്പൂണിത്തുറയിലുള്ള വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പള്ളിയുടെ ബഹു. വികാരിയച്ചൻ റോമിൽ പോയപ്പോൾ

പരിശുദ്ധ പിതാവിനെ സന്ദർശിച്ച അവസരത്തിൽ പാപ്പാ, സമ്മാനമായി കൊടുത്തുവിട്ടതാണ് നിദ്രാസനനായ വി. യൗസേപ്പിന്റെ രൂപം. പ്രസ്തുത രൂപം ഈ പള്ളിയിൽ വളരെ പൂജ്യമായി പ്രതിഷ്ഠിച്ചിരിക്കുന്നത് കാണാനിടയായപ്പോൾ അന്നുതന്നെ അതുപോലുള്ള മറ്റൊരു രൂപം കൈപ്പുഴ മഠത്തിലേക്കു ബുക്കുചെയ്തതിന്റെ ഫലമായി സ്ഥാപിച്ചിരിക്കുന്നതാണ് കൈപ്പുഴ മഠത്തിൽ ഇന്ന് കാണുന്ന വിശുദ്ധന്റെ ഉറങ്ങുന്ന രൂപം. അഭിവന്ദ്യ കുര്യൻ വയലുങ്കൽ പിതാവാണ് ഇവിടെയുള്ള രൂപം വെഞ്ചരിച്ച് ആഘോഷപൂർവം വിശ്വാസികളുടെ വണക്കത്തിനായ് ഇവിടെ പ്രതിഷ്ഠിച്ചത്. അന്നുമുതൽ ഈ തിരുസ്വരൂപത്തിന്റെ മുമ്പിൽ ധാരാളം വിശ്വാസികളും അക്രൈസ്തവർപോലും വന്ന് പ്രാർത്ഥിക്കുകയും തങ്ങളുടെ നിയോഗങ്ങൾ പ്രാർത്ഥനാപൂർവം എഴുതി വിശുദ്ധന്റെ തലയിണയുടെ കീഴിലുള്ള നിയോഗപ്പെട്ടിയിൽ സമർപ്പിക്കുകയും ചെയ്തുവരുന്നു. വി.യൗസേപ്പിതാവ് അവയെല്ലാം സ്വപ്നം കണ്ട് ഈശോയ്ക്ക് സമർപ്പിക്കുന്നതിന്റെ ഫലമായി തങ്ങളുടെ അപേക്ഷകൾ സാധിച്ചുകിട്ടുന്നതായി സാക്ഷ്യപ്പെടുത്തുന്നു.

നിദ്രാധീനനായ വി. യൗസേപ്പിതാവിനോട് ദൈവം, ദൈവദൂതരിലൂടെ നാലു പ്രാവശ്യം സംസാരിച്ചതായി കാണുന്നു (മത്താ. 1:20, 21,13, 19, 22). മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ പറഞ്ഞുകൊണ്ട്, ഈജിപ്തിലേക്ക് കുഞ്ഞിനെയും അമ്മയെയും കൂട്ടി ഓടി രക്ഷപെടാൻ നിർദ്ദേശിച്ചുകൊണ്ട്, ഇസ്രായേലിലേക്ക് മടങ്ങിവരാൻ കൽപ്പിച്ചുകൊണ്ട്, നസ്രത്തിൽ ചെന്നു പാർക്കാൻ ആഹ്വാനം ചെയ്തുകൊണ്ട്. ബുദ്ധിക്ക് മനസ്സിലാക്കാൻപോലും പറ്റാത്ത കാര്യങ്ങൾ വി. യൗസേപ്പ് ഹൃദയത്തിൽ സ്വീകരിച്ചു. അനുസരണം സ്നേഹപൂർവമായ കീഴ്വഴങ്ങലാണല്ലോ. എങ്കിൽ മാത്രമേ ദൈവത്തിന്റെ സ്വന്തമാകുവാൻ കഴിയൂ. ജീവിതത്തിലെ കുരിശുകൾ സന്തോഷത്തോടും സ്നേഹത്തോടുംകൂടി ഏറ്റെടുക്കാനുള്ള കൃപയ്ക്കായി വി. യൗസേപ്പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

നിദ്രാധീനനായ വി. യൗസേപ്പ്, ദൈവഹിതം അന്വേഷിച്ച വനും നിശ്ശബ്ദനും ശക്തനും വിശ്വസ്തനും ധൈര്യവാനും സംര ക്ഷകനും സർവ്വശക്തനായ ദൈവത്തിന്റെ പ്രീതിപാത്രവുമാണ്. ഈ ഗുണങ്ങളെല്ലാം വി. യൗസേപ്പിതാവിന് ലഭിച്ചത് മാലാഖ പഠിപ്പിച്ച പ്രാർത്ഥനയിൽനിന്നാണ്. അത് ഇപ്രകാരമാണ്. എന്റെ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഇന്നേ ദിവസം അങ്ങയുടെ തിരു ഹിതപ്രകാരം ആരംഭിക്കാൻ ആവശ്യമായ കൃപകൾ നൽകി എന്നെ സഹായിക്കേണമേ. എന്റെ ദൈവമേ, ഞാൻ അങ്ങയെ സ്നേഹി ക്കുന്നു. എന്റെ ഈ യാത്ര അങ്ങയുടെ തിരുഹിതപ്രകാരം പൂർത്തി യാക്കാൻ ആവശ്യമായ കൃപകൾ നൽകി എന്നെ സഹായിക്കണമേ. എന്റെ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. എന്റെ എല്ലാ പ്രവർത്തികളും അങ്ങയുടെ തിരുഹിതപ്രകാരം പൂർത്തിയാക്കാൻ ആവശ്യമായ കൃപകൾ നൽകി എന്നെ സഹായിക്കണമേ. ആമ്മേൻ.

**സി. ജോസ്ലറ്റ് എസ്.ജെ.സി**

മുൻ സുപ്പീരിയർ ജനറൽ



''എനിക്ക് നിങ്ങളോട് വ്യക്തിപരമായ ഒരു കാര്യം പറയാനുണ്ട്. വി. യൗസേപ്പിതാവിനെ വളരെയധികം സ്നേഹിക്കുന്ന വ്യക്തി യാണ് ഞാൻ. വി. യൗസേപ്പിതാവ് നിശ്ശബ്ദതയുടെ വ്യക്തിയാ ണ്. എന്റെ സ്വകാര്യ മുറിയിൽ വി.യൗസേപ്പിതാവിന്റെ ഉറങ്ങുന്ന ഒരു തിരുസ്വരൂപമുണ്ട്. വി. യൗസേപ്പിതാവ് ഉറങ്ങുകയാണെങ്കിലും അദ്ദേഹം തിരുസഭയെ നിരന്തരം കാത്തുപാലിക്കുന്നു എന്ന് നമുക്ക് എല്ലാവർക്കുമറിയാം. എന്റെജീവിതത്തിൽ എപ്പോഴെല്ലാം ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ടോ, അപ്പോഴെല്ലാം ഞാനൊരു വെള്ളപേപ്പറിൽ എന്റെ ബുദ്ധിമുട്ടുകളും പ്രസായ ങ്ങളും എഴുതി വി. യൗസേപ്പിതാവിന്റെ ഉറങ്ങുന്ന തിരുസ്വരൂപത്തിനു താഴെവെച്ചു പ്രാർത്ഥിച്ചു. എനിക്കാറിയാം വി. യൗസേപ്പിതാവ് ഉറക്കത്തിൽ എന്റെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ദൈവത്തോടു പ്രാർത്ഥിച്ച് സ്വപ്നംകണ്ട് പിറ്റേദിവസം “പരിഹാരം നൽകും”.

പരിശുദ്ധ ഫ്രാൻസിസ് പാപ്പ

*ഇത് അർത്ഥമാക്കുന്നത് വി. യൗസേപ്പിതാവിനോടു നമ്മുടെ ജീവിതത്തിലെ പ്രശ്ന ങ്ങളും ബുദ്ധിമുട്ടുകളും പരിഹാരം കാണുവാൻ പ്രാർത്ഥിക്കുക*



## പ്രാർത്ഥന

വി. യൗസേപ്പിന്റെ വിശുദ്ധ കുടുംബമേ, ഞാൻ നിങ്ങൾക്ക് എന്റെ വികാരങ്ങളും ആത്മാവും നൽകുന്നു. പരിശുദ്ധ കുടുംബമേ, എന്റെ അവസാന ഉത്ക്കണ്ഠയിൽ എന്നെ സഹായിക്കൂ. പരിശുദ്ധ കുടുംബമേ, എന്റെ ആത്മാവ് നിങ്ങളോടൊത്ത് ശാന്തമായി വിശ്രമിക്കട്ടെ.

ആമ്മേൻ